# മറിയം – സഭാമാതാവ്.

Imprimi Potest
Very Rev. Maurus C. M. I.
Provincial

Imprimatur
+ SEBASTIAN VAYALIL
Bishop of Palai
13-1-1968.

# മറിയം — സഭാമാതാവ്.

ഫാദർ കമിൽ സി. എം. ഐ.

DHARMARAM COLLEGE LIBRARY, BANGALORE.
22404
K10/C146

പ്രസാധകർ

ദീപിക ബുക്കഹൗസ്,

കോട്ടയം.

വില ക. 2.00.

(Malayalam)
**Mariyam – Sabhamathavu.**
**By Fr. Camil C. M. I.**

**First Published January, 1968.**

Printed at
**Deepika Press, Kottayam.**
Price Rs. 2. 00

Publishers:
**Deepika Book House,**
KOTTAYAM, KERALA.

# പ്രസ്താവന

ഓരോ ശിശുവിൻെറയും ജീവൻെറ സുരക്ഷിതത്വത്തിനും വളർച്ചയ്ക്കും ഏററവും അനുപേക്ഷണീയമാണ് മാതൃസംരക്ഷണം. ''യഥാ മാതാ, തഥാ സുത:'' എന്നൊരാപ്തവാക്യമുണ്ട്. മാതാവ് എപ്രകാരമുള്ളവളാണോ അപ്രകാരമായിരിക്കും മക്കൾ. നമ്മുടെ ആദ്ധ്യാത്മികജീവിതത്തിലും ഒരു മാതാവിൻെറ പരിലാളന അത്യാവശ്യമാണെന്നറിഞ്ഞുകൊണ്ടാണ് ക്രിസ്തുനാഥൻ പരിത്രാണകർമ്മത്തിനു മകുടം ചൂടിയ ഗാഗുൽത്തായിലെ കുരിശിൽ — അദ്ധ്വരവേദിയിൽ— കിടന്നുകൊണ്ട് അവിടത്തെ തിരുമാതാവിനെത്തന്നെ നമ്മുടെ അമ്മയായി പ്രഖ്യാപിച്ചതു്. സഭാപിതാവും വേദപാരംഗതനുമായ വി. ആഗുസ്തീനോസ് പറയുന്നതുപോലെ, മറിയം മാതാവായിട്ടില്ലാത്തവനു് ദൈവം പിതാവായിരിക്കുകയില്ല.

മൗതികശരീരത്തിൻെറ ശിരസ്സായ ക്രിസ്തു മറിയത്തിൽനിന്നു ജനിച്ചതുകൊണ്ട്, അവയവങ്ങളും മറിയംവഴിയായി ജനിച്ചേ മതിയാവൂ എന്നത്രെ വിശ്രുത മരിയശാസ്ത്രപണ്ഡിതനായ ഷീബൻ പ്രസ്താവിക്കുന്നതു്. നിങ്ങൾ ശിശുക്കളെപ്പോലെ ആവുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ട്. ഈ ആദ്ധ്യാത്മികശിശുത്വം ഒരു മാതാവിനെ ആവശ്യപ്പെടുന്നു. എല്ലാ പിതൃത്വങ്ങളുടെയും ഉൽപ്പത്തി സ്വർഗ്ഗസ്ഥനായ പിതാവാണെങ്കിൽ മനോഹരമായ മാതൃത്വത്തിനും ഒരുറവിടം ഉണ്ടായേ മതിയാവൂ. ലോകത്തിലുള്ള എല്ലാ ജനതതിയും ഒരു മാതൃകാമാതാവിനെ പ്രതീക്ഷിച്ചിരുന്നു. പ. കന്യകയിൽമാത്രമെ ഏററവും ഉന്നതമായവിധത്തിൽ ആ മാതൃത്വം അന്വർത്ഥമായിട്ടുള്ളു.

പ. കന്യകയെ സഭയുടെ മാതാവായി രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ മൂന്നാം സമ്മേളനം പ്രഖ്യാപിച്ചപ്പോൾ, ഓരോ കത്തോലിക്കനും ബാല്യകാലം മുതൽ നൈസർഗ്ഗികമായിത്തന്നെ ദൈവജനനിയെ അമ്മ എന്നഭിസംബോധനചെയ്യുന്നതു് തികച്ചും യുക്തിപൂർവ്വമാ

ണെന്നു വ്യക്തമാക്കി. കന്യകമറിയത്തെ മാതാവായി ലഭിച്ചതിൽ നമുക്കഭിമാനിക്കാം; അമ്മയുടെ യഥാൎത്ഥ മക്കളാണെന്നു അനുദിനജീവിതംവഴി പ്രഖ്യാപിക്കാം. ഈ നല്ല ഒരു മാതാവിനെ നമുക്കു നൽകിയ ഈശോയുടെ സ്നേഹം എത്ര അപാരം!

ഇത്തരുണത്തിൽ ദിവ്യജനനി എപ്രകാരമാണു് നമ്മുടെ മാതാവായിത്തീരുന്നതു് എന്നറിയുന്നതിനു് ഓരോ കത്തോലിക്കനും ജിജ്ഞാസയും അഭിനിവേശവുമുണ്ടായിരിക്കും. അതിനു് സ്വല്പമെങ്കിലും ഈ വിനീതപരിശ്രമം സഹായകമാകുമെന്നു പ്രത്യാശിക്കുന്നു. അതുലമനോഹരി മരിയാംബികയുടെ മാതൃസ്നേഹസ്ഫുലിംഗങ്ങളിൽനിന്നു ചൈതന്യംപകൎന്ന ഒരു വിനീതദാസൻ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടി ഭക്ത്യാദരപൂർവ്വം ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണു്. ഇതുവഴി സ്വൎഗ്ഗീയാംബികയോടുള്ള ഭക്തി നമ്മിൽ എല്ലാവരിലും പരിപുഷ്ടമാകുമെങ്കിൽ ഞാൻ കൃതകൃത്യനാണു്.

ഈ ഗ്രന്ഥരചനയിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവൎക്കും ഹൃദയപൂൎവ്വകമായ കൃതജ്ഞത. ഇതിൻെറ ഭാഷാപരമായ ന്യൂനതകൾ തിരുത്തി സഹായിച്ച ശ്രീ. ജോസഫ് മററം അവർകളോടുള്ള കൃതജ്ഞത പ്രത്യേകവിധം രേഖപ്പെടുത്തുന്നു.

(ഗ്രന്ഥകൎത്താ)

# സമർപ്പണം

അമലോത്ഭവകന്യകയും ദൈവമാതാവും മനുഷ്യകുലത്തിൻെറ സഹരക്ഷകയും ലോകമാതാവും സർവ്വപ്രസാദവരങ്ങളുടെയും മദ്ധ്യസ്ഥയുമായ വിമലാംബികയുടെ പാദാരവിന്ദങ്ങളിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസ് പ. കന്യകയെ സഭയുടെ മാതാവായി പ്രഖ്യാപിച്ചതിൻെറ സ്മാരകമായി ഈ വിനീതോപഹാരം ഭക്തിപൂർവ്വം സമർപ്പിക്കുന്നു.

ഗ്രന്ഥകർത്താ.

# മുഖവുര

അമലോത്ഭവയായ പ. കന്യകയുടെ സമുന്നതമായ സ്ഥാനം ഗ്രഹിക്കണമെങ്കിൽ പരിത്രാണകർമ്മത്തിൽ ദൈവജനനിക്കുള്ള യഥാർത്ഥമായ സ്ഥാനം എന്താണെന്ന് നാം മനസ്സിലാക്കണം. മറിയത്തിൻെറ എല്ലാ അപദാനങ്ങൾക്കും നിർവ്വഹിക്കേണ്ട പരമോന്നതമായ ദൗത്യത്തിനും അടിസ്ഥാനമായിരിക്കുന്നതു് അവളുടെ ദൈവമാതൃത്വമാണ്. പ. കന്യകയ്ക്കു ത്രിവിധ സ്ഥാനൗന്നത്യമുണ്ട്. ദൈവത്തോടുള്ള ഏററവും അവഗാഢമായ ഐക്യവും തദ്വാരാ പരമോന്നതമായ സാദൃശ്യവും അവളെ പരമോൽക്കൃഷ്ടമായ ഒരു സ്ഥാനത്തേയ്ക്കു് ഉയർത്തിയിരിക്കുന്നു. തന്നിമിത്തം പ. കന്യകയ്ക്കു് പ. ത്രിത്വത്തിലുള്ള മൂന്നു വ്യക്തികളുടേയും മഹത്വത്തിലും ശക്തിയിലും ഭാഗഭാഗിത്വം സംസിദ്ധമായിട്ടുണ്ട്. മിശിഹായോടുകൂടി അവൾ പിതാവായ ദൈവത്തിൻെറ ഓമൽക്കുമാരിയും, സുതനായ ദൈവത്തിൻെറ മാതാവും സഹകർമ്മിണിയും, പരിശുദ്ധാത്മാവായ ദൈവത്തിൻെറ അതുല്യ പ്രേമഭാജനവുമാണ്. പ. കന്യക ആരാധ്യമായ ത്രിത്വത്തിൻെറ മഹത്വമാണ് (Glory), ദൈവത്തിൻെറ ഏററവും വലിയ കലാസൃഷ്ടിയാണ് (Divine master-piece), സകല സൃഷ്ടികൾക്കും മകുടമാണ്, ദൈവമാതാവാണ്.

സുതനായ ദൈവത്തിൻെറ മാതാവ് എന്നനിലയിൽ പിതാവായ ദൈവത്തിൻെറ ഒരു സാദൃശ്യമുണ്ട്. നിത്യത്വത്തിനു് അവിടത്തെ ഏകസുതൻ കാലത്തിൻെറ പരിപൂർത്തിയിൽ മരിയസുതനാണ്. സുതനായ ദൈവത്തോടു് പരിത്രാണകർമ്മത്തിൽ സഹകരിച്ചതിനാലും പിതാവിനോടും പരിശുദ്ധാത്മാവിനോടും സാധർമ്മ്യമുണ്ടായി.

ദൈവദൂതസന്നിഭനും വേദപാരംഗതനുമായ വിശുദ്ധ തോമസ് അക്വിനാസ് പ്രസ്താവിക്കുന്നു: ''പ. കന്യക ദൈവമാതാവായതിനാൽ അപരിമിതനന്മയായ ദൈവത്തിൽനിന്നു് അനന്തമായ ഒരു സ്ഥാനൗന്നത്യം

സംലംബ്ബമായിട്ടുണ്ട്.'' (1). ദൈവമാതൃത്വത്തെ അതിലംഘിക്കുന്ന യാതൊന്നുമില്ല എന്നത്രെ അദ്ദേഹത്തിൻെറ അഭിമതം. (2)

എല്ലാ വേദശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്, മറിയം പ്രകൃത്യതീതതലത്തിൽ മിശിഹായുടെ മനുഷ്യത്വത്തിൻെറ ദൈവവുമായിട്ടുള്ള സാത്വികസംയോജന (hypostatic order) തലത്തിലേയ്ക്കു് ഉയർത്തപ്പെട്ടിരിക്കുന്നു എന്നു്.

സ്വാരസ്സ് എന്ന വേദശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു: ''ദൈവമാതൃത്വം മിശിഹായുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതായതുകൊണ്ട് മറിയം ഒരുവിധത്തിൽ ആ വ്യക്തിത്വത്തിൻെറ തലത്തിലേയ്ക്കു ഉയർത്തപ്പെട്ടിരിക്കുന്നു.''(3). വി. ബൊനവെന്തുരായും ഈ അഭിപ്രായത്തോടു യോജിക്കുന്നു: ''ദൈവത്തിനു് ഈ പ്രപഞ്ചത്തേക്കാറം ശ്രേഷ്ഠമായ ഒരു പ്രപഞ്ചത്തെ സൃഷ്ടിക്കുവാൻ സാധിക്കും. പക്ഷേ ദൈവമാതാവിനെക്കാറം പരിപൂർണ്ണയായ ഒരു മാതാവിനെ സൃഷ്ടിക്കുവാൻ സാധിക്കുകയില്ല.'' വി. തോമസ് അകവിനാസിൻെറ വ്യാഖ്യാതാവ് എന്ന അപരാഭിധാനത്തിനർഹനായ കർദ്ദിനാറം കജത്താൻ പ്രസ്താവിക്കുന്നു: ''കന്യക മറിയം ദൈവമാതൃത്വംവഴിയായി ദൈവത്തിൻെറ സീമകളെത്തന്നെ സമീപിച്ചിരിക്കുന്നുവെന്നു്.''(4). വേദശാസ്ത്രപണ്ഡിതരായ റിപ്പാറം ദാ, കോളമർ, ബോവർ, ഗാരിഗോ ലഗ്രാഞ്ച്, ബിററർമി മുതലായവരും ഈ അഭിപ്രായഗതിയുള്ളവരാണു്.

മതനവീകരണപ്രസ്ഥാനത്തിൻെറ പ്രണേതാവായ ലൂതർപോലും മറിയത്തിൻെറ മഹോന്നതമായ സ്ഥാനത്തെ പ്രകീർത്തിക്കുന്നുണ്ട്; ''മാനവകുലത്തിൽ എല്ലാവ

(1) Summa Theolo: I. q. 25. a-6.
(2) Comm: in matheum II. 13.
(3) Suarez de myster. Vitae Christ: disp: 20. Set: 3. (Roschini) mariologia Vol: II.
(4) Cajetan: II. II, C. 103. a. 4. (Roschini. mariologia Vol: II)

രെയും അതിശയിക്കുന്ന പരമോന്നതസ്ഥാനം സമലങ്ക
രിക്കുന്ന മഹത്വവും സൗഭാഗ്യവും നിമിത്തം പ. കന്യക
യ്ക്കു സമാനമായി ആരുമില്ല. സ്വർഗ്ഗസ്ഥനായ പിതാവി
ൻെറ ഏകസുതൻ അവളുടെയും പുത്രനാണ്. തന്നിമി
ത്തം അവളെ ദൈവമാതാവ് എന്നു നാം വിളിക്കുന്നെ
ങ്കിൽ അവളുടെ സർവ്വമഹത്വവും അതിൽ അന്തർഭവിച്ചിട്ടു
ണ്ട്. (5)

ഒരു വ്യക്തിയെന്ന നിലയിൽ മിശിഹാ കഴിഞ്ഞാൽ
ഏററവും സമുന്നതമായ സ്ഥാനം പ. കന്യകയ്ക്കാണ്. ആം
ഗ്ലേയസാഹിത്യകാരനായ വേർഡ്സ്വർത്ത് പ്രസ്താവി
ച്ചിട്ടുള്ളതുപോലെ, അവരം അധഃപതിച്ച മനുഷ്യവർഗ്ഗ
ത്തിൻെറ ഏക അഭിമാനപാത്രമാണ്.

ദൈവജനനി മിശിഹായുടെ സർവ്വോന്നതവും സമുൽ
കൃഷ്ടവുമായ സ്ഥാനമാഹാത്മ്യത്തിൽ ഭാഗഭാഗിത്വം വ
ഹിക്കുന്നതുകൊണ്ട് മിശിഹായോടുകൂടി ദൈവത്തിനും മ
നുഷ്യർക്കുമിടയ്ക്കു മദ്ധ്യസ്ഥയായിരിക്കുന്ന ഒരു കേന്ദ്രസ്ഥാ
നവുമുണ്ട്. അവരം സഹരക്ഷകയാണ്; സർവ്വവരപ്രസാ
ദങ്ങളുടെയും മദ്ധ്യസ്ഥയാണ്.

പ. കന്യകയുടെനേരെയുള്ള ഭക്തി മിശിഹാനാഥനോ
ടുള്ള സ്നേഹത്തിനും അവിടത്തെക്കുറിച്ചുള്ള അറിവിനും
വിഘാതമാണെന്നു ചിലർ വിചാരിക്കുന്നുണ്ടെങ്കിൽ അ
തു് അജ്ഞതകൊണ്ടു മാത്രമാണ്. ദൈവജനനിയോടുള്ള
യഥാർത്ഥവും പുത്രസഹജവുമായ ഭക്തി മിശിഹാനാഥനോ
ടുള്ള സ്നേഹത്തിനും, അവിടത്തെ കൂടുതൽ അറിയുന്നതി
നും ഏററവും സ്വീകാര്യവും, സുനിശ്ചിതവുമായ മാർഗ്ഗമാ
ണെന്നത്രെ ഒരു പ്രസിദ്ധ മരിയശാസ്ത്രവിശാരദനായ ഫാ
ദർ റൊസ്ക്കീനി അഭിപ്രായപ്പെട്ടിട്ടുള്ളതു്. പ. കന്യ
കയുടെനേരെയുള്ള യഥാർത്ഥമായ ഭക്തി നിത്യരക്ഷയുടെ
സുനിശ്ചിതമായ അടയാളമാണെന്നാണല്ലൊ സഭാപിതാ
ക്കന്മാരുടെയും, വേദപാരംഗതന്മാരുടെയും അഭിമതം. പ
രിത്രാണകർമ്മത്തിൽ യഥാർത്ഥത്തിൽ പ. കന്യക വഹി

(5) Luther. Comment: ad Cant: B. M. V. Op. IX. 85 ed: 1554. (Madonna)

ച്ചിട്ടുള്ള സമുന്നതപങ്ക് യഥാതഥം ഗ്രഹിച്ചാൽ മാത്രമെ നമുക്ക് മാതാവിൻെറനേരെയുള്ള സജീവമായ ഭക്തി സംജാതമാവുകയുള്ളു. ''മറിയം വഴിയായി ഈശോയിലേക്കു'' എന്നതായിരുന്നു വിശുദ്ധന്മാരായ സഭാപിതാക്കന്മാരുടെ മുദ്രാവാക്യം. പ. കന്യകയുടെനേരെ യഥാൎത്ഥത്തിലുള്ള ഭക്തി ഇല്ലാതിരുന്ന ഒരു വിശുദ്ധനെയും നമുക്കു കാണുവാൻ സാധിക്കുകയില്ല. സ്വന്ത മാതാവിനെ ബഹുമാനിക്കുന്നതിൽ ഒരു യഥാർത്ഥ പുത്രൻ സന്തോഷിക്കുകയും അയാറം അതു് മഹത്വമായി പരിഗണിക്കുകയും ചെയ്യും.

കന്യക മറിയം നമ്മെപ്പോലെതന്നെ മാനവകുലത്തിലെ ഒരംഗമാണു്. മേരിയും പരിത്രാണംചെയ്യപ്പെട്ട ഒരു വ്യക്തിയാണു്. പിന്നെ എങ്ങനെ പ. കന്യക സഹരക്ഷകയാകും? പക്ഷെ മററു മനുഷ്യർ പരിത്രാണം ചെയ്യപ്പെട്ടതും പ. കന്യക പരിത്രാണത്തിനു് വിധേയയായിരുന്നു എന്നു പറയുന്നതും വളരെ വിഭിന്നമായ അൎത്ഥത്തിലാണു്. പ. കന്യകയെ സംബന്ധിച്ചിടത്തോളം അവറം പാപമാലിന്യത്തിൽ ഉറംപ്പെടാതെ ദൈവപരിപാലനയാൽ സംരക്ഷിക്കപ്പെട്ടു. എന്നാൽ മററുള്ള എല്ലാ മനുഷ്യരും പാപത്താൽ അശുദ്ധരായിത്തീർന്നശേഷം പരിത്രാണംചെയ്യപ്പെട്ടു എന്നതാണു് വ്യത്യാസം. ചെളിയിൽ ചവിട്ടി കഴുകി വെടിപ്പാക്കുന്നതിലും നന്നു് ചേററിലിറങ്ങാതിരിക്കുന്നതാണല്ലോ. പ. കന്യക സമുദ്ധാരണംചെയ്യപ്പെട്ട മനുഷ്യരാശിയുടെ പ്രതീകം, അഥവാ പാപപങ്കിലമായ മനുഷ്യകുലത്തിൻെറ ഏക അഭിമാനപാത്രമാണു്; സഭയുടെ മാതൃകയും. പഴയനിയമത്തിലും പുതിയനിയമത്തിലും പ. കന്യകയെ നാം ദർശിക്കുന്നതു് പരിത്രാണകൎമ്മവുമായി അവഗാഢം ബന്ധപ്പെട്ട ഒരു വ്യക്തിയായിട്ടാണല്ലൊ. ഇപ്രകാരം നാം ആദ്യസുവിശേഷം (Proto-Evangelium) എന്നുപറയുന്ന സൃഷ്ടിയുടെ പുസ്തകത്തിലെ ലോകപരിത്രാതാവിനെപ്പററിയുള്ള വാഗ്ദാനത്തിൽ പ. കന്യകയും രംഗപ്രവേശം ചെയ്യുന്നു. മറിയം സഹരക്ഷകയെന്നുള്ള നിലയിൽ പഴയനിയമത്തിൽ ധാരാളം പ്രതീകങ്ങളും സാദൃശ്യങ്ങളും നമുക്കു

ദശിക്കവാൻ സാധിക്കം.

വി. ഗ്രന്ഥത്തിൽ, പ. കന്യകയെ പ്രത്യക്ഷമായി പരാമശിക്കന്ന ഭാഗങ്ങറം ചുരുക്കമാണെങ്കിലും അവ പരിത്രാണകമ്മത്തിൽ മറിയത്തിനുള്ള സുപ്രധാനമായ പങ്കു എന്താണെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുവാൻ നമ്മെ സഹായിക്കുന്നു. ''വി. ഗ്രന്ഥംമുഴവനും മറിയത്തെ പുരസ്സരിച്ചും മറിയത്തിനുവേണ്ടിയും വിരചിതമായിരിക്കുന്നു'' എന്നത്രെ വേദപാരംഗതനായ വി. ബർണാർദിൻെറ അഭിമതം(6). ''മിശിഹായാണു് പഴയനിയമത്തിൻെറയും പുതിയനിയമത്തിൻെറയും കേന്ദ്രം. മിശിഹായിൽ നിന്നും വേർപെടുത്തി പ. കന്യകയെപ്പററി ചിന്തിക്കുക സാദ്ധ്യമല്ല. തന്മൂലം വിശുദ്ധ ഗ്രന്ഥം മുഴവനും പ. കന്യകയെ അധികരിച്ചാണെന്നു പറയുന്നതിൽ അസാംഗത്യമില്ല''എന്നാണു് സുപ്രസിദ്ധ മരിയശാസ്ത്രപണ്ഡിതനായ ഫാദർ റൊസ്ക്കീനിയുടെ മതം.(7) ഇപ്രകാരം വി. ഗ്രന്ഥത്തിൻെറ ഓരോപക്ഷവും ദൈവജനനിയുടെ സഹരക്ഷക എന്ന ദൗത്യത്തെ ആസ്പദമാക്കി വിരചിതമായിരിക്കുന്നു.

കർദ്ദിനാറം വൈസ്മാൻെറ വാക്കുകളും ശ്രദ്ധേയമാണു്: ''പ. കന്യകയുടെ വി. ഗ്രന്ഥത്തിലുള്ള സംഭാവന എടുത്തുകളയുക. അപ്പോറം ആ ഗ്രന്ഥസമൂഹത്തെ ബന്ധിക്കുന്ന സുവർണ്ണശൃംഖലയുടെ ഒരു കണ്ണിമാത്രം പൊട്ടി എന്നല്ല പ്രത്യുത എല്ലാ കണ്ണികളും തമ്മിലുള്ളബന്ധം വിച്ഛേദിക്കപ്പെടുന്നു. അതിൻെറ അടിസ്ഥാനംതന്നെ നഷ്ടപ്പെടുന്നു''. (8).

ഫാ. കമിൽ സി. എം. ഐ.

(6) Sermon III. St. Bernard Salve Regina P. L. 184, 1069.
(7) Roschini mariolgia Vol. I. S. Scriptura
(8) Cardinal Wise Man Essays. (Madonna, Fr. Cyril Bernard O. C. D.

## അദ്ധ്യായം ഒന്ന്

# സഹരക്ഷക

ദൈവം മനുഷ്യനെ സൃഷ്ടിച്ച് പ്രകൃത്യതീതമായ ഒരന്ത്യത്തിലേക്കുയര്‍ത്തുകയും ദൈവസുതന്‍ എന്ന പരമോന്നതസ്ഥാനത്തിനര്‍ഹനാക്കുകയും ചെയ്തു. പക്ഷേ, ആദിമാതാപിതാക്കന്മാരുടെ അധഃപതനത്താല്‍ ഈ മഹനീയപദം നമുക്കു നഷ്ടപ്പെട്ടു. പരിതാപകരമായ ഈ സ്ഥിതിയില്‍നിന്നു മനുഷ്യകുലത്തെ രക്ഷിക്കുന്നതിന് അനന്തനന്മയായ ദൈവം കാരുണ്യപൂര്‍വം തിരുമനസ്സായി. ആദിമാതാപിതാക്കന്മാരുടെ പതനംനിമിത്തം മനുഷ്യസ്വഭാവത്തില്‍തന്നെ ഒരു തകിടംമറിച്ചില്‍ സംഭവിച്ചു. ആത്മാവും ശരീരവും തമ്മിലുള്ള നിരന്തര സമരവും തത്ഫലമായി ലോകത്തിലുള്ള എല്ലാ തിന്മകളും വിപ്ലവങ്ങളും എല്ലാം സമുല്‍ഭൂതമായി. എന്നാല്‍ പരിത്രാണകൃത്യം വഴി ശരീരവും ആത്മാവും തമ്മിലുള്ള ബന്ധം (Integration) ഏകദേശമായി പുഃനസ്ഥാപിക്കപ്പെട്ടു.

ദൈവപരിപാലന മനുഷ്യനെ മനുഷ്യന്‍വഴി പുനരുദ്ധരിക്കുന്നതിനാണ് തീരുമാനിച്ചത്. പാപപങ്കില

മായ മനുഷ്യരാശിക്ക് അതിൻെറതന്നെ പരിത്രാണകൃത്യം നിർവ്വഹിക്കുക അസാദ്ധ്യമാണ്. അതിനാൽ സുതനായ ദൈവം മനുഷ്യനായി അവതരിച്ചു; സഹനത്തിന് വിധേയമായ ഒരു ശരീരം സ്വീകരിച്ചുകൊണ്ട്. മിശിഹാ അവിടത്തെ പീഡാനുഭവവും മരണവുംവഴി പൈശാചിക പാരതന്ത്ര്യത്തിലടിപ്പെട്ട ലോകത്തെ രക്ഷിച്ചു. കപാലഗിരിയിലെ മഹായജ്ഞംവഴി സമ്പാദിച്ച പ്രസാദവരത്താൽ മനുഷ്യകുലത്തെ സ്വ പിതാവുമായി അവിടന്നു ബന്ധിച്ചു. മിശിഹായോടുകൂടി പരിത്രാണകർമ്മത്തിൻെറ ഓരോ രംഗത്തിലും ഏററവുംകൂടുതൽ സഹകരിച്ചു പ്രവർത്തിച്ച ഒരു വ്യക്തിയെ നാം കാണുന്നുണ്ട്. അതു ദൈവമാതാവായ പ. കന്യകമറിയമല്ലാതെ മററാരുമല്ല.

സകലവും ക്രിസ്തുവിൽ സമുദ്ധരിക്കുക അഥവാ നവീകരിക്കുക (Restaurare Omnia in Christo) എന്ന പരിത്രാണകർമ്മവും (economy of redemption) പ. കന്യകയുടെ സഹരക്ഷകസ്ഥാനവുംതമ്മിൽ എപ്രകാരം പൊരുത്തപ്പെട്ടുമെന്നുള്ളതാണ് പ്രഥമത നമ്മുടെ പരിചിന്തനത്തിന് വിധേയമാകേണ്ടതു്. മിശിഹായാണ് പ. കന്യകമറിയമുൾപ്പെട്ട മനുഷ്യകുലത്തെ രക്ഷിച്ചതു്. പക്ഷേ പ. കന്യകമറിയത്തെ രക്ഷിച്ചതു് മററു മനുഷ്യരെ രക്ഷിച്ചതിൽനിന്നും വളരെ വിഭിന്ന രീതിയിലാണ്. പ. കന്യക ജനിച്ചതുതന്നെ അമലോത്ഭവയായിട്ടാണ്.

## അവൾ അമലോത്ഭവയാണ്

മനുഷ്യാവതാരം നിർണ്ണയിച്ചപ്പോൾത്തന്നെ പ. കന്യകയെ മാതാവായി ദൈവം തിരഞ്ഞെടുത്തു. അവൾ പ്രസാദവരപൂർണ്ണയായിരുന്നു. വിശുദ്ധന്മാരുടെയും മാലാഖാമാരുടെയും പ്രസാദവര സമുച്ചയത്തെ അധികരിക്കുന്നതാണ് പ. കന്യകയുടെ വരപ്രസാദ സമ്പത്തു്. ദൈവമാതൃത്വം അസൃഷ്ടവചനമായ ദൈവത്തോടു് ബന്ധിതമായിരിക്കുകയാൽ അതു് സീമാതീതമായവിധം സകല

മാലാഖാമാരുടെയും വിശുദ്ധരുടെയും പ്രസാദവരത്തെയും അതിലംഘിക്കുന്ന ഒന്നാണ് (1) എന്നു വിശ്വവിശ്രുത പണ്ഡിതനായ ഗാരിഗോലഗ്രാഞ്ചു് പ്രസ്താവിക്കുന്നു.

കന്യകമറിയം രക്ഷണീയകമ്മത്തിന്റെ എല്ലാ രംഗങ്ങളിലും പരിത്രാതാവായ മിശിഹായുമായിട്ടുള്ള അവഗാഢമായ ഐക്യവും സഹകരണവും വഴിയായിട്ടത്രെ സഹരക്ഷക എന്ന പദത്തിനർഹയായതു്. പരിത്രാണകമ്മത്തിൽ നാലു ഘടകങ്ങളുണ്ടു്. ബലി, യോഗ്യത, പരിഹാരം, രക്ഷണം. ഇതിൽ നാലു ഘടകങ്ങളിലും പ. കന്യക അവളുടേതായ ഭാഗം നിർവ്വഹിക്കുന്നുണ്ടു്. രക്ഷണീയകമ്മത്തിൽ സഹകരിച്ചു എന്നു പറയുന്നതിനു് മൂന്നു സംഗതികഠം അനുപേക്ഷണീയമാണു്. ഒന്നാമതായി സഹകരണം രക്ഷണീയകമ്മത്തിന്റെ ഫലത്തിൽ സ്വാധീനത ചെലുത്തിയിരിക്കണം. പരിപൂണ്ണമായ അറിവും, സമ്മതവും സ്വാതന്ത്ര്യവും രക്ഷണീയകൃത്യത്തെ സംബന്ധിച്ചിടത്തോളമുണ്ടായിരിക്കണമെന്നുള്ളതാണു് രണ്ടാമത്തെ വസ്തുത. അവസാനമായി ഈ സഹകരണം തുല്യനിലയിലുള്ളതോ (Coordinate) അഥവാ വിധേയത്വത്തിലുള്ളതോ (Subordinate) ആയിരിക്കണം. രക്ഷകന്റെതന്നെ മനോഭാവത്തോടും അറിവോടുംകൂടി സഹകരിക്കുമ്പോഠം അതു് യഥാത്ഥത്തിൽ ഔപചാരികവുമായിരിക്കുന്നു (Formal). ഈദൃശ്യമായ സഹകരണം എല്ലായ്പോഴും യഥാത്ഥത്തിലുള്ളതാണു്.

ഭൂരിപക്ഷം കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരുടെയും അഭിപ്രായം പ. കന്യക മിശിഹായോടുകൂടി വരപ്രസാദം സമ്പാദിക്കുകയും പാപത്തിനു പരിഹാരമപ്പിക്കയും ചെയ്തുകൊണ്ടു് രക്ഷണീയകമ്മത്തിൽ ഏററവും അടുത്തു സഹകരിച്ചു എന്നാണു്.

കന്യകമറിയത്തിന്റെ സഹകരണം പരിത്രാണകർമ്മത്തിൽ നിഷ്കൃഷ്ടമായ അത്ഥത്തിൽ അനുപേക്ഷണീയമായിരുന്നു എന്നു പറഞ്ഞുകൂടാ. പക്ഷെ ദൈവം അപ്രകാരം നിത്യകാലംമുതൽ ക്രമീകരിച്ചതുകൊണ്ടു് ആ വ്യവ

(1) G. Lagrange. Mother of the Saviour and our Interior Life.

സ്ഥിതിയിൽ തികച്ചും അപരിത്യാജ്യമായിരുന്നു. കന്യകമറിയത്തിന്റെ സഹകരണം മിശിഹായുടെ പരിത്രാണകൃത്യത്തിന് വിധേയവും ആശ്രിതവുമായിരുന്നു. മറിയത്തിന്റെ സഹകരണത്തിനുശേഷവും മിശിഹാ നമ്മുടെ ഏകനും സർവ്വാതീതമാംവിധം പരിപൂർണ്ണനുമായ രക്ഷിതാവാണ്.

പ. കന്യക മനുഷ്യാവതാരരഹസ്യത്തിന് സമ്മതം നൽകിക്കൊണ്ട് ദൈവമാതൃത്വംവഴിയായും, മിശിഹായുടെ പീഡാനുഭവത്തിൽ അവിടത്തോടു സഹതപിച്ചുകൊണ്ടും, മാനവകുലത്തിന്റെ ആദ്ധ്യാത്മികജനനി, സകല വരപ്രസാദങ്ങളുടെ മദ്ധ്യസ്ഥ എന്നീ വിവിധ നിലയിലും പരിത്രാണകൃത്യത്തിൽ സജീവമായി സഹകരിച്ചിട്ടുണ്ട്.

ദൈവം അവിടത്തെ പരിപാലനയിൽ ഭാഗഭാഗിത്വം സൃഷ്ടികൾക്കു നൽകുന്നതിന് താഴ്ന്ന നിലയിലുള്ള സൃഷ്ടികളെ ഉന്നതസൃഷ്ടികൾവഴി നയിക്കുന്നതായി കാണാമെന്നു (2) വേദപാരംഗതനായ വി. തോമസ് അക്വിനാസ് പ്രസ്താവിക്കുന്നു. ലോകപരിത്രാതാവായ മിശിഹായും ഇപ്രകാരംതന്നെ പ്രവർത്തിക്കുന്നു. താൻ രക്ഷിച്ചവരെ തന്നോട് സദൃശ്യരാക്കുന്നു. അവിടുന്നു യോഗ്യതസമ്പാദനത്തിനും പരിഹാരാർപ്പണത്തിനുമുള്ള വേലയിലും അവരെ ഭാഗഭാക്കുകളാക്കുന്നുണ്ട്.

''മൗതികശരീരത്തിലെ ഒരംഗം വരപ്രസാദ സമ്പാദനവും, പാപപരിഹാരാർപ്പണവുംവഴിയായി എന്തുമാത്രം മിശിഹായോടു രക്ഷണീയകർമ്മത്തിൽ സഹകരിക്കുമോ, അഥവാ സഹരക്ഷകനാകുമോ അത്ര പൂർണ്ണമായി രക്ഷിക്കപ്പെടുന്നതാണ്; മിശിഹായോട് അനുരൂപരാകുന്നതാണ്.'' (3)

മിശിഹായോടുള്ള സാരൂപ്യമാണ് പ. കന്യകയുടെ ജീവിതത്തിലെ സുപ്രധാനമായ സവിശേഷത. മാനവകുലത്തിലെ മറെറല്ലാ വ്യക്തികളെയും മിശിഹാ

(2) St. Thomas Summa I q. 22, a3.

(3) Mgr. Canon G. D. Smth. Mary's Part in our redemption.

യോടുള്ള സാധർമ്മ്യത്തിൽ പ. കന്യക അഗ്രാഹ്യമായ വിധം അതിലംഘിച്ചിരിക്കുന്നു. തന്മൂലം സഹരക്ഷക എന്ന സമുന്നത പദത്തിനു് പ. കന്യകയോളം അർഹരായി മററാരുമില്ല. ഭൂരിപക്ഷം കത്തോലിക്കാവേദശാസ്ത്രജ്ഞന്മാരും ഈ അഭിപ്രായത്തിനു് അനുകൂലമാണു്. താഴെ പ്രസ്താവിക്കുന്ന സംഗതികളിൽ അവർ പരിപൂർണ്ണമായി യോജിക്കുന്നു.

1. മനുഷ്യാവതാര രഹസ്യത്തിനു് സമ്മതം നൽകി പ. കന്യക പരിത്രാണകർമ്മത്തിൽ സഹകരിച്ചു.

2. മിശിഹായോടുകൂടിയും മിശിഹായ്ക്കു വിധേയയായും ദൈവജനനി കുറഞ്ഞപക്ഷം ഔചിത്യരീത്യാ (de congruo) മാനവരാശിയുടെ പാപപരിഹാരമെപ്പിച്ചു.

3. മിശിഹായോടു് ഐക്യപ്പെട്ടും മിശിഹായ്ക്കു വിധേയയായും പ. കന്യക ദൈവവുമായിട്ടുള്ള മാനവവംശത്തിൻെറ സ്നേഹബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രസാദവരം ഔചിത്യപ്രകാരം (de congruo) സമ്പാദിച്ചു.

4. പ. കന്യക മിശിഹായോടുകൂടിയും മിശിഹായ്ക്കു വിധേയയായും ദൈവിക ബലിവസ്തുവായ മിശിഹായെ നിത്യപിതാവിനു് സവിശേഷമാംവിധം കപാലഗിരിയിൽവച്ചു് സമപ്പിക്കുകയും അപ്രകാരം നരവംശത്തെ പിതാവുമായി രഞ്ജിപ്പിക്കുകയുംചെയ്തു.

5. മിശിഹായുടെ പരിഹാരകൃത്യങ്ങളോടും യോഗ്യതകളോടുംകൂടി ദൈവജനനിയുടെ പരിഹാരകൃത്യങ്ങളും യോഗ്യതകളും സർവ്വോപരി കാൽവരി മലമുകളിൽ സ്വപുത്രൻെറ യാഗവേദിക്കു സമീപം നിന്നുകൊണ്ടു് മിശിഹായുടെ പീഡകൾ സ്വഹൃദയത്തിൽ സഹിച്ചുകൊണ്ടു സമ്പാദിച്ച യോഗ്യതയും മർത്ത്യകുലത്തെ പൈശാചിക പാരതന്ത്ര്യത്തിൽനിന്നും മോചിപ്പിക്കുന്നതിനുള്ള രണ്ടാമത്തെ വിലയായി (Secondary ransom) നിത്യപിതാവു് സ്വീകരിച്ചു.

6. മേൽ പ്രസ്താവിച്ച സംഗതികളിൽ ഏതെങ്കിലും ഒന്നുമാത്രവും എല്ലാംകൂടി ഒരുമിച്ചെടുത്താലും പ ക

ന്യക സഹരക്ഷക എന്ന സമുന്നതസ്ഥാനത്തിന് നിഷ്കൃഷ്ടാർത്ഥത്തിൽ അർഹയാണ്. (4)

പരിത്രാണകൃത്യം വഴിയായി പദാർത്ഥവും അരൂപിയും സമഞ്ജസമായി സംയോജിപ്പിച്ചു. ഇതു് മിശിഹാ വഴിയായിട്ടുമാത്രമെ സാധിക്കുകയുള്ളു. പ്രസാദവരത്തിന്റെ കർത്താവായ അവിടുത്തേക്കുമാത്രമെ മനുഷ്യവംശത്തിന് പ്രസാദവരം പ്രദാനംചെയ്യുവാൻ സാധിക്കുകയുള്ളു. ഇതു് അവിടുത്തെ പീഡാനുഭവംവഴിയാണ് സമ്പാദിച്ചതു്. ദൈവവുമായിട്ടുള്ള ഐക്യം സംപ്രാപ്യമാക്കുന്നതിനുള്ള ഔദ്യോഗിക മാർഗ്ഗമായ ബലിയായി അവിടുന്ന് സ്വയം സമർപ്പിച്ചു.

പ. കന്യകമറിയവും ഇതിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. "ദൈവവുമായിട്ടുള്ള നമ്മുടെ പരിപൂർണ്ണ ഐക്യത്തിന്റെ കാരണവും പ്രതീകവുമായി ഒരു മനുഷ്യവ്യക്തി മിശിഹാ കഴിഞ്ഞാൽ അവിടത്തോടുകൂടി സഹകരിച്ചതായി നാം കാണുന്നു. അതു് ദൈവജനനിയായ പ. കന്യകമറിയംതന്നെ. ദൈവമാതാവ്, സഹരക്ഷക, സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ എന്നീ വിവിധ നിലകളിൽ അവിടത്തെ സമുന്നതസ്ഥാനം എന്താണെന്നു വ്യക്തമാകുന്നുണ്ട്." (5)

---

(4) J. B. Carrol. Mariology. vol: ii Mary's Coredemption.

(5) Fr. J. Britto, Indian Culture and fulness of Christ. Mary and meaning of matter

അദ്ധ്യായം രണ്ട്

# മാനവകുലം പരിത്രാണകർമ്മത്തിനു സമ്മതം നൽകുന്നു

രക്ഷണീയകർമ്മത്തിൽ പ. കന്യകമറിയം അനന്യസാധാരണമായ രീതിയിൽ സഹകരിച്ചു എന്നു നാം മേൽ പ്രസ്താവിച്ചിട്ടുണ്ട്. ഇനി പരിത്രാണകർമ്മത്തിൻെറ ഓരോ രംഗത്തിലും മറിയത്തിൻെറ പങ്ക് എന്താണ് എന്നു നമുക്കു പരിശോധിക്കാം. മനുഷ്യാവതാരം വഴി പരിത്രാണകർമ്മം സമുൽഘാടനം ചെയ്തു. അതിനു മനുഷ്യകുലത്തിൻെറ സമ്മതം ആവശ്യമായിരുന്നു. മാനവരാശിയെ പ്രതിനിധാനം ചെയ്തുകൊണ്ട് അതിനാരാണ് സമ്മതം നൽകുക? പാപപങ്കിലമായ മനുഷ്യകുലത്തിലെ ഒരു വ്യക്തിയും സ്വയമേവ അതിനു യോഗ്യനല്ല. എന്നാൽ ദൈവം തന്നെ ഒരു വ്യക്തിയെ അതിനായി തയ്യാറാക്കി. അതു് അമലോത്ഭവയായ മറിയമായിരുന്നു. മനുഷ്യപരിത്രാണത്തിനു മറിയത്തിൻെറ സമ്മതം അനുപേക്ഷണീയമായ ഒരു വ്യവസ്ഥയായിരുന്നു. വി. ലൂക്കായുടെ സുവിശേഷം

ഒന്നാം അദ്ധ്യായം 26–38 വരെ ഉള്ള വാക്യങ്ങരം ഇതിനു പോൽബലകമാണ്.

''പ. കന്യക രക്ഷണീയ കമ്മം വേഗം സാധിതപ്രായമാകുന്നതിന് സ്വയം പവിത്രീകരിച്ച്, പരിത്രാതാവിന് അവളിലും മനുഷ്യവർഗ്ഗത്തിലും യോഗ്യമായ ഒരു വാസസ്ഥലം ഒരുക്കി. ദൈവത്തിൻെറ പദ്ധതിയിൽ മാനവരാശി സജീവമായ ഒരു പൂർണ്ണതയാണ്. അതിൻെറ അധ:പതനവും പുനരുദ്ധാരണവും സ്വാതന്ത്ര്യ വിനിയോഗത്തെ ആശ്രയിച്ചാണിരിക്കുന്നതു്. മനുഷ്യൻ സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിച്ചുകൊണ്ടു് അധ:പതിച്ചു. അവൻെറ സമ്മതംകൂടാതെ ദൈവം അവനെ രക്ഷിക്കുകയുമില്ല. പാപപങ്കിലമായ നരവർഗ്ഗത്തെ പ്രതിനിധീകരിച്ചുകൊണ്ടു് സമ്മതം നൽകുവാൻ ആരുണ്ടു്? എല്ലാവരും പാപമാലിന്യത്താൽ അയോഗ്യരാണ്. സ്വീകാര്യനായ ഒരു വ്യക്തി എന്ന നിലയിൽ ദൈവത്തെ സമീപിക്കുവാൻ ആൎക്കു കഴിയും? ദൈവംതന്നെ പാപമാലിന്യമേശാതെ നസ്രസിലെ വിനീതകന്യകയായ മറിയത്തെ തെരഞ്ഞെടുത്തു് മാനവരാശിയെ പ്രതിനിധീഭവിച്ച് സമ്മതം നൽകുവാൻ ഒരുക്കി. പ. കന്യക അവളുടെ സമ്മതം ദൈവത്തിൻെറ ദൗത്യവാഹകനു നൽകിക്കൊണ്ടു് മാനുഷികരംഗത്തു് പരിത്രാണകൃത്യം ഉൽഘാടനം ചെയ്തു.'' (1)

കന്യക ഔചിത്യരീത്യാ (de Congruo) ദൈവമാതൃത്വം എന്ന സമുന്നതപദം സ്വന്ത യോഗ്യതയാൽ സമ്പാദിച്ചു എന്നാണ് വേദപാരംഗതനായ വി. തോമസ് അക്വീനാസിൻെറയും വേദശാസ്ത്രപ്രവീണരുടെയും അഭിപ്രായം. (2) സ്വാരസ്, വി. ബൊനവന്തൂരാ, വി. അല്ലോൻസൂ് ലിഗോരി എന്നിവർ ഇതു സയുക്തികം സമർത്ഥിച്ചിട്ടുണ്ട്. സഭാപിതാവും വേദപാരംഗതനുമായ വി. ആഗസ്തീനോസിൻെറ വാക്കുകരം ശ്രദ്ധേയമാണ്. ''ദൈ

(1). Fr. J. Britto Indian Culture and Fulness of Christ. Mary and the meaning of matter.

(2). St Thomas Summa iii . q: 2.a. ii

വം മനുഷ്യാവതാരം അവളുടെ യോഗ്യതയാലാക്കിത്തീർത്തു. (3)

പ. കന്യക മനുഷ്യാവതാരത്തിന് പരിപൂർണ്ണസ്വാതന്ത്ര്യത്തോടുകൂടി സമ്മതം നൽകി, അപ്രകാരം പരിത്രാണകർമ്മത്തിൽ സജീവമായി അടുത്തു സഹകരിച്ചു. രക്ഷണീയകർമ്മം മനുഷ്യാവതാരംവഴി ദൈവവുമായി മർത്യവംശത്തെ ഐക്യപ്പെടുത്തുന്നതിലാണ് ഉൾക്കൊള്ളുന്നത്. ദൈവത്തിനു മനുഷ്യസ്വഭാവം നൽകുവാൻ പരിശുദ്ധകന്യക സമ്മതിച്ചപ്പോൾ മിശിഹാവഴിയായിട്ടുള്ള രക്ഷാകർമ്മം പ്രോൽഘാടിതമായി.

കന്യകമറിയത്തിന് പരിത്രാണകർമ്മത്തിലുള്ള ഭാഗഭാഗിത്വം വിശുദ്ധഗ്രന്ഥപ്രബോധനങ്ങളിലധിഷ്ഠിതമത്രെ. ആദിമാതാപിതാക്കന്മാർ ദൈവ കല്പന അവഗണിച്ചുകൊണ്ട് പാപം ചെയ്തു. ദൈവം അവരെ ശിക്ഷിച്ചു. സർപ്പത്തെ ശപിച്ചുകൊണ്ട് അരുളിച്ചെയ്ത വാക്കുകൾവഴി അവിടന്ന് മാനവരാശിക്ക് പ്രത്യാശാകിരണങ്ങൾ നൽകി.

സൃഷ്ടിയുടെ ഗ്രന്ഥം അദ്ധ്യായം 3, 15; ദൈവം സർപ്പത്തോടരുളിച്ചെയ്തു: ''ഞാൻ, സ്ത്രീയും നീയും തമ്മിൽ ശത്രുത ഉളവാക്കും; നിന്റെ സന്തതിയും സ്ത്രീയുടെ സന്തതിയും തമ്മിലും. സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും. നീ അവളുടെ കുതികാലിൽ കടിക്കും. പക്ഷേ അവസാനം സ്ത്രീ നിന്റെ തല തകർക്കും.''

പില്ക്കാലങ്ങളിലുള്ള പ്രവചനങ്ങളുടെയും ആവിഷ്കൃത സത്യങ്ങളുടെയും പാരമ്പര്യത്തിന്റെയും സഭയുടെ പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ, ഈ വാക്കുകൾ ലോകപരിത്രാതാവിന്റെ ആഗമനപ്രഖ്യാപനവും അതിൽ പ്രസ്താവിക്കുന്ന സ്ത്രീ കന്യകമറിയവുമാണെന്നുള്ളത് പ്രസ്പഷ്ടമാണ്. ഇത് പ. കന്യകയുടെ ലോകപരിത്രാതാവുമായുള്ള അവഗാഢമായ ഐക്യത്തെ നിതരാം പ്രഖ്യാപിക്കുന്നു. വി. ഗ്രന്ഥത്തിൽ പ. കന്യകയുടെ സഹരക്ഷണീയകർമ്മത്തെ വെളിവാക്കുന്ന ധാരാളം പ്രതീകങ്ങളും പ്രതി

(3). St. Augustine In Lc: i 4. Madonna.– Fr. Cyril Bernard

ഛായകളും നാം ദർശിക്കുന്നുണ്ട്. ഡെബോറാ, ജൂഡിത്ത്, എസ്തേർ മുതലായ വനിതാരത്നങ്ങൾ പ. കന്യകയുടെ പ്രതിഛായകളാണ്. നോഹിൻെറ പെട്ടകം, ഗെദയോൻെറ രോമം, യാക്കോബിൻെറ സ്വർഗ്ഗീയസോപാനം മുതലായവ പ്രതീകങ്ങളുമാണ്.

എശയാ ദീർഘദർശിയുടെ ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: ''കർത്താവുതന്നെ നിങ്ങൾക്ക് ഒരടയാളം നൽകും. ഇതാ, ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നമ്മുടെ ദൈവം നമ്മോടുകൂടി എന്നർത്ഥമായ അമ്മനുവേൽ എന്ന് അവർ അവനു പേർ വിളിക്കും.'' (എശയാ vii. 14.). ഇതും പ. കന്യകയെപരാമർശിക്കുന്ന വാക്കുകളാണെന്ന് അനുക്തസിദ്ധമാണ്. വി. മത്തായിയുടെ സുവിശേഷം ഒന്നാം അദ്ധ്യായം വാക്യം 23-ൽ ഐസയാസിൻെറ വാക്കുകൾ അന്വർത്ഥമായതായും പ്രസ്താവിക്കുന്നുണ്ട്.

കന്യകയുടെ സമ്മതം മനുഷ്യാവതാരമഹാരഹസ്യത്തിന് അനുപേക്ഷണീയമായിരുന്നുവെന്ന് വി. ഗ്രന്ഥത്തിൽനിന്നു വ്യക്തമാണ്. ദൈവം അവിടത്തെ ദൂതനെ അയച്ച് പ. കന്യകയുടെ സമ്മതം ആവശ്യപ്പെടുന്ന രംഗം വി. ലൂക്കായുടെ സുവിശേഷം അദ്ധ്യായം 1, വാക്യം 26-38 വരെ വളരെ സജീവമായ രീതിയിൽ അവതരിപ്പിക്കുന്നുണ്ട്. സഭാപിതാക്കന്മാരും വേദപാരംഗതന്മാരും ദൈവശാസ്ത്രപണ്ഡിതരും ഇതു് സാർവ്വത്രികമായി അംഗീകരിക്കുന്നു. സഭാപിതാക്കന്മാർ അവ്വായെയും മറിയത്തെയും താരതമ്യപ്പെടുത്തിക്കൊണ്ട് പ്രസ്താവിക്കുന്നതു് ശ്രദ്ധേയമത്രെ. വി. ജസ്റ്റിൻ പറയുന്നു: ''അവ്വാ നിർമ്മലയും കന്യകയുമായിരുന്നപ്പോൾ പിശാചിൻെറ വാക്കുകൾ വിശ്വസിച്ച് അനുസരണരാഹിത്യവും മരണവും പ്രസവിച്ചു. എന്നാൽ പ. കന്യകമറിയം വിശ്വാസത്താലും സന്തോഷത്താലും പരിപൂരിതമായി ദൈവദൂതൻെറ മംഗളവാർത്തയ്ക്ക് ഇപ്രകാരം പ്രതിവചിച്ചു: ''നിൻെറ വചനം പോലെ എന്നിൽ ഭവിക്കട്ടെ''. ഇപ്രകാരം പിശാചിൻെറ പ്ര

വത്തനങ്ങളെ നശിപ്പിച്ച് മാനവവംശത്തെ മരണത്തിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു. (4)

സഭാ പിതാവ് വി. ഇരണേവൂസ് പ്രസ്താവിക്കുന്നു: ''അവ്വാ തനിക്കും മർത്ത്യകുലത്തിനു മുഴുവനും മരണത്തിനു കാരണമായിരുന്നുവെങ്കിൽ, പ. കന്യക സാർവ്വത്രികമായ ജീവനു കാരണഭൂതയായി. മിശിഹായെ ഗർഭം ധരിച്ചുകൊണ്ട് ദിവ്യജനനി മാനവകുലത്തെ നവമായി ജനിപ്പിച്ചു''. (5) വിശ്വവിശ്രുതനായ ഒരിജൻെറ വാക്കുകളും സ്വത്ത്വവ്യമാണ്: ''നമ്മുടെ ശാപമോചനം പ. കന്യക സംവഹിച്ചു''. (6)

പൗരസ്ത്യതാരമായ വി. എപ്രേമിൻെറ അഭിപ്രായം ''കന്യക അവളുടെ സ്വാതന്ത്ര്യപൂർണ്ണമായ സമ്മതം നൽകി നമ്മുടെ പരിത്രാതാവിനെ പ്രദാനം ചെയ്തു.'' എന്നാണ്. (7) സഭാപിതാക്കന്മാരിലും വേദപാരംഗതന്മാരിലും അഗ്രഗണ്യനായ വി. ആഗസ്തീനോസിൻെറ വാക്കുകൾ ഇങ്ങനെയാണ്: ''സ്ത്രീയാൽ വഞ്ചിതനായി ഒരു മനുഷ്യൻ ചെയ്ത പാപത്തിന് വേറൊരു സ്ത്രീ മിശിഹായെ പ്രസവിച്ചതുനിമിത്തം പരിഹാരംചെയ്തു.''

മരിയഭക്തനും വേദപാരംഗതനുമായ വി. ബെർണാർദിൻെറ വാക്കുകൾ സുപ്രതിഥങ്ങളാണ്: ''Expectat angelus responsum ut revertatur ad Deum ...... Expectamus et nos Domina .... . Et ecce tibi offertur pretium salutis nostrae· statim liberabimursi Cosentis'' (8)

---

(4) St. Justin Dialogus Cum Tryphone. P.G vi 709–712 R. 141.

(5) St. Iranaeus, Adversus Haeresis, P.G. vii Roschini Mariologia vol: 1.

(6) Origen. In Comm: Evang: Lucae 1.42. P.G. xiii, Roschini, vol: 1.

(7) Assemani opera. omnia. Greek. Roschini Bk: 1

(8) St. Barnard. Hom. in purificatione B. M. virginis iii. P.L. 183, 370.

''ദൈവസവിധത്തിലേയ്ക്കു പിന്തിരിയുന്നതിന് പ്രത്യുത്തരം പ്രതീക്ഷിച്ച് മാലാഖാ നില്ക്കുന്നു. ''നാഥേ! ഞങ്ങളും പ്രതീക്ഷിക്കുന്നു. കണ്ടാലും! ഹാ'' ഇതാ ഞങ്ങളുടെ പരിത്രാണത്തിന്റെ വില നിനക്കു സമപ്പിച്ചിരിക്കുന്നു. നാഥേ! നീ സമ്മതം നൽകുമെങ്കിൽ ഉടനെതന്നെ ഞങ്ങൾ സ്വതന്ത്രരാകും.''

വേദപാരംഗതനായ വി. തോമസ് അക്വീനാസിന്റെ അഭിമതം മനുഷ്യാവതാരരഹസ്യം സംഭവിക്കുന്നതിൽ പ. കന്യകയുടെ സമ്മതം അനുപേക്ഷണീയമായിരുന്നുവെന്നാണ്. വി. തോമസ് അക്വീനാസിന്റെ വാക്കുകൾ ശ്രദ്ധേയമത്രെ:

''മനുഷ്യാവതാരം ദൈവസുതനും മനുഷ്യസ്വഭാവവും തമ്മിലും മിശിഹായും സഭയും തമ്മിലും ഉള്ള ഒരു വിവാഹമായി പരിഗണിക്കേണ്ടിയിരിക്കുന്നു. ഈ ബാന്ധവത്തിന് സമ്മതം അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് മറിയം സഭയേയും സകല മനുഷ്യകുലത്തേയും പ്രതിനിധാനം ചെയ്തുകൊണ്ട് സമ്മതം നൽകി ഈ വിവാഹത്തിനു വധുവായി തീരുകയും തദ്വാരാ പരിത്രാണ കമ്മത്തിൽ യഥാത്ഥമായി സഹകരിക്കുകയും ചെയ്തു''. (9)

മരിയശാസ്ത്രപണ്ഡിതനായ ഷീബൻ പറയുന്നു: ''അവൾ (മറിയം) പരിത്രാണ കമ്മത്തിനുവേണ്ടി സ്വയം തയാറായി, പരിത്രാതാവിനുവേണ്ടി അവളിൽതന്നെയും പരിത്രാണകരിലും ഒരു സ്ഥലം സജ്ജമാക്കി''. മറിയത്തിന്റെ മാതൃത്വം വഴിയായുള്ള സഹകരണം വെറും ഉപകരണമെന്ന നിലയിൽ മാത്രമായിരുന്നില്ല, പ്രത്യുത സ്വാതന്ത്ര്യ വിനിയോഗത്തിന്റേതായിരുന്നു.

മറിയം മൗതികശരീരത്തിന്റെ ശിരസ്സായ മിശിഹായുടെ മാതൃത്വപദമലങ്കരിച്ചതുകൊണ്ടുതന്നെ പരിത്രാണം ചെയ്യപ്പെട്ട മനുഷ്യവർഗ്ഗവും ദൈവവും തമ്മിലുള്ള ഐക്യത്തിന്റെ കേന്ദ്രമായിത്തീന്നു എന്നാണ്, സുപ്ര

---

(9) St. Thomas. Summa Theologica. iii q: 30 iii. Sentent: dis. 3. q: 3.

സിദ്ധ പണ്ഡിതനായ കാനൺ ജി. ഡി സ്മിത്ത് അഭിപ്രായപ്പെട്ടിട്ടുള്ളത്. (10)

മറിയത്തിന്റെ ദൈവമാതൃത്വം സഭയുടെ ആരംഭദശയിൽത്തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വിശ്വാസസത്യമാണ്. 5–ാം നൂററാണ്ടുവരെ ആ സത്യത്തെ ആരും ചോദ്യംചെയ്തിരുന്നില്ല. എന്നാൽ നെസ്തോറിയൂസ് എന്ന കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ പ. കന്യകയെ ദൈവമാതാവ് (TheoTokos) എന്നു അഭിസംബോധന ചെയ്യുവാൻ സാദ്ധ്യമല്ല പ്രത്യുത ക്രിസ്തുജനനി (Christo Tokos) എന്നുമാത്രമേ വിളിക്കാവൂ എന്ന് ഒരു പ്രസംഗത്തിൽ ശഠിച്ചു. ഈ പ്രസ്താവന വളരെ വലിയ ഒരു കോളിളക്കമാണ് സൃഷ്ടിച്ചത്.

അലക്സാന്ഡ്രിയായിലെ വി. സിറിൽ, നെസ്തോറിയൂസിനോടും അനുയായികളോടും ധർമ്മസമരം നടത്തി പ. കന്യകയുടെ ദൈവമാതൃത്വം എന്ന രഹസ്യത്തിന്റെ സംരക്ഷകനായി അനശ്വരയശസ്സാർജ്ജിച്ചു. 431–ൽ സമ്മേളിച്ച സഭയുടെ മൂന്നാമത്തെ സാർവ്വത്രിക സൂനഹദോസ് പ. കന്യകയുടെ ദൈവമാതൃത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചപ്പോൾ എഫേസൂസ് നിവാസികൾ ദീപശിഖകളും കരങ്ങളിലേന്തി ആ പ്രഖ്യാപനത്തെ സസന്തോഷം സ്വീകരിച്ച വസ്തുത സുവിദിതമാണല്ലൊ.

തെയോ ദെ രേത്തുസ്, നെസ്തോറിയൂസിനെതിരായി വിരചിച്ച ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു: ''കത്തോലിക്കാ വിശ്വാസത്തിന്റെ പ്രാരംഭപ്രേഷിതർതന്നെ പ. കന്യകയുടെ ദൈവമാതൃത്വം അപ്പസ്തോലിക പാരമ്പര്യത്തിലധിഷ്ഠിതമാണെന്നു കരുതുന്നുണ്ട്.'' വി. ജോൺ ഡമഷേൻ പറയുന്നു: ''ദൈവജനനി എന്ന പദം (Theo Tokos) മനുഷ്യാവതാരരഹസ്യത്തെ മുഴുവൻ പ്രദ്യോതിപ്പിക്കുന്നുണ്ട്'' (11). കത്തോലിക്കാവിശ്വാസം സുനിശ്ചിതമാക്കുന്നതി

(10) Canon G. D. Smith, Mary's part in our Redompton.

(11) St. John Damascene Homil· In. Nativiat te Dei.parae. p g: 96, 71 Roschini–vol:I

ന് ഒരുവൻ പ. കന്യകമറിയം ദൈവമാതാവാണെന്നു വിശ്വസിക്കുന്നുണ്ടായിരിക്കണം എന്നു് അന്ത്യോക്കിയായിലെ പാത്രിയക്കീസായിരുന്ന അപ്രേം പ്രഖ്യാപിച്ചു.

ഗർഭംധരിച്ചു, ജനിച്ചു എന്നൊക്കെ നാം പറയുമ്പോൾ ഒരു വ്യക്തിയെസംബന്ധിച്ചിടത്തോളം വ്യക്തികളിലാണു് നാം ഈവക ധർമ്മങ്ങൾ ആരോപിക്കുന്നതു്. മിശിഹായെസംബന്ധിച്ചിടത്തോളം ദൈവവ്യക്തി സ്വീകരിച്ച മനുഷ്യസ്വഭാവത്തെ പ്രസവിച്ചതുകൊണ്ടു് പ. കന്യക ദൈവത്തെ ഗർഭംധരിച്ചു, ദൈവം പ. കന്യകയിൽനിന്നും ജനിച്ചു എന്നു് സയുക്തികം പറയാവുന്നതാണു് എന്നത്രെ വി. തോമസ് അക്വിനാസ് അദ്ദേഹത്തിൻെറ വിശ്വവിശ്രുത ഗ്രന്ഥമായ സുമ്മാതിയളോജിക്കയിൽ (Summa Theologica) രേഖപ്പെടുത്തിയിരിക്കുന്നതു്.(12)

നവീകരണപ്രസ്ഥാനക്കാർ പ. കന്യകയുടെ ദൈവമാതൃത്വത്തെ നിരാകരിക്കുന്നതിനു പരിശ്രമിച്ചപ്പോൾ സഭാമാതാവ് അവക്കെതിരായും പ. കന്യകയുടെ ദൈവമാതൃത്വത്തെ അനിഷേധ്യമാംവിധം സ്ഥാപിച്ചു. വി. പീററർ കനീസിയൂസ് ദൈവമാതാവിൻെറ അപദാനങ്ങളെ പ്രകീത്തിക്കുന്നതിനു് സർവ്വദാ ജാഗരൂകനായിരുന്നു. അദ്ദേഹത്തിൻെറ De Maria Deipara Virgine. (ദൈവമാതാവായ പ. കന്യക) എന്ന ഗ്രന്ഥം കത്തോലിക്കാ മരിയശാസ്ത്രത്തിലെ ഈടുററ ഒന്നത്രെ.

ബോസ്വേ എന്ന പണ്ഡിതനായ വാഗ്മി പ്രസ്താവിക്കുകയാണു്: ''പ. കന്യക ദൈവവചനത്തെ ഗർഭംധരിച്ച അന്നുമുതൽ അവൾ നമ്മെയും അവളുടെ ഉദരത്തിൽ സംവഹിച്ചു, മിശിഹായോടുകൂടി. അവൾ ശിരസ്സിനെയും അവയവങ്ങളെയും ഒരുമിച്ചു ജനിപ്പിച്ചു.''

മരിയപ്രേഷിതരായ വി. ഗ്രിഞ്ഞോൺ ദെ മോൺഫോട്ടു്, വി. അല്ഫോൻസ് ലിഗോരി എന്നിവരുടെ നാമധേയങ്ങളും ഇവിടെ സ്മരണീയമാണു്. എഫേസൂസ് സൂനഹദോസ് പ. കന്യകയുടെ ദൈവമാതൃത്വം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതുമുതൽ കന്യകമറിയം

(12) St. Thomas. Summa. Theol: iii q: 35.a 4

സർവ്വപ്രഭാവങ്ങളോടുംകൂടി കത്തോലിക്കാജീവിതത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

''അരുണാമല കിരണാവലി പരിപാവനവസനം
അരുമക്കല മൃദുപാദുകമുഡു ശൃംഖലമകുടം
അതിപേലവ കരതാരതിൽ ജപമാലികവിമലം
ഇതിമേവിന കരുണാകരി മറിയം മമ ശരണം.''
(സത്യദീപം)

അമലമായ സൂര്യകിരണങ്ങളാൽ വിഭൂഷിതയും, ചന്ദ്രനെ പാദപീഠമാക്കിയിരിക്കുന്നവളും, താരകഗണങ്ങൾ ശിരോലങ്കാരമായിട്ടുള്ളവളും, അതിമനോഹരമായ പാണിപത്മങ്ങളിൽ വിമലമായ ജപമാല ധരിച്ചിരിക്കുന്നവളും, കരുണ നിറഞ്ഞവളുമായ മറിയമാണ് എൻെറ ശരണം എന്നു്, അഥവാ ലോകത്തിൻെറ ഏക പ്രത്യാശയെന്നു് നമുക്കോരോരുത്തർക്കും ഉച്ചൈസ്സ്വരമുൽഘോഷിക്കാം.

## മരിയൻയുഗം

പ്രോട്ടസ്റ്റൻറു് നവീകരണ പ്രസ്ഥാനം മുതൽ മരിയഭക്തി കത്തോലിക്കാജീവിതത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. 1854—ൽ പാവന സ്മരണാർഹനായ 9—ാം പീയൂസു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ. കന്യകയുടെ അമലോത്ഭവം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചപ്പോൾ ഒരു മരിയൻ യുഗം സമുൽഘാടനം ചെയ്യുകയാണദ്ദേഹം ചെയ്തതു്. തുടർന്നുള്ള എല്ലാ മാർപ്പാപ്പാമാരും കന്യകമറിയത്തിനു് കത്തോലിക്കാ ജീവിതത്തിലുള്ള സമുന്നത സ്ഥാനം അവരുടെ വിശ്വലേഖനങ്ങൾ വഴി സാർവ്വത്രിക സഭയെ ഉൽബോധിപ്പിച്ചിട്ടുണ്ടു്.

ഒൻപതാം പീയൂസു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ''പ. കന്യകയുടെ അമലോത്ഭവസത്യം പ്രഖ്യാപിച്ചുകൊണ്ടു് പ്രസിദ്ധപ്പെടുത്തിയ ''ഇൻഎഫാബിലിസു് ദേവൂസു്'' (Ineffabilis Deus) എന്ന ശ്ലൈഹികലേഖനത്തിൽ, ''ദൈവം സകല സൃഷ്ടികളിലും ഉപരിയായി മറിയത്തെ സ്നേഹിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്തു.

ദൈവത്വത്തിൻെറ നിക്ഷേപങ്ങളിൽ നിന്നും നിർലോഭമായി ദാനങ്ങൾകൊണ്ട് അവളെ സമലങ്കരിച്ചു.... പ. കന്യകയെക്കാൾ ഉന്നതമായ ഒരു സൃഷ്ടിയെ സങ്കല്പിക്കുവാൻ നമുക്കു സാദ്ധ്യമല്ല. ദൈവത്തിനല്ലാതെ ഒരു ബുദ്ധിയ്ക്കും പ. കന്യകയുടെ സ്ഥാനമാഹാത്മ്യം ശരിയായി ഗ്രഹിക്കുവാനും സാദ്ധ്യമല്ല.'' (13) എന്നു പറഞ്ഞിരിക്കുന്നു.

പ. പിതാവ് ലെയോ പതിമൂന്നാമൻ തിരുമനസ്സുകൊണ്ട് ഒക്ടോബറിമെൻസെ (Octoberi mense) എന്ന വിശ്വലേഖനത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത് ''ദൈവദൂതൻ മംഗലവാർത്ത അറിയിച്ചപ്പോൾ പ. കന്യകയുടെ സമ്മതം മാനവ കുലത്തിൻെറ മുഴുവൻ നാമത്തിലാണ് ആവശ്യപ്പെട്ടതു്'' (14) എന്നാണ്.

വി. പത്താം പീയൂസ് മാപ്പാപ്പാ അരുളിച്ചെയ്തു: ''ദൈവസുതന് സ്വന്തം മാംസരക്തങ്ങൾ നൽകിയതിനാൽ പ. കന്യക അത്ഭുതകരമാം വിധത്തിൽ പരിത്രാണകർമ്മത്തിൽ സഹകരിച്ചു.'' (15)

മരിയൻ പാപ്പാ പ. പിതാവ് പന്ത്രണ്ടാം പീയൂസ് പ്രഖ്യാപിച്ചു: ''പരിശുദ്ധ കന്യകമറിയം മാനവ വംശത്തെ മുഴുവൽ പ്രതിനിധാനം ചെയ്തുകൊണ്ട് മനുഷ്യവർഗ്ഗവും ദൈവസുതനും തമ്മിലുള്ള ആദ്ധ്യാത്മിക ബാന്ധവത്തിന് സമ്മതം നല്കി.'' (16)

''ആ മഹനീയ നിമിഷത്തിൽ സ്വർഗ്ഗത്തിൻെറയും, ഭൂമിയുടെയും ഭാഗധേയങ്ങൾ ഒരു വനിതയുടെ മൃദുല കരങ്ങളിൽ സമർപ്പിക്കപ്പെട്ടു. പരിത്രാണകർമ്മം മുഴുവൻ നിലകൊള്ളുന്നതു് പരിശുദ്ധകന്യകയുടെ സമ്മതത്തിലാണ്.'' ''മനുഷ്യവർഗ്ഗത്തിനുവേണ്ടി പ. കന്യക സ്വതന്ത്രമായി പരിത്രാതാവിൻെറ മാതാവാകുവാൻ സമ്മതം നൽകി. അവ്വാ ആദത്തോടുകൂടി മനുഷ്യവർഗ്ഗത്തിൻെറ നാശത്തിന് എപ്രകാരം കാരണഭൂതമായോ അതുപോലെ മനു

(13) Pius ix. Apost. letter. Ineffabilis Deus.
(14) Pope Leo. xiii. Ency: Octobri mense
(15) Pius x Ency. Ad Diem Illum.
(16) Pius xii Ency. Mystici Corparis Christi.

ഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിന് മിശിഹായുടെ ഔദ്യോഗിക സഹപ്രവർത്തകയായി മറിയത്തെ ദൈവം തെരഞ്ഞെടുത്തു''(17) എന്നത്രെ ഡോ. ജി. ഡി. സ്മിത്തു പ്രസ്താവിച്ചിട്ടുള്ളത്.

സ്വർഗ്ഗവും ഭൂമിയും എന്തിനുവേണ്ടി കാത്തിരുന്നുവോ അതിനു പ. കന്യക സമ്മതമരുളുന്നു. ആദിയിൽ ദൈവം ''ഭവിക്കട്ടെ,, എന്നരുളിച്ചെയ്തു. ആ ക്ഷണം വിശ്വകടാഹം മുഴുവൻ സൃഷ്ടിക്കപ്പെട്ടു. ഇപ്പോഠം ഒരു വനിത ''ഭവിക്കട്ടെ'' എന്നു പറയുമ്പോഠം സ്രഷ്ടാവായ ദൈവം ഒരു നവ്യലോകത്തെ, അവിടുത്തെ പ്രേഷ്ഠകുമാരൻെറ പ്രസാദവരത്താൽ ധന്യവും മഹത്വപൂർണ്ണവുമായ ഒരു ലോകത്തെ രൂപീകരിക്കുന്നു.'' (18) എന്നത്രെ ജോസഫ്പാഷ് എന്ന ദേഹം, ''പ. കന്യക സുവിശേഷത്തിൽ'' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

ദൈവം അവിടത്തെ അനന്ത നന്മയാൽ മനുഷ്യാവതാരവും, പരിത്രാണനവും പ. കന്യകയുടെ സമ്മതത്തോടുകൂടി പ്രാവർത്തികമാക്കണമെന്നു നിത്യമായി നിശ്ചയിച്ചു. ഇപ്രകാരം ദൈവപരിപാലനാവൈഭവത്താൽ പ. കന്യക ദൈവമാതൃത്വം എന്ന മഹോന്നതമായ സ്ഥാനം സമലങ്കരിക്കുകയും ഓരോ വ്യക്തിയുടെയും രക്ഷണീയകർമ്മത്തിൽ മിശിഹായോടു സജീവമായി സഹകരിക്കുകയും ചെയ്തു.

വി. ലൂക്കാ പ്രതിപാദിക്കുന്നതുപോലെ, പ. കന്യകയുടെ വിശ്വാസപൂർണ്ണമായ സമ്മതം പ. കന്യകയുടെ വ്യക്തിഗതമായ ചരിത്രത്തിൻെറ ഒരു ഭാഗം മാത്രമായി നമുക്കു് യാതൊരു താത്പര്യവുമില്ലാത്തതായി, പരിഗണിക്കുവാൻ പാടില്ല. അതു് പരിത്രാണ ചരിത്രത്തിലെ ഔദ്യോഗികവും രക്ഷാകരവുമായ ഒരു സംഭവമാണ്. ഈ വീക്ഷണത്തിൽ അവളുടെ ദൈവമാതൃത്വം ധൈര്യമായി ഒന്നു കടത്തി പറഞ്ഞാൽ അവളുടെ സുതൻെറ ദൈ

(17). Dr. G. D. Smith Mary's part in our Redemption.

(18) Joseph Patsch. Our Lady in the Gospels. P. 55.

വസ്തുതസ്ഥാനത്തിന് ചിന്തയിൽമാത്രം മുമ്പിലാണ് (Logical order). അപ്പോൾ പ. കന്യകയുടെ ദൈവമാതൃത്വം മനുഷ്യപരിത്രാണ ചരിത്രത്തിലെ ഏററവും നിർണ്ണായകമായ ഒരു സംഭവമാണ്. ദൈവവചനം നമ്മുടെ പാപത്തിന് വിധേയമായ മാംസം ധരിച്ചു, അവിടുത്തെ മരണംവഴി നമ്മെ രക്ഷിക്കുവാൻ.

മിശിഹായുടെ ജനനം മുതൽ കുരിശിലെ ബലി വരെ പ. കന്യക ബലിവസ്തുവായ മിശിഹായെ ഒരുക്കുകയായിരുന്നു. ഈ കാലഘട്ടത്തിൽ ദൈവജനനി ലോകപരിത്രാതാവിനോടുകൂടിയുള്ള ഭൗമിക ജീവിതത്തിൽ ലോകരക്ഷയ്ക്കുവേണ്ടി ധാരാളമായ യോഗ്യതകൾ സമ്പാദിച്ചു. തിരുസഭാചരിത്രത്തിൻെറ പക്ഷങ്ങളിൽ ഓരോന്നും പ. കന്യകയുടെ ദൈവമാതൃത്വം ക്രിസ്തീയജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനശക്തി എത്ര വലുതാണെന്നു പ്രകടമാക്കിയിട്ടുണ്ട്. തിരുസഭയ്ക്ക് കാലചംക്രമണത്തിൽ എന്തെല്ലാം പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്യേണ്ടി വന്നിട്ടുണ്ടോ അപ്പോഴെല്ലാം മറിയത്തിൻെറ സർവ്വ വല്ലഭമായ മാദ്ധ്യസ്ഥത്തിൽ അഭയം ഗമിച്ചിരുന്നതായി കാണാവുന്നതാണ്.

''ക്രിസ്തുമതമൊഴിച്ച് എല്ലാ ലോകമതങ്ങളും കെട്ടുകഥകളിലും ഇതിഹാസങ്ങളിലും കുടുങ്ങിക്കിടക്കുന്നു. അജ്ഞാനികളുടെ ദേവന്മാരിൽനിന്നും വേർതിരിക്കപ്പെട്ടിരിക്കുകയാണ് ക്രിസ്തു; അവിടുന്ന് ഒരുസ്ത്രീയോടും ചരിത്രത്തോടും സ്വയം ബന്ധിച്ചിരിക്കുന്നതിനാൽ.'' എന്ന് മോൺ. ഫുൾട്ടൻ. ജെ. ഷീൻ പ്രസ്താവിക്കുന്നു.

ഒട്ടാവായിൽ പ. കന്യകയുടെ രൂപവും സംവഹിച്ചുകൊണ്ട് വളരെ വിപുലമായ തോതിൽ ഒരു പ്രദക്ഷിണം നടത്തി. അനേകം അകത്തോലിക്കരും ആ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. ഒരു അകത്തോലിക്കനു മാത്രം അതു് ഒട്ടും രസിച്ചില്ല. അയാൾ ഒരു കെട്ടിടത്തിൻെറ മുകളിൽ ഒളിച്ചിരുന്നു മാതാവിൻെറ രൂപത്തിനു് നേർക്ക് വെടിവെച്ചു. വെടിയുണ്ട തിരുസ്വരൂപത്തിൻെറ ശിരസിലണിയിച്ചിരുന്ന കിരീടത്തിൽ കൊണ്ടു് കിരീടം തെറിച്ച് താഴെ വീണു. ജനങ്ങൾ സംഭീതരായി. വെടിയുണ്ട

കിരീടത്തെയും അതിലംഘിച്ച് ഒരു സ്ത്രീയുടെ ദേഹത്ത് നിപതിച്ചു. അവരം തൽക്ഷണം മൃതിയടഞ്ഞു. ഘാതകൻ വേഗം ഒരു കാറിൽ കയറി രക്ഷപ്പെടുവാൻ പരിശ്രമിച്ചു. രണ്ടു മൂന്നു പോലീസുകാർ അയാളെ അനുധാവനം ചെയ്തു ഘാതകൻ ഒരു സ്ഥലത്ത് കാർ നിറുത്തി. അപ്പോരം പോലീസുകാർ അയാളെ സമീപിച്ച് ഒരു സ്ത്രീ പട്ടണത്തിൽ മരിച്ചു കിടക്കുന്നു താങ്കരം വന്ന് അവരെ തിരിച്ചറിയുവാൻ സഹായിക്കണമെന്നാവശ്യപ്പെട്ടു. അയാരം അവരോടൊത്ത് യാത്രയായി. സംഭവസ്ഥലത്ത് ചെന്നു നോക്കിയപ്പോരം അയാരം ഞെട്ടിപ്പോയി. മരിച്ചുകിടന്ന സ്ത്രീ തൻെറ സ്വന്തം ഭാര്യയായിരുന്നു.

അയാരം പശ്ചാത്താപ വിവശനായി കേണു. അപരാധം ഏററുപറഞ്ഞ് അയാരം മാനസാന്തരപ്പെട്ടു. ഇതാണ് പ. കന്യകയുടെ പ്രവത്തനരീതി. ദ്രോഹിക്കുന്നവരെപ്പോലും അവരം അത്ഭുതം പ്രവത്തിച്ചു മാനസാന്തരപ്പെടുത്തും.

ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പാ രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രഥമ സമ്മേളനം കഴിഞ്ഞ് റോമ്മാനഗരത്തിൻെറ പ്രാന്തപ്രദേശത്തുള്ള ഗാൺഡാലൂപ്പ് മാതാവിൻെറ ദേവാലയം സന്ദശിച്ചപ്പോരം ഇപ്രകാരം പറഞ്ഞു: ''നമ്മുടെ അമ്മ പ. കന്യകമറിയത്തെ മിശിഹായായിട്ടു മുകളിലായി പരിഗണിക്കുന്നത് ആ നാഥ ഇഷ്ടപ്പെടുന്നില്ല. പക്ഷേ, പ. കന്യകയെ പലരും അവഗണിക്കുന്നത്, പ്രത്യേകിച്ച് പ്രോട്ടസ്റ്റൻറ്കാർ സഭയിൽനിന്നു വേർതിരിഞ്ഞതിൽ പിന്നീട് അവർ പ. കന്യകയുടെ നേരെയുള്ള ഭക്തിയിൽ വിമുഖത പ്രദശിപ്പിക്കുന്നത് വ്യഥാജനകമാണ്. നമുക്ക് നമ്മുടെ നാഥയെപ്പററി ചിന്തിക്കാതെ നമ്മുടെ കത്താവിനെക്കുറിച്ച് ചിന്തിക്കുവാൻ സാദ്ധ്യമല്ല.'' (19)

(19) New Leader. 5th Dece: 1962.

## അദ്ധ്യായം മൂന്നു്

# മാനവകുലം സ്വയം പരിത്രാണകർമ്മം നിർവ്വഹിക്കുന്നു

രക്ഷണീയകൃത്യത്താൽ ക്രിസ്തു പദാർത്ഥവും അരൂപിയും തമ്മിലുള്ള സംയോജ്യത പുനഃപ്രതിഷ്ഠിച്ചു (integration of matter to the realm of sprit). ഇതു് മാനവകുലത്തിന്റെ സജീവതാപൂർണ്ണതയിൽ (Living Organism) ആഭ്യന്തരമായി പ്രാവർത്തികമാക്കേണ്ടതാണു്. അതിനുവേണ്ടി ദൈവവചനം മാംസമായി നമ്മോടുകൂടി വസിച്ചു. മിശിഹാ അവിടത്തെ സുദീർഘമായ രഹസ്യജീവിതാനന്തരം അമോഘവും അനവദ്യസുന്ദരവുമായ സത്യങ്ങൾ ലോകത്തോടു പ്രഖ്യാപിച്ചു. അവിടത്തെ വ്യക്തിപരമായ ജീവിതവും ദൗത്യവും തുടർന്നുകൊണ്ടുപോകുന്നതിനായി മൗതിക ശരീരമായ സഭ സ്ഥാപിക്കുന്നു. മിശിഹാ അപ്പോസ്തലന്മാരെ തെരഞ്ഞെടുത്തു് പലസ്തീന മുഴുവൻ ദൈവരാജ്യം പ്രസംഗിച്ചു. പ. കന്യകയും മിശിഹായുടെ പരസ്യ

ജീവിതകാലത്തു് സജീവമായി അവിടത്തോടുകൂടി സഹകരിച്ചിരുന്നു. (1)

പരിത്രാണകർമ്മത്തിന്റെ കേന്ദ്രവും അതിനു മകുടം ചാർത്തുന്നതുമായ സംഭവമാണു് കപാലഗിരിയിലെ മഹായജ്ഞം. പ. കന്യക മിശിഹായ്ക്കു് വിധേയയായി, മിശിഹായോടുകൂടി അവിടത്തെ ഹോമബലിയിൽ, ഏററവും ഹൃദയഭേദകമായ സഹനം വഴി (Compassion) സഹകരിച്ചു്, ലോകപാപത്തിനു പരിഹാരമർപ്പിക്കുകയും പ്രകൃത്യതീതമായ യോഗ്യത മാനവകുലത്തിനു മുഴുവൻ വേണ്ടി സമ്പാദിക്കുകയും ചെയ്തു. പ. കന്യക പരിത്രാണകർമ്മത്തിൽ സഹകരിച്ചതു് മിശിഹായോടുകൂടിയും മിശിഹായ്ക്കു വിധേയയുമായി മാത്രമാണു്.

മനുഷ്യകുലത്തിന്റെ നാശത്തിനു് ആദവും അവ്വായും ഉത്തരവാദികളായതുപോലെ അതിന്റെ പരിത്രാണകർമ്മത്തിൽ രണ്ടാമത്തെ ആദമായ മിശിഹായും പുതിയ അവ്വായായ പ. കന്യകയും കാരണഭൂതരായി. സഭാപിതാക്കന്മാരെല്ലാവരുംതന്നെ പ. കന്യകയെ അവ്വായോടുപമിച്ചിരിക്കുന്നതു് വെറും ആലങ്കാരികമായിട്ടല്ല. പ. കന്യകയും മിശിഹായും തമ്മിലുള്ള ഐക്യം ദൃഢതരവും ആത്മീയവുമാണു്. പ. കന്യക മിശിഹായുടെ പീഡാനുഭവത്തിന്റെ അവസരത്തിൽ കുരിശിൻചുവട്ടിൽ സന്നിഹിതയായിരുന്നു. അവരം മാനവവംശത്തെ പ്രതിനിധാനം ചെയ്തുകൊണ്ടു് ആ മഹാബലിയോടു് ചേർന്നു സ്വയം സമർപ്പിച്ചു. മിശിഹായോടുള്ള പ. കന്യകയുടെ സ്നേഹവും ഐക്യവും മഹത്തമമായിരുന്നതിനാൽ മിശിഹാ ശാരീരികമായി സഹിച്ചതെല്ലാം പ. കന്യക അവളുടെ ഹൃദയത്തിൽ സഹിച്ചു. ദൈവജനനിയുടെ ആകൃത്യത്തിന്റെ ഔൽകൃഷ്ട്യംനിമിത്തം മിശിഹാ നീതിപ്രകാരം നമുക്കുവേണ്ടി സമ്പാദിച്ച യോഗ്യതകൾ എല്ലാം (de condigno) പ. കന്യക ഔചിത്യരീത്യാ (de congruo) സമ്പാദിച്ചു; ഹൃദയവ്യഥയുടെ തീച്ചൂളയിൽ ഹോമിച്ചു്.

(1) Joseph Patsch. Our Lady in the Gospels P. 168 .

ദിവ്യജനനിയുടെ വ്യാകുലതകൾ അത്യുഗ്രമായിരുന്നതിനാൽ അവളെ വേദസാക്ഷികളുടെ രാജ്ഞി എന്നു് നാം അഭിസംബോധനചെയ്യുന്നതു് തികച്ചും യുക്തിപൂർവ്വമാണു്. പ. കന്യക പരിത്രാണകർമ്മത്തിൽ ഔദ്യോഗികമായി യഥാർത്ഥത്തിൽ സഹകരിച്ചു എന്നു് പറയണമെങ്കിൽ കാൽവരിയിലെ ബലിയിലും അവൾ ഒരു പങ്കു വഹിച്ചിട്ടുണ്ടായിരിക്കണം. പരിത്രാണകർമ്മത്തിൻെറ വില കൊടുത്തിട്ടുണ്ടെങ്കിൽ തീർച്ചയായും സഹരക്ഷക എന്ന സ്ഥാനത്തിനു് അർഹയുമാണു്.

വിശുദ്ധ ഗ്രന്ഥത്തിൽ ഇതിനു് ഉപോൽബലകമായി എന്തെങ്കിലും ഉണ്ടോ എന്നു് പരിശോധിക്കേണ്ടിയിരിക്കുന്നു. സൃഷ്ടിയുടെ പുസ്തകം 3—ാം അദ്ധ്യായത്തിൽ ദൈവം സർപ്പത്തെ ശപിച്ചുകൊണ്ടു് ഇപ്രകാരം അരുളിച്ചെയ്തു: ''ഞാൻ നീയും സ്ത്രീയും തമ്മിലും, നിൻെറ സന്തതിയും സ്ത്രീയുടെ സന്തതിയും തമ്മിലും ശത്രുത ഉളവാക്കും. അവൾ നിൻെറ (അവളുടെ സന്തതി) തലയെ തകർക്കും. നീ അവളുടെ കുതികാലിൽ കടിക്കും. അവസാനം സ്ത്രീയുടെ സന്തതി നിൻെറ തല തകർക്കും'' (2)

മുമ്പു് സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ പ്രവചനം പ. കന്യകയിലും ലോകപരിത്രാതാവായ അവിടത്തെ തിരുസുതനിലും മാത്രമെ അന്വർത്ഥമാവുകയുള്ളു. വി. യോഹന്നാൻെറ സുവിശേഷത്തിലും നാമിതു വളരെ വ്യക്തമായി കാണുന്നുണ്ടു്.

''ഈശോയുടെ കുരിശിനടുത്തു് അവൻെറ അമ്മയും അവൻെറ അമ്മയുടെ സഹോദരിയും, കലിയോപ്പാമറിയവും മഗ്ദലയിത്താമറിയവും നിന്നിരുന്നു. ഈശോ തൻെറ അമ്മയും, താൻ സ്നേഹിച്ചിരുന്ന ശിഷ്യനും നില്ക്കുന്നതു കണ്ടിട്ടു് തൻെറ അമ്മയോടു്: ''സ്ത്രീ ഇതാ! നിൻെറ മകൻ'' എന്നരുളിച്ചെയ്തു. പിന്നെ ആ ശിഷ്യനോടു്: ''ഇതാ! നിൻെറ അമ്മ'' എന്നും അരുളിച്ചെയ്തു. ആ ക്ഷണം മുതൽ ആ ശിഷ്യൻ അവളെ തൻെറ അടുക്കൽ സ്വീകരിക്കുകയും ചെയ്തു. (3)

(2) സൃഷ്ടി. iii 15.
(3) വി. യോഹ: xix. 25–27.

ഇവിടെ മിശിഹാ അവിടത്തെ ദിവ്യജനനിയെ സ്ത്രീ എന്നാണു് അഭിസംബോധനചെയ്തിരിക്കുന്നതു്. വെറും ഉപരിപ്ലവബുദ്ധികൾക്കു് അതു് ഒരു ബഹുമാനഹീനതയായി തോന്നിയേക്കാം. എന്നാൽ ഗ്രീക്കു്, സുറിയാനി ഭാഷാപണ്ഡിതന്മാർ വിവക്ഷിക്കുന്നതുപോലെ അതു് ബഹുമാനാന്വിതവും അതേ അവസരത്തിൽ അർത്ഥഗർഭവുമാണു്. സൃഷ്ടിയുടെ പുസ്തകത്തിൽ ദൈവം വാഗ്ദാനം ചെയ്തിരുന്ന ആ ''സ്ത്രീ'' പ. കന്യകമറിയംതന്നെയെന്നുള്ള വസ്തുത ''സ്ത്രീ'' എന്നുള്ള സംബോധന പ്രദ്യോതിപ്പിക്കുന്നു. കുരിശിൻചുവട്ടിലുള്ള അവളുടെ സാന്നിദ്ധ്യം കേവലം യാദൃച്ഛികമല്ല. അതു് ദൈവത്തിൻെറ സ്തുത്യർഹമായ പരിപാലനയിൽ പ. കന്യക നരകുല പരിത്രാണത്തിൽ അവളുടെ സഹനം വഴിയായി സഹകരിക്കണമെന്നു് മുൻകൂട്ടി ക്രമീകരിച്ചിരുന്നതുകൊണ്ടാണു്.

പഴയ നിയമത്തിൽ പ. കന്യക സഹരക്ഷക എന്ന നിലയിലുള്ള അനേകം പ്രതീകങ്ങളും (Symbols) പ്രതിഛായകളും (Types) നാം ദർശിക്കുന്നു. ഇപ്രകാരം നോഹിൻെറ പെട്ടകം, ജലപ്രളയത്തിനുശേഷം ദൈവം നോഹിനോടു ചെയ്ത ഉടമ്പടിയുടെ സൂചനയായ മഴവില്ലു് മുതലായവ പ്രതീകങ്ങളും ദെബോറാ, ജൂദിത്തു്, എസ്തേർ മുതലായവർ പ്രതിഛായകളുമാണു്.

മറിയത്തിൻെറ പരിത്രാണ കർമ്മത്തിലുള്ള സഹകരണം വളരെ വ്യക്തമായ രീതിയിൽ മദ്ധ്യശതകങ്ങളുടെ പ്രാരംഭത്തിൽ തന്നെ നാം സഭയുടെ ഔദ്യോഗികമായ പ്രബോധനങ്ങളിൽ കാണുന്നുണ്ടു്. മഹാ പണ്ഡിതനായിരുന്ന മൂന്നാം ഇന്നസെൻറു് മാർപ്പാപ്പാ ഇപ്രകാരം പ്രസ്താവിക്കുന്നു: ''ഹവ്വാ വഴി മരണം ലോകത്തിൽ പ്രവേശിച്ചു, മറിയംവഴി ലോകത്തിനു് ജീവൻ പ്രദാനംചെയ്തു.,,

പാവനസ്മരണാർഹനായ ഒമ്പതാം പീയൂസു് മാർപ്പാപ്പാ ദൈവജനനിയുടെ അമലോത്ഭവം വിശ്വാസ സത്യമായി പ്രഖ്യാപിച്ചുകൊണ്ടു് പ്രസിദ്ധപ്പെടുത്തിയ ''ഇൻ-എഫാബിലിസു് ദേവൂസു്'' എന്ന തിരുവെഴുത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: ''ദൈവത്തിനും മനുഷ്യർക്കുമിടയിൽ മദ്ധ്യസ്ഥനായിരിക്കുന്ന ക്രിസ്തു മനുഷ്യസ്വഭാ

വം സ്വീകരിച്ചു് നമുക്കെതിരായിട്ടുള്ള വിധിവാചകം വിജയകരമായി കുരിശിനോടു് ചേർത്തു് തറച്ചു് അതിനെ അസ്ഥിരപ്പെടുത്തി. പ. കന്യക അവിടത്തോടു് അവിഭക്തമായി അവഗാഢമാംവിധം യോജിച്ചുകൊണ്ടു് നീചസപ്പത്തോടു് (പൈശാചികശക്തികളോടു്) നിത്യമായിട്ടുള്ള വൈരത്തിൽ—സമരത്തിൽ പരിപൂൎണ്ണമായ വിജയം അവൻെറമേൽനേടി. അവളുടെ അമലമായ പാദങ്ങളാൽ പിശാചിൻെറ ശിരസിനെ തകൎത്തു.,, (4)

സുഭഗസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ Jucunda Semper (ജുക്കൻഡാ സേമ്പർ) എന്ന വിശ്വലേഖനത്തിൽ ഇപ്രാരം പ്രഖ്യാപിച്ചു: ,,പ. കന്യക സ്വപുത്രൻെറ മാനവവംശത്തിനുവേണ്ടിയുള്ള പൂൎണ്ണമായ പരിഹാരസമൎപ്പണത്തിൽ നേരത്തെ തന്നെ ഭാഗഭാക്കാണു്. സീമാതീതമായ സ്നേഹത്താൽ പ്രേരിതയായി നമ്മെ ഓരോരുത്തരെയും അവളുടെ പുത്രരായി സ്വീകരിക്കുന്നതിനുവേണ്ടി മറിയം മിശിഹായുടെ കുരിശിനു സമീപം നിന്നിരുന്നു. വ്യാകുലവാളാൽ അവളുടെ ഹൃദയം ഭേദിച്ചു് അവളും പുത്രനോടുകൂടി ആത്മനാ മരിക്കുകയും സ്വപുത്രനെ ദൈവനീതിക്കായി സ്വമനസ്സാ ഹോമിക്കുകയും ചെയ്തു.''

പ. പിതാവു് വി. പത്താം പീയൂസു് പ്രസ്താവിക്കുന്നു: ,,പ. കന്യക അവളുടെ ദിവ്യസുതൻെറ അന്ത്യനിമിഷമടുത്തപ്പോഠം കുരിശിൻെറ സമീപത്തു് നിന്നിരുന്നു. അവഠം ദൎശിച്ച ആ ഭയങ്കരമായ രംഗത്തിൽ ശോകാൎത്തയായിട്ടല്ല പ്രത്യുത അവളുടെ ഏകജാതൻ മാനവ വംശത്തിൻെറ സമുദ്ധാരണത്തിനു വേണ്ടി സഹിക്കുന്നു എന്നുള്ള ചിന്തയാൽ സന്തുഷ്ടയായത്രെ അവഠം അവിടെ നിന്നിരുന്നതു്. സാധിക്കുമെങ്കിൽ അവളും ദിവ്യസുതൻ സഹിച്ചതെല്ലാം സ്വയം സഹിക്കുന്നതിൽ സന്നദ്ധയായി. കന്യകയ്ക്കു് മിശിഹായോടു സഹനത്തിലും ലക്ഷ്യത്തിലുമുള്ള യോജ്യത നിമിത്തം യഥാർത്ഥത്തിൽ നഷ്ടപ്പെട്ട ലോകത്തെ വീണ്ടെടുത്തവഠം എന്നു് അവളെ (Reparatrix) ന്യായമായി വിളിക്കാം........അവഠം വിശുദ്ധിയിലും മി

(4) Pope Pius ix Bulla Ineffabilis Deus.

ശിഹായോടുള്ള ഐക്യത്തിലും എല്ലാവരെയും അതിലംഘിക്കുന്നതിനാൽ, പരിത്രാണ കർമ്മത്തിൽ മിശിഹായോടു സഹകരിച്ചതിനാൽ, മിശിഹാ നമുക്കുവേണ്ടി നീതി പ്രകാരം (de condigno) സമ്പാദിച്ചതെല്ലാം പ. കന്യക ഔചിത്യപ്രകാരം (de congrou) സമ്പാദിച്ചു.''(5)

കന്യകമറിയം അവളുടെ സുതനോടൊരുമിച്ച് സഹിക്കുകയും അവിടുത്തോടൊരുമിച്ച് മരിക്കുന്നതിന് സന്നദ്ധയാവുകയും ചെയ്തു. അവരം സ്വസുതൻെറ മേലുള്ള മാതൃസഹജമായ അധികാരം ലോകരക്ഷയ്ക്കുവേണ്ടി പരിത്യജിച്ചു. അവളുടെ പരിധികളുള്ളിൽ ദൈവനീതിയെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി സ്വസുതനെ ബലികഴിച്ചു. അതിനാൽ പ. കന്യക ക്രിസ്തുവിനോടു യോജിച്ചുകൊണ്ട് ലോകത്തെ രക്ഷിച്ചു എന്ന് ന്യായമായി പറയാം എന്ന് ബനഡിക്റ്റ് പതിനഞ്ചാമൻ പാപ്പായും ഇൗന്തർ സൊഡാലിച്ചിയാ എന്നവിശ്വലേഖനത്തിൽ പ്രഖ്യപിച്ചിട്ടുണ്ട്. (6). ''മിസരെന്തിസിമൂസ് റെഡംപ്തോർ'' (Misserentissimus Redemptor) എന്ന ചാക്രിക ലേഖനത്തിൽ പാവനസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാപ്പാപ്പാ രേഖപ്പെടുത്തുന്നു: ''പ. കന്യക കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ട് മിശിഹായെ ഒരു ബലിവസ്തുവായി സമർപ്പിച്ചതുകൊണ്ടും അവരംക്കു് മിശിഹായോടുള്ള അത്ഭുതാവഹമായ ഐക്യം കൊണ്ടും അവളുടെ പ്രത്യേകമായ യോഗ്യതകളാലും പരിഹാരക (Reparatrix) എന്ന് ന്യായമായി അഭിസംബോധന ചെയ്യപ്പെടാവുന്നതാണ്.

ശാശ്വത സ്മരണാർഹനായ പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് ''മിശിഹായുടെ മൗതികശരീരം''(മിസ്റ്റിച്ചി കോർവിരിസ് ക്രിസ്റ്റി) എന്ന വിശ്വലേഖനത്തിൽ പ്രഖ്യാപിച്ചു: ''ജന്മപാപത്തിൽനിന്നും കർമ്മപാപത്തിൽനിന്നും വിമുക്തയായ പ. കന്യക മിശിഹായോടു ഏററവും യോജിച്ചുകൊണ്ട്, ആദത്തിൻെറ നിർഭാഗ്യ പതനത്താൽ പാപമാലിന്യ

---

(5) Pope Pius x. Ency. Ad diem illum.
(6) Pope Benadict. xv Ency. Inter Sodalicia

ത്തിൽ ഉൾപ്പെട്ട അദ്ദേഹത്തിൻെറ എല്ലാ സന്തതി കൾക്കുംവേണ്ടി അവളുടെ മാതൃസ്നേഹവും മാതൃജന്യമായ അവകാശവും ബലിവസ്തുവായ മിശിഹായോടുകൂടി സ്വയം ഗാഗുൽത്താമലയിൽ നിത്യപിതാവിനു സമ ർപ്പിച്ചു.'' അദ്ദേഹം മെദിയാത്തോർ ദേയി (Mediator Dei,) എന്ന വിശ്വലേഖനത്തിലും, സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച ''മുനിഫിച്ചെന്തീ സിമൂസ് ദേവൂസ്'' (Munificentessimus Deus) എന്ന തിരുവെഴുത്തിലും ഇതേ ആശയംതന്നെ പ്രകടിപ്പി ച്ചിട്ടുണ്ട്.

സഭാപിതാക്കന്മാരും, വേദപാരംഗതന്മാരും, ദൈവ ശാസ്ത്ര കോവിദരും ഈ സംഗതി നേരത്തെ അംഗീകരി ച്ചിരുന്നു. വി. ജസ്റ്റിൻ, ഒരിജൻ, ടെർട്ടുല്യൻ മുതലായ വർ അവ്വായെയും പ. കന്യകയെയുംതമ്മിൽ താരതമ്യ വിവേചനംചെയ്ത് അവ്വാ മാനവകുലത്തിൻെറ നാശത്തി നു കാരണമായതുപോലെ പ. കന്യക മാനവവംശത്തി ൻെറ രക്ഷയ്ക്കു കാരണഭൂതയായി എന്നു് സമർത്ഥിക്കുന്നു.

പൗരസ്ത്യസഭാപിതാവും വേദപാരംഗതനുമായ വി. എപ്രേമിൻെറ വാക്കുകൾ ശ്രവിച്ചാലും: ''ദൈവം അവ ളെ എല്ലാ കന്യകകളിൽനിന്നും നമ്മുടെ രക്ഷയ്ക്കു് ഉപക രണമായി തെരഞ്ഞെടുത്തു''. (7)

വിശ്രുത വാഗ്മിയും വേദപാരംഗതനും സഭാപിതാ വുമായ വി. അമ്പ്രോസ് പ്രസ്താവിക്കുന്നു: ''മിശിഹാ യ്ക്കു് എല്ലാവരെയും രക്ഷിക്കുന്നതിനു് ആരുടെയും സഹാ യം ആവശ്യമില്ലായിരുന്നുവെങ്കിലും സ്വ മാതാവിനോ ടുള്ള സ്നേഹത്താൽ അവളുടെ സഹനത്തെ എല്ലാവരുടെ യും രക്ഷയ്ക്കുവേണ്ടി സ്വീകരിച്ചു.'' അഗാധപണ്ഡിതനും മെത്രാനും വേദപാരംഗതനും സഭാപിതാവുമായ വി. ആ ഗുസ്തീനോസിൻെറ വാക്കുകൾ വ്യക്തമാണ്: ''ഇതാ ഇ വിടെ വലിയ രഹസ്യം. നമുക്കു് മരണം സംഭവിച്ചതു് സ്ത്രീ വഴിയായിട്ടാണ്. ജീവൻ നമുക്കു ലഭിക്കുന്നതും സ്ത്രീ വഴിയായിട്ടുതന്നെ. രണ്ടുവർഗ്ഗവും—സ്ത്രീയും പുരുഷനും—പി ശാചിനെ കീഴടക്കി.''

---

(7) Roschini, Mariology. vol: 1.

എഫേസൂസ് സൂനഹദോസിൽ വേദപാരംഗതനായ വി. സിറിൽ ഇപ്രകാരം ഉൽഘോഷിച്ചു: ''മറിയത്തെ നീക്കിക്കളയുക, കരിശ്ശ് നിലംപതിക്കും.'' വി. ജോൺ ഡമഷേൻ കാര്യമാത്ര പ്രസക്തമായി രേഖപ്പെടുത്തുന്നു: ''മറിയമേ! നീ വഴിയായി ക്രിസ്തു ഞങ്ങളെ രക്ഷിച്ചു.'' വേദപാരംഗതനും മരിയഭക്തശിരോമണിയുമായ വി. ബർണാർദ് വളരെ ഗഹനമായി പ്രതിപാദിക്കുന്നു: ''അല്ലയോ മാതാവേ സൃഷ്ടിക്കപ്പെട്ടതെല്ലാം നിന്നിലും, നീ വഴിയായും, നിന്നിൽനിന്നും സർവ്വശക്തൻെറ ദയാപൂർണ്ണമായ കരങ്ങരം വീണ്ടും സൃഷ്ടിച്ചിരിക്കുന്നു.''

മഹാനായ വി. അൽബത്തോസിൻേറതെന്ന് കരുതപ്പെടുന്ന ''Mariale'' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു: ''ശിഷ്യരെല്ലാവരും ഭയചകിതരായി പലായനം ചെയ്തപ്പോരം പ. കന്യകമാത്രം സ്വ പുത്രൻെറ സമീപത്തു നിന്ന് സഹിച്ചതിനാൽ അവിടത്തെ രാജ്യത്തിൽ സഹകാരിയും പരിത്രാണ കർമ്മത്തിൽ സഹായിയുമായിട്ടുണ്ട്.'' (8)

ദൈവദൂത സന്നിഭനായ വി. തോമസ് അകവിനാസ് സിമിയോൻെറ പ്രവചനത്തെ പരാമർശിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു: ''ആ പ്രവചനം പല വസ്തുതകരം നമ്മെ അനുസ്മരിപ്പിക്കുന്നു. ഒന്നാമത്ത് പ. കന്യകയുടെ സഹനം സീമാതീതമാണ്. നാം നമ്മുടെ സ്നേഹിതന്മാർ വഴിയായി വല്ലതും ചെയ്യുമ്പോരം അതു നാംതന്നെ ചെയ്യുന്നതായി പരിഗണിക്കാം. സ്നേഹവും, സഖിത്വവും രണ്ടു വ്യക്തികളെ ഒന്നാക്കി മാററുന്നു. ദിവ്യകന്യകയും മിശിഹായും തമ്മിലുള്ള സ്നേഹവും ഐക്യവും എത്ര വലുതാണ്.'' അതുകൊണ്ടുതന്നെ മിശിഹാ ചെയ്തത് പ. കന്യക ചെയ്തു എന്നു പറയുന്നതിനു സാധിക്കും. എന്നാൽ പ. കന്യക അതിലുമുപരിയായി പരിത്രാണകർമ്മത്തിൽ സജീവമായി സഹകരിച്ചു, കരിശിൻചുവട്ടിൽ നിന്നുകൊണ്ട്. വേറൊരു പ്രസംഗത്തിൽ വി. തോമസ്

(8) Fr. Cyril Bernard Madonna. The Second Eve.

അകിനാസ് പ്രസ്താവിക്കുകയാണ്: ''പുരുഷൻ സ്ത്രീയോട് നീ വഴിയായിട്ടാണ് ഞാൻ ശപിക്കപ്പെട്ടത് എന്നു പറയുന്നപക്ഷം സ്ത്രീയ്ക്കു പറയുവാൻ സാധിക്കും ഞാൻ വഴിയാണ് നീ രക്ഷപ്പെടുന്നത് എന്ന്.'' (9)

ആർനോൾഡ് ഓഫ് ബൊനെവാൾ വളരെ സജീവമായി ചിത്രീകരിക്കുന്നു: ''നിങ്ങൾ ആ ദേവാലയത്തിൽ രണ്ട് ബലിപീഠം കാണുന്നുണ്ട്. ഒന്ന് മറിയത്തിന്റെ മാർവിടത്തിലും (breast) ഒന്ന് മിശിഹായുടെ ശരീരത്തിലും. മിശിഹാ അവിടത്തെ ശരീരം ബലിയർപ്പിച്ചു. മറിയം അവളുടെ ആത്മാവും.'' (10)

ത്രേന്തോസ് സൂനഹദോസിലെ ഏററവും വലിയ ദൈവശാസ്ത്രജ്ഞൻ എന്നു പ്രസിദ്ധിയാർജ്ജിച്ച അല്ലോൻസൂസ് സാൾമറോൻ പറയുന്നു: ''മാതാവിനു പരിത്രാണകൃത്യത്തിൽ ഒരു ഭാഗഭാഗിത്വമുണ്ടാകണമെന്നു രക്ഷകൻ തീരുമാനിച്ചു. അക്കാരണത്താൽ നമ്മുടെ രക്ഷ രണ്ടു പേരിൽനിന്നുമാണ് യഥാർത്ഥത്തിൽ പുറപ്പെടുന്നത്.''

കാനൻ ബിററർമി, വി. തോമസ് അകിനാസ് മിശിഹായുടെ പരിഹാരകർമ്മത്തിന്റെ മാഹാത്മ്യത്തെ പ്രതിപാദിക്കുന്ന വാക്കുകൾ പ. കന്യകയിലും സാർത്ഥകമാണെന്നു കാണിക്കുന്നതിപ്രകാരമാണ്: ''മിശിഹായോടുകൂടി സഹിച്ച മറിയത്തിന്റെ സ്നേഹം എത്ര അപാരമാണ്. പരിഹാരമർപ്പിച്ച കൃത്യം എത്ര മഹത്തമമാണ്. അവളുടെ ദൈവമാതൃത്വംവഴി ദൈവത്വത്തിന്റെ സീമകളെ സമീപിച്ചവൾ, എല്ലാ പാപമാലിന്യങ്ങളിൽനിന്നും നിശ്ശേഷം വിമുക്ത, അവർക്കുവേണ്ടി യാതൊരു പരിഹാരവും അർപ്പിക്കുവാനാവശ്യമില്ലാത്തവൾ, അവളുടെ വ്യഥ എത്ര സീമാതീതം.'' ഇതിൽനിന്നെല്ലാം വ്യക്തമാണ് അവൾ, സഹിക്കുന്ന സ്വ സുതനായ മിശിഹായോടു എത്രമാത്രം താദാത്മ്യം പ്രാപിച്ചു എന്ന്

''പ. കന്യക ഔചിത്യരീത്യാ നമുക്കുവേണ്ടി ഒരു പരിഹാരമർപ്പിച്ചു. അതു് അവിടത്തെ ദിവ്യസുതന്റേ

9. St. Thomos Ser: xxiii
10. M. J. Scheeben. Mariology vol: ii. P. 217

തു് കഴിഞ്ഞാൽ ഏററവും അമൂല്യമത്രെ.'' (11)

ആദ്യമായിത്തന്നെ പ. കന്യക പരിപൂർണ്ണമായി അവളുടെതന്നെ സഹരക്ഷകയാണ്. അവളുടെതന്നെ സഹരക്ഷകയായ അതേ മഹനീയകൃത്യത്താൽ അവരം മാനവരാശിയുടെയും സഹരക്ഷകയായി എന്നത്രെ ഡോ. ജി. ഡി. സ്മിത്തു് പ്രസ്താവിക്കുന്നതു്. പ. കന്യക മാനവകുലത്തെ മുഴവൻ പ്രതിനിധാനം ചെയ്തു് കുരിശിനു സമീപം നിന്നുകൊണ്ടു് പ്രധാന പുരോഹിതനായ മിശിഹായോടുകൂടി സഹകരിക്കുകയും ദൈവിക ബലിവസ്തുവിനെ നിത്യപിതാവിനു സമർപ്പിക്കുകയും ചെയ്തു. വി. ബൊനവെന്തുരായും മററുപല വേദപാരംഗതരും ഈ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. പ. കന്യകയും ആ ബലിയിൽ ഒരു ബലിവസ്തുതന്നെയായിരുന്നു.

1951—നവംബർ 26—ാം തീയതി ക്യൂബായുടെ തലസ്ഥാനമായ ഹാവ്നായിലെ കർദ്ദിനാം മെത്രാപ്പോലീത്തായും ക്യൂബായിലെ ഹയരാർക്കിയും ചേർന്നു പ. കന്യകയുടെ സഹരക്ഷക എന്ന സ്ഥാനം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കണമെന്നു് പ. പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമേനിയോടു് അപേക്ഷിക്കുകയുണ്ടായി. (12)

പ. കന്യക മിശിഹായോടുള്ള ഏററവും പരിപൂർണ്ണമായ ഐക്യവും വിധേയത്വവുംവഴി മിശിഹായുടെ പീഡാനുഭവത്തിലും മരണത്തിലും ഭാഗഭാക്കാകുകയും ലോകപാപത്തിനു് പരിഹാരമർപ്പിച്ചുകൊണ്ടു് മാനവരാശിയുടെ പരിത്രാണത്തിനാവശ്യമായ യോഗ്യത സമ്പാദിക്കുകയുംചെയ്തു. വേദപാരംഗതനായ വി. തോമസ് അക്വിനാസിൻെറ അഭിമതം ഒരാരം വിശുദ്ധിപ്രാപിക്കുന്നതു്, അഥവാ പരിപൂർണ്ണത പ്രാപിക്കുന്നതു് മിശിഹായോടു് എത്രമാത്രം അനുരൂപനാകുന്നു, പരിത്രാണകർമ്മത്തിൽ എത്രമാത്രം സഹകരിക്കുന്നു എന്നതിൻെറ തോതനുസരിച്ചാണു്. എല്ലാ മനുഷ്യരുടെയും വിശുദ്ധിയുടെ

(11) G. Lagrange, Mother of the Saviour and our interior life.

(12) J. B. Carrol. Mariology. vol. ii. Mary's Corredemption.

മാനദണ്ഡമിതാണെങ്കിൽ അവിടത്തെ ദിവ്യമാതാവിനോളം മിശിഹായോട്ട് അനുരൂപരായ വ്യക്തികൾ ആരുമില്ലെന്നു് നിസ്സംശയം പറയുവാൻ സാധിക്കും. അതുകൊണ്ടും മിശിഹാ കഴിഞ്ഞാൽ പരിത്രാണകർമ്മത്തിൽ ഏററവും കൂടുതലായി സഹകരിച്ച മനുഷ്യവ്യക്തി പ. കന്യകയാണെന്നുള്ളതു് അവിതക്കിതമാണു്. അതിനാൽ പ. കന്യകമറിയത്തെ സഹരക്ഷക എന്നു് അഭിസംബോധനചെയ്യുന്നതിൽ യാതൊരസാംഗത്യവുമില്ല. മിശിഹാ കഴിഞ്ഞാൽ എല്ലാ മനുഷ്യരും ഈ മാതാവിനെ ബഹുമാനിക്കുകയും അവിടത്തെ അപദാനങ്ങൾ പ്രകീർത്തിക്കുകയും ചെയ്യുന്നതിനുത്സുകരായിരിക്കേണ്ടതാണു്.

പ. കന്യകയ്ക്കു നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിലുള്ള സമുന്നതമായ സ്ഥാനമെന്തെന്നു് മനസ്സിലായാൽ മാത്രമെ ആ മാതാവിനെ നാം യഥായോഗ്യം വണങ്ങുകയുള്ളു. വിശുദ്ധന്മാർ എല്ലാവരും ഈ തത്വം മനസ്സിലാക്കി പ. കന്യകയുടെ നേരെ പുത്രസഹജമായ ഭക്തി പ്രദർശിപ്പിച്ചിരുന്നു. തങ്ങൾ യഥാർത്ഥത്തിൽ ആ സ്ഥാനത്തു് എത്തിച്ചേർന്നതു് പ. കന്യകയുടെ സഹായത്താലാണെന്നു് എല്ലാ വിശുദ്ധരും പറയും. അതുകൊണ്ടത്രെ പ. കന്യകയുടെ നേരേയുള്ള ഭക്തി നിത്യരക്ഷയുടെ സുനിശ്ചിതമായ അടയാളമാകുന്നു എന്നു് വിശുദ്ധന്മാർ പറഞ്ഞിരുന്നതു്.

പാപപരമായ ജീവിതം നയിച്ചിരുന്ന എത്ര വ്യക്തികളാണു് പ. കന്യകയുടെ സഹായത്താൽ അവരുടെ പാപജീവിതം ഉപേക്ഷിച്ചു് ദൈവവുമായി രമ്യപ്പെട്ടിട്ടുള്ളതു്. തിരുസഭാ ചരിത്രത്തിൻെറ ഏടുകൾ ഓരോന്നും നാം പരിശോധിച്ചാൽ അവിടെയെല്ലാം ഈദൃശ സംഭവങ്ങൾ സുലഭങ്ങളാണു്. വേദശാസ്ത്രജ്ഞന്മാരും, സഭാപിതാക്കന്മാരും, മാർപ്പാപ്പാമാരും, വേദശാസ്ത്ര വിശാരദരുമെല്ലാം പ. കന്യകയുടെ സഹരക്ഷണീയകർമ്മത്തെ സാർവ്വത്രികമായിത്തന്നെ അംഗീകരിക്കുന്നുണ്ടു്. പക്ഷേ അവർ അതിൻെറ പ്രകാശത്തിൽ പദപ്രയോഗത്തിലൊ, അർത്ഥവ്യാപ്തിയിലൊ മാത്രമേ വിഭിന്നാഭിപ്രായം പ്രകടിപ്പിക്കുന്നുള്ളു എന്ന വസ്തുതയും സ്മർത്തവ്യമാണു്.

## അദ്ധ്യായം നാല്

# തിരുസഭയുടെ മാതാവ്

പ. കന്യകയുടെ ആദ്ധ്യാത്മിക മാതൃത്വം മരിയശാസ്ത്രത്തിൽ ഏററവും സുവ്യക്തമായി സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സത്യമാണ്. എല്ലാ ക്രിസ്ത്യാനികളും നൈസർഗ്ഗികമായിത്തന്നെ പ. കന്യകയെ മാതാവ് എന്നാണ് അഭിസംബോധന ചെയ്യുന്നത്. കന്യകമറിയം യഥാർത്ഥത്തിൽ മിശിഹായുടെയും നമ്മുടെയും മാതാവാണെങ്കിൽ അവരം ഒരർത്ഥത്തിൽ നമ്മെ ഉദരത്തിൽ സംവഹിക്കുകയും പ്രസവിക്കുകയും ചെയ്തിട്ടുണ്ടായിരിക്കണം. ദിവ്യജനനി ഇപ്പോഴും തുടന്നു പ്രദർശിപ്പിച്ചുകൊണ്ടുതന്നെ പോകേണ്ടതാണ് നമ്മെ സംബന്ധിച്ച മാതൃസഹജമായ ഈ വാത്സല്യം.

ഒരു ക്രിസ്ത്യാനിയായി തീരുന്നതിന് ആദ്ധ്യാത്മികമായ ഒരു നവ്യജനനമത്യാവശ്യമാണല്ലൊ. വി. യോഹന്നാൻ എഴുതിയ സുവിശേഷം അദ്ധ്യായം iii 3–7: ''സത്യംസത്യമായി ഞാൻ നിന്നോടു പറയുന്നു ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നി

ല്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു് കഴിയുകയില്ല.

ii കോറി. v, 17–18. അതുകൊണ്ടു് മിശിഹായിലുള്ള ഏവനും പുതിയ സൃഷ്ടിയാകുന്നു.

നമ്മുടെ പരിചിന്തനത്തിനു വിഷയമാകേണ്ട വസ്തുത ആദ്ധ്യാത്മികമായ പുതിയ ജനനത്തിൽ പ. കന്യകയ്ക്കുള്ള സ്ഥാനമെന്താണെന്നുള്ളതാണു്. അഥവാ എന്താണു പ. കന്യകയുടെ ആദ്ധ്യാത്മിക മാതൃത്വം?

ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നപ്രകാരം ദിവ്യജനനിയുടെ ആദ്ധ്യാത്മികമാതൃത്വം വരപ്രസാദ മദ്ധ്യസ്ഥതയിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. മററു ചിലർ പറയുന്നതു് മിശിഹാ കുരിശിൽ കിടന്നുകൊണ്ടു് പ. കന്യകയുടെ മാതൃത്വം പ്രഖ്യാപിച്ചതുവഴിയായി മാതാവായി തീൎന്നു. എന്നാൽ ഫാദർ ദലഷ്ൻഡിർ സി. എസ്. എസ്. ആറ്, മററനേകം പണ്ഡിതരുടെയും അഭിമതം നേരത്തെ ഉണ്ടായിരുന്ന ഒരു വസ്തുതന്നെ ക്രിസ്തു ഔദ്യോഗികമായി പ്രഖ്യാപിക്കുകമാത്രമേ ചെയ്തിട്ടുള്ളു എന്നത്രേ. പ. കന്യകയുടെ മാതൃത്വം ആരംഭിക്കുന്നതു് പ്രകൃത്യതീത ജീവന്റെ കൎത്താവായ മിശിഹായോടു് നമുക്കും പ. കന്യകയ്ക്കുമുള്ള ബന്ധത്തിൽനിന്നാണു്. നമ്മുടെ ആത്മീയ ജീവദാതാവായ മിശിഹായുടെ മാതാവായതിനാൽ അമലോത്ഭവകന്യക നമ്മുടെ ആത്മീയമാതാവാണു്; മൗതികശരീരത്തിന്റെ ശിരസ്സായ ക്രിസ്തുവിന്റെ മാതാവായതുകൊണ്ടു് അതുലമനോഹരിയായ മറിയം അവയവങ്ങളുടെയും മാതാവായിരിക്കണം. ഒരു മാതാവു് ശിരസ്സ് മാത്രം പ്രസവിക്കുക എന്നതു് വിരൂപമാണു്. പക്ഷേ ഈവക സംഗതികളൊക്കെ വററ പരിമിതവും നിയമാധിഷ്ഠിതവുമാണു് എന്നു തോന്നിയേക്കാം.

നമ്മുടെ ആദ്ധ്യാത്മികജീവൻ മിശിഹായുടെ മനുഷ്യാവതാരത്തെയും അവിടന്നു ലോകപാപശാന്തിക്കായി അൎപ്പിച്ച ബലിയേയുമാണു് ആശ്രയിച്ചിരിക്കുന്നതു്. അതുകൊണ്ടു് പ. കന്യക നമ്മുടെ മാതാവായിരിക്കണമെങ്കിൽ ഈ രണ്ടു മഹാസംഭവങ്ങളിലും മറിയത്തിനു് സപ്രധാനമായ ഒരു സ്ഥാനമുണ്ടായിരിക്കണം. പ. കന്യക

ദൈവമാതൃത്വവും, സഹരക്ഷകസ്ഥാനവുംവഴിയായി നമ്മുടെ പരിത്രാണകർമ്മത്തിനു മകുടമണിയുന്ന ആ രണ്ടു കൃത്യത്തിലും വളരെയധികം സഹകരിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ.

''മനുഷ്യാവതാരകർമ്മത്തിൽ പ. കന്യക അവളുടെ ദൈവമാതൃത്വസ്ഥാനത്തിൽ പ്രകൃത്യതീതജീവനിലേക്കു നമ്മെ ഗർഭം ധരിക്കുകയും കാൽവരിയിൽ നമ്മെ പ്രസവിക്കുകയും ചെയ്തു.''(1)

ജനിപ്പിക്കുക എന്നുള്ളത് സ്വാഭാവികതലത്തിൽ ശാരീരികമായിരിക്കുന്ന (Physical) തുപോലെ പ്രകൃത്യതീതമണ്ഡലത്തിലും ശാരീരികജനനത്തോട് സാധർമ്മ്യമുണ്ട് (Something physical). ''നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യസ്വഭാവമാണ് നമ്മുടെ പ്രകൃത്യതീതജനനത്തിൻെറ ഉപകരണ കാരണം (Instrumental Cause). മറിയം യഥാർത്ഥത്തിൽ നമ്മുടെ മാതാവാണെങ്കിൽ മിശിഹായെപ്പോലെ അവളുടെ പ്രസാദവര പൂർണ്ണതയിൽനിന്നു നമുക്കു നൽകി നമ്മെ പ്രകൃത്യതീതതലത്തിൽ ജനിപ്പിക്കേണ്ടിയിരിക്കുന്നു.

മിശിഹാ മൗതികശരീരത്തിൻെറ ശിരസ്സ് എന്ന നിലയിൽ ദൈവസുതസ്ഥാനം നമുക്ക് നൽകിക്കൊണ്ട് മാനവകുലത്തെ നവീകരിച്ചു. വേദപാരംഗതനും സഭാപിതാവുമായ വി. ഇരണേവൂസ് പ്രസ്താവിക്കുന്നതുപോലെ മിശിഹാ മനുഷ്യവർഗ്ഗത്തെ മുഴുവനും തന്നിൽ സംഗ്രഹിച്ച് നമ്മെ ദൈവപുത്രരാക്കിത്തീർത്തു. അതിനു സുതനായ ദൈവത്തിനു മനുഷ്യസ്വഭാവം സ്വീകരിക്കുകയും മാനവരാശിയുമായി ഏകീഭവിക്കുകയും ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. പ. കന്യകമറിയം അവിടത്തെ ദൈവമാതൃത്വദ്വാരാ ഇതു് സാധിതപ്രായമാക്കി. ഇപ്രകാരം പ. കന്യകയുടെ ഉല്പാദനകർമ്മത്തിൽ (Generative action) ദൈവമാതൃത്വവും ആദ്ധ്യാത്മികമാതൃത്വവും സമ്മേളിച്ചു. പ. കന്യകയുടെ ആദ്ധ്യാത്മികമാതൃത്വം മിശിഹായുടെ

(1) J. B. Carrol. Mariology vol. II. mary's Spiritual Maternity by W. Sebastian. O. F. M. S. T. D.

മൗതികശരീരത്തിൻെറ ശിരസ്സ് എന്ന സ്ഥാനവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. മറിയത്തിൻെറ ആദ്ധ്യാത്മിക മാതൃത്വത്തിൻെറയും മൗതികശരീരത്തിൻെറ ശിരസിൻെറയും അന്ത്യം ഒന്നുതന്നെയാണു്. മനുഷ്യകുലത്തിൻെറ നവീകരണവും മിശിഹായുടെശിരസ് എന്ന സ്ഥാനവും മറിയത്തിൻെറ മാതൃസ്ഥാനവും പ്രകൃത്യതീത ജീവദായകത്വത്തിനുള്ള സാർവ്വത്രികമായ ശക്തിയാണു്.

പ. കന്യകയുടെ മാതൃത്വത്തിന് ദൈവികപിതൃത്വത്തിൻെറ ഫലദായകത്വത്തിൽ അഥവാ, ഉല്പാദനശക്തിയിൽ (fecundity or fruitfulness) പരിത്രാതാവും തൻെറ സ്വന്തമായ ദൈവപുത്രനോട്ട് യോജിക്കുമ്പോൾ ഭാഗഭാഗിത്വം സിദ്ധിക്കുന്നു. അപ്രകാരം കന്യകമറിയം നിത്യജീവൻെറ ബീജമായ (germ)–(വിത്തു്)–വരപ്രസാദം നമ്മിലേയ്ക്കു് പ്രവഹിപ്പിക്കുന്നു. (2)

പ. കന്യക തൻെറ ആദ്ധ്യാത്മിക മാതൃത്വം വഴി തൻേറതായ ചിലതെല്ലാം നമുക്കു തരുന്നു എന്നു് അനുക്തസിദ്ധമാണു്. ആദ്ധ്യാത്മികജീവൻ ശിരസായ മിശിഹായുടെയും. പരിശുദ്ധ കന്യകയുടെ മാതൃത്വത്തിൻെറയും സംയുക്തപ്രവർത്തനം വഴി നമ്മുടെ ആത്മാവിൽ ഉല്പാദിപ്പിക്കപ്പെടുന്നു. മിശിഹായുടെ മനുഷ്യത്വം ദൈവികസ്വഭാവവുമായി വ്യക്തിത്വത്തിൽ യോജിച്ചിരിക്കുന്നതിനാൽ, സാത്വികമായ സംയോജനം വഴി (hypostatically) വരപ്രസാദത്തിൻെറ ഉൽപ്പാദനത്തിനു് ഉപകരണകാരണമാണു് (Instrumental Cause). ചില വേദശാസ്ത്രജ്ഞന്മാർ ഏതാദൃശമായ ഒരു സ്വാധീനത പരിശുദ്ധ കന്യകയ്ക്കുള്ളതായി പ്രസ്താവിക്കുന്നുണ്ടു്.

മൗതികശരീരത്തിൻെറ ശിരസ്സായി മിശിഹാ സ്ഥാപിക്കപ്പെടുന്നതു് മനുഷ്യാവതാരത്തിലും, പരിപൂർണ്ണമായി അതിൻെറ ശക്തി അംഗങ്ങളിൽ പ്രയോഗിക്കുന്ന പരിത്രാണ കർമ്മത്തിലുമാണു്. പ. കന്യകയുടെ ആദ്ധ്യത്മിക മാതൃത്വത്തിലും ഈ രണ്ടു് ഘട്ടങ്ങൾ നാം ദർശിക്കുന്നു. അതിൻെറ പ്രാരംഭം മനുഷ്യാവതാരത്തിലും പൂർത്തീ

(2) Garrigue Lagrange .O. P. Mother of the Saviour and our interior life.

കരണം സഹരക്ഷണീയ കൃത്യത്തിലുമാണ്. ദൈവമാതൃത്വമാണ് ആദ്ധ്യാത്മികമാതൃത്വത്തിന്റെ ഉത്ഭവസ്ഥാനം. ആദ്ധ്യാത്മികമാതൃത്വത്തിന്റെ സ്വഭാവം പ. കന്യകമറിയത്തിൽ ഏററവും സമുന്നതവും പ്രകൃത്യതീതവുമായ ചില ശക്തിവിശേഷങ്ങരം ആവശ്യപ്പെട്ടു. ആദ്ധ്യാത്മിക മാതൃത്വം എന്താണെന്നു ശരിയായി ഗ്രഹിക്കണമെങ്കിൽ കന്യകമറിയത്തിന്റെ പ്രകൃത്യതീതമായ അസ്തിത്വം (Supernatural Being) എന്താണെന്നു മനസ്സിലാക്കണം.

പ. കന്യകയുടെ ഉൽപ്പാദനപ്രവൎത്തനം (Generative-act) മററെല്ലാ ഉൽപ്പാദനപ്രവൎത്തികളെയുംപോലെ വ്യക്തിത്വത്തിലാണ് പര്യവസാനിക്കുന്നതു്. ദൈവസുതനായ മിശിഹായുടെ ജനനത്തിൽ പ. കന്യകയും സജീവമായി സഹകരിച്ചു. മിശിഹായുടെ മനുഷ്യാത്മാവിനെ സ്വീകരിക്കുന്നതിലും (Infusion of the soul) ദൈവസ്വഭാവം മനുഷ്യസ്വഭാവത്തോട് വ്യക്തിപരമായി സംയോജിപ്പിക്കുന്നതിലും (Hypostatic union) പ. കന്യക ഒരു ഉപകരണകാരണമാണ് (Instrumental cause). ദൈവവചനത്തിന്റെ വ്യക്തിത്വത്തിൽ ഇത്ര വലിയ ഒരു സ്വാധീനത ചെലുത്തുന്ന ദിവ്യകന്യകയുടെ ശക്തി വെറും മാനുഷികമായ ശക്തികരംക്കെല്ലാം അതീതമായിരിക്കണം. അതിനാൽ പ. കന്യക സാധാരണ മാനുഷിക സ്വഭാവ തലത്തിൽനിന്നും വരപ്രസാദത്തിന്റെ ഏററവും ഉന്നത സാത്വിക തലത്തിലേക്കു് (Hypostatic order) ഉയൎത്തപ്പെട്ടു എന്നുള്ളതു് അനുപേക്ഷണീയമാണ്. വേദശാസ്ത്രജ്ഞന്മാരായ റവ. ഫാ. റിപാൎദാ എസ് ജെ. കാർലോസ് സെൽമൊറാൽ, ക്രിസോസ്റ്റോം ദെ പംപലോണാ, അലോൺസോ, കോരംമർ, ബോവർ മുതലായ അനേകംപേർ ഈ അഭിപ്രായമുള്ളവരാണ്. "പ. കന്യകയുടെ ദൈവമാതൃത്വത്തിനു ദൈവത്തിന്റെ പിതൃത്വത്തിലുള്ള അത്ഭുതാവഹമായ ഭാഗഭാഗിത്വം ലഭിക്കുന്നു. നിത്യത്വത്തിൽ പിതാവ് ജനിപ്പിച്ച അതേ സുതനെത്തന്നെ സമയത്തിൽ പ. കന്യക ജനിപ്പിക്കുന്നു." (3)

(3) Fr. Colomer. O·F· M

ദൈവസുതനായ മിശിഹാ ഈ ലോകത്തിൽ അവതീൎണ്ണനായതു് പരിത്രാണകൎമ്മം (Soteriological mission) നിൎവ്വഹിക്കുന്നതിനാണു്. അവിടന്നു ദൈവസുതനാണു്, പരിത്രാതാവാണു്. പ. കന്യകയെ മനുഷ്യാവതാരകൎമ്മത്തിനുശേഷം അവിടത്തെ പരിത്രാണകൃത്യത്തിൽ അകററി നിറുത്തി എന്നു പറയുന്നതു് സമുചിതമാണോ; യുക്തിപൂൎണ്ണമാണോ? മനുഷ്യവൎഗ്ഗത്തെ നവീകരിക്കേണ്ടതായ മനുഷ്യത്വം മിശിഹാ സ്വീകരിച്ചതു് പ. കന്യകയിൽനിന്നാണു്. അതുകൊണ്ടു് ദൈവജനനിയുടെ ആദ്ധ്യാത്മികമാതൃത്വം ദൈവിക വ്യക്തിത്വത്തോടും അവിടത്തെ പരിത്രാണകൎമ്മത്തോടും ബന്ധിതമാണെന്നുള്ളതു് തികച്ചും സമുചിതമാണു്.

മനുഷ്യാവതാരത്തിൽ ദൈവം പ. കന്യകയിൽനിന്നു് മനുഷ്യത്വം സ്വീകരിച്ചു. ദൈവജനനി പരിത്രാണകൎമ്മത്തിൻെറ ഫലങ്ങരം സ്വസുതനിൽനിന്നു സ്വീകരിച്ചു് മനുഷ്യവംശത്തിനു നൽകുകയും ചെയ്യുന്നു. ഒരാത്മീയബാന്ധവമായിരുന്നു ഇതു്. മാനവരാശിയ്ക്കു ദൈവികജീവൻ നൽകുന്നതിനുവേണ്ടി ദൈവജനനിയും സ്വജാതനും തമ്മിലുള്ള അത്ഭുതാവഹമായ, മഹോന്നതമായ ഐക്യംപോലെ വിവാഹത്തോടു് സാദൃശമായ വേറൊരു സംയോജ്യതയില്ല. (4)

എല്ലാ മനുഷ്യരും അവരുടെ പ്രകൃത്യതീതജീവൻ സ്വീകരിക്കുന്നതു് മിശിഹാ കഴിഞ്ഞാൽ പ. കന്യകമറിയത്തിൽനിന്നാണു്. ദൈവസുതനെ ഗർഭം ധരിക്കുന്നതിനു മുൻപു് മറിയത്തിൻെറമേൽ നിഴലിച്ച അതേ പരിശുദ്ധാത്മാവുവഴിതന്നെയാണു് നമ്മളും അവിടത്തെ പുത്രന്മാരായിത്തീരുന്നതു്. പരിശുദ്ധാത്മാവു വഴിയായി കന്യകയുടെ ഉദരത്തിൽ ദൈവവചനം മാംസമായിത്തീൎന്നപ്പോരം, എല്ലാ മനുഷ്യരും മിശിഹായുടെ സഹോദരന്മാരായി; ദൈവപുത്രന്മാരായി. അവളുടെ മാതൃത്വം നമ്മെ സംബന്ധിച്ചിടത്തോളം മനുഷ്യാവതാരത്തോടും പരിത്രാ

(4) W. Sebastian. O. F. M. Mary's Spiritual maternity J. B. Carrol. Mariology, Vol: ii.

ണകർമ്മത്തോടും അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. (5)

മറിയത്തിന്റെ ആദ്ധ്യാത്മിക മാതൃത്വത്തിനു് മൂന്നു് ഘട്ടങ്ങളുണ്ടു്. നസ്രസിൽവച്ചു് അവിടന്നു് നമ്മെ ഗർഭം ധരിച്ചു; കാൽവരിയിൽ വരപ്രസാദജീവനിലേയ്ക്കു് പ്രസവിച്ചു; സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടും പരിത്രാണകർമ്മത്തിന്റെ ഫലമായ വരപ്രസാദത്തെ വിതരണം ചെയ്തുകൊണ്ടും മാതൃത്വം തുടരുന്നു. മൗതികശരീരത്തിന്റെ അംഗങ്ങളെല്ലാവരും ശിരസായ മിശിഹായെപ്പോലെതന്നെ പരിശുദ്ധാത്മാവിന്റെയും കന്യകമറിയത്തിന്റെയും പ്രവർത്തനത്താൽ ജനിക്കുന്നു. മൗതികശരീരത്തിന്റെ അംഗങ്ങളെ മിശിഹായോടനുരൂപരാക്കിത്തീർക്കുന്ന മൂശയാണു് (Mould) മറിയം.

വിശുദ്ധ ഗ്രന്ഥം ഇതുസംബന്ധിച്ചു് എന്തു് തെളിവു് നൽകുന്നു എന്നു് നമുക്കു് പരിശോധിക്കാം. സൃഷ്ടി: പുസ്ത: അദ്ധ്യ: iii വാ 15, വി. ലൂക്കാ സു: i. 26–38. പ. കന്യകയുടെ മാതൃത്വം മിശിഹാതന്നെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതു് നാം കാണുന്നുണ്ടു്. പരിത്രാണകർമ്മത്തിനു മകുടം ചാർത്തിയ കുരിശിൻ ചുവട്ടിൽ സ്വമാതാവിനെയും ശിഷ്യനായ യോഹന്നാനെയും മിശിഹാ കാണുന്നു. ''ഈശോ തന്റെ അമ്മയും, താൻ സ്നേഹിച്ചിരുന്ന ശിഷ്യനും നില്ക്കുന്നതു് കണ്ടിട്ടു് തന്റെ അമ്മയോടു് ''സ്ത്രീ ഇതാ നിന്റെ മകൻ'' എന്നും, ശിഷ്യനോടു് ''ഇതാ! നിന്റെ അമ്മ'' എന്നും അരുളിച്ചെയ്തു. ആ ക്ഷണം മുതൽ ആ ശിഷ്യൻ അവളെ തന്റെ അടുക്കൽ സ്വീകരിക്കുകയും ചെയ്തു.'' (6). വി. യോഹന്നാൻ ഇവിടെ ശിഷ്യൻ എന്ന പദമുപയോഗിക്കുന്നതു് അദ്ദേഹം മാനവരാശിയെ പ്രതിനിധാനം ചെയ്യുന്നു എന്നു കാണിക്കുന്നതിനാണു്. മിശിഹാ പരിത്രാണകർമ്മം പരിപൂർത്തിയാക്കുന്ന ലോകചരിത്രത്തിലെ മഹത്തമമായ ആ നിമിഷത്തിൽ വെറും

(5) Dr. G. D. Smith, Mary's Part in our Redemption.

(6) വി. യോഹ: xix. 26–27.

ഭൗമികമായ ചിന്തയോടുകൂടിയാണ് പ്രസ്താവിച്ചതു് എന്നു് വിചാരിക്കുകപോലും സാദ്ധ്യമല്ല. ആ ഉദ്ദേശത്തോടുകൂടിയാണ് മിശിഹായുടെ പ്രഖ്യാപനമെങ്കിൽ അതു് മിശിഹായുടെ പീഡാനുഭവത്തിനുമുമ്പു സാധിക്കുമായിരുന്നു. വി. യോഹന്നാൻെറ പ്രതീകാത്മകമായ പ്രസ്താവങ്ങളുടെ പ്രകാശത്തിൽ ഇതിനു് ആദ്ധ്യാത്മികമായ അത്ഥം കല്പിക്കുകയാണു് കൂടുതൽ യുക്തിപൂവ്വകം. വി. യോഹന്നാൻെറ വെളിപാടിൽ പന്ത്രണ്ടാം അദ്ധ്യായത്തിലെ സൂര്യനെ അണിഞ്ഞിരിക്കുന്ന സ്ത്രീയും ഇതിനു് ഉപോൽബലകമാണു്. പ. കന്യക തെരഞ്ഞെടുക്കപ്പെട്ട എല്ലാവരുടെയും മാതാവായിത്തീരുന്നതിനു് ക്രിസ്തുവിൻെറ സൃഷ്ടിപരമായ വാക്കുകറം മാത്രംമതി. പ. കന്യകയുടെ ആദ്ധ്യാത്മികമാതൃത്വത്തെപ്പററി തിരുസഭ രണ്ടാം നൂററാണ്ടുമുതൽ പ്രഖ്യാപനങ്ങറം നടത്തിയിരുന്നതായി കാണുന്നു. ആദിമ ശതകങ്ങറംമുതൽതന്നെ അവ്വായേയും മറിയത്തേയും തമ്മിൽ താരതമ്യപ്പെടുത്തുകയും മറിയം നമുക്കു ദൈവികജീവൻ നൽകുന്നതിനു കാരണഭൂതയായി എന്നും പ്രസ്താവിച്ചിട്ടുണ്ടു്. രണ്ടാമത്തെ അവ്വാ എന്നും, ജീവൻെറ മാതാവു്, പുതിയ അവ്വാ എന്നും മററുമുള്ള പ്രയോഗം സവ്വസാധാരണമായിരുന്നു. മൂന്നാം ഇന്നസെൻറു് പാപ്പാ പ്രസ്താവിക്കുന്നു: ''അവ്വാവഴി മരണം ലോകത്തിൽ പ്രവേശിച്ചു. മറിയംവഴി ലോകത്തിനു് ജീവൻ പ്രദാനം ചെയ്തു.''

സിക്സ്ററസ് അഞ്ചാമൻ മാപ്പാപ്പാ തൻെറ Dum Ineffabilia (ദും ഇൻ എഫബിലിയ) എന്ന ശ്ലൈഹിക ലേഖനത്തിൽ മനുഷ്യവഗ്ഗത്തിൻെറ പ്രസാദവരത്തിൻെറയും ഭക്തിയുടെയും മാതാവു് എന്നു മറിയത്തെ അഭിസംബോധന ചെയ്തിരിക്കുന്നു.

''പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന തിരുസഭ ഏററവും ബുദ്ധിപൂവ്വം പ. കന്യകയെ എപ്പോഴും നമ്മുടെ കത്താവും രക്ഷകനുമായ മിശിഹായുടെ മാതാവായി മാത്രമല്ല, പ്രത്യുത മരണാസന്നനായ അവളുടെ മണവാളൻ അന്ത്യവചസുകറം വഴിയായി അവറക്കു നൽകിയ ഏററം സ്നേഹമുള്ള മാതാവായി തന്നെ ബഹുമാനിക്കുന്നു''

എന്നത്രെ ബനഡിക്ട് പതിനാലാമൻ മാർപ്പാപ്പാപ്രസ്താവിച്ചിട്ടുള്ളത്.

ഒമ്പതാംപീയൂസ് മാർപ്പാപ്പാ ''അമലോത്ഭവകന്യകയേ, ദൈവത്തിൻെറ ഏററവും പരിശുദ്ധ മാതാവേ, ഞങ്ങളുടെ ഏററവും സ്നേഹമുള്ള മാതാവേ'' എന്ന് ഊബിപ്രീമും (Ubi primum) എന്ന വിശ്വലേഖനത്തിൽ മറിയത്തെ വിളക്കുന്നു.

ലെയോ പതിമൂന്നാമൻ തിരുമനസ്സുകൊണ്ട് മറിയത്തെ ''ദൈവത്തിൻെറയും മനുഷ്യരുടെയും മാതാവ്'' എന്ന് സംബോധന ചെയ്തിരിക്കുന്നു. (7)

പ. പിതാക്കന്മാർ ദൈവമാതാവ് എന്ന അഭിധാനത്തോടുകൂടിത്തന്നെ നമ്മുടെ മാതാവ് എന്ന് പ്രയോഗിച്ചുകാണുന്നതിൽനിന്നും പ. കന്യകയുടെ ആദ്ധ്യാത്മികമാതൃത്വം ദൈവമാതൃത്വംപോലെതന്നെ നിഷ്കൃഷ്ടമായ അർത്ഥത്തിലാണ് അവർ മനസ്സിലാക്കിയിരുന്നത് എന്നകാര്യം പ്രസ്പഷ്ടമാണ്. ബനഡിക്ട് പതിനാലാമൻ പാപ്പായ്ക്കു ശേഷമുള്ള എല്ലാ മാർപ്പാപ്പാമാരും പ. കന്യകയുടെ ആദ്ധ്യത്മികമാതൃത്വത്തെ തെളിയിക്കുന്നതിന് കർത്താവിൻെറ അന്തിമശാസനം (Supreme testament) ഉദ്ധരിച്ചിട്ടുണ്ട്. പ. കന്യകയുടെ ആദ്ധ്യാത്മികമാതൃത്വം ക്രിസ്തുവിൻെറ പ്രഖ്യാപനത്തിനുമുമ്പുതന്നെയുള്ള ഒരു വസ്തുതയാണ്. അത് മിശിഹാ കുരിശിൽ കിടന്ന അവസരത്തിൽ പ്രഖ്യാപിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. കന്യകമറിയത്തിൻെറ ദൈവമാതൃത്വവും, മിശിഹായുടെ പീഡാനുഭവത്തിലുള്ള ഭാഗഭാഗിത്വവും സഹതാപവും (Compassion) അതിനുള്ള വേദശാസ്ത്രപരമായ അടിസ്ഥാനമായി (Ontological foundation) അവർ ചൂണ്ടിക്കാണിക്കുന്നുമുണ്ട്.

വി. പത്താംപീയൂസ്മാർപ്പാപ്പാ പ്രഖ്യാപിക്കുന്നു: ഏററവും നിർമ്മലയായ മാതാവിൽനിന്നും ക്രിസ്തു മനുഷ്യശരീരം സ്വീകരിച്ച ആ അവസരത്തിൽത്തന്നെ മിശിഹാ തന്നിൽ വിശ്വസിക്കുവാനിരിക്കുന്ന എല്ലാവരും കൂടിച്ചേർന്നു ആ ആദ്ധ്യാത്മിക (മൗതിക) ശരീരത്തെ ത

(7) Ency. Laetitiae sanctae. Pope Leo xiii

ന്നോട് ഏകീഭവിപ്പിച്ചു (United to Himself) (വി. യോഹ. xvii 20). തന്നിമിത്തം പ. കന്യക തൻെറ ഉദരത്തിൽ പരിത്രാതാവിനെ സംവഹിച്ചിരുന്നപ്പോൾ മിശിഹായുടെ ജീവനിൽ ആരുടെയെല്ലാം ജീവനുണ്ടായിരുന്നുവോ അവരെയെല്ലാം ഉദരത്തിൽ വഹിച്ചിരുന്നു എന്നു പറയാവുന്നതാണ്. (8)

പതിനൊന്നാം പീയൂസും പന്ത്രണ്ടാം പീയൂസും ഇക്കാര്യം സഭയുടെ ഔദ്യോഗിക പ്രബോധനമായി അനുസ്മരിപ്പിക്കുന്നുണ്ട്. പ. പിതാവ് പന്ത്രണ്ടാം പീയൂസ് പ. കന്യകയുടെ ആദ്ധ്യാത്മികമാതൃത്വത്തെ തെളിയിക്കുന്നതിനായി മൂന്നു ന്യായങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പ. കന്യകമറിയം മനുഷ്യാവതാരരഹസ്യത്തിനായി നല്കിയ സമ്മതം, ദിവ്യസുതൻെറ പീഡാനുഭവത്തിലുള്ള സഹതാപം (Compassion) നമ്മുടെ കർത്താവ് കുരിശിൽ കിടന്നുകൊണ്ടരുളിച്ചെയ്ത തിരുവചനങ്ങൾ.

ഇതിൽനിന്നെല്ലാം പ. കന്യകയുടെ ആദ്ധ്യാത്മികമാതൃത്വം സംബന്ധിച്ച് സഭാമാതാവിൻെറ മനോഭാവമെന്തെന്നു വ്യക്തമാകുന്നുണ്ട്.

സഭാപിതാക്കന്മാരും വേദപാരംഗതന്മാരും ആദിമശതകങ്ങളിൽത്തന്നെ മറിയത്തിൻെറ ആദ്ധ്യത്മികമാതൃത്വത്തെ പരാമർശിക്കുന്നുണ്ട്.

മിശിഹായിലുള്ള നവീകരണം അഥവാ പുനരുദ്ധാരണമാണ് വി. ഇരണേവൂസിൻെറ അഭിപ്രായത്തിൽ പരിത്രാണതത്ത്വത്തിൻെറ കേന്ദ്രം. ആ വിശുദ്ധൻ പറയുകയാണ്: ''ദൈവപുത്രനും മനുഷ്യപുത്രനുമായ മിശിഹാ മനുഷ്യരെ ദൈവത്തിനനുയോജ്യമായവിധം നവമായി ജനിപ്പിക്കുന്ന (Regenerate) ആ ഉദരത്തിൽനിന്നും കന്യാത്വത്തിൻെറ കാന്തിപ്രചുരിമയ്ക്കു യാതൊരു കോട്ടവും തട്ടാതെ ജനിക്കുകയും നമ്മെപ്പോലെ ആയിത്തീരുകയും ചെയ്തു.''

പണ്ഡിത പ്രകാണ്ഡമായ ഒരിജൻ പ്രസ്താവിക്കുന്നു: ''കാൽവരിയിൽവച്ച് പ. കന്യക നമ്മുടെ മാതാവാ

(8) Pope Pius x Ency. Ad diem illum

യി.'' (9). വി. എപ്രേമിൻെറ വാക്കുകളും ശ്രദ്ധേയമാണ്: Per Evam orta ert mors et vita per Mariam (അവ്വാവഴി മരണം ഉണ്ടാവുകയും മറിയംവഴി ജീവൻ പ്രാപിക്കുകയും ചെയ്തു,) (10). ''കന്യക ലോകത്തിൻെറ രക്ഷ ജനിപ്പിച്ചു, സർവ്വലോകത്തിൻെറയും ജീവനെ പ്രസവിച്ചു.... ഇപ്രകാരം മിശിഹാ കന്യകയിൽ.'' (11). എന്നിങ്ങനെയാണ് വി. അമ്പ്രോസ് ഉൽഘോഷിക്കുന്നത്. മറിയത്തിൻെറ ആദ്ധ്യാത്മികമാതൃത്വം കാൽവരിയിൽ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

വി. ആഗുസ്തീനോസിൻെറ വാക്കുകൾ പ്രാധാന്യമേറിയവയാണ്: ''നമുക്കു സന്തോഷിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ നാം വെറും ക്രിസ്ത്യാനികൾ മാത്രമല്ല പ്രത്യുത ക്രിസ്തുവായിരിക്കുന്നു. ക്രിസ്തു നമ്മെ കൂടാതെ ശിരസ്സു മാത്രമാണ്. നാം ക്രിസ്തുവിനോടുകൂടി ഒന്നായിരിക്കുകയാൽ പ. കന്യകമറിയം നമ്മുടെ ആദ്ധ്യാത്മിക മാതാവാണ്. അവൾ സ്നേഹത്താൽ പ്രചോദിതയായി ശിരസായി മിശിഹായുടെ അവയവങ്ങളായ നമ്മെ സഭയിലേക്കു പ്രസവിക്കുന്നതിനു സഹകരിച്ചു.'' (12)

വി. ബൊനവന്തുരാ ഇപ്രകാരം രേഖപ്പെടുത്തുന്നു: ''അവൾ ദൈവത്തിൻെറ ശാരീരിക (carnalis) മാതാവു മാത്രമല്ല മനുഷ്യരുടെ ആദ്ധ്യാത്മിക മാതാവുകൂടിയാണ്. അവ്വാ നമ്മെയെല്ലാവരെയും ലോകത്തിൽ ജനിപ്പിച്ചതുപോലെ നമ്മുടെ നാഥ നമ്മെ സ്വർഗ്ഗത്തിനുള്ളവരായി ജനിപ്പിച്ചു.''

വി. തോമസ് അക്വിനാസ് പ. കന്യകയുടെ ആദ്ധ്യാത്മിക മാതൃത്വത്തെക്കുറിച്ചു വ്യക്തമായി പറയുന്നി

(9) Origen. P. G. xiv. 32. Roschini Mariologia vol. i.
(10) Roschini Mariologia vol. i.
(11) St. Ambrose. P. L, xvi. 1249.
(12) St. Augustine De sancta virginitate. P. L. 40, 399.

ല്ലെങ്കിലും പരോക്ഷമായി അദ്ദേഹം അതു് അംഗീകരിക്കുന്നുണ്ടു്. മനുഷ്യാവതാരത്തിൻെറ ഉദ്ദേശ്യം മാനവകുലത്തെ നവീകരിക്കുകയാണെന്നും അതിനു് പ. കന്യകയുടെ സമ്മതം അനുപേക്ഷണീയമായിരുന്നുവെന്നും വിശ്രുതൻ പ്രസ്താവിക്കുന്നു.

വിശ്രുത മരിയശാസ്ത്രപണ്ഡിതനായ ഫാ. ഗബ്രിയേൽ എം. റോസ്സീനി തൻെറ ''മരിയോളജിയാ'' എന്ന ഗ്രന്ഥത്തിൽ മറിയത്തിൻെറ ആദ്ധ്യാത്മിക മാതൃത്വത്തെ സ്ഥാപിക്കുന്നതിനായി പല ന്യായങ്ങളും ഉന്നയിക്കുന്നുണ്ടു്. അവയിൽ പ്രധാനമായവ ദൈവമാതൃത്വം, രക്ഷണീയ കർമ്മത്തിലുള്ള സഹകരണം മുതലായവയാണു്. അതിനുംപുറമെ അദ്ദേഹം സഭാചരിത്രം ഇതിനു് ഉപോൽബലകമാണെന്നു സമർത്ഥിക്കുകയും ചെയ്യുന്നു: ''തിരുസഭാചരിത്രത്തിൽ പ. കന്യക മാനവകുലത്തോടു് മാതൃസഹജമായ സ്നേഹത്താൽ പ്രേരിതയായി പ്രവർത്തിച്ചിരുന്നതായിക്കാണാം. അവൾ അവളുടെ അരുമസന്താനങ്ങളെ പാലിക്കുകയും, സംരക്ഷിക്കുകയും സമാശ്വസിപ്പിക്കുകയും, സഹായിക്കുകയും ചെയ്യുന്നു.''

റവ. ഫാ. ഷീബൻ ദൈവമാതൃത്വത്തിലും സഹരക്ഷാകർമ്മത്തിലും ആദ്ധ്യാത്മികമാതൃത്വം ദർശിക്കുന്നു. രക്ഷണീയ കർമ്മത്തിലുള്ള മറിയത്തിൻെറ സഹകരണം വിശിഷ്യാ മിശിഹായുടെ പീഡാനുഭവത്തിലുള്ള സഹതാപം ഏററവും പരിപൂർണ്ണമായി ഒരു ഉല്പാദന പ്രക്രിയയാണു് (maternal production).....പ. കന്യക പ്രസാദവരജീവൻ മനുഷ്യരിലേക്കു പകരുന്നു. അതിനാൽ കാതലായ ഉല്പാദനപ്രവർത്തനംവഴി മനുഷ്യവർഗ്ഗത്തിൻെറ നവ്യ ജനനത്തിനു് തൻെറ സ്വാധീനശക്തി പ്രയോഗിക്കുകയും ചെയ്യുന്നു. (13). രക്ഷകനെ പ്രസവിച്ചതുകൊണ്ടു് തൻെറ മാതൃത്വത്തിൻെറ യോഗ്യതകളാൽ മിശിഹായുടെ ആത്മീയസഹോദരന്മാരായ നമ്മെയും അവൾ പ്ര

(13 M· J. Scheeban. Mariology vol. ii. Mary the Spiritual Mother of the Redeemed.

സവിച്ചു. (14)

മറിയം ദൈവമാതൃത്വത്താലും അവിടത്തെ സഹരക്ഷക എന്ന പദവിയിലും സർവ്വ പ്രസാദവരങ്ങളുടെയും മദ്ധ്യസ്ഥ എന്ന നിലയിലും നമ്മുടെ മാതാവാണ്. നാം ദൈവസുതരാണ്, മിശിഹായുടെ സഹോദരരാണ്, മരിയസുതരുമാണ്. അവരം ദൈവത്തിൻെറ സജീവമായ മൂശയാണ് (mould). ''എല്ലാ തെരഞ്ഞെടുക്കപ്പെട്ടവരും മറിയത്തിൻെറ ഉദരത്തിൽ സംവഹിക്കപ്പെട്ടിരിക്കുന്നു, അവരിൽ മിശിഹായുടെ പ്രതിച്ഛായ മുദ്രിതമാകുന്നതുവരെ.'' എന്നു വി. ആഗുസ്തീനോസ് പ്രസ്താവിക്കുന്നുണ്ട്. സാധാരണ മാതാക്കരം നമ്മെ ഒരു പ്രാവശ്യംമാത്രമേ പ്രസവിക്കുന്നുള്ളു. എന്നാൽ ദൈവമാതാവ് നമ്മെ രണ്ടുതവണ പ്രസവിക്കുന്നു. ആദ്യം ബത്ലഹമിൽവച്ച്; പിന്നീട് കാൽവരിയിൽവച്ചും. അവരം മിശിഹായെ പ്രസവിച്ചപ്പോരം യാതൊരു വേദനയും അനുഭവിച്ചില്ല; നമ്മെ ആദ്ധ്യാത്മികജീവനിലേയ്ക്കു പ്രസവിച്ചപ്പോരം തീവ്രയാതന അനുഭവിച്ചു.

മറിയം സഭയുടെ മാതാവ് അഥവാ പരിത്രാണം ചെയ്യു മാനവരാശിയുടെ മാതാവാണെന്നുള്ള സത്യം വേദശാസ്ത്രത്തിൽ വിശുദ്ധ ഗ്രന്ഥത്തിൽനിന്നും, സഭാപിതാക്കന്മാരുടെയും വേദപാരംഗതന്മാരുടെയും ഗ്രന്ഥങ്ങളിൽനിന്നും, മാർപ്പാപ്പാമാരുടെ പ്രഖ്യാപനങ്ങളിൽനിന്നും, തിരുസഭയുടെ ഔദ്യോഗിക പ്രബോധനത്തിൽനിന്നും നാം മനസ്സിലാക്കി. ഇനി തിരുസഭാചരിത്രം ഒരു വിഹഗവീക്ഷണത്തിൽ നമുക്കു ഒന്നു പരിശോധിച്ചുനോക്കാം. അവിടെയും പ. കന്യകയുടെ മാതൃപരിലാളന വളരെ പ്രസ്പഷ്ടമായി നാം കാണും. തിരുസഭ ഔദ്യോഗികമായി പ്രോൽഘാടിതമായ ആ സുദിനം, പന്തക്കുസ്താ തിരുനാളിൽ ശ്ലീഹന്മാരുടെ മദ്ധ്യത്തിൽ പ. കന്യകയേയും നാം കാണുന്നുണ്ട്. പരിശുദ്ധാത്മാവ് മറിയത്തിൻെറ മേൽ ആദ്യമായി നിഴലിച്ചപ്പോരം മൗതികശരീരത്തിൻെറ ശിരസ്സ് രൂപംപ്രാപിച്ചു. രണ്ടാമതായി പരിശുദ്ധാ

(14) Dr. G. D. Smith. Mary's part in our Redemption.

രൂപി അവളുടെമേൽ എഴുന്നള്ളിവന്നപ്പോഠം മൗതികശ രീരത്തിൻെറ അവയവങ്ങളും ജനിച്ചു. ''പരിശുദ്ധാരൂ പിയുടെ പന്തക്കുസ്താദിനത്തിലുള്ള പുതിയ ആഗമനം പ. കന്യകയ്ക്കു സഭയിൽ മാതാവെന്നുള്ള സ്ഥാനത്തിൻെറ അ ഭിഷേകമായിരുന്നു.'' (15). എപ്പോഴെല്ലാം സഭ പ്രതിസ ന്ധിഘട്ടങ്ങളെ തരണംചെയ്യേണ്ടതായി വന്നിട്ടുണ്ടോ അ പ്പോഴൊക്കെയും പ. കന്യകയ്ക്കുള്ള മാതൃനിർവ്വിശേഷമായ സ്നേഹം നമുക്കു കാണാൻ സാധിച്ചിട്ടുണ്ട്. സഭയുടെ ശൈ ശവദശയിൽ യഹൂദന്മാരിൽനിന്നും മററു സഭാവൈരിക ളിൽനിന്നും അനുഭവിക്കേണ്ടിവന്ന മർദ്ദനത്തിൽ അപ്പ സ്തോലന്മാരുടെയും മററുള്ളവരുടെയും ആശ്വാസകേന്ദ്രമാ യിരുന്നു ദൈവജനനി. ക്രിസ്തുവിനെ രൂപവൽക്കരി ച്ച പ. കന്യകയേക്കാഠം ഒരു ക്രിസ്ത്യാനിയെ രൂപവൽ ക്കരിക്കുവാൻ അറിവുള്ളവർ ആരുണ്ട് എന്ന് മോ. ഫുഠം ട്ടൻ ജെ. ഷീൻ ചോദിക്കുന്നു (16) അദ്ദേഹത്തിൻെറ ''The Woman'' (സ്ത്രീ) എന്ന ഗ്രന്ഥത്തിൽ.

എല്ലാ ക്രൈസ്തവരേയും മിശിഹായോട് അനുരൂപ രാക്കുന്നതിൽ പ. കന്യക പ്രദർശിപ്പിച്ചിട്ടുള്ള ഔത്സുക്യം നാം കാണുന്നുണ്ട്. ആര്യൻപാഷണ്ഡതയുടെ നിരോധന ത്തിലും, നെസ്തോറിയസിൻെറ അബദ്ധതത്വങ്ങളെ പരാ ജയപ്പെടുത്തുന്നതിലും കന്യകയോടുള്ള ഭക്തി എത്രമാത്രം സഹായകമായിട്ടുണ്ട്. വി. അത്തനാസിയൂസ്, വി. ക്രിസോസ്റേറാം, വി. ആഗുസ്തീനോസ്, അലക്സാ ന്ഡ്രിയായിലെ സിറിൽ, വി. അപ്രേം മുതലായവർ പ. കന്യകയുടെ വലിയ ഭക്തരായിരുന്നു. മതത്യാഗിയായ ജൂ ലിയൻ ക്രിസ്ത്യനികളെ നിർദ്ദയം മർദ്ദിക്കുന്നതിന് പ്രതി ജ്ഞ ചെയ്തുകൊണ്ട് പേർഷ്യാക്കാരോടുള്ള യുദ്ധത്തിന് പുറ പ്പെട്ടു. യുദ്ധത്തിൽ വിജയം പ്രാപിക്കുന്നപക്ഷം ക്രിസ്ത്യാ നികളെ മുഴുവൻ ദേവന്മാക്കു ബലിയർപ്പിക്കുന്നതാണെന്ന് അയാഠം ശപഥംചെയ്തു. ചക്രവർത്തിയുടെ ഈ ശപഥം ഗ്ര ഹിച്ചു, കേസറിയായിലെ ക്രിസ്ത്യനികഠം വി. ബേസി

(15) Our Lady in the Gospels, by Joseph Patsch

(16) Mgr. Sheen. The Woman.

ലിന്റെ നിർദ്ദേശപ്രകാരം നമ്മുടെ അമ്മയിൽ അഭയംഗമിച്ചു. ഫലമെന്തായിരുന്നു? ജൂലിയൻ മാർഗ്ഗമദ്ധ്യേവച്ചു മരണമടയുന്നു. മരണാവസരത്തിൽ ''അല്ലയോ ഗലീലയാ നീതന്നെ ജയിച്ചിരിക്കുന്നു'' എന്നായിരുന്നു അയാളുടെ പ്രലപനം.

പതിമൂന്നാം നൂററാണ്ടിൽ അൽബിജേൻസിയൻ പാഷണ്ഡത ഫ്രഞ്ച്സഭയെ ശിഥിലമാക്കുവാനുള്ള ഭീഷണിയുമായി വന്നപ്പോഠം പ. കന്യക സഭാസംരക്ഷണത്തിനണയുന്നു. 1206—ൽ വി. ഡോമിനിക്ക്, അൽബിജേൻസിയൻ അബദ്ധസിദ്ധാന്തത്തെ നേരിടുന്നതിനു രംഗപ്രവേശംചെയ്തു. പക്ഷേ അദ്ദേഹത്തിന്റെ പരിശ്രമങ്ങഠം വിഫലമായി. വിഗതധൈര്യനായി, തപ്തഹൃദയത്തോടുകൂടി വി. ഡോമിനിക്ക് സഭയ്ക്കു നേരിടുന്ന വിപത്തുകളേയും തിന്മകളേയുംപററി ചിന്തിച്ചുകൊണ്ടിരിക്കുമ്പോഠം ഇതാ സ്വർഗ്ഗീയമാതാവ് ഒരു ജപമാലയുമേന്തി പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്തു: ''ഡോമിനിക്ക് ധൈര്യമവലംബിക്കുക, നിന്റെ പരിശ്രമങ്ങഠം ഫലമണിയും. നീ വിലപിക്കുന്ന തിന്മകഠംക്കുള്ള പ്രതിവിധി, എന്റെ പുത്രന്റെ ജീവിതം, മരണം, മഹത്വം എന്നിവയെക്കുറിച്ചുള്ള ധ്യാനത്തോടുകൂടി പരിത്രാണകർമ്മത്തിന്റെ മംഗളവാർത്ത ലോകത്തിനറിയിച്ച മാലാഖായുടെ അഭിവാദനവും കൂട്ടിച്ചേർത്തു ജപിക്കുന്നതാണ്. ഈ മഞ്ഞിനാൽ നനയ്ക്കപ്പെടുന്നതുവരെ ലോകം ശൂന്യമായിരിക്കും. നീ പ്രചരിപ്പിക്കേണ്ട ഈ ഭക്തി എന്റെ തിരുക്കുമാരനും എനിക്കും വളരെ പ്രിയംകരമാണ്. ഇതു് പാഷണ്ഡതകളെ തുരത്തുന്നതിനും, തിന്മകളെ നശിപ്പിക്കുന്നതിനും, സുകൃതങ്ങളെ പരിപോഷിപ്പിക്കുന്നതിനും ഏററവും ശക്തിയായ മാർഗ്ഗമാണ്.'' (17). ജപമാലഭക്തി എല്ലായിടത്തും പ്രചരിപ്പിക്കുവാൻ വി. ഡോമിനിക്കിനോടും അദ്ദേഹത്തിന്റെ ആത്മീയസുതരോടും അവഠം ആവശ്യപ്പെട്ടു. തൽഫലമായി ഉടനെതന്നെ 100000 അൽബിജേൻസിയർ സത്യസഭയിലേക്കു പ്രത്യാഗമിച്ചു ജപമാല

(17) Recent apparition of B. V. Mary by Steeper Breen.

ഭക്തിവഴിയായി. വി. ഡോമിനിക്കിനോട് ആത്മീയവും ലൗകികവുമായ പതിനഞ്ചോളം അനുഗ്രഹങ്ങൾ പ. കന്യക ജപമാലഭക്തിക്കു വാഗ്ദാനം ചെയ്തിട്ടുണ്ട്.

വി. ഡോമിനിക്കുവഴി ജപമാല എന്ന ആദ്ധ്യാത്മികായുധം പ. കന്യക ലോകത്തിനു നല്കി. തിരുസഭാമാതാവ്, എല്ലാ വിപത്തുകളിലും ആ ദിവ്യായുധംവഴി വിജയംവരിച്ചു.

മൂന്നു നൂററാണ്ടുകൾക്കുശേഷം മഹമ്മദീയർ ക്രിസ്തീയ നാഗരികതയെ നശിപ്പിക്കുവാൻ പാശ്ചാത്യരാജ്യങ്ങളെ ആക്രമിച്ച അവസരത്തിൽ പീയൂസ് അഞ്ചാമൻ മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരം ജപമാല ഭക്തിപൂർവ്വം ജപിച്ചതിനാൽ തുക്കികളോടുള്ള യുദ്ധത്തിൽ സംഖ്യയിൽ പരിമിതമായിരുന്ന ക്രിസ്തീയസൈന്യം വിജയംവരിച്ചതായി തിരുസഭാചരിത്രം സാക്ഷ്യംവഹിക്കുന്നു. 1716—ൽ വീണ്ടും മഹമ്മദീയർ യൂറോപ്പിൽ കവർച്ചയും ഭീകര പ്രവത്തനങ്ങളും നടത്തുവാൻ ആരംഭിച്ചപ്പോൾ കത്തോലിക്കാലോകം ജപമാല എന്ന ദിവ്യായുധത്താൽ ശത്രുക്കളെ പരാജയപ്പെടുത്തി. റോമൻചക്രവത്തിയായിരുന്ന കാർളോസ് ആറാമൻ വിയന്നായുടെ കോട്ടവാതിലിൽവച്ച് തുക്കികളെ നിശ്ശേഷം പരാജിതരാക്കി.

**1847**—ൽ കമ്യൂണിസത്തിൻെറ പ്രവാചകരായ കാറൽമാർക്സും എംഗൽസുംകൂടി കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചു. ഡാർവിൻ ഇതോടടുത്തുതന്നെ അദ്ദേഹത്തിൻെറ പരിണാമവാദ സിദ്ധാന്തവും അവതരിപ്പിച്ചു. അപ്രകാരം ഭൗതികത്വത്തിലേക്കു നിപതിക്കുവാൻപോയ ലോകത്തെ കൈകൊടുത്തുയർത്തുവാൻ പ. കന്യക ലൂർദ്ദിൽ പ്രത്യക്ഷയായി പ്രഖ്യാപിച്ചു: ''ഞാൻ അമലോത്ഭവമാകുന്നു'' മനുഷ്യൻെറ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു് പദാത്ഥത്തിലല്ല ശരീരവും ആത്മാവുമായിട്ടുള്ള സമഞ്ജസസമ്മേളനത്തിലത്രെ എന്നുള്ള വസ്തുത അനുസ്മരിപ്പിക്കുകയായിരുന്നു ലൂർദ്ദിൽ ദൈവജനനി നല്കിയ ദൗത്യം. പ. കന്യക ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതിനുശേഷം യൂറോപ്പിൽ ഉണ്ടായ പരിവത്തനം അത്ഭുതാവഹമാണ്. അനേകം പാപികളും, നാസ്തികരും അക

ത്തോലിക്കരും അക്രൈസ്തവരും അവിടെ വന്നു് ശാരീരികവും ആത്മീയവുമായ രോഗങ്ങളിൽനിന്നും വിമുക്തി നേടുന്നു. ഇന്നും ശാസ്ത്രത്തിനു സമാധാനം നല്കുവാൻ സാധിക്കാത്ത അത്ഭുത രോഗശമനങ്ങൾ അവിടെ നടക്കുന്നുണ്ടു്. ഫ്രാൻസ്‌വെർഫൽ മുതലായ വിശ്വവിശ്രുത സാഹിത്യകാരന്മാർപോലും ലൂർദ്ദിൻെറ അപദാനങ്ങളെ പ്രകീർത്തിക്കുന്നു; അത്ഭുതകരമായ രക്ഷപ്രാപിച്ചതുമൂലം. സാർവ്വലൗകികമായ ശ്രദ്ധയെ സമാകർഷിച്ചിട്ടുള്ള ഒന്നാണു് മറിയം ഫാത്തിമായിൽ നല്കിയ ദൗത്യം. ലോകത്തിൻെറ ഭാവിഭാഗധേയങ്ങളുമായി ബന്ധപ്പെട്ട ആ ദൗത്യം അവൾ നൽകിയതു് ലോകചരിത്രത്തിലെ ഒരു നിർണ്ണായക ഘട്ടത്തിലാണു്.

ഒന്നാം ലോകമഹായുദ്ധം സകലവിധ നശീകരശക്തികളോടുംകൂടി നഗ്നതാണ്ഡവം നടത്തിക്കൊണ്ടിരിക്കുന്ന അവസരം. ലോക സമാധാനത്തിനായി കേഴുകയാണു്. കത്തോലിക്കാതിരുസഭ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള ഏററവും വലിയ ഭീഷണി കമ്യൂണിസമാണെന്നുള്ളതു് നിസ്തർക്കമാണു്. 1917 ഒക്ടോബർമാസത്തോടുകൂടി കമ്യൂണിസ്റ്റ് ഏകാധിപത്യം ഒരു യാഥാർത്ഥ്യമായിത്തീർന്നു. മനുഷ്യകുലത്തിൻെറ കരളിനെ പിളർന്ന മാർക്സിസ്റ്റ്‌വിപ്ലവം ലോകത്തിൽ ഒരു കഠിനവ്രണം ഉളവാക്കി. അനേകലക്ഷങ്ങൾ അടിമത്തത്തിലാണ്ടു. ആദ്ധ്യാത്മികാശ്വാസവും ഭാവി പ്രതീക്ഷയും മനുഷ്യദൃഷ്ടിയിൽനിന്നും മറച്ചുകളയുന്ന കറുത്ത കമ്യൂണിസ്റ്റ്‌മേഘം ഭൂഗോളത്തിൻെറ നല്ലൊരുഭാഗത്തെ ആവരണംചെയ്തുകഴിഞ്ഞു. ഈ അന്ധകാരം നീങ്ങുമോ? സ്വാതന്ത്ര്യസൂര്യൻ അവിടെ ഉദയംചെയ്യുമോ? ഇരുമ്പുയവനികയ്ക്കുള്ളിൽ അടിമത്തത്തിൽ കഴിയുന്ന മൂകസഭയുടെ പ്രാർത്ഥനാഗീതങ്ങൾ ഇനിയും അന്തരീക്ഷത്തിൽ മുഖരിതമാകുമോ?

ഈ കനത്ത അന്ധകാരത്തിൽ പ്രകാശകിരണങ്ങൾ പരത്തിക്കൊണ്ടു് ഒരു ദിവ്യവ്യക്തി പശ്ചാത്തലത്തിൽ ഉയർന്നുനില്പുണ്ടു്. ലോകത്തെ കമ്യൂണിസ്റ്റ്നിശ ഗ്രസിക്കുവാൻ ആരംഭിച്ചതോടുകൂടിത്തന്നെ ഒരു വനിതയുടെ ഹൃദയത്തുടിപ്പുകൾ ലോകത്തിൻെറ ഒരു കോണിൽ,

ഫാത്തിമായിൽ, പ്രതിധ്വനിച്ചു. അത് വിദ്വേഷത്തി ൻെറയും, പ്രതികാരത്തിൻെറയും മൃഗീയ വികാരങ്ങൾ ക്ക് പ്രത്യുത്തരമാണ്. അത് ക്രൂരതയിൽ ശാന്തിയെ ഊ തി നിവേശിപ്പിക്കുന്നു. ഒരു മാതൃഹൃദയംകൂടി ആകുമ്പോൾ അത് സ്നേഹത്തിൻെറ പ്രതീകമാണ്.

ആ മാതൃഹൃദയത്തിൻെറ ദീനരോദനം വെറും വന രോദനമായി പരിണമിച്ചു. അതിൻെറ തിക്തഫലം നാം അനുഭവിച്ചുകഴിഞ്ഞു. ഓ! അന്ധകാരത്തിൽ തപ്പിത്തട യുന്ന ആധുനികലോകമേ, വിമലാംബികയുടെ പാദാര വിന്ദങ്ങളിൽ പശ്ചാത്താപഭരിതമായ ഒരു ഹൃദയത്തോടു കൂടി അണയുക. സമാധാനവും ശാന്തിയും ലഭിക്കാതി രിക്കുകയില്ല.

ഈ അണുയുഗത്തിൽ, ഉപഗ്രഹങ്ങളും, റോക്കററുക ളും, ബഹിരാകാശയാനപാത്രങ്ങളും വിശ്വത്തിൻെറ വി ശാലതയിലേക്കു കുതിച്ചുപായുന്നു. ലോകത്തെ മുഴുവൻ കീഴടക്കിയ മനുഷ്യൻ മററു ഗ്രഹങ്ങളിൽ അധിവാസ മുറപ്പിക്കുവാൻ പരിശ്രമിക്കുകയാണ്. മാരകായുധഭീഷ ണി അവനെ തുറിച്ചുനോക്കുന്നു. കമ്യൂണിസം ലോകാ ധിപത്യത്തിനുവേണ്ടി വഞ്ചനാപരമായ അഭിയോഗങ്ങ ളിലൂടെ തത്രപ്പെടുകയാണ്. മാനവൻ അഭിമാനിക്കുന്ന ശാസ്ത്രീയമായ നേട്ടങ്ങൾ വെറും കളിപ്പാട്ടങ്ങൾ മാത്രമാ ണ്. അതുകൊണ്ടൊന്നും അസമാധാനവും, അസംതൃപ്തി യും കട്ടത്ത നിരാശയും മാത്രമവശേഷിക്കുന്ന മനുഷ്യമന സ്സ് സംതൃപ്തമാവുകയില്ല. അവനെ സമാശ്വസിപ്പിക്കു ന്നതിന് ഒരു മാതൃഹൃദയത്തിനുമാത്രമേ കഴിവുള്ളു. വിമ ലാംബികയുടെ മാതൃഹൃദയം മാത്രമേ ഇന്നത്തെ അന്ധ കാരപൂർണ്ണമായ ലോകത്തിൽ സ്നേഹത്തിൻെറയും ശാശ്വ ത സമാധാനത്തിൻെറയും ദിവ്യപ്രഭ ചൊരിയുവാൻ ശ ക്തമാവുകയുള്ളു. വിമലഹൃദയഭക്തി, ജപമാല, പരിഹാ രം ഇവയാണ് അതിനു പ. കന്യക ആവശ്യപ്പെട്ടത്.

ഒരു സുപ്രസിദ്ധ ഹോളിവുഡ് സിനിമാതാരമായി രുന്നു ലില്ലിയൻ റോത്ത്. അവൾ അസന്മാർഗ്ഗികജീവിത മാണ് നയിച്ചിരുന്നത്. ഒരു യഹൂദയായ അവൾ അഞ്ചു തവണ വിവാഹം ചെയ്തു. അവസാനത്തെ ഭർത്താവായ

നോർബെട്ട് ഒരു കത്തോലിക്കനായിരുന്നു. അവരം ഭർത്താവുമൊന്നിച്ച് 1947–ൽ മെൽബണിൽ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോരം ലണ്ടൻറേഡിയോ (B. B. C.) ഫാത്തിമാ ദശ്നങ്ങളുടെ വസ്തുതകരം പ്രക്ഷേപണംചെയ്യുന്നതു് ശ്രവിച്ചു. ലില്ലിയൻ റോത്തു് ഉടനെ കട്ടിലിൽനിന്നു ചാടി എണീററു് വിളിച്ചുപറഞ്ഞു: എനിക്കു് കത്തോലിക്കയാകണമെന്നു്. അതു് അത്ര എളുപ്പമുള്ള കാര്യമല്ലെന്നായിരുന്നു ഭർത്താവിൻെറ മറുപടി.

റോത്തു് നിരാശയാകാതെ സ്ഥിരചിത്തതയോടുകൂടി പരിശ്രമിച്ചു. അവളുടെ ശ്വശുരൻ സമ്മാനമായി ഒരു ജപമാല അയച്ചുകൊടുത്തു. അവരംക്കു വളരെ സന്തോഷമായി. ''ലോകത്തിലേക്കുംവച്ചു് ഏററവും വലിയ വാതിൽ തുറക്കുവാനുള്ള ചെറിയ താക്കോൽ'' എന്നാണു് ''ഞാൻ നാളെക്കരയും'' എന്ന അവളുടെ ആത്മകഥാകഥനത്തിൽ ആ ജപമാലയെ സംബന്ധിച്ചു് അവരം രേഖപ്പെടുത്തിയിരിക്കുന്നതു്. പല വൈദികരെയും സമീപിച്ചു അവരം കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ. ഒടുവിൽ മോൺ. ഫുരംട്ടൻ ജെ. ഷീൻ "Sign" (സയിൻ) എന്ന മാസികയിൽ മതപരിവത്തനത്തിനു പരിശ്രമിക്കുന്നവരോടു് അനുകമ്പാപൂർവ്വം പെരുമാറണമെന്നാവശ്യപ്പെട്ടുകൊണ്ടു് എഴുതിയിരുന്ന ഒരു ലേഖനം അവരം ഒരു വൈദികനെ കാണിച്ചു. അദ്ദേഹം അവരംക്കുവേണ്ട മതപരമായ ജ്ഞാനം പകർന്നുകൊടുത്തു. 1948 ആഗസ്റ്റ് 14–ാം തീയതി റോത്തു് കത്തോലിക്കാസഭയുടെ ഒരു അനുമസൃതയായി. അതു് തൻെറ ജീവിതത്തിലെ ഏററം മഹദ്ദിനമെന്നാണു് പിന്നീടു് അവരം അനുസ്മരിച്ചിട്ടുള്ളതു്. ഫാത്തിമാദൗത്യംവഴി പ. കന്യക ലോകത്തോടു് പ്രഖ്യാപിച്ചു, ഭാവി ദൈവജനനി നല്കിയ സ്വർഗ്ഗീയ ദൗത്യത്തെയാശ്രയിച്ചാണിരിക്കുന്നതെന്നു്.

രണ്ടാം ലോകമഹായുദ്ധം മാനവരാശിയെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന കാലം. ഈജിപ്തിൽ ''എൽ അലാമെയിൽ'' സമരമാരംഭിച്ചു. എട്ടുദിവസത്തെ വിധിനിർണ്ണായകസമരത്തിനുശേഷം നാസിസ്വസ്തികയുടെ അധഃപതനമായി. അതെസമയംതന്നെയാണു് ഫാത്തിമാദശ്

നങ്ങളുടെ രജതജൂബിലി ആഘോഷിക്കുന്നത്. ഉപസംഹാരച്ചടങ്ങായി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ റഷ്യയേയും ലോകത്തേയും ഫാത്തിമായിൽ പ. കന്യക ആവശ്യപ്പെട്ടതനുസരിച്ച് മറിയത്തിൻെറ വിമലഹൃദയത്തിന്നു പ്രതിഷ്ഠിച്ചുകൊണ്ട് റേഡിയോപ്രഭാഷണം നടത്തി. 1943—മെയ് മാസം 13—ാം തീയതി മദ്ധ്യാഹ്നത്തിൽ ഫാത്തിമായിലെ ദർശനങ്ങളുടെ ഇരുപത്തിയാറാമത്തെ വാർഷികദിനമാണ് ടൂണീസിയായിലെ ഭയങ്കരസമരത്തിൽ സഖ്യകക്ഷികൾ വിജയംനേടിയത്.

കമ്യൂണിസത്തിൻെറ പ്രണേതാവായ ലെനിൻ അധികാരമുറപ്പിക്കുന്നതിനു മുമ്പുതന്നെ മറിയം ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു പ്രഖ്യാപിച്ചു: ''എൻെറ സന്ദേശം ലോകം ശ്രവിക്കുമെങ്കിൽ റഷ്യ മാനസാന്തരപ്പെടുകയും ലോകത്തിൽ സമാധാനം സംജാതമാവുകയും ചെയ്യും. ലോകം അതനുസരിച്ചു പ്രവർത്തിക്കുകയില്ലെങ്കിൽ റഷ്യ അവളുടെ നശീകരണസിദ്ധാന്തം ലോകം മുഴുവൻ പ്രചരിപ്പിക്കുകയും യുദ്ധവും സഭാമർദ്ദനവും നടമാടുകയും ചെയ്യും. പക്ഷേ അവസാനം എൻെറ വിമലഹൃദയം വിജയംവരിക്കും.'' പ. കന്യകയുടെ ഈ മുന്നറിയിപ്പ് നാം ശ്രവിക്കുന്നെങ്കിൽ ഇന്നത്തെ പല അന്താരാഷ്ട്ര പ്രശ്നങ്ങളുമവസാനിക്കുമായിരുന്നു. ഫാത്തിമായിൽ 1917—ഒക്ടോബർ 13—ാം തീയതി ദൈവമാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ സൂര്യൻ അന്തരീക്ഷത്തിൽ നൃത്തംചെയ്യുന്നതു 70000 പേർ ദർശിച്ചു. മിശിഹായുടെ സ്വർഗ്ഗാരോഹണത്തിനും പന്തക്കുസ്താക്കുംശേഷം ഇത്രയുംവലിയ ഒരത്ഭുതം ലോകത്തിൽ നടന്നിട്ടില്ലെന്നാണ് The recent apparition of the B. V. Mary എന്ന ഗ്രന്ഥത്തിൻെറ കർത്താവ് Stephen Breen പ്രസ്താവിക്കുന്നത്. സൂര്യനൃത്തം സൂചിപ്പിച്ചതു് ലോകത്തിനു വരുവാനിരിക്കുന്ന അണ്വായുധഭീഷണിയെ പ. കന്യക മുൻകൂട്ടി പ്രഖ്യാപിക്കുകയായിരുന്നില്ലയോ എന്നു തോന്നിപ്പോകുന്നു. സൂര്യൻ പ്രകാശിക്കുന്നതു് അണുസ്ഫോടനം (atomic fission) വഴിയാകുന്നു എന്നുള്ള ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായംകൂടി വച്ചു നോക്കുമ്പോൾ അതു് തികച്ചും അർത്ഥവത്താണ്.

''നാം പ. കന്യകയെ അണുശക്തിക്കെതിരായി പ്രതിഷ്ഠിക്കുമെങ്കിൽ ഒരു മൂന്നാംലോകമഹായുദ്ധമുണ്ടാവുകയില്ല.'' എന്നത്രെ മോൺ. ഫുറംട്ടൻ ജെ. ഷീൻ അദ്ദേഹത്തിൻെറ ''സ്ത്രീ'' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതു്.

കമ്യൂണിസം ക്രിസ്തുമതത്തിൽനിന്നും അനേകം നല്ല കാര്യങ്ങറം സ്വീകരിച്ചു് അവയെ ക്രൈസ്തവവിരുദ്ധസമരത്തിനുപയോഗിക്കുകയാണു്. കമ്യൂണിസം അസത്യമല്ല, പ്രത്യുത അദ്ധസത്യമാണു്. അതുകൊണ്ടു് അതിനെ നേരിടുന്നതിനു സത്യം പൂണ്ണമായി അവതരിപ്പിക്കുക. അതാണു് ക്രിസ്തീയദൗത്യം.

ഇന്നത്തെ യഥാർത്ഥമായ ലോകപ്രശ്നങ്ങറംക്കു—കമ്യൂണിസം അവയിൽ ഒന്നുമാത്രമാണു്— സ്വർഗ്ഗം നല്കുന്ന പ്രതിവിധിയാണു് ഫാത്തിമാദൗത്യം എന്നു് ജോസഫ് ഹല്ലോററീയറും പ്രസ്തുത ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

ഫാത്തിമായിൽ ജപമാലരാജ്ഞി നല്കിയ സ്വർഗ്ഗീയ സന്ദേശമാണു് ഇന്നത്തെലോകം കിടന്നു നട്ടംതിരിയുന്ന വിപത്തിൽനിന്നും മോചനം പ്രാപിക്കുന്നതിനായി ദൈവം സ്ഥാപിച്ചിരിക്കുന്ന വ്യവസ്ഥ എന്നത്രെ റവ. ഫാ. മൊൻറസ് ദെ ഓക്കോ അദ്ദേഹത്തിൻെറ More about Fatima എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതു്.

ആർനോറംഡ് റേറായിൻബി എന്ന ചരിത്രകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ, പ. കന്യകമറിയം ആധുനിക സംസ്ക്കാരത്തിൻെറ വളർച്ചയിൽ ഒരു വലിയ ശക്തിയാണെന്നുള്ള വസ്തുത ആക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. പ. പിതാവു് പതിനൊന്നാംപീയൂസ്മാർപ്പാപ്പാ Ingravescentibus malis (ഇൻഗ്രാവെഷേന്തിബൂസ് മാളിസ്) എന്ന വിശ്വലേഖനത്തിലും പ്രസ്താവിക്കുന്നുണ്ടു്, സഭാചരിത്രപഠിതാക്കറം ആരും സമ്മതിക്കും പ. കന്യകയുടെ മാതൃസംരക്ഷണം തിരുസഭയ്ക്കു എക്കാലത്തും ഉണ്ടായിരുന്നുവെന്നു്.

23–ാം യോഹന്നാൻ മാർപ്പാപ്പാ 1961– ഒക്ടോബ

റിൽ പ്രസിദ്ധപ്പെടുത്തിയ ദ്വൈശ്രഹികലേഖനത്തിൽ സഭാചരിത്രത്തിൽ പ. കന്യകയുടെ മാതൃസംരക്ഷണം ഉണ്ടായിരുന്നതുപോലെ ഇന്നും ലോകത്തിൽ സമാധാനവും ക്രമവും പ. കന്യക പുനഃസ്ഥാപിക്കുമെന്നു പ്രഖ്യാപിച്ചു.

ചരിത്രംസൃഷ്ടിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ മൂന്നാം സമ്മേളനത്തിന്, ഒരു നാടകീയമായ പരിസമാപ്തിയാണ് ഉണ്ടായത്. കൗൺസിലിലെ വേദശാസ്ത്രജ്ഞന്മാരും പിതാക്കന്മാരും പ. കന്യകയെ സംബന്ധിച്ചിടത്തോളം യാതൊരു പ്രഖ്യാപനവുമുണ്ടാവുകയില്ല എന്നാണ് പ്രതീക്ഷിച്ചിരുന്നതു്. പക്ഷേ സമ്മേളനത്തിൻെറ സമാപനത്തിനുമുമ്പ് മാർപ്പാപ്പാ പ്രഖ്യാപിച്ചു: ''പ. കന്യക സഭയുടെ മാതാവ്'' എന്നു് പ്രഖ്യാപിച്ചുകൊണ്ട് ഈ സമ്മേളനം പര്യവസാനിപ്പിക്കുമെന്നു്. അപ്രകാരം 1964—നവംബർ 21—ാം തീയതി വത്തിക്കാൻ സൂനഹദോസിൻെറ മൂന്നാം സമ്മേളനസമാപനത്തിൽ, സൂനഹദോസ് പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽവച്ച് പ. പിതാവ് പോൾ ആറാമൻ തിരുമനസ്സുകൊണ്ട് ദൈവമാതാവ് സഭയുടെ മാതാവാണെന്നുള്ള വസ്തുത പ്രഖ്യാപിച്ചതോടൊപ്പംതന്നെ, മനുഷ്യകുലത്തെ മുഴവൻ മറിയത്തിൻെറ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കുകയുംചെയ്തു. പ. കന്യക ഫാത്തിമായിൽ ആവശ്യപ്പെട്ടിരുന്നു ലോകത്തിലുള്ള എല്ലാ മെത്രാന്മാരും യോജിച്ചുകൊണ്ട് ലോകത്തെ മുഴവനും പ്രത്യേകിച്ച് റഷ്യയെയും അവിടത്തെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കണമെന്നു്. അപ്രകാരം ഫാത്തിമാസന്ദേശം അനുദിനമെന്നോണം സാർത്ഥകമായിത്തീരുന്നു.

സഭാമാതാവിൻെറ അരുമസന്താനങ്ങളായ നമുക്ക് ആ വിശ്വാസപ്രഖ്യാപനം സന്തോഷജനകമാണ്. 1965 ഫെബ്രുവരിമാസത്തിൽ പ. പിതാവ് ഒരു തീർത്ഥകസംഘത്തോടുചെയ്ത പ്രഭാഷണത്തിൽ ''അതു് പുതിയ ഒരു തത്വസംഹിതയല്ല, പ്രത്യുത പൗരാണികമായ ക്രിസ്തീയ വിശ്വാസത്തെ ഒന്നുകൂടി വ്യക്തമാക്കിയെന്നുമാത്രമെയുള്ളു, അതു നമ്മുടെ ആദ്ധ്യാത്മിക നവോത്ഥാനത്തിനു പ്രയോജകീഭവിക്കു''മെന്നു പ്രസ്താവിക്കുകയുണ്ടായി.

1965 ഏപ്രിൽമാസത്തിൽ പ്രസിദ്ധപ്പെടുത്തിയ മെൻസേ മായോ (Mense majo–മേയ്മാസം) എന്ന വിശ്വലേഖനത്തിൽ മാർപ്പാപ്പാ പ. കന്യകയുടെ മാതൃസംരക്ഷണത്തിന്ന് സ്വയം സമർപ്പിക്കുകയും ലോകസമാധാനത്തിനുവേണ്ടി ആ അമ്മയോടു പ്രാർത്ഥിക്കുവാൻ ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.

അദ്ധ്യായം അഞ്ച്

# പരിശുദ്ധാത്മാവിൻെറ ചലനാത്മക, ഔദ്യോഗിക ഉപകരണം.

പരിത്രാണകർമ്മത്തിൻെറ പ്രഥമ ഭാഗം നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാരം പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയോടുകൂടി അവസാനിച്ചു. ആ കൃത്യത്തിൽ പ. കന്യകയുടെ സജീവമായ ഭാഗഭാഗിത്വമെന്താണെന്നും നാം മനസ്സിലാക്കി. ഇനി പരിത്രാണ കർമ്മത്തിൻെറ രണ്ടാമത്തെ രംഗം അഥവാ കർത്തൃപരമായ വശം അവശേഷിച്ചിട്ടുണ്ട് (Subjective redemption). സമുദ്ധരിക്കപ്പെട്ട മാനവകുലത്തിലെ അംഗങ്ങളിലേയ്ക്കും പരിത്രാണകർമ്മത്തിൻെറ ജീവദായകഫലം പ്രവഹിക്കണം. അതിൽ മറിയത്തിനുള്ള സ്ഥാനമെന്താണ് എന്നുകൂടി കാണേണ്ടിയിരിക്കുന്നു.

പ. കന്യക സഹരക്ഷകയാണെന്നുള്ള വസ്തുതതന്നെ എല്ലാ വരപ്രസാദങ്ങളും മറിയംവഴി പ്രാപിക്കുന്നു എന്നതിന് തെളിവാണ്. വരപ്രസാദത്തിൻെറ സമ്പാദന

ത്തിൽ ദൈവജനനി സഹകരിച്ചു. മിശിഹായോടുകൂടി കന്യകമറിയം സ്വർഗ്ഗീയ മഹത്വപൂരിതയായിരിക്കുകയാണ്. പരിത്രാണകർമ്മം, മനുഷ്യാവതാരം, പീഡാനുഭവം, മരണം, മനുഷ്യകുലത്തിനു മുഴുവൻ വേണ്ടതായ യോഗ്യതാസമ്പാദനം, അതിൻെറ വ്യക്തികളിലേയ്ക്കുള്ള പ്രവാഹം ഇവ-യെല്ലാംകൂടി പൂർണ്ണവും ഏകവും സമ്യക്കായ വിധം ക്രമീകൃതവുമാണ്. കഴിഞ്ഞ ശതാബ്ദങ്ങളിലെ അനേകം വേദശാസ്ത്രപണ്ഡിതന്മാരും വിശുദ്ധന്മാരും സയുക്തികം അനുമിച്ചിരുന്നതുപോലെ ദൈവിക പ്രവർത്തനങ്ങളുടെ പരിപൂർണ്ണതയ്ക്കും സമാകർഷകത്വത്തിനും മിശിഹാ കഴിഞ്ഞാൽ കന്യകമറിയത്തിൻെറ യോഗ്യതകൾ വഴിയായിട്ടുകൂടിയാണ് നമുക്ക് എല്ലാ അനുഗ്രഹങ്ങളും ലഭിക്കുന്നതു് എന്നു കരുതേണ്ടിയിരിക്കുന്നു.

മിക്കവാറും എല്ലാ സഭാപിതാക്കന്മാരും, വേദപാരംഗതന്മാരും, തിരുസഭാദ്ധ്യക്ഷന്മാരും, ദൈവശാസ്ത്രപണ്ഡിതരും, നാം എല്ലാ വരപ്രസാദങ്ങളും പ. കന്യകമറിയംവഴിയായി പ്രാപിക്കുന്നു എന്ന അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. പക്ഷേ, അതിൻെറ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം വിഭിന്നാഭിപ്രായം സ്വീകരിക്കുന്നു. പ. കന്യക മാദ്ധ്യസ്ഥ്യം വഹിക്കുന്നതിനാൽ വെറും ഒരു ധാർമ്മികമായ (moral) സ്വാധീനതമാത്രമെ ചെലുത്തുന്നുള്ളു എന്നാണ് ചിലരുടെ അഭിമതം. മററു ചിലർ അതു് വെറും വരപ്രസാദസ്വീകരണത്തിനുള്ള ഒരു കളമൊരുക്കൽ (dispositive) മാത്രമായി വ്യവഹരിക്കുന്നു. വസ്തുഗതമായ (Physical and instrumental causality) ഉപകരണകാരണവുമാണെന്നു് അഭിപ്രായപ്പെടുന്നവരുമുണ്ട്. കർദ്ദിനാളന്മാരും വേദശാസ്ത്രജ്ഞന്മാരുമായ ലെപ്പിസീയർ, മെഴ്സിയർ, വേദശാസ്ത്രജ്ഞനായ ഫാദർ ഹ്യൂഗോൺ ഒ. പി. മുതലായവർ ഈ ഗണത്തിൽ ഉൾപ്പെടുന്നു. ഫാ. മെർഷാൽബാക്ക്, ഫാ. ഡെ ലാററയിൽ, വിശ്രുത വേദശാസ്ത്രജ്ഞനായ സ്വാരസ് മുതലായവർ ഇതിനോടു വിയോജിക്കുന്നു. ഈ രണ്ടഭിപ്രായത്തിനുമിടയ്ക്കുള്ള ഒരു നിലപാട് സ്വീകരിച്ചിരിക്കുന്നവരുമുണ്ട് ധാരാളം.

വി. തോമസ് അക്വീനാസിൻെറ വേദശാസ്ത്രസി

ദ്ധാന്തങ്ങളെ അനുഗമിക്കുന്നവർ(Thomist School) കൂദാശ കാംക്കു് നൽകുന്ന വരപ്രസാദത്തിൻെറ ഉപകരണകാരണ (Physical instrumental and Perfective causality) ത്തോട്ട് ഏകദേശം അടുത്തു വരുന്ന ഒരു സ്വാധീനമാണു് പ. കന്യകയ്ക്കു ഈ ഗണത്തിൽപ്പെട്ട വേദശാസ്ത്രജ്ഞന്മാർ നൽകുന്നതു്. ഇതു് കൂടുതൽ സ്വീകാര്യമായി തോന്നുന്നു. ദൈവമാതാവു് എന്നുള്ള നിലയിൽ മറിയം മിശിഹായോടു് വരപ്രസാദത്തിൻെറ സമ്പാദനത്തിൽ അവഗാഢമായവിധം സഹകരിച്ചു പ്രവത്തിച്ചതുകൊണ്ടു് ഏതാദൃശമായ ഒരു സഹകരണം വരപ്രസാദത്തിൻെറ വിതരണത്തിലും ഉണ്ടായിരിക്കുന്നതു് തികച്ചും യുക്തിപൂൎണ്ണമാണു്. വെറും മാദ്ധ്യസ്ഥ്യംമാത്രം സൎവ്വ വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ എന്ന അവളുടെ ദൈവദത്തവും സമുന്നതവുമായ സ്ഥാനത്തെ പരിപൂൎണ്ണമായി പ്രകാശിപ്പിക്കുന്നില്ല.

സഹരക്ഷക, സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ എന്നീ നിലകളിൽ മറിയം തിരുസഭയുടെ ഒരു പ്രതീകമാണു്. പക്ഷേ തിരുസഭയുടേതിനേക്കാറം സമുന്നതമാണു് അവളുടെ ദൗത്യം. സഭ ബാഹ്യമായിമാത്രം കൂദാശകറം നൽകുന്നു. മറിയം ആന്തരികമായി വരപ്രസാദം നൽകുകയും ആത്മീയമായി അതിനു് നമ്മെ സജ്ജമാക്കുകയും ചെയ്യുന്നു. സഭയുടെ മാതൃത്വം പ. കന്യകയുടെ മാതൃത്വത്തിലും അതിൻെറ ശക്തിയാലും സംസിദ്ധമാകുമ്പോറം ദൈവജനനി അവളുടെ മാതൃത്വപരിരക്ഷണം സഭയിലും സഭ വഴിയായും തുടൎന്നുകൊണ്ടുപോകുന്നു. (1)

പ്രസാദവരത്തിലുള്ള മറിയത്തിൻെറ സാൎവ്വത്രികമായ മാദ്ധ്യസ്ഥ്യം അതിനാൽതന്നെ അനിവാര്യമല്ല. പക്ഷേ ഇപ്പോറം പരിത്രാണകൎമ്മത്തിലെ ദൈവിക ക്രമീകരണത്തിൽ അതു് അനിവാര്യമാണു്. ദൈവജനനിയുടെ മാദ്ധ്യസ്ഥ്യം ദൈവതിരുമനസ്സിനെ ഒരിക്കലും ഭേദപ്പെടുത്തുന്നില്ലെങ്കിലും അതു് എപ്പോഴും രക്ഷാകരമായ ദൈവതിരുമനസ്സിനെ സമ്യക്കായി പ്രകാശിപ്പിക്കുന്നു. വേദശാസ്ത്രപ്രവീണനായ ഫാദർ ഷീബൻ പ്രസ്താവിക്കു

(1) M. J. Scheeben. Mariology. vl: ii

ന്നതുപോലെ: ''പരിത്രാണകൃത്യത്തിൻെറ ഇന്നത്തെ ക്രമീകരണത്തിൽ മറിയത്തിൻെറ മാദ്ധ്യസ്ഥ്യം എല്ലാവക്കും രക്ഷ പ്രാപിക്കാൻ അപരിത്യാജ്യമാണ്''. (2)

ദൈവമാതാവിൻെറ ഹൃദയത്തിന് പരിത്രാണകമ്മത്തിൽ സ്ഥാനം നൽകിയതു് ദൈവത്തിന് നമ്മുടെ നേരേയുള്ള സ്നേഹം സജീവമാക്കുന്നതിനല്ല; പ്രത്യുത, ദൈവത്തിൻെറ അനന്തമായ സ്നേഹം, അപേക്ഷിക്കുന്ന ദൈവമാതൃഹൃദയംവഴി പ്രകടമാക്കി, അപേക്ഷിക്കുന്ന മാതാവിൻെറ ഭക്തിയിൽ ദൈവത്തിൻെറ കരുണാസംപൂർണ്ണമായ സ്നേഹം പ്രതിഫലിക്കുന്നതാണ് എന്നത്രെ റവ. ഫാ. നോയിനർ എസ്സ്. ജെ. അഭിപ്രായപ്പെടുന്നതു്.

ഫാ. ഷീബൻ, ഫാ. റൊസ്സീനി, സെമൽറോത്തു്, ഫാ. കാൽ റാനർ എസ്സ്. ജെ, കാനൻ ബിററർമി, ഡോ. ജി. ഡി. സ്മിത്തു്, ഫാ. ഗാരിഗോലാഗ്രാഞ്ച്യ് മുതലായ അനേകം വേദശാസ്ത്രപണ്ഡിതന്മാരുടെ സുചിന്തിതമായ അഭിപ്രായം യാതൊരു അപവാദവുമില്ലാതെ എല്ലാ വരപ്രസാദങ്ങളും— കൂദാശകളുടെ വരപ്രസാദവും— പരിശുദ്ധകന്യകയുടെ മാദ്ധ്യസ്ഥ്യം വഴിയാണ് നമുക്ക് ലഭിക്കുന്നതു് എന്നാണ്. മറിയം സവ്വ പ്രസാദവരങ്ങളുടെയും മദ്ധ്യസ്ഥയായിരിക്കുന്നതിന് ചില സംഗതികൾ അവശ്യാവശ്യമാണ്. ഒന്നാമതു്, ദൈവത്താൽ അപ്രകാരം നിയോഗിതയായിരിക്കണം. മിശിഹായുടെയും മനുഷ്യവഗ്ഗത്തിൻെറയും മദ്ധ്യവത്തിയായിരിക്കുന്നതിനാൽ പ. കന്യക ആസ്തിക്യപരമായി (Ontologically) തന്നെ നമ്മുടെ മദ്ധ്യസ്ഥയാണ്. നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിക്കുന്നതിനുള്ള കഴിവ് മാതാവിനുണ്ടായിരിക്കുകയും, നമ്മുടെ ആവശ്യങ്ങൾ അവൾ അറിയുകയുംവേണം. ഈ സംഗതികളെല്ലാം അതിൻെറ ഏററവും പരിപൂർണ്ണതയിൽ പ. കന്യകയിൽ നാം ദശിക്കുന്നു.

ദൈവസ്നേഹം അഥവാ ദൈവവുമായിട്ടുള്ള ഐക്യം ഒരു വിശുദ്ധനിൽ അഥവാ വിശുദ്ധയിൽ എത്ര വദ്ധിച്ചിരിക്കുന്നുവോ അതിൻെറ തോതനുസരിച്ചാണ് വിശുദ്ധരുടെ മാദ്ധ്യസ്ഥ്യശക്തി എന്നാണ് വി. തോമസ് അ

(2) Fr. M· J. Scheeben. Mariology vl: ii p. 272

കഫീനാസ് അഭിപ്രായപ്പെടുന്നത്. (3). വിശുദ്ധന്മാർ അവരുടെ ആത്മികജീവിതത്തിൽ അവർക്കുവേണ്ടിയും മററുള്ളവക്കുവേണ്ടിയും എത്രമാത്രം യോഗ്യത സമ്പാദിച്ചുവോ, അതിനു് ആനുപാതികമായിരിക്കും അവരുടെ മാദ്ധ്യസ്ഥ്യംവഴിയായി ലഭിക്കുന്ന അനുഗ്രഹങ്ങളും എന്നു് വി. തോമസ് അകഫീനാസ് പ്രസ്താവിക്കുന്നു. (4). വിശുദ്ധർ ലോകത്തിലായിരുന്നപ്പോഠം ആദ്ധ്യാത്മികമായ സ്വാധീനശക്തി എത്ര വ്യാപകമായിരുന്നുവോ തത്തുല്യമായ ഒരു സ്വാധീനത സ്വർഗ്ഗത്തിൽ വരപ്രസാദങ്ങളുടെ വിനിയോഗത്തിലുമുണ്ടായിരിക്കും. നമ്മുടെ മാതാവ് ലോകരക്ഷകൻെറ അമ്മ, സഹരക്ഷക എന്നീ വിവിധ നിലകളിൽ, നമ്മുടെ കത്താവീശോമിശിഹാ (De condigno) മാനവവംശത്തിനുവേണ്ടി എന്തെല്ലാം സമ്പാദിച്ചുവോ അതെല്ലാം ഔചിത്യപ്രകാരം (De congruo) നമുക്കുവേണ്ടി സമ്പാദിച്ചു.

ദൈവികദശ്നം അനുഭവിക്കുന്ന വിശുദ്ധന്മാർ ദൈവത്തെദശിക്കുമ്പോഠം അവരുടെ പ്രസാദവരയോഗ്യതയ്ക്കും മഹത്വത്തിനുമനുസരണമായി അവരെ സംബന്ധിക്കുന്ന സകല സംഗതികളും അറിയുന്നു (5) എന്നത്രെ വി. തോമസ് അകഫീനാസിൻെറ അഭിമതം.

പ. കന്യക വരപ്രസാദത്തിൻെറ കത്താവായ മിശിഹായോടു ഏററവും കൂടുതൽ അടുത്ത പ്രസാദവര പൂൎണ്ണത (Plenitudo gratiae) പ്രാപിച്ചിരുന്നു. വരപ്രസാദദാതാവിനെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്തുകൊണ്ടു് ഒരത്ഥത്തിൽ എല്ലാവക്കും അവഠം വരപ്രസാദം നേടിക്കൊടുത്തു എന്നു വി. തോമസ് അകഫീനാസ് പറയുന്നു.

പ. കന്യകയുടെ ഇതിനു മുമ്പുള്ള എല്ലാ മാദ്ധ്യസ്ഥ്യപ്രവത്തികളും സസൂക്ഷ്മം പരിശോധിച്ചാൽ അതു് യാതൊരു വ്യത്യാസവുമില്ലാതെ എല്ലാ വരപ്രസാദങ്ങളുടെയും സാവ്വത്രിക മദ്ധ്യസ്ഥതയിലേയ്ക്കു നയിക്കുന്നതായി

(3) St. Thomas. ii. ii ae. q: 83. a. 11.
(4) St. Thomas Suppli. q: 72– 3– a 4
(5) St. Thomas Suppli: q: 72. a 1

നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. അതിൻെറ അഭാവം ഒരു വൈരുദ്ധ്യമായി നമുക്കു പ്രത്യക്ഷപ്പെടും (Anomaly). ദിവ്യജനനിയുടെ മദ്ധ്യസ്ഥ എന്നുള്ള വല്ലഭം പരസ്പരബന്ധിതവും സജീവവുമായ അനേക ഘടകങ്ങൾ ഉൾക്കൊള്ളുന്നതിനാൽ അവസാനത്തേത്ത് ആദ്യമുള്ളവയിൽ അധിഷ്ഠിതവും അതിൻെറ സ്വാധീനശക്തി പ്രതിഫലിപ്പിക്കുന്നവയുമാണ് എന്നത്രെ മരിയശാസ്ത്രപണ്ഡിതനായ ഫാദർ ഷീബൻ രേഖപ്പെടുത്തിയിട്ടുള്ളത്.

ദൈവജനനി മിശിഹായുടെ അതുല്യമായ ബലിയിൽ സഹകരിച്ചതിനാൽ പരിത്രാണകർമ്മത്തിൻെറ യോഗ്യതകളുടെ എല്ലാവക്കും എല്ലാക്കാലത്തേയ്ക്കുമുള്ള ഭണ്ഡാരമായിത്തീൎന്നു. തന്മൂലം പരിശുദ്ധ കന്യക പരിത്രാണം ചെയ്യപ്പെട്ട എല്ലാവരുടെയും മാതാവായി. പരിത്രാണകർമ്മത്തിലെ എല്ലാ യോഗ്യതകളും പ്രസാദവരജീവനും മററുള്ളവക്കു പകൎന്നു കൊടുക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പൂർത്തീകരിക്കപ്പെടുന്നതിനുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അമ്മയുടെ പരിലാളന ശിശുവിൻെറ വളച്ച്യ്ക്കനുപേക്ഷണീയമായിരിക്കുന്നതുപോലെ മനുഷ്യവൎഗ്ഗത്തിൻെറ ആദ്ധ്യാത്മികമാതാവായ മറിയത്തിൻെറ നിരന്തരവും സാൎവ്വത്രികവുമായ സഹകരണം അതിനത്യാവശ്യമാണ്. വരപ്രസാദങ്ങളുടെ വിതരണം സഭയുമായി പരിപൂൎണ്ണമായവിധം ബന്ധപ്പെട്ടിരിക്കുന്നു. സഭ ഇതു പ്രായോഗികമാക്കുന്നതു് മറിയത്തിൻെറ മാതൃത്വത്തിലും അതിൻെറ ശക്തിയാലുമാണ്. അവൾക്കു് ദൈവത്തോടും മിശിഹായോടുമുള്ള അവഗാഢമായ ഐക്യം, മനുഷ്യരോടുള്ള നിസ്സീമമായ സ്നേഹം, മൗതികശരീരത്തിൻെറ അത്ഭുതാവഹമായ ഐക്യം ഇവയെല്ലാം അവളുടെ വരപ്രസാദ മാദ്ധ്യസ്ഥ്യത്തിനുള്ള വേദശാസ്ത്രപരമായ കാരണങ്ങളാണ്.

സൃഷ്ടിയുടെ പുസ്തകത്തിൽ (അദ്ധ്യായം iii വാ. 15.) സൎപ്പത്തെ ശപിച്ചുകൊണ്ടു് ദൈവം അരുളിച്ചെയ്ത വാക്കുകൾ ഈ അവസരത്തിലും സ്മൎത്തവ്യമാണ്. വി. യോഹന്നാൻെറ സുവിശേഷത്തിൽ (അദ്ധ്യായം xix. 26–27.) മിശിഹാ കുരിശിലെ ബലി പൂർത്തീകരിക്കുന്നതിനു മുമ്പായി

അരുളിച്ചെയ്ത അന്തിമശാസനവും പ. കന്യകയുടെ സാ
വ്വത്രിക മാദ്ധ്യസ്ഥ്യത്തെ പ്രഖ്യാപിക്കുന്നുണ്ട്. ഇവിടെ
നമ്മുടെ കത്താവീശോമിശിഹാ പ. കന്യകയുടെ ആദ്ധ്യാ
ത്മികമാതൃത്വം പ്രഖ്യാപിക്കുക മാത്രമല്ല പ്രത്യുത, മനുഷ്യ
രുടെ ആദ്ധ്യാത്മികജീവനെ നൽകുക, പരിപോഷിപ്പിക്കു
ക, സംരക്ഷിക്കുക, വദ്ധിപ്പിക്കുക എന്നിങ്ങനെയുള്ള മാതൃ
സഹജമായ ജോലികളും അവിടന്ന് ഭരമേല്പിക്കുന്നുണ്ട്.
മിശിഹായുടെ പ്രസ്തുത വാക്കുകൾ പ്രദ്യോതിപ്പിക്കുന്നത്
ഇപ്രകാരമാണ്: കുരിശിലെ എൻെറ മരണത്തിൻെറ
യോഗ്യതകൾ വഴിയായല്ലാതെ ഒരുവനും രക്ഷപ്പെടുകയി
ല്ലാത്തതുപോലെതന്നെ എൻെറ മാതാവിൻെറ പരിലാള
ന കൂടാതെ യാതൊരു വ്യക്തിക്കും ജീവദായകമായ എ
ൻെറ രക്തത്തിൽ ഭാഗഭാഗിത്വവും സിദ്ധിക്കുകയില്ല.
മറിയത്തെ മാതാവായി ബഹുമാനിക്കാതെ പിതാവി
നെ പിതാവെന്നഭിസംബോധന ചെയ്യുന്നത് വ്യത്ഥമാകു
ന്നു എന്നത്രെ ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നത്.

സ്നാപകയോഹന്നാൻെറ വിശുദ്ധീകരണം (വി. ലൂ
ക്കാ. i. 41–44;), കാനായിലെ കല്യാണവിരുന്നിൽ മി
ശിഹായുടെ പ്രഥമാത്ഭുതം (വി. യോഹ: ii.3–8), ശ്ലീഹ
ന്മാർ ഊട്ടുശാലയിൽ ദൈവമാതാവിനോടുകൂടി പ്രാത്ഥി
ച്ചുകൊണ്ടിരുന്നപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവ്
എഴുന്നെള്ളി വന്നത് (ശ്ലീഹ. നടപടി i. 14) എന്നീ
വിശുദ്ധ ഗ്രന്ഥഭാഗങ്ങളും പരിശുദ്ധ കന്യകയുടെ സാവ്വ
ത്രിക മാദ്ധ്യസ്ഥ്യത്തെ സ്ഥിരീകരിക്കുന്നതിനു് പര്യാപ്ത
ങ്ങളാണ്. വി. ഗ്രന്ഥം പഴയനിയമത്തിൽ പരിശുദ്ധ
കന്യക സാവ്വത്രിക മദ്ധ്യസ്ഥ എന്ന നിലയിലുള്ള പ്രതി
രൂപങ്ങളും പ്രതീകങ്ങളും നാം കാണുന്നുണ്ട്. എസ്തേർ രാ
ജ്ഞി, നോഹിൻെറ പെട്ടകം മുതലായവ ഈ ഗണത്തിൽ
പെടുന്നു.

മദ്ധ്യശതകങ്ങൾ മുതൽ തിരുസഭ ഈ തത്വം വളരെ
വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. ആദിമ ശതകം മുതൽ പ
രോക്ഷമായി ഇതു് അംഗീകരിച്ചിരുന്നു. മറിയത്തെ പു
തിയ അവ്വാ, ജീവൻെറ മാതാവ് എന്നിങ്ങനെ അഭി
സംബോധന ചെയ്തിരിക്കുന്നു. അവ്വായെയും പ. കന്യക

യെയും തമ്മിൽ താരതമ്യ വിവേചനം ചെയ്തു (Contrast) കൊണ്ടുള്ള പ്രസ്താവനകളും സുലഭമത്രെ. ഇന്നസെൻറ് മൂന്നാമൻ മാപ്പാപ്പാ പ്രസ്താവിക്കുന്നു: ''Per Evam mors intravit in orbem; per mariam vita redibit ad orbem. –അവ്വാ വഴിയായി മരണം ലോകത്തിൽ പ്രവേശിച്ചു. മറിയംവഴി ജീവൻ ലോകത്തിൽ പ്രത്യാഗമിച്ചു.''

ഒമ്പതാം പീയൂസ് മാപ്പാപ്പാ ''Ubi primum'' (ഊബി പ്രീമും) എന്ന വിശ്വലേഖനത്തിൽ പ്രസ്താവിക്കുന്നതിപ്രകാരമാണ്: ''എല്ലാ പ്രതീക്ഷകളും രക്ഷയും പ്രസാദവരവും മറിയം വഴിയായിട്ടാണ് നമുക്കു് ലഭിക്കുന്നതു് എന്നു് എല്ലാവരും അറിയേണ്ടതിനായി ദൈവം എല്ലാ നന്മകളുടെയും ഭണ്ഡാഗാരം മറിയത്തെ ഭരമേല്പിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നാം എല്ലാ അനുഗ്രഹങ്ങളും മറിയംവഴി പ്രാപിക്കണമെന്നു് ദൈവം തിരുമനസ്സായിരിക്കുന്നു.'' (6)

പതിമൂന്നാം ലെയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ''Octoberi mense''(ഒക്ടോബറി മെൻസെ) എന്ന വിശ്വലേഖനത്തിൽ പ്രഖ്യാപിക്കുന്നതിപ്രകാരമാണ്: പ. കന്യക മനുഷ്യാവതാര രഹസ്യത്തിനു സമ്മതം നൽകിയതു നിമിത്തം നമുക്കു് നീതിപൂർവ്വം പ്രസ്താവിക്കുവാൻ സാധിക്കും കർത്താവ് നമുക്കുവേണ്ടി സമ്പാദിച്ച എല്ലാ പ്രസാദവര ഭണ്ഡാഗാരത്തിൽനിന്നും യാതൊന്നും മറിയം വഴിയായിട്ടല്ലാതെ നമുക്കു ലഭിക്കുന്നില്ലായെന്നു്. പുത്രൻ വഴിയായിട്ടല്ലാതെ ആർക്കും പിതാവിൻെറ സവിധത്തിലണയുവാൻ സാധിക്കാത്തതുപോലെ (itafere) ഒരുത്തർക്കും മറിയംവഴിയല്ലാതെ പുത്രനെയും സമീപിക്കുവാൻ സാദ്ധ്യമല്ല. (7)

വി. പത്താം പീയൂസ് മാപ്പാപ്പാ ''Ad diem illum'' (ആദ് ദീയം ഇല്ലും) എന്ന വിശ്വലേഖനത്തിൽ പ്രഖ്യാപിക്കുന്നതിപ്രകാരമാണ്: കന്യകമറിയം വിശുദ്ധിയിലും ക്രിസ്തുവിനോടുള്ള ഐക്യത്തിലും എല്ലാവരെ

---

(6) Pope Pius ix. Ency. Ubi primum
(7) Leo xiii. Ency. Octoberi mense

യും അതിലംഘിക്കുന്നതിനാലും പരിത്രാണകർമ്മത്തിൽ മിശിഹാതന്നെ സഹകാരിണിയായി സ്വീകരിച്ചതിനാലും കർത്താവ് നീതിപ്രകാരം നമുക്കുവേണ്ടി എന്തെല്ലാം യോഗ്യത സമ്പാദിച്ചുവോ അതെല്ലാം ഔചിത്യരീത്യാ പ. കന്യക നമുക്കുവേണ്ടി സമ്പാദിച്ചു. അതുകൊണ്ട് അവൾ പ്രസാദവരത്തിൻെറ ഏററവും വലിയ വിതരണക്കാരിയുമായിരിക്കുന്നു. അവൾ ഒരു മാതാവിൻെറ അധികാരത്തോടുകൂടി മിശിഹായുടെ യോഗ്യതകളുടെ ഭണ്ഡാരത്തെ ഭരിക്കുന്നു.

പതിനഞ്ചാം ബനഡിക്തോസ് മാർപ്പാപ്പാ "ഇൻറർ സൊഡാലിച്ചിയാ" (Inter sodalicia)എന്ന വിശ്വലേഖനത്തിൽ മേരിയുടെ സഹരക്ഷണീയ കർമ്മത്തിൽനിന്നും വരപ്രസാദമാദ്ധ്യസ്ഥ്യത്തെ ന്യായീകരിക്കുന്നുണ്ട്. കർദ്ദിനാൾ മെഴ്സിയർ തിരുമനസ്സിലെ അഭ്യർത്ഥനയനുസരിച്ച് ബൽജിയത്തിലുള്ള എല്ലാ രൂപതകളിലും സർവ്വപ്രസാദവരമദ്ധ്യസ്ഥയായ നമ്മുടെ നാഥയുടെ ബഹുമാനാർത്ഥം ദിവ്യബലിയും പ്രത്യേക കാനോനിക പ്രാർത്ഥനകളും അനുവദിച്ചിട്ടുണ്ട്. പ. പിതാവ്തന്നെ ലോകത്തിലുള്ള ഏതു രൂപതയും ആവശ്യപ്പെട്ടാൽ ഇതേ അനുവാദം നൽകുന്നതിനായി റീത്തുകളുടെ തിരുസംഘത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ബൈസൻറയിൻ, കോപ്റ്റിക്ക്, സിറിയൻ, അർമേനിയൻ, കൽദായ മുതലായ പൗരസ്ത്യ റീത്തുകളിലെ ആരാധനക്രമങ്ങളിലും പ. കന്യകയുടെ സാർവ്വത്രികമായ വരപ്രസാദമാദ്ധ്യസ്ഥ്യത്തെ സൂചിപ്പിക്കുന്ന പ്രാർത്ഥനകൾ സുലഭമാണ്. "പ്രാർത്ഥിക്കുന്നതിനുള്ള നിയമമാണ്വിശ്വാസം." പതിനൊന്നാം പീയൂസ് മാർപ്പാപ്പാ വിശ്രുത പുരോഗാമികളുടെ പ്രബോധനങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് "മിസെരന്തീസിമൂസ് റെഡേംപ്റേറാർ" (Miserentissimus Redemptor) എന്ന വിശ്വലേഖനം ഉപസംഹരിക്കുന്നതു് ഇപ്രകാരമാണ്: "ദൈവത്തിൻെറയും മനുഷ്യരുടെയും ഏക മദ്ധ്യസ്ഥൻ ക്രിസ്തുവാണ്. എങ്കിലും അവിടത്തെ മാതാവിനെ പാപികളുടെ സങ്കേതമായി, വരപ്രസാദങ്ങളുടെ വിതരണക്കാരിയും മദ്ധ്യസ്ഥയുമായി നിയമിക്കുന്നതിന്

തിരുമനസ്സായി. ആ മാതാവിൻെറ മാദ്ധ്യസ്ഥ്യതയിൽ പൂർണ്ണമായി ശരണപ്പെട്ടുകൊണ്ടു് നാം നമ്മുടെ ശ്ലൈഹികാശീർവ്വാദം നൽകുന്നു.''

ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 1961–ൽ ലിസ്യൂവിൽ സമ്മേളിച്ച മരിയൻ കോൺഗ്രസിനു് അയച്ച സന്ദേശത്തിൽ ഇപ്രകാരമാണു് അരുളിച്ചെയ്തതു്: (ആ മരിയൻ കോൺഗ്രസ്സ് പ. കന്യകയ്ക്കു പരിത്രാണകർമ്മത്തിലുള്ള പങ്കു് എന്ന വിഷയത്തെ പരാമർശിച്ചു ചർച്ചകൾ നടത്തുന്നതിനായിട്ടാണു് സമ്മേളിച്ചതു് എന്നുള്ളതും സ്മർത്തവ്യമത്രെ.) ''നാമെല്ലാവരും പ. കന്യകയുടെ പരിലാളനയാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നു. (''Envoloped under the mantle of her maternal protection'') അവൾ നമ്മെ ആകാംക്ഷപൂർവ്വം സൂക്ഷിക്കുന്നു, പരിപോഷിപ്പിക്കുന്നു, സംരക്ഷിക്കുന്നു, നമുക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. അസാധാരണ പ്രസ്താവനകൾ പരിവർജ്ജിക്കണം. നാം എല്ലാവരും ക്രിസ്തുവിനെ കാണുന്നതു് മറിയം വഴിയാണു്.'' (8)

പൗരസ്ത്യ സഭാപിതാവായ വി. അപ്രേം ഏകദേശം ഏഴു പ്രാവശ്യം ''Mediatrix'' (മദ്ധ്യസ്ഥ) എന്നു പ. കന്യകയെ വിളിച്ചിട്ടുണ്ടു്. ലോകത്തിൻെറ മദ്ധ്യസ്ഥ, മിശിഹാ കഴിഞ്ഞാൽ സർവ്വ ലോകത്തിൻെറയും മദ്ധ്യസ്ഥ എന്നാണു് വി. അപ്രേം വിവക്ഷിച്ചിരിക്കുന്നതു്. നിങ്ങൾക്കാവശ്യമുള്ള എല്ലാ അനുഗ്രഹങ്ങളും പ. കന്യകയോടു് തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുക എന്നും വിശുദ്ധൻ ഉൽബോധിപ്പിക്കുന്നുണ്ടു്.

ദൈവമാതൃത്വത്തിൻെറ മല്പാൻ എന്ന സംജ്ഞക്കർഹനായ അലക്സാന്ത്രിയായിലെ വി. സിറിൽ എഫേസൂസ്സ് സൂനഹദോസിൽ ചെയ്ത പ്രസംഗം ശ്രദ്ധേയമാണു്: ''ലോകത്തിൻെറ മുഴുവൻ അനുഗ്രഹങ്ങളുടെ ഭണ്ഡാരമായി വണങ്ങപ്പെടേണ്ട പ്രസാദവരപൂർണ്ണയായ ദൈവമാതാവേ, അവിടന്നു് ഒരിക്കലും അണയാത്ത നിത്യദീപമാണു്, കന്യാത്വത്തിൻെറ മണിമകുടമാണു്, സത്യവിശ്വാസ

(8) Pope John xxiii. Message to marian Congress held at Liesseux. in July 1961.

ത്തിൻെറ സംരക്ഷകയാണ്. .... അവിടന്നുവഴി പ. ത്രീത്വം ആരാധിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുന്നു. ലോകം മുഴുവൻ കുരിശ്ശ് ആദരിക്കപ്പെടുന്നു, സ്തുതിക്കപ്പെടുന്നു. മാലാഖാമാരും മുഖ്യദൂതന്മാരും സന്തോഷിക്കുന്നു. പിശാചുക്കൾ ഭയവിഹ്വലരായി പലായനം ചെയ്യുന്നു. പൈശാചിക പ്രലോഭകൻ സ്വർഗ്ഗത്തിൽനിന്നു് നിപതിക്കുന്നു. അധ:പതിച്ച മനുഷ്യവർഗ്ഗം അവിടന്നുവഴി സ്വർഗ്ഗത്തിലേയ്ക്കു നയിക്കപ്പെട്ടു. എല്ലാ സൃഷ്ടജാലങ്ങളും സത്യത്തിലേയ്ക്കു ആനീതമാകുന്നു. അവിടന്നുവഴിതന്നെ പ. മാമോദീസായും സ്ഥൈര്യലേപനവും വിശ്വാസികളുടെ പക്കൽ അണയുന്നുണ്ടു്. ലോകം മുഴുവനിലും ദേവാലയങ്ങൾ സ്ഥാപിതമാകുന്നു. എല്ലാ ജനപദങ്ങളും അനുതാപത്തിലേയ്ക്കാനയിക്കപ്പെടുന്നു. ഇനി എന്താണ് ഞാൻ കൂടുതലായി പറയുവാനുള്ളതു്. അന്ധകാരത്തിലും മരണഭീകരതയിലും സ്ഥിതി ചെയ്യുന്നവരെ ദൈവത്തിൻെറ ഏക ജാതൻ പ്രകാശിപ്പിക്കുന്നതു് കന്യകാമറിയംവഴിയാണ്.''

പ. കന്യകയുടെ സാർവ്വത്രിക മാദ്ധ്യസ്ഥ്യത്തിൻെറ മല്പാൻ എന്ന അപരാഭിധാനത്തിനർഹനായ വി. ബർണ്ണാർദിൻെറ വാക്കുകളും നമ്മുടെ സവിശേഷമായ ആദരവിനെ അർഹിക്കുന്നുണ്ടു്: ''മനുഷ്യാ, ദൈവത്തിൻെറ നിർദ്ദേശം ശ്രവിച്ചാലും, ജ്ഞാനത്തിൻെറയും ഭക്തിയുടെയും സദുപദേശം അംഗീകരിച്ചാലും.... മനുഷ്യവർഗ്ഗത്തിൻെറ പരിത്രാതാവ് രക്ഷയുടെ വില പ. കന്യകയിൽ നിക്ഷേപിച്ചു. ഈ വിശ്വത്തെ ദീപ്തിമത്താക്കുന്ന ഭാസ്കരബിംബത്തെ നീക്കുക. എവിടെയാണ് പ്രകാശം? സമുദ്രതാരമായ മറിയത്തെ നീക്കുക, സാർവ്വത്രികമായ മൂടൽമഞ്ഞും അന്ധകാരവും മരണഭീതിയും മാത്രം അവശേഷിക്കും.... അതിനാൽ നാം എല്ലാം മറിയംവഴിയായി പ്രാപിക്കണമെന്നു് ദൈവം തിരുമനസ്സായിരിക്കുകയാൽ നമുക്കു് ഈ നാഥയെ ഭക്തിപൂർവ്വം, ഹൃദയംഗമമായി, സർവ്വ ശക്തികളോടുംകൂടി സ്തുതിക്കാം. Deus totum nos habere voluit per Mariam– നാം സർവ്വതും മറിയംവഴിയായി പ്രാപിക്കണമെന്നു് ദൈവം തിരുമനസ്സായി.''

വി. തോമസ് അകചീനാസ് പ്രസ്താവിക്കുന്നു: ''ആദ്ധ്യാത്മികവും മൗതികവുമായ വിവാഹത്തിൽ മിശിഹായുടെ മാതാവായ പ. കന്യക ഉപദേശകയായിരിക്കുന്നു. മററു വിവാഹത്തിൽ ഒരു മദ്ധ്യവത്തി എന്നതുപോലെ. ദൈവജനനി അവിടത്തെ മാദ്ധ്യസ്ഥ്യം വഴി വരപ്രസാദമാർഗ്ഗേണ ആത്മാവുകളെ ക്രിസ്തുവുമായി യോജിപ്പിക്കുന്നു.''

സിയന്നായിലെ വി. ബർണഡയിൻ മറിയത്തിൻെറ സാവ്വത്രിക മാദ്ധ്യസ്ഥ്യത്തെ സവിസ്തരം വളരെ ഹൃദയഹാരിയായ രീതിയിൽ പ്രതിപാദിക്കുന്നുണ്ട്: ''(മിശിഹാ) അവിടത്തെ ദൈവസ്വഭാവം മുഴുവൻ, അവിടത്തെ മനസ്സ്, ശക്തി, ജ്ഞാനം, അവിടത്തെ അസ്തിത്വവും, സത്തയുമെല്ലാം പ. കന്യകയുടെ ഉദരത്തിൽ മറച്ചതിനാൽ പ. കന്യകയ്ക്കു വരപ്രസാദത്തിൻെറ പ്രവാഹത്തിൽ ചില അധികാരമുണ്ടെന്നു് (Certain Jurisdiction) പറയുന്നതിനു് ഞാൻ ഭയപ്പെടുന്നില്ല. എന്തെന്നാൽ ദൈവികസാഗരത്തിൽ നിന്നെന്നതുപോലെ തൻെറ ഉദരത്തിൽനിന്നും വരപ്രസാദത്തിൻെറ അരുവികളും നദികളും ഒഴുകുന്നു. പരിശുദ്ധാത്മാവിനെ പുറപ്പെടുത്തുന്ന ദൈവസുതൻെറ മാതാവാകയാൽ അവളുടെ സ്ഥാനം സവ്വോൽകൃഷ്ടമാണു്. തന്നിമിത്തം ആ പരിശുദ്ധാത്മാവിൻെറ എല്ലാ ദാനങ്ങളും, പുണ്യങ്ങളും, പ്രസാദവരവും അവളുടെ കരങ്ങൾ നയിക്കുന്നു. എപ്പോഴും, ഏതു പരിണാമത്തിൽ, ആക്കെല്ലാം നൽകണമെന്നു് പ. കന്യക ആഗ്രഹിക്കുന്നുവോ അവക്കുമാത്രം ലഭിക്കുന്നു. ചില വിശദീകരണങ്ങളോടുകൂടി കൂദാശ എന്ന അഭിധാനം പ. കന്യകയ്ക്കു നൽകാമെന്നാണു് ഫാദർ ഡെ ല ററയിൽ അഭിപ്രായപ്പെട്ടിട്ടുള്ളതു്.'' (9)

പാരമ്പര്യം മേരിയ്ക്കു നൽകിയിരിക്കുന്ന അഭിധാനമാണു് ''അപേക്ഷിക്കുന്ന സവ്വശക്തത (Suppliant Oomnipotence).'' അവരം പ്രാർത്ഥനയിൽ സവ്വ ശക്തയും മാദ്ധ്യസ്ഥ്യത്തിൽ സവ്വ വല്ലഭയുമാണു്. പ. കന്യകയുടെ

(9) De La Taille. O. P. Mysterium Fidei. P. 649.

സാവ്വത്രിക മാദ്ധ്യസ്ഥ്യം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിക്കപ്പെടത്തക്കതാണ് എന്നാണ് ഫാ. ഗാരിഗോലഗ്രാഞ്ച് അഭിപ്രായപ്പെടുന്നതു്. പാരമ്പര്യം പ. കന്യകയ്ക്കു നൽകിയിട്ടുള്ള പല അഭിധാനങ്ങളും ഈ സത്യം പരോക്ഷമായി വെളിപ്പെടുത്തിയിട്ടുണ്ടു് എന്നു തെളിയിക്കുന്നു. ദൈവമാതാവ് സ്വജാതൻെറ അടുക്കൽ ഏററവും ശക്തയായ മദ്ധ്യസ്ഥ, പരിത്രാതാവിനോടു് ഏററവും കൂടുതൽ അടുത്തു് സഹകരിച്ച പുതിയ അവ്വാ, എല്ലാ മനുഷ്യരുടെയും മാതാവ് എന്നിങ്ങനെയുള്ളവയാണ് പ്രസ്തുത നാമധേയങ്ങൾ. ഈ സത്യം സഭാപിതാക്കന്മാരും, വേദപാരംഗതരും അവരുടെ പ്രബോധനങ്ങളിലൂടെ ഔപചാരികമായും പ്രത്യക്ഷമായും ഏകകദേശം സാവ്വത്രികമായി അംഗീകരിച്ചിട്ടുമുണ്ടു്. (10). കാനൻബെറിററർമി തൻെറ "പ. കന്യകയുടെ സാവ്വത്രിക മാദ്ധ്യസ്ഥ്യം" (De mediatione universali B. V. Mariae) എന്ന ഗ്രന്ഥത്തിലും അഭിപ്രായപ്പെടുന്നു, പ. കന്യകയുടെ സാവ്വത്രിക മാദ്ധ്യസ്ഥ്യം പൊതുവായി പരിത്രാണകമ്മത്തെ മുഴുവനായി പരിഗണിക്കുമ്പോഴും വരപ്രസാദത്തിൻെറ വിനിയോഗത്തിലും പ്രഖ്യാപനാർഹമാണെന്നു്. കാർഡിനൽ മെഴ്സിയർ പ. കന്യകയുടെ സാവ്വത്രിക മാദ്ധ്യസ്ഥ്യം എന്ന സത്യം ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നതിനുവേണ്ടി പരിശ്രമിക്കുന്ന പ്രസ്ഥാനത്തിൻെറ നേതാവാണ്. അദ്ദേഹം ബനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പാ തിരുമനസ്സിലേയ്ക്കു് ഒരു അപേക്ഷ സമപ്പിച്ചിരുന്നു.

ഒരു ശരീരത്തിൽ ജീവദായകമായ രക്തം പ്രവഹിപ്പിക്കുന്നതിൽ ഹൃദയത്തിനുള്ള സ്ഥാനമാണ് പ. കന്യകയ്ക്കു് മൗതിക ശരീരത്തിലുള്ളതു്. അവൾ പരിശുദ്ധാത്മാവിൻെറ ഔദ്യോഗികവും ചലനാത്മകവുമായ ഉപകരണമാണ്. പരിശുദ്ധാത്മാവിൻെറ പ്രേമഭാജനമായ അവൾ മിശിഹായുടെ മനുഷ്യത്വത്തിൻെറ രൂപീകരണത്തിനു് പരിശുദ്ധാരൂപിയോടു് ഏററവും കൂടുതൽ സഹകരിച്ചതിനാൽ അവിടത്തെ മൗതികശരീരത്തിൻെറ അംഗങ്ങ

---

(10) G. Langrange. Mother of the Saviour and our interior Life.

ളെ രൂപീകരിക്കുന്നതിനായി ആദ്ധ്യാത്മികമായി ആ കൃത്യം തുടൎന്നുകൊണ്ടിരിക്കുന്നു. പ. കന്യക മനുഷ്യാവതാര രഹസ്യത്തിനു സമ്മതം നൽകിയതിനാലും ജീവിതകാലത്തു് സീമാതീതമായ യോഗ്യത സമ്പാദിച്ചുകൊണ്ടും, കുരിശുമരണത്തിൽ സഹകരിച്ചുകൊണ്ടും, നമ്മുടെ ആദ്ധ്യാത്മികമാതാവു് എന്ന സമുന്നത പദവി അലങ്കരിക്കുന്നു. അതു് അഭംഗുരം ഇന്നും തുടൎന്നുകൊണ്ടുപോകുകയാണു് വരപ്രസാദങ്ങൾ നൽകിക്കൊണ്ടു്. ലോകാവസാനംവരെ പ. കന്യക നമ്മുടെ മാതാവും, വരപ്രസാദ മദ്ധ്യസ്ഥയുമായിരിക്കും. ആധുനികലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിപൽസന്ധിയിൽ അതിനെ സാൎവ്വത്രികമായ നാശത്തിൽനിന്നും രക്ഷിക്കുന്നതിനായി ദിവ്യകന്യക അവളുടെ ഭാഗത്തുനിന്നും ചെയ്യുവാനുള്ളതു് എല്ലാം ചെയ്തിട്ടുണ്ടു്. മനുഷ്യന്റെ വീക്ഷണഗതിയിൽ വിപ്ലവാത്മകമായ ഒരു പരിവൎത്തനം, ക്രിസ്തീയ ജീവിതത്തിന്റെ നവോത്ഥാനം അത്യന്താപേക്ഷിതമാണു്. അതിനു് ദൈവജനനിയുടെ നേരെയുള്ള യഥാൎത്ഥവും സജീവവുമായ ഭക്തി ലോകവ്യാപകമായ രീതിയിൽ ഉണ്ടായേ മതിയാവൂ. കന്യകമറിയം വഴിയാണു് പരിത്രാണകൃത്യം സമാരംഭിച്ചതെങ്കിൽ അവൾവഴിതന്നെ അതിന്റെ പരിപൂൎത്തിയുമുണ്ടാവണം. ഈശോയുടെ ഭരണം മറിയത്തിന്റെ ഭരണംവഴിയത്രെ സ്ഥാപിതമാകേണ്ടതു്.

വിശ്വവിശ്രുത താത്വികനായ ഷാക്കു് മാരിറൈറന്റെ മാനസാന്തരം പ. കന്യകയുടെ സ്നേഹത്തിന്റെ ഒരു വിജയമാണെന്നാണു് അദ്ദേഹംതന്നെ പ്രസ്താവിക്കുന്നതു്.

ഷാക്കു് മാരിറൈറൻ 1882—ൽ ഹ്യൂഗ്നോട്ടു് എന്ന ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട മാതാപിതാക്കന്മാരിൽനിന്നും പാരീസിൽ ജനിച്ചു. അദ്ദേഹം കത്തോലിക്കനായപ്പോൾ അദ്ദേഹത്തിനു് സ്വദേശത്തു പഠിപ്പിക്കുന്നതിനുള്ള അവകാശംപോലും നിഷേധിച്ചു. എന്നാൽ അദ്ദേഹത്തിന്റെ 81—ാം വയസിൽ ഫ്രഞ്ചു് ഗവൎമെന്റു് ഫ്രാൻസിന്റെ ഏററവും വലിയ ദേശീയ ബഹുമതി നൽകി അദ്ദേഹത്തെ ബഹുമാനിച്ചു. അദ്ദേഹം ടൊറോൻറോയിൽ Institute of medieval studies (മദ്ധ്യയുഗപഠന

സമിതിയിലും) പ്രിൻസ്റ്റൺ യൂണിവേഴ്സിററിയിലും പ്രൊഫസറായിരുന്നു. അനേകം താത്ത്വിക ഗ്രന്ഥങ്ങളുടെ കർത്താവുമാണു്.

മാരിറൈറൻ 24—ാമത്തെ വയസിൽ കത്തോലിക്കാസഭയെ സമാശ്ലേഷിച്ചു. അദ്ദേഹത്തോടൊരുമിച്ചു് റഷ്യാക്കാരിയായ ഭാര്യ റീസാ ഹൗമൻകോഫും. അവരും ഒരു താത്ത്വികയും ഗ്രന്ഥകർത്ത്റിയുമാണു്.

ഇവർ രണ്ടു പേരുടെയും മാനസാന്തരത്തിനു് വിശ്രുത ഫ്രഞ്ചു ചിന്തകനായ ലെയോൺ ബ്ലോയിയും സ്വാധീനത ചെലുത്തിയിട്ടുണ്ടു്. ബ്ലോയി വഴിയാണു് അവർ പ. കന്യകയെപ്പററി അറിയുന്നതു്. മാരിറൈറനും ഭാര്യ റീസായും സൊർബോൺ യൂണിവേഴ്സിററിയിലെ വിദ്യാത്ഥികളായിരുന്നു. സുപ്രസിദ്ധ ഫ്രഞ്ചു് യഹൂദ താത്ത്വികനായ ഹെൻട്രി ബർഗസോണിൻെറ കീഴിലാണു് അവർ അദ്ധ്യയനം നടത്തിയിരുന്നതു്. ബെർഗസോണിൻെറ ക്ലാസിൽവച്ചുതന്നെ മാരിറൈറൻ അദ്ദേഹത്തിൻെറ പ്രോട്ടസ്റ്റൻറു് മതവിശ്വാസത്തെ ചോദ്യം ചെയ്തുതുടങ്ങി. അതേ ക്ലാസിൽതന്നെ സംബന്ധിച്ചിരുന്ന ഒരു യഹൂദയായ റീസാ തൻെറ യഹൂദവിശ്വാസത്തെയും വിമശിച്ചു. ബെർഗസോൺ യഹൂദനായിരുന്നെങ്കിലും അദ്ദേഹത്തിൻെറ പ്രബോധനങ്ങൾ പലതും കത്തോലിക്കാ വിശ്വാസത്തോടു് വളരെ അടുത്തതായിരുന്നു. റീസായും അവളുടെ സഹോദരിയും മാതാപിതാക്കന്മാരോടുകൂടി റഷ്യയിൽനിന്നും പാരീസിലേക്കു കുടിയേറിപ്പാത്തവരാണു്. സാർചക്രവത്തിയുടെ റഷ്യൻ പോലീസു് മർദ്ദനത്തെ ഭയന്നു് രക്ഷ പ്രാപിക്കുവാനാഗ്രഹിച്ച റഷ്യൻ വിദ്യാത്ഥികളെ സഹായിക്കുന്ന സംരംഭത്തിലേപ്പെട്ടിരുന്നതുകൊണ്ടു് മാരിറൈറനും റീസായുംതമ്മിൽ പരിചയപ്പെട്ടു. ഈ ക്രൂശുയുദ്ധത്തിൽ പിന്നീടു് അവർ സഹപ്രവത്തകരായി.

1904 നവംബർ മാസം 26—ാം തീയതി അവർ വിവാഹ ബദ്ധരായി ഒരു പുതിയ ജീവിതാദ്ധ്യായത്തിലേക്കു പ്രവേശിച്ചു. അധികം താമസിയാതെ അവർ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട തീക്ഷ്ണതയുററ ബ്ലോയി ദമ്പതികളുമായി പരിചയപ്പെട്ടു. ലെയോൻ ബ്ലോയി

ലാസലേററ് മാതാവിൻെറ വലിയ ഒരു പ്രേഷിതനായിരുന്നു. അദ്ദേഹം ''കരയുന്ന നാഥ''(Celle Quni Pleure) എന്ന ഒരു ഗ്രന്ഥം ലാസലേററ് ദശ്നങ്ങളെ പരാമശിച്ച് വിരചിച്ചിട്ടുണ്ട്. ആ ദശ്നങ്ങളിൽ ഫ്രഞ്ചു് ജനത അവരുടെ ജീവിതത്തിൽ പരിവത്തനം വരുത്താതിരുന്നാൽ ഉണ്ടാകുവാനിരിക്കുന്ന വിപത്തിനെപ്പററി പ. കന്യക മുന്നറിയിപ്പ് നൽകിയിരുന്നു. അക്കാര്യം അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിരുന്നതുകൊണ്ട് ബ്ലോയിയോടുള്ള മതിപ്പിനു് കുറവുണ്ടായി. ബ്ലോയിയും അദ്ദേഹത്തിൻെറ ഭാര്യയും മാരിറൈറൻ ദമ്പതികളിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു എങ്കിലും അവർ അവരുടെ പൂവ്വ വിശ്വാസം പരിത്യജിച്ച് കത്തോലിക്കാ സഭയെ സമാശ്ലേഷിക്കുന്നതിൽ വൈമുഖ്യം പ്രദശിപ്പിച്ചു.

വിവാഹാനന്തരം രണ്ടു വഷം കഴിഞ്ഞപ്പോഠം റീസായ്ക്കു അപകടകരമായ ഒരു രോഗം ബാധിച്ചു. മാരിറൈറൻ വലിയ അസ്വസ്ഥചിത്തനായിത്തീന്നു. ഒരു ദിവസം ലെയോൻ ബ്ലോയിയുടെ ഹൃദയസ്പൃശിയായ ഒരു കത്തു് മാരിറൈറനു് ലഭിച്ചു. അദ്ദേഹം അതു് ഭാര്യയെ വായിച്ചു കേഠപ്പിച്ചു. അതിൻെറ സംഗ്രഹമിതാണു്:

''എൻെറ ഏററം സ്നേഹ റീസാ, ഞങ്ങഠം നിന്നെ സ്നേഹപൂവ്വം കൂടെക്കൂടെ സ്മരിക്കുന്നുണ്ടു്. ഇന്നു് അതിരാവിലെ ദിവ്യബലി സമയത്തു് പ്രിയ റീസാ നിനക്കുവേണ്ടി ഞാൻ കരഞ്ഞുകൊണ്ടു് പ്രാത്ഥിച്ചു. എൻെറ ക്ലേശഭൂയിഷ്ഠമായ ഭൂതകാലജീവിതത്തിൽ എന്തെങ്കിലും യോഗ്യതാപൂണ്ണമായി ഉണ്ടെങ്കിൽ അതു് നിൻെറ സുഖപ്രാപ്തിയ്ക്കും സമാധാനത്തിനും ആത്മീയ മഹത്ത്വത്തിനുമായി സ്വീകരിക്കണമെന്നു് ഞാൻ നമ്മുടെ കത്താവീശോമിശിഹായോടും പ. കന്യക മറിയത്തോടും യാചിച്ചിട്ടുണ്ടു്. എൻെറ പ്രാത്ഥന ശ്രവിച്ചു എന്നു വിശ്വസിക്കുവാൻ മാത്രം ഞാൻ അശ്രുധാര വഷിച്ചു. നിങ്ങളെ ആദ്ധ്യാത്മികമായി കൂടുതലായി സ്മരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. നീ സുഖം പ്രാപിക്കുകയും വലിയ ആനന്ദമനുഭവിക്കുകയും ചെയ്യും.''

കുറെ ദിവസങ്ങളുടെശേഷം മിസിസ് ബ്ലോയി രോഗാതുരയായ റീസായെ സന്ദർശിച്ച് അവളുടെ കിടക്കയുടെ സമീപത്തു് ഇരുന്നു. അവർ റീസായോട്ട് പ്രസ്താവിച്ചു ,,ഞാൻ പ. കന്യകയുടെ ഒരു രൂപം തരുന്നു. പ്രാർത്ഥിക്കുക'' എന്നു്. രോഗിണി തൻെറ സ്നേഹിതയുടെ അതിരു കടന്ന പ്രസ്താവനയിൽ അസ്വസ്ഥയായി. എങ്കിലും ഒന്നും പറഞ്ഞില്ല. മൗനം സമ്മതമായി പരിഗണിച്ച് ജിൻബ്ലോയി രൂപം റീസായുടെ കഴുത്തിലണിയിച്ചു. റീസാക്കു ഒരു സന്തോഷ പ്രകർഷം അനുഭവവേദ്യമാവുകയും അവരം നിദ്രയിൽ ലയിക്കുകയും ചെയ്തു. ആ നിമിഷം മുതൽ അവരം സുഖം പ്രാപിച്ചു തുടങ്ങി.

ഇതിനകം മതവിശ്വാസം പരിത്യജിച്ച് ഒരു അജ്ഞേയവാദി (Agnostic) യായിത്തീർന്നിരുന്ന മാരിറൈറൻ ഭാര്യയുടെ അത്ഭുതകരമായ സുഖപ്രാപ്തിയോടുകൂടി കത്തോലിക്കാസഭയെ സമാശ്ലേഷിക്കുവാൻ തീരുമാനിക്കുകയായി. 1906 ജൂൺമാസം 11–ാം തീയതി ഷാക്ക്മാരിറൈറൻ ഭാര്യസമേതം കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. ഭാര്യാസഹോദരി വേരായും (Vera) താമസിയാതെ ജ്ഞാനസ്നാനം സ്വീകരിച്ചു. ജർമ്മനിയിൽ ഹീഡൽബർഗ് സർവ്വകലാശാലയിൽ ഒരു സ്കോളർഷിപ്പ് ലഭിക്കുകയാൽ മാരിറൈറൻ ആ കൊല്ലം അവിടെ ചിലവഴിച്ചു. റീസാ വീണ്ടും രോഗബാധിതയായതിനാൽ അവർ ഫ്രാൻസിലേക്കു മടങ്ങിപ്പോയി. പത്നിസമേതം മാരിറൈറൻ ലാസലേററിലേക്കു ഒരു തീർത്ഥയാത്ര കഴിച്ചു. തിരിച്ചുവന്നപ്പോരം എവിടെയെങ്കിലും ജോലി ലഭിക്കുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു. പക്ഷേ മാനസാന്തരംനിമിത്തം അന്നത്തെ ഫ്രഞ്ചു ഭരണാധികാരികരം അദ്ദേഹത്തിനു് അയിത്തം കല്പിക്കുകയാണുണ്ടായതു്. അതു് ദൈവപരിപാലനയിൽ നന്മയ്ക്കായിഭവിച്ചു. അദ്ദേഹം വി. തോമസ് അക്വിനാസിൻെറ തത്വശാസ്ത്രം ശരിയായി പഠിച്ച് അതിൻെറ പശ്ചാത്തലത്തിൽ ധാരാളം ഗ്രന്ഥങ്ങരം വിരചിക്കുകയും വിശ്വവിശ്രുതനായിത്തീരുകയും ചെയ്തു.

പാരീസിലെ കത്തോലിക്കാ സർവ്വകലാശാലയിൽ

ഒരു പ്രൊഫസറായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തത്ത്വശാസ്ത്രത്തെ മാനുഷികമായ ഏററവും ഉന്നതജ്ഞാനം എന്നുള്ള അതിൻെറ യഥാർത്ഥസ്ഥാനത്ത് പുനഃപ്രതിഷ്ഠിക്കുവാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. വി. തോമസ് അക്വിനാസിൻെറ തത്ത്വശാസ്ത്രം അതിനു അദ്ദേഹത്തിനു് മാർഗ്ഗദർശനമരുളി.

പാശ്ചാത്യലോകത്തിൽ ബൗദ്ധികമണ്ഡലത്തിൻെറ പുനരുജ്ജീവനം അദ്ദേഹത്തിൻെറ ഏററവും വലിയ ഒരനുഗ്രഹമായിരുന്നു. ചെസ്ററർട്ടൻ, ബല്ലക്ക്, ക്രിസ്റ്റഫർ, ഡൌസൺ, ഗിൽസോൺ, ഗ്വർഡീനി മുതലായ ഉന്നതചിന്തകന്മാരെത്തന്നെ ബുദ്ധിപരവും, ധാർമ്മികവും, സാമൂഹ്യവും, രാഷ്ട്രീയവുമായ ഒരു നവീകരണത്തിനുവേണ്ടി അണിനിരത്തി. ആധുനികലോകപ്രശ്നപരിഹാരം വി. തോമസ് അക്വിനാസിൻെറ തത്ത്വശാസ്ത്രത്തിൻെറ വെളിച്ചത്തിൽ അദ്ദേഹം നല്കി. പ. കന്യക അദ്ദേഹത്തിനു് നല്കിക്കൊണ്ടിരിക്കുന്ന പ്രചോദനത്തെയും ശക്തിയെയും പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. ലൗകായിതകമായ ആധുനികയുഗത്തിൽ പ. കന്യക തൻെറ തിരുക്കുമാരൻെറ അമോഘവും അനവദ്യസുന്ദരവുമായ പ്രബോധനങ്ങളെ തത്ത്വശാസ്ത്രദ്വാരാ സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനായി പ്രത്യേകവിധം തെരഞ്ഞെടുത്ത ഒരു വ്യക്തിയത്രെ ഷാക്ക്മാരിറെറൻ.

## അദ്ധ്യായം ആറ്

# ലോകസമാധാനവും പ. കന്യകയും

സമാധാനത്തിനുവേണ്ടി ലോകം പരിശ്രമിക്കുവാൻ തുടങ്ങിയിട്ട് ശതാബ്ദങ്ങൾതന്നെ പലതുകഴിഞ്ഞു. വിശ്വവിശ്രുതചിന്തകന്മാരും ഭരണധുരന്ധരന്മാരും രാഷ്ട്രമീമാംസകരും നേതാക്കളും സമ്മേളനങ്ങൾ നടത്തുന്നു, കമ്യൂണിക്കേകൾ പുറപ്പെടുവിക്കുന്നു, ഉടമ്പടികളിൽ ഒപ്പുവയ്ക്കുന്നു. ഐക്യരാഷ്ട്രസംഘടനയിലും അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. പക്ഷേ യഥാർത്ഥമായ ലോകസമാധാനം മരുമരീചികയ്ക്കുസമാനം നമ്മെ വ്യാമോഹിപ്പിച്ചുകൊണ്ടിരിക്കുന്നതേയുള്ളു.

എന്താണ് സമാധാനം. "Pax est tranquilitas in societate" —സമാധാനം എന്നു പറയുന്നത് സമൂഹത്തിലുള്ള സ്വൈരതയാണ്. യുദ്ധവും, വിപ്ലവവും, രക്തച്ചൊരിച്ചിലുമില്ലാതെ മനുഷ്യൻ പരസ്പരം സ്നേഹത്തിലും, ഐക്യത്തിലും കഴിയുക. ലോകചരിത്രത്തിന്റെ ആരംഭംമുതൽ യുദ്ധങ്ങളും വിപ്ലവങ്ങളും ഉണ്ടായിട്ടുള്ളത് ധനതൃഷ്ണ, അധികാരദുർമ്മോഹം എന്നിവവഴിയാണ്. സ

മാധാനം എന്നതു് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണു്, നിയമ—സാമ്രാജ്യിക—രാഷ്ട്രീയ—സാമ്പത്തിക - സാമൂഹ്യ—മതപ്രശ്നങ്ങളെല്ലാം അതിൽ ഉൾക്കൊള്ളുന്നുണ്ടു്. അതുകൊണ്ടു് സമാധാനസ്ഥാപനത്തിനു പരിശ്രമിക്കുമ്പോൾ ഇവയെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. സമാധാനം മനുഷ്യസ്വഭാവത്തോടു് അവഗാഢമായി ബന്ധിതമാണു്. മനുഷ്യസ്വഭാവത്തിനു് നാം നല്കുന്ന നിർവ്വചനത്തെ ആശ്രയിച്ചാണു് സമാധാനവും സ്ഥിതിചെയ്യുന്നതു്. സുപ്രസിദ്ധ ജർമ്മൻതാത്വികനായ ഷോപ്പൻഹോവർ ബർലിൻ സർവ്വകലാശാലയിലെ ഒരു പ്രൊഫസറായിരുന്നു. അദ്ദേഹം എല്ലാദിവസവും പ്രഭാതത്തിൽ ബർലിൻനഗരവീഥിയിൽക്കൂടി ചിന്താമഗ്നനായി നടക്കാറുണ്ടു്. ഒരുദിവസം യാദൃച്ഛികമായി ഒരാളിന്റെ ദേഹത്തു മുട്ടുന്നതിനിടയായി. ഷോപ്പൻഹോവർ ചിന്താലീനനായിരുന്നതിനാൽ ഇതറിഞ്ഞില്ല. ആ യാത്രക്കാരൻ തിരിഞ്ഞു് കോപിച്ചുകൊണ്ടു്: ''നിങ്ങൾ ആരാണു്?'' എന്നു് ഷോപ്പൻഹോവറിനോടു ചോദിച്ചു. ''ഞാൻ ആരാണെന്നറിയുവാൻ എന്തുമാത്രം ആഗ്രഹിക്കുന്നു എന്നു് എനിക്കുമാത്രമെ അറിഞ്ഞുകൂടൂ.'' എന്നു് ഷോപ്പൻഹോവർ പ്രതിവചിച്ചു. ഷോപ്പൻഹോവർ എന്നും ചിന്തിച്ചുകൊണ്ടു നടന്നതു് ഈ ഒരു ചോദ്യത്തിനു ഉത്തരം പറയുവാനായിരുന്നു. പക്ഷേ അദ്ദേഹത്തിനു് അതിനുള്ള ഉത്തരം പറയുവാൻ സാധിച്ചില്ല. അതു് മനുഷ്യനോളംതന്നെ പഴക്കമുള്ള ഒരു ചോദ്യമാണു്, വിഷമിപ്പിക്കുന്ന ഒരു പ്രശ്നമാണു്, അതിനു് ഓരോരുത്തരും നല്കുന്ന ഉത്തരമാണു് അവരുടെ ജീവിതതത്വശാസ്ത്രം. (1) ആ ജീവിതതത്വശാസ്ത്രവും ലോകസമാധാനവുംതമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ആധുനികലോകത്തെ പരസ്പരവിരുദ്ധമായ രണ്ടു് ചേരികളായി അണിനിരത്തിയിരിക്കുന്ന ഏററവും വലിയ സാമൂഹ്യപ്രശ്നം മനുഷ്യൻ എന്താണു് എന്ന ചോദ്യമാണു്. (2). അതിനു മനുഷ്യൻ നല്കുന്ന ഉത്തരമനുസരിച്ചാണു് മനുഷ്യനോടു് എപ്രകാരം പെരുമാറണമെന്നു്

(1) Fr. Raymond. O. C. S. O.
(2) Fr. Jean Muroux. The meaning of man.

ഓരോരുത്തരും തീരുമാനിക്കുന്നതു്. എല്ലാ മനുഷ്യരും ദൈവത്തിൻെറ സ്വന്ത ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണു്. എല്ലാവരിലും അമർത്ത്യമായ ഒരാത്മാവുണ്ടു്. സനാതനമായ പാരത്രികജീവിതമാണു് ജീവിതോദ്ദേശ്യം; നാം ദൈവസുതനാൽ പരിത്രാണം ചെയ്യപ്പെട്ടവരാകുന്നു എന്നുള്ള സത്യം സാർവ്വത്രികമായി അംഗീകരിക്കാത്തിടത്തോളംകാലം ലോകസമാധാനം സംലബ്ധമാവുകയില്ല.

ആധുനികലോകത്തിൽ ഇതിനു് വളരെ വിരുദ്ധമായ ഒരു തത്വസംഹിത വിശ്വവ്യാപകമായി തീർന്നിട്ടുണ്ടു്. അതു് കമ്യൂണിസ്റ്റ് തത്വശാസ്ത്രമാണു്. ദാശ്നികമായി കമ്യൂണിസം വഗ്ഗസമരമാണു് പഠിപ്പിക്കുന്നതു്. ഹേഗലിൻെറ വൈരുദ്ധ്യാധിഷ്ഠിതമായ ആശയവാദത്തെ മാർക്സ് ഭൗതികവാദത്തോടു് ബന്ധിച്ചു. പദാത്ഥം പരസ്പരവിരുദ്ധമായ ഗുണങ്ങളോടു കൂടിയതാണു്. അതിൻെറ വൈരുദ്ധ്യത്തിൽനിന്നും പുരോഗമനം ഉണ്ടാകുന്നു; പരിണാമം വഴിയായി. ഇങ്ങനെ എല്ലാ ജീവജാലങ്ങളും മനുഷ്യനും ഈ പരിണാമഫലമാണു്. ഇതുകൊണ്ടും പരിണാമം അവസാനിച്ചിട്ടില്ല. ഈ വൈരുദ്ധ്യം മാനവസമുദായ പുരോഗമനത്തിലും പ്രവത്തിച്ചുകൊണ്ടിരിക്കുകയാണു്. തൊഴിലാളിയും മുതലാളിയും, സമ്പന്നനും, ദരിദ്രനും, ഭരണാധികാരികളും, ഭരണീയരും, ചൂഷകരും, ചൂഷിതരും, മർദ്ദകരും, മർദ്ദിതരും, പരസ്പരം സമരത്തിലേർപ്പെടണം. ഈ സമരത്തിൽ ആത്യന്തികമായ വിജയം തൊഴിലാളിവഗ്ഗത്തിനു ലഭിക്കുകയും തൊഴിലാളിവഗ്ഗസ്വേച്ഛാധിപത്യം സ്ഥാപിതമാവുകയും ചെയ്യും. അപ്രകാരം ഒരു വഗ്ഗരഹിതമായ സാമൂഹ്യ വ്യവസ്ഥിതി കെട്ടിപ്പടുക്കുകയാണു് മനുഷ്യൻെറ ജീവിതോദ്ദേശ്യം. അവനു് ആത്മാവില്ല. മരണാനന്തരം ജീവിതമില്ല. ദൈവമില്ല. ദൈവവിശ്വാസം ഭീതിയിൽനിന്നു് മുളയെടുത്തതാണു്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്. മതവും പുരോഹിതന്മാരും എല്ലാം ചൂഷണോപകരണങ്ങൾമാത്രം. അതുകൊണ്ടു പുരോഗമനത്തിനു് വഗ്ഗസമരമാണു് വേണ്ടതു്. ഇതത്രെ കമ്യൂണിസം അഥവാ വഗ്ഗവൈരുദ്ധ്യാധിഷ്ഠിതഭൗതിക

വാദം. ''ലോകചരിത്രസംഗ്രഹം വർഗ്ഗസമരമാണ്.'' (3)

പ്രത്യയശാസ്ത്രപരമായി കമ്യൂണിസം വിപ്ലവത്തിന്റെയും വർഗ്ഗസമരത്തിന്റെയും യുദ്ധത്തിന്റെയും ഒരു വീക്ഷണമാണ് സ്വീകരിച്ചിട്ടുള്ളത്. ഇന്നത്തെ നമ്മുടെ യുഗത്തിന്റെ പ്രധാനമായ ചിന്ത അമേരിക്ക നേതൃത്വം നല്കുന്ന സാമ്രാജ്യശക്തിചേരിയും റഷ്യ നേതൃത്വം നല്കുന്ന സാമ്രാജ്യവിരുദ്ധചേരിയും തമ്മിലുള്ള സമരമാണ്. അക്കാലത്തേതിലും കമ്യൂണിസം ഇന്നു വളരെ പുരോഗമിച്ചിട്ടുണ്ട്. ഇന്ന് അവർ സമാധാനപരമായ സഹവർത്തിത്വം പ്രസംഗിക്കുന്നുണ്ട്. പക്ഷേ സമാധാനത്തിനു നാം വിവക്ഷിക്കുന്ന അർത്ഥമല്ല അവർ കൊടുക്കുന്നതു്. കമ്യൂണിസ്റ്റു പാർട്ടി കേന്ദ്ര എക്സിക്കുട്ടീവുമെമ്പർ പ്രവദയിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: ''സമാധാനപരമായ സഹവർത്തിത്വം ഒരത്യാവശ്യമാണ്. പക്ഷേ അതുതന്നെ സോഷ്യലിസ്റ്റ് കാപ്പിററലിസ്റ്റ് വ്യവസ്ഥിതികൾ തമ്മിലുള്ള ഉയർന്നപടിയിലുള്ള ഒരു വർഗ്ഗസമരമാണ്.'' ഇവിടെ ഒരു മാത്സര്യത്തെക്കാൾ അവർ ഉദ്ദേശിക്കുന്നതു് വിദ്ധ്വംസക പ്രവർത്തനവും നയവഞ്ചനയുമാണ്.

''കമ്യൂണിസ്റ്റുകൾ സമാധാനത്തെക്കുറിച്ചു പ്രസംഗിക്കുമ്പോൾ അവർ വിവക്ഷിക്കുന്നതു് യുദ്ധവും വിപ്ലവവുമാണ്. അവർ സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രസ്താവിക്കുമ്പോൾ മനസ്സിലാക്കുന്നതു് സ്വേച്ഛാധിപത്യമാണ്. അവർ പ്രജാധിപത്യത്തെ പുരസ്കരിച്ചു പ്രസംഗിക്കുമ്പോൾ അർത്ഥം ഏകപാർട്ടിഭരണമാണ്'' എന്നു് ഐസക്ഡോൺ ലെവയിൻ പ്രസ്താവിക്കുന്നു. (4). താത്വികമായി കമ്യൂണിസം വർഗ്ഗസമരത്തിന്റെ, വിപ്ലവത്തിന്റെ ഒരു പ്രസ്ഥാനമായതുകൊണ്ട് കമ്യൂണിസം കമ്യൂണിസമായിരിക്കുന്നിടത്തോളംകാലം അഥവാ റഷ്യയിലും, ചൈനയിലും അവരുടെ ഉപഗ്രഹരാജ്യങ്ങളിലും പ്രത്യയശാസ്ത്രപരമായ സമൂല പരിവർത്തനമുണ്ടാകാത്തിടത്തോളംകാലം ലോകസമാധാനം എന്നും കാനൽപ്രവാ

(3) Marx & Engels. Communist manifesto.
(4) Jsaac Don Levine. Humanity debened.

ഹംപോലെ നമ്മെ വ്യാമോഹിപ്പിച്ചുകൊണ്ടിരിക്കും.

തന്മൂലമാണ് ഫാത്തിമായിൽ സമാധാനത്തിന്റെ സ്വർഗ്ഗീയദൗത്യം നല്കിയ അവസരത്തിൽ "റഷ്യയുടെ മാനസാന്തരം ലോകസമാധാനത്തിനു് ഒരു വ്യവസ്ഥയായി മറിയം നിർദ്ദേശിച്ചതു്. ഫാത്തിമായിലെ മൂന്നാമത്തെ ദർശനാവസരത്തിൽ ബാലകർക്ക നരകദർശനം നല്കിയശേഷം അവരോടു് അരുളിച്ചെയ്തു: "പാപികൾ നിത്യമായി നശിച്ചുപോകുന്ന സ്ഥലം നിങ്ങൾ കണ്ടു. പാപികളെ രക്ഷിക്കുവാൻ എന്റെ വിമലഹൃദയഭക്തി പ്രചരിപ്പിക്കുവാൻ ദിവ്യരക്ഷകൻ ആഗ്രഹിക്കുന്നു. എന്റെ നിർദ്ദേശം ലോകം ഗ്രഹിക്കുമെങ്കിൽ പാപികൾ രക്ഷപ്രാപിക്കും; ലോകത്തിൽ സമാധാനമുണ്ടാകും."

"ഇതാ മഹായുദ്ധം അവസാനിക്കുവാൻ പോകുന്നു. പക്ഷേ മനുഷ്യൻ പാപംവഴി ഇനിയും ദൈവത്തെ ദ്രോഹിക്കുന്നപക്ഷം ഇതിലും ഭയാനകമായ ഒരു മഹായുദ്ധമുണ്ടാകും. അജ്ഞാതമായ ഒരു തേജപ്പുഞ്ജം പ്രോജ്ജ്വലിക്കുന്ന ഒരു നിശ അതു പ്രഖ്യാപിക്കും. അപ്പോൾ അതു് ദൈവം ലോകത്തെയും യുദ്ധത്താലും തിരുസഭാമർദ്ദനത്താലും ശിക്ഷിക്കുവാൻപോകുന്നു എന്നതിനു അടയാളമായിരിക്കും. ഇതിനെ തടയുന്നതിനു് റഷ്യയെ എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുവാൻ ഞാൻ ആവശ്യപ്പെടും. എന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുമെങ്കിൽ റഷ്യ മാനസാന്തരപ്പെടുകയും സമാധാനം സ്ഥാപിതമാവുകയുംചെയ്യും. അല്ലാത്തപക്ഷം റഷ്യ അവളുടെ അബദ്ധസിദ്ധാന്തം ലോകം മുഴുവൻ പ്രചരിപ്പിക്കും. യുദ്ധങ്ങളും സഭാമർദ്ദനവും നടമാടുകയും ചെയ്യും. അനേകം ജനപദങ്ങൾ ചരിത്രത്തിൽനിന്നും അസ്തമിക്കും. നിരവധി ആത്മാക്കൾ വിശ്വാസസംരക്ഷണാർത്ഥം ജീവൻ ഹോമിക്കും. അവസാനം എന്റെ വിമലഹൃദയം വിജയിക്കും. റഷ്യ മാനസാന്തരപ്പെട്ടു് ലോകത്തിൽ സമാധാനത്തിന്റെ പൊൻപുലരി ഉദയംചെയ്യും. നിങ്ങൾ ജപമാല ഭക്തിപൂർവ്വം ജപിക്കുക."

ഫാത്തിമായിൽ പ. കന്യക നല്കിയ ആ സ്വർഗ്ഗീയദൗത്യം ലോകത്തിന്റെ ശ്രവണപുടങ്ങളിൽ വെറും വ

നരോദനമായി ഭവിച്ചു. കത്തോലിക്കർപോലും അതു വേണ്ടതുപോലെ ശ്രവിച്ചില്ല. കപോലകല്പിതമായ കെട്ടുകഥയായി അതിനെ തിരസ്കരിച്ചു ചിലർ. അതിൻെറ തിക്തഫലം ലോകം അനുഭവിച്ചു. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചു. ലീഗ് ഓഫ് നേഷൻസ് രൂപീകരിച്ചു, സമാധാനസംസ്ഥാപിതാൎത്ഥം. പക്ഷേ രണ്ടാം ലോക മഹായുദ്ധത്തിൻെറ കരാളമേഘം അന്താരാഷ്ട്രീയാന്തരീക്ഷത്തെ ആവരണം ചെയ്തപ്പോ ാം അതു് ഛിന്നഭിന്നമായി. രണ്ടാംലോകമഹായുദ്ധം കഴിഞ്ഞു. ഐക്യരാഷ്ട്രസംഘടന രൂപീകൃതമായി. ഐക്യരാഷ്ട്രസംഘടനയും ശാക്തികചേരികൾ തമ്മിലുള്ള ഒരു മാത്സര്യരംഗമായിമാറി. മൂന്നാമതൊരു ലോകമഹായുദ്ധം ഉണ്ടാകുമോ? നാം സ്ത്രീയെ (മറിയത്തെ) അണുശക്തിക്കെതിരായി പ്രതിഷ്ഠിച്ചാൽ മൂന്നാമതൊരു ലോകമഹായുദ്ധത്തിൻെറ ആവശ്യമില്ല. അതുണ്ടാവുകയുമില്ല എന്നു് മോൺ. ഷീൻ അദ്ദേഹത്തിൻെറ ''വുമൺ'' (സ്ത്രീ) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ടു്.

റഷ്യയിൽ കമ്യൂണിസ്റ്റുവിപ്ലവം നഗ്നതാണ്ഡവംചെയ്ത അവസരത്തിലാണു് പ. കന്യക ഇതു് പ്രഖ്യാപിച്ചതു്. അന്നു് കമ്യൂണിസം ലോകത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ലായിരുന്നു. ലോകത്തെ ഭീഷണിപ്പെടുത്തുന്ന ഒരു മഹാശക്തിയായിത്തീരുമെന്നാരും ചിന്തിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ അതു് ഒരു യാഥാർത്ഥ്യമായി. ഇനിയും റഷ്യയുടെ മാനസാന്തരം സാദ്ധ്യമാണോ?

കമ്യൂണിസം ആധിപത്യം ഉറപ്പിച്ചപ്പോൾ റഷ്യയിൽ രാഷ്ട്രവും കത്തോലിക്കാസഭയുമായുള്ള ഐക്യത്തിനു് വലിയ പ്രതിബന്ധം നേരിട്ടു. കമ്യൂണിസവും; കത്തോലിക്കാസഭയും ലോകംമുഴുവൻ പ്രവൎത്തനരംഗമായി അവകാശപ്പെടുന്നു. അതുകൊണ്ടു് രണ്ടും തമ്മിലുള്ള സമരം, ആത്യന്തികമായി ഒന്നിൻെറ തിരോധാനത്തിലേ കലാശിക്കുകയുള്ളു. സഭയെ സംബന്ധിച്ചിടത്തോളം അതു സാദ്ധ്യമല്ല. ''ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടിയുണ്ടായിരിക്കും. നരകവാതിലുകൾ അതിനെ

തിരായി പ്രബലപ്പെടുകയില്ല.'' എന്നു ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ട്. അതുകൊണ്ട് സഭ പരാജയപ്പെടുകയില്ലല്ലൊ.

റഷ്യയുടെ മാനസാന്തരംസംബന്ധിച്ചു നമുക്കുള്ള പ്രത്യാശ റഷ്യൻജനതയ്ക്കു മറിയത്തോടുള്ള ഭക്തിയിലും, പ. കന്യകയുടെ ഫാത്തിമായിലെ വാഗ്ദാനത്തിലുമാണ്. ക്രംലിനിൽക്കൂടി പോകുമ്പോൾ ഏററവും അപ്രതീക്ഷിതമായ ഒരു കാഴ്ചകാണാം. റഷ്യയിലെ ഏററവും വലിയ മതവിരുദ്ധതകളുടെമദ്ധ്യേ പ. ജനനിയുടെ ഏററവും കലാസൗകുമാര്യം തുളുമ്പുന്ന ഒരു ചിത്രം കാണുന്നുണ്ട്— ഇബേരിയൻനാഥ. (The Iberian Madonna) ആ നാസ്തികലോകത്തിൽ ക്രിസ്തുവിൻെറ ആഗമനം പ്രഖ്യാപിക്കുന്ന പ്രഭാതതാരകമാണ് അവൾ. ''റഷ്യ മാനസാന്തരപ്പെടും '' എന്ന് ഫാത്തിമായിൽചെയ്ത വാഗ്ദാനത്തിൻെറ ഒരു അനുസ്മരണമാണ് മോസ്ക്കോയിലെ ആ ചിത്രം.

ആ ചിത്രം ഗ്രീസിലെ മൗണ്ട്ആത്തോസ് ആശ്രമത്തിലെ സന്യാസികൾ ആലേഖനംചെയ്തതാണ്. സാർ അലേക്സ്യേ എന്ന റഷ്യൻചക്രവത്തി മോസ്ക്കോയിൽ ഓത്തഡോക്സ്സഭയുടെ ഒരു കൗൺസിൽ 1648-ൽ വിളിച്ചുകൂട്ടി. മൗണ്ട് ആത്തോസിലെ സന്യാസവര്യരും അതിൽ സംബന്ധിക്കുന്നതിനായി അവിടെ വന്നുചേർന്നു. അവർ തങ്ങളുടെ നാഥയുടെ ചിത്രം ആഘോഷപൂർവ്വം സംവഹിച്ചുകൊണ്ടുവന്ന് സാർ ചക്രവത്തിക്കു സമ്മാനിച്ചു. ചക്രവത്തി അതു് അദ്ദേഹത്തിൻെറ സ്വകാര്യക്കപ്പേളയിൽ സ്ഥാപിക്കുകയാണു ചെയ്തതു്. മാതാവിന്ന് അതിഷ്ടപ്പെട്ടില്ല. ആറു വത്സരത്തിനുശേഷം റഷ്യയിൽ മുഴവൻ ഒരു സാംക്രമികരോഗബാധയുണ്ടായി. സാർചക്രവത്തിയും രോഗബാധിതനായി. മരണാസന്നനായ ചക്രവത്തി മാതാവിൻെറ രൂപം കൊണ്ടുവരുന്നതിനാവശ്യപ്പെട്ടു. രൂപം ചക്രവത്തിയുടെ രോഗശയ്യയ്ക്കു സമീപം കൊണ്ടുവന്ന ഉടൻതന്നെ അദ്ദേഹം അത്ഭുതകരമായി രോഗവിമുക്തി പ്രാപിച്ചു. കൃതജ്ഞതാസൂചകമായി ചക്രവത്തി ഒരു ചാപ്പൽ റഡ്സ്ക്വയറിൽ (Red square) നിർമ്മിച്ച്

അവിടെ സ്ഥാപിച്ചു. അവിടെ ധാരാളം അത്ഭുതങ്ങൾ നടന്നുകൊണ്ടിരുന്നു. 1917–ൽ കമ്യൂണിസ്റ്റുകാർ മോസ്ക്കോയിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ ക്രെംലിനിൽ ദൈവമാതാവിനു പ്രതിഷ്ഠിച്ച ഒരു ദേവാലയം ഉണ്ടാവുക എന്നതു് അസ്ഥാനത്തായിത്തീർന്നു. അവർ റഷ്യയിലെ ദേവാലയങ്ങൾ നശിപ്പിച്ചപ്പോൾ അതും നശിപ്പിച്ചു. പക്ഷേ ഒരു കമ്യൂണിസ്റ്റു കലാപ്രേമി പ്രസ്തുതരൂപം ഒരു മഹത്തമമായ കലാസൃഷ്ടിയാണെന്നറിഞ്ഞു് മതവിരുദ്ധമായ ഒരു കലാശാലയിൽ പ്രതിഷ്ഠിച്ചു. ആ തിരുസ്വരൂപം അവളുടെ വിമലഹൃദയ വിജയത്തെ പ്രതീക്ഷിച്ചു് അവിടെ നിലകൊള്ളുന്നു.

പ. കന്യക റഷ്യയുടെ മാനസാന്തരം വാഗ്ദാനംചെയ്തപ്പോൾ നമ്മുടെഭാഗത്തുനിന്നു് ചിലതെല്ലാം ചെയ്യേണ്ടതായിട്ടുണ്ടു്. വിമലഹൃദയഭക്തി, പ്രാർത്ഥന, പരിഹാരം—നാം ഓരോരുത്തരും നമ്മുടെ കഴിവിൽപ്പെട്ടിടത്തോളം ഇവ നിർവ്വഹിക്കുമെങ്കിൽ തീർച്ചയായും റഷ്യയുടെ മാനസാന്തരസുപ്രഭാതം അനതിവിദൂരമായ ഭാവിയിൽ വന്നണയും. റഷ്യയിൽ ക്രൂഷേവിൻെറ ആധിപത്യം സ്ഥാപിതമായതുമുതൽ വലിയ പരിവർത്തനങ്ങൾ സമാരംഭിച്ചിട്ടുണ്ടു്. മതവിരുദ്ധപ്രവർത്തനങ്ങൾ അവസാനിച്ചിട്ടില്ല. റഷ്യയും ചൈനയുംതമ്മിലുള്ള ആദർശഭിന്നത, റഷ്യൻജനതയിൽ അനുദിനം അഭിവൃദ്ധിപ്പെട്ടുവരുന്ന സ്വാതന്ത്ര്യദാഹം, എന്നിവയെല്ലാം നമുക്കു പ്രത്യാശനല്കുന്ന വസ്തുതകളാണു്. എങ്കിലും റഷ്യയും, ചൈനയും കമ്യൂണിസ്റ്റ് ലോകാധിപത്യത്തിനുവേണ്ടി ഇന്നും നിലകൊള്ളുന്നു. അവർ സമാധാനസഹവർത്തിത്വം പ്രസംഗിച്ചുകൊണ്ടു് വർഗ്ഗ വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദം സ്വാതന്ത്ര്യരാഷ്ട്രങ്ങൾ തമ്മിലുള്ള ഭിന്നതകളെ ചൂഷണംചെയ്തു പ്രായോഗികമാക്കുവാൻ പരിശ്രമിക്കുകയാണു്.

നിക്കോളാസ് ബർഡ്‌യോവ് (Nicholas Berdyoeve, 1874–1948) എന്ന റഷ്യൻ ചിന്തകൻ റഷ്യയിൽ ഒരു പുതിയ മതതാത്വികപ്രസ്ഥാനത്തിൻെറ പ്രണേതാവാണു്. അദ്ദേഹം പറഞ്ഞു: റഷ്യയിൽ കമ്യൂണിസ്റ്റ് വിജയത്തിനുള്ളകാരണം ക്രിസ്തുമതം അതിൻെറ സത്യം മുഴ

വൻ ജീവിതത്തിൽ പ്രായോഗികമാക്കാതിരുന്നതുകൊണ്ടാണ്. കമ്യൂണിസത്തെ വെറും ആശയങ്ങൾകൊണ്ടുമാത്രം നേരിടാൻ സാദ്ധ്യമല്ല; മതപരമായ യാഥാർത്ഥ്യങ്ങൾകൊണ്ടുമാത്രമെ അതു സാധിക്കുകയുള്ളു.

കമ്യൂണിസം ക്രിസ്തീയസഭയെ ലക്ഷ്യപ്രാപ്തിക്കുള്ള ഏററവുംവലിയ വിഘാതമായിട്ടാണ് കാണുന്നത്. അതുകൊണ്ട് സഭയെ നാമാവശേഷമാക്കുവാൻ അവർ കിണഞ്ഞു പരിശ്രമിക്കും. ക്രിസ്തുസഭാചരിത്രം ചരിത്രപരമായ ഭൗതികവാദത്തിന്ന് അതീതമായിക്കാണുന്നു; (Dialectical materialism) അതുകൊണ്ടാണ് കമ്യൂണിസ്റ്റുകാർക്കു സഭയോടുള്ള വിദ്വേഷം. ലെനിൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഒരു ദിവസം കമ്യൂണിസവും ക്രിസ്തീയസഭയും തമ്മിൽ നേരിട്ടൊരു സമരം ചെയ്യേണ്ടതായിവരും.

കമ്യൂണിസവുമായി ആദർശപരമായ ഒരു രമ്യതയിലെത്തിയില്ലെങ്കിലും ഒരുമിച്ചുജീവിക്കുന്നതിനുള്ള ഒരു മാർഗ്ഗം (modus vivendi) ഉണ്ടാക്കാമെന്നുള്ള വ്യാമോഹത്തിൽ കഴിയുന്നവർ മനസ്സിലാക്കണം, ജനകീയ ജനാധിപത്യത്തിലെ സഭയുടെ സ്ഥിതിയിൽ മാററം ഉണ്ടാകാത്തിടത്തോളംകാലം സഹവർത്തിത്വം പ്രസംഗിക്കുക എന്നുപറയുന്നതു് മൂകസഭയെ കമ്യൂണിസത്തിൻെറ കാരുണ്യത്തിനു അടിയറവെയ്ക്കുകയാണ് (5) എന്നത്രെ ആൽബർട്ട് ഗാൾട്ടർ അദ്ദേഹത്തിൻെറ ''പീഡിതസഭയുടെ ചുവന്ന പുസ്തകം'' (Red book of the persecuted Church) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നതു്.

''രാഷ്ട്രീയമോ, സാമൂഹ്യമോ, സമ്പത്തികമോ ആയ ഏതു നേട്ടങ്ങൾക്കു നിങ്ങളുടെമുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട ഏററം പ്രധാനമായ ആ മത, മാനുഷിക നാടകത്തെ (religious and human drama) മറയ്ക്കുവാൻ സാധിക്കും'' എന്നു് പ്രസ്തുത ഗ്രന്ഥത്തിൽ വീണ്ടും ചോദിക്കുന്നു. കമ്യൂണിസത്തിൽ മൂന്നു വലിയ പ്രത്യാശകൾ (messianism) ഒളിഞ്ഞുകിടപ്പുണ്ട്. ഒന്നു്, യഹൂദനായ മാർക്സിൻെറ ക്രിസ്തുവിലുള്ള പ്രത്യാശ. രണ്ടു്, കമ്യൂണിസ്റ്റായ മാർക്സിൻെറ

(5) Albert Galter, The Red Book of the persecuted Church.

തൊഴിലാളിവൎഗ്ഗ സ്വേച്ഛാധിപത്യസ്ഥാപനത്തിലുള്ള വ്യാമോഹം. മൂന്നു്, റഷ്യൻസഭയുടെ മൂന്നാമത്തെ റോം എന്ന പദവിക്കുള്ള (റോമും, കോൺസ്റ്റാൻറിനോപ്പോളും നിപതിച്ചു. ഇനി റഷ്യൻസഭയാണു് ലോകത്തിനു നേതൃത്വംനല്കേണ്ടതു്) അഭിവാഞ്ഛ. ഇതു മൂന്നുംകൂടി ചേൎന്നതാണു് കമ്യൂണിസ്റ്റ് ദിവാസ്വപ്നം. ഇതുമൂന്നും യാഥാൎത്ഥ്യമാകണമെങ്കിൽ റഷ്യയുടെ മാനസാന്തരം അനിവാൎയ്യമാണു്.

ലോകത്തിൽ രണ്ടു ശക്തികൾമാത്രമെയുള്ളു. വാളും ആത്മാവും, അഥവാ ഭൗമികശക്തിയും ആദ്ധ്യാത്മികശക്തിയും. അവ എപ്പോഴും സന്ധിയില്ലാത്ത സമരത്തിലാണു്. പക്ഷേ ചരിത്രത്തിൻെറ ഏടുകൾ പരിശോധിച്ചാൻ നമുക്കു നസ്സിലാക്കാം, എപ്പോഴും ഭൗതികമായ ശക്തികളുടെമേൽ ആദ്ധ്യാത്മികശക്തി വിജയം വരിച്ചിരുന്നുവെന്നു്. ഇന്നു് വിശ്വവ്യാപകമായ രീതിയിൽ സത്യവും അസത്യവും, ധൎമ്മവും അധൎമ്മവും, നീതിയും അനീതിയും തമ്മിൽ ഒരു സമരം നടക്കുകയാണു്. അവസാനം സത്യത്തെയും, ധൎമ്മത്തെയും പ്രതിനിധീകരിക്കുന്ന സഭ വിജയ വൈജയന്തിയുമേന്തി പൂൎവ്വവൽ പ്രഭാപൂരിതയായി അക്ഷയഭാസോടെ വിരാജിക്കും.

യൂറിട്ടിജാനിച്ചു്, പീററർ ഷഡേയ്വ്, വ്ളാഡിമീർസോളവീവ് എന്നിവരുടെ പ്രത്യാശാവല്ലരി പൂവണിയുന്ന ഒരു സുദിനം അനതിവിദൂരമായ ഭാവിയിൽ സമാഗതമാകുമെന്നു് നമുക്കു് പ്രത്യാശിക്കാം. റഷ്യ അവളുടെ കമ്യൂണിസ്റ്റ്തത്വശാസ്ത്രം വലിച്ചെറിഞ്ഞു് സത്യസഭാമാതാവിനെ സമാശ്ലേഷിക്കുന്ന സുദിനത്തിൻെറ ഉദയത്തിനായി നമുക്കു പ്രാൎത്ഥിക്കാം. അന്നുമാത്രമേ അവളുടെ മൂന്നു വലിയ പ്രതീക്ഷകൾ (messianism) മനുഷ്യൻെറ സാൎവ്വത്രികമായ സാഹോദര്യം കൈവളൎത്തുക എന്ന അഭിലാഷം അന്വൎത്ഥമാവുകയുള്ളു. അന്നു് പാശ്ചാത്യരെയും പൗരസ്ത്യരെയും സാൎവ്വത്രികസഭയിൽ (മൗതികശരീരത്തിൽ) ബന്ധിക്കുന്ന ഒരു സുവൎണ്ണശൃംഖലയായി അവൾ പരിലസിക്കും. ഐക്യത്തിൻെറ കേന്ദ്രമായ ദൈവത്തിൽനിന്നും വിഭിന്നമായ ഒരു ഐക്യം ഒരിക്കലും

സാദ്ധ്യമല്ല എന്നു് വ്ളാഡിമീർ സോളവീവ് രേഖപ്പെടുത്തിയിട്ടുണ്ടു്; Russia and the universal Church (റഷ്യയും സാർവ്വത്രികസഭയും)എന്ന ഗ്രന്ഥത്തിൽ. ഇന്നത്തെ കമ്യൂണിസം, റഷ്യയെ കത്തോലിക്കാ ഐക്യത്തിലേക്കാനയിക്കുന്നതിനുള്ള പരോക്ഷമായ (blessing in disguise) ഒരനുഗ്രഹമായിരിക്കാം. റഷ്യൻജനതയുടെ ദൈവമാതൃഭക്തിയാണു് നമുക്കു് റഷ്യയുടെ മാനസാന്തരത്തിനുള്ള പ്രത്യാശ നല്കുന്നതു് എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എവിടെ നോക്കിയാലും റഷ്യയിൽ വ്ളാഡിമീർ മാതൃസ്വരൂപം ദൃശ്യമാണു്.

ബ്രഷ്നേവ് റഷ്യൻ പ്രസിഡണ്ടായിരുന്നപ്പോൾ ഇന്ത്യാസന്ദർശനാവസരത്തിൽ ബോംബെയിൽക്കൂടി കടന്നുപോയി. വഴിക്കു് റഷ്യൻമാതാവിന്റെ മാതൃകയിലുള്ള ഒരു മാതൃസ്വരൂപം കണ്ടപ്പോൾ അദ്ദേഹം തലകുനിച്ചാചാരംചെയ്തു. ഇന്നദ്ദേഹം കമ്യൂണിസ്റ്റ്പാർട്ടി സെക്രട്ടറിയാണു്. ഒരുപക്ഷേ അദ്ദേഹംവഴി റഷ്യ വീണ്ടും മാതൃസവിധത്തിലണയുവാൻ ഇടയായേക്കാം.

റഷ്യയിൽ ക്രൂഷേവിന്റെ കാലത്തുതന്നെ സാമ്പത്തികമായ പല പരിവത്തനങ്ങളും ഉണ്ടായിട്ടുണ്ടു്. ഇപ്പോഴത്തെ സോവ്യറ്റുപ്രധാനമന്ത്രി കോസിജിൻ കമ്യൂണിസ്റ്റ് ധനതത്വശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വത്തെത്തന്നെ ചോദ്യംചെയ്തിരിക്കുന്നു. റഷ്യയുടെ മാനസാന്തരത്തിനുള്ള സദ്ധ്യതകൾ അടുത്തുവരുന്നതായി 1963 ജനുവരിയിൽ കർദ്ദിനാൾ തിസരാങ്ങ് ഫാത്തിമായിൽവച്ചു് പ്രസ്താവിക്കുകയുണ്ടായി. അവസാനം എന്റെ വിമലഹൃദയം വിജയിക്കും; റഷ്യ മാനസാന്തരപ്പെട്ടു് ലോകത്തിൽ സമാധാനപൂർണ്ണമായ ഒരു യുഗം ഉദയംചെയ്യുമെന്നു് പ. കന്യക വാഗ്ദാനംചെയ്തതു് നിവത്തിതമാകും. ഫാത്തിമാരഹസ്യം വെളിപ്പെടുത്താത്തതുകൊണ്ടു് ഫാത്തിമാരഹസ്യം വാസ്തവമല്ലെന്നു വിചാരിക്കുവാൻ യാതൊരു കാരണവുമില്ല. അതു് 1960– ൽ ജീവിച്ചിരുന്ന വ്യക്തികളെയൊ അഥവാ ഇന്നു് നിലനില്ക്കുന്ന ചില രാഷ്ട്രങ്ങളെയൊ പരാമശിക്കുന്നവയാണെങ്കിൽ അതു് പ്രസിദ്ധീകരിക്കുക അനുചിതമായിരിക്കും.

പരസ്പരവിരുദ്ധമായ രണ്ടു ചേരികളായി അണിനിരന്നിരിക്കുന്ന ആധുനികലോകത്തെ, ദൈവത്തിൻെറ പ്രത്യേകമായ ഒരു ഇടപെടൽകൊണ്ടുമാത്രമെ രക്ഷിക്കുന്നതിനു സാധിക്കുകയുള്ളു. യുദ്ധം ഉണ്ടായാൽ ലോകം മുഴുവൻ ഒരു നാശക്കൂമ്പാരമായിമാറും. റഷ്യയുടെ മാനസാന്തരം അഥവാ കമ്യൂണിസത്തിൻെറ തിരോധാനംമാത്രമെ ഒരു ലോകമഹായുദ്ധത്തെ ഒഴിച്ചുനിറുത്തുകയുള്ളു. ലോകത്തിൽ ഇന്നുള്ള സാമൂഹ്യപ്രശ്നങ്ങളെയെല്ലാം ചൂഷണംചെയ്തു റഷ്യ അവളുടെ ലോകാധിപത്യം സ്ഥാപിക്കുവാൻ വെമ്പൽ കൊള്ളുന്നുണ്ട്. ഒരു യുദ്ധം അല്ലെങ്കിൽ കമ്യൂണിസ്റ്റാധിപത്യം നയപരമായി സാർവ്വത്രികമായി അംഗീകരിപ്പിക്കുക ഇതാണു് റഷ്യയുടെ പദ്ധതി. അതുകൊണ്ടാണു് ആധുനികലോകത്തെ ആ വിപത്തിൽനിന്നും രക്ഷിക്കുവാൻ ഒരു ദൈവികമായ ഇടപെടലിനെ സാധിക്കുകയുള്ളു എന്നു പറഞ്ഞതു്. ഒരു യുദ്ധം ഉണ്ടായാലും കമ്യൂണിസം ഒരു ദാശ്നിക സിദ്ധാന്തമായതുകൊണ്ടു് നശിക്കുകയില്ല. പിന്നീടും അതു് അസ്വസ്ഥതകരംകൾ കാരണമായേക്കാം. അതുകൊണ്ടു് റഷ്യയുടെയും ചൈനയുടെയും മാനസാന്തരം അഥവാ കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിനു് വിരാമമിട്ടു് ലോകം മുഴുവൻ ക്രിസ്തീയമായ വീക്ഷണഗതി സ്വീകരിക്കുകമാത്രമാണു് ലോകസമാധാനത്തിനുള്ള മാഗ്ഗം. അതുകൊണ്ടാണു് പ. കന്യക റഷ്യയുടെ മാനസാന്തരത്തെ ലോകസമാധാനത്തോടു് ബന്ധപ്പെടുത്തിയതു്. വിശ്വവിശ്രുതനായ ഡഗ്ലസ്ഹൈഡും ഇതേ ആശയംതന്നെ പ്രകടിപ്പിക്കുന്നു അദ്ദേഹത്തിൻെറ റഡ്സ്റ്റാർ വേർസൂസ് ക്രോസ് (Red Star Versus Cross) എന്ന ഗ്രന്ഥത്തിൽ.

## അദ്ധ്യായം ഏഴ്

# പ. കന്യകയും ക്രൈസ്തവൈക്യ(എക്കുമേനിസ)വും

മരിയൻപാപ്പാ എന്ന അപരാഭിധാനത്തിനു് തികച്ചും അർഹനായ പ. പിതാവു് പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ 1950–ൽ മുനിഫിച്ചെന്തേസിമൂസ് ദേവൂസ് (Munificentissimus Deus) എന്ന ബൂളാവഴി പ. കന്യകയുടെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചു. പ്രസ്തുത സത്യം ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ കത്തോലിക്കരും അകത്തോലിക്കരുമായ പല സമുന്നത വേദശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെട്ടു, ആ പ്രഖ്യാപനം അകത്തോലിക്കാസഭകളുടെ കത്തോലിക്കാസഭയുമായിട്ടുള്ള ഐക്യത്തിനു് വിഘാതമായി പരിണമിക്കുമെന്നു്. പക്ഷേ തികഞ്ഞ മരിയഭക്തനും അഗാധപണ്ഡിതനുമായ പ. പിതാവു് അവരുടെ വിതണ്ഡവാദങ്ങൾക്കു മറുപടിയായി ഇപ്രകാരം പ്രസ്താവിച്ചു: ''പ. കന്യകയെ ബഹു

മാനിക്കുന്നതുകൊണ്ടു് ആരും ക്രിസ്തുവിൽനിന്നോ സഭയിൽനിന്നോ അകലുന്നതിനു് ഇടയാകുകയില്ല; പ്രത്യുത അതു് മിശിഹായോടുള്ള സമീപനം സുഗമമാക്കുന്നു.'' ഒരു ദശാബ്ദം കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിൻെറ വാക്കുകൾ എത്ര അന്വർത്ഥമായിരിക്കുന്നു എന്നു നമുക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ടു്.

ഇന്നത്തെപ്പോലെ ക്രൈസ്തവൈക്യത്തിനായുള്ള സാർവ്വത്രികമായ അഭിവാഞ്ഛ ഇതിനുമുമ്പു് ഒരിക്കലും നാം ചരിത്രപക്ഷങ്ങളിൽ കാണുകയില്ല. ഈ നവോത്ഥാനത്തെ പരമാവധി പ്രയോജനപ്പെടുത്തി ക്രൈസ്തവൈക്യം ഒരു യാഥാർത്ഥ്യമാക്കിത്തീക്കുമെങ്കിൽ നാം വിജയം വരിക്കും. പാവനസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പാ പത്രോസിൻെറ സിംഹാസനം സമലങ്കരിച്ചതുമുതൽ എക്യുമേനിസയുഗമാരംഭിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസു് അതിനെ പരിപോഷിപ്പിക്കയും ചെയ്തിരിക്കുന്നു. പ. പിതാവു് പൗലോസ് ആറാമൻ തിരുമനസ്സിലെ ഐക്യാഹ്വാനവും പരിശ്രമങ്ങളും വിജയമകുടമണിയുമെന്നു നമുക്കു പ്രത്യാശിക്കാം. മൗലികമായ തത്വങ്ങളിൽ പരിപൂർണ്ണമായ ഐക്യം, അപ്രധാനമായവയിൽ സ്വാതന്ത്ര്യം, സർവ്വോപരി സ്നേഹം എന്ന യോഹന്നാൻ മാപ്പാപ്പായുടെ ആ ദൗത്യം സാർവ്വജനീനമായി അംഗീകൃതമായി ക്രിസ്തുവിൽ മാനവരാശി മുഴുവൻ ഏകീഭവിക്കുന്ന ആ പൊൻപുലരിയുടെ മംഗളോദയം നമുക്കു പ്രത്യാശിക്കാം. ഐക്യത്തിനു പ്രതിബന്ധമായി നിന്നിരുന്ന പല പ്രാകാരനിരകളും നിലംപതിച്ചു. നിരവധി സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ, സാമുദായിക പ്രശ്നങ്ങളിൽ നാം അടുത്തു. വൈകാരികമായ പല വിഷമതകളും പരിഹൃതമായി. പക്ഷേ ക്രൈസ്തവൈക്യം ഇന്നും ഒരു യാഥാൎത്ഥ്യമായിട്ടില്ല. ഇക്കാര്യത്തിൽ പ. കന്യകയോടുള്ള കത്തോലിക്കാമനോഭാവം ഏതെങ്കിലും പ്രതിബന്ധമായിട്ടുണ്ടോ മററു തത്ത്വസംഹിതകളേക്കാൾ? പ. കന്യകയെസംബന്ധിച്ച കത്തോലിക്കാ വിശ്വാസം കൈസ്തവ ഐക്യത്തിനു് വിഘാതമാണോ എന്നുള്ളതാണു് പ്രശ്നം.

മറിയം ഒരു വിധത്തിലും ക്രൈസ്തവ ഐക്യത്തിന് ഒരു പ്രതിബന്ധമല്ല. നേരെമറിച്ച് അവരംതന്നെയാണ് പുനരൈക്യത്തെ ത്വരിതപ്പെടുത്തിയിട്ടുള്ളത്.

പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തോടടുത്തു പാരീസിലെ വിജയമാതാവിൻെറ ദേവാലയത്തിലെ വികാരിയായിരുന്ന റവ. ഫാ. എം. ഡഗെനററ് ഒരു പ്രത്യേക ദൈവികപ്രചോദനത്താൽ അദ്ദേഹത്തിൻെറ ദേവാലയത്തെ മാതാവിൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു. അവിടെ പാപികളുടെ മാനസാന്തരത്തിനുള്ള വിമലഹൃദയസഖ്യവും സ്ഥാപിതമായി. അധികംതാമസിയാതെ ധാരാളം പുനരൈക്യങ്ങരം നടന്നു. ജോർജ്ജ് സ്പെൻസർ എന്ന ഇംഗ്ലീഷുകാരൻെറ മാനസാന്തരം സുപ്രസിദ്ധമാണ്. അദ്ദേഹം ഒരു പാഷനിസ്റ്റു സന്യാസിയായി. അദ്ദേഹംതന്നെ പാരീസിൽ വിജയമാതാവിൻെറ ദേവാലയത്തിൽ സന്നിഹിതനായി ഇംഗ്ലണ്ടിൻെറ പുനരൈക്യത്തിനായി ഒരു ക്രൂശുയുദ്ധമാരംഭിച്ചു. ആംഗ്ലിക്കൻസഭാനേതാവായ ഡോ. പുസി ഇതുകണ്ടപ്പോരം ഭയവിഹ്വലനായി. 1845-ൽ കർദ്ദിനാരം വൈസ്മാൻതന്നെ ഇംഗ്ലണ്ടിൽനിന്നും പാരീസിൽവന്ന് അതെ അഭ്യർത്ഥന നടത്തി. ഒരു വഷ്ത്തിനകം ഓക്സ്ഫോർഡിലെയും കേംബ്രിഡ്ജിലെയും ഏററവും പ്രശസ്ത ദീപങ്ങളായ അറുപതു പേർ സഭയുമായി പുനരൈക്യപ്പെട്ടു. കർദ്ദിനാരം ന്യൂമാൻ, ഓക്ക്‌ലേ, ഫേബർ മുതലായവർ ആ ഗണത്തിൽ ഉരംപ്പെടുന്നു.

സഭയുമായി പുനരൈക്യപ്പെട്ട ഫാ. ഫേബർതന്നെ പിന്നീട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: ''പ. കന്യകയ്ക്കു യഥാത്ഥ ദൈവശാസ്ത്രം നല്കുന്ന സ്ഥാനമെന്താണെന്ന് വളരെ കുറച്ചുമാത്രമെ അറിയുന്നുള്ളു. അതുകൊണ്ട് ദൈവമാതാവിനോടുള്ള ഭക്തി വളരെ മന്ദീഭവിച്ചുവരുന്നു. തന്നിമിത്തം ഈശോ സ്നേഹിക്കപ്പെടുന്നില്ല. പ്രോട്ടസ്റ്റൻറുകാർ മാനസാന്തരപ്പെടുന്നില്ല. സഭ മഹത്വീകരിക്കപ്പെടാതിരിക്കുന്നു. വിശുദ്ധിയിൽ പുരോഗമിക്കുന്ന ആത്മാക്കരം വളരെ കുറച്ചുമാത്രം. കൂദാശകളുടെ സ്വീകരണത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നു. അനേകം

ആത്മാക്കൾ സുവിശേഷത്താൽ ദീപ്തിമത്താകുന്നില്ല. മറിയം യവനികക്കു പിന്നിലായതിനാൽ ഈശോയും അറിയപ്പെടാതിരിക്കുന്നു. അവളെ നാം കാണിച്ചുകൊടുക്കാത്തതിനാൽ അനേകം ആത്മാക്കൾ നശിക്കുന്നു. ഇന്നു നാം മരിയഭക്തി എന്നു വിളിക്കുന്നതു് വെറും ഒരു നിഴൽ മാത്രമാണ്. അതാണ് ഇന്നത്തെ മതപരമായ വിരസതക്കും, തിന്മകൾക്കും, നാശത്തിനും കാരണം.

പ. കന്യകയുടെനേരെയുള്ള യഥാർത്ഥമായ ഭക്തി പ്രചരിപ്പിക്കുന്നതിനേക്കാൾ വിശാലമായ, ഉന്നതമായ ഒരു ദൗത്യം വേറെയില്ല. ആരെങ്കിലും വേണമെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കുക, എത്ര അത്ഭുതാവഹമായ പരിവർത്തനമാണ് അതു് വരുത്തുന്നതു് എന്ന്.

വി. ആഗുസ്തീനോസ് Mater unitatis (ഐക്യത്തിൻെറ മാതാവ്) എന്നു അഭിസംബോധന ചെയ്തിട്ടുണ്ട് പ. കന്യകയെ. അലക്സാണ്ഡ്റിയായിലെ വി. സിറിൽ എഫേസൂസ് സൂനഹദോസിൽ ചെയ്ത പ്രഭാഷണത്തിൽ പ. കന്യകയെ ''സത്യവിശ്വാസസംരക്ഷക'' എന്നാണ് അഭിസംബോധന ചെയ്തിരിക്കുന്നതു്. കോൺസ്റ്റാൻറിനോപ്പോളിലെ വി. ജർമ്മാനൂസ് മറിയത്തോട് ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു: ''ക്രിസ്തീയ വിശ്വാസ ഐക്യം സംരക്ഷിക്കണമെ.'' ശാശ്വതസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപ്പാപ്പാ അദ്ദേഹത്തിൻെറ അഡ്യൂത്രിച്ചം പോപ്പുളി (Adjutricem populi) എന്ന വിശ്വലേഖനത്തിൽ വി. ജർമ്മാനൂസിൻെറ പ്രാർത്ഥന ഉദ്ധരിച്ചുകൊണ്ടു പ്രഖ്യാപിച്ചു: ദൈവമാതാവ് ഏദയെക്യത്തിൻെറയും സൗഹൃദത്തിൻെറയും മാതാവാണെന്ന്. വീണ്ടും പ.പിതാവ് ''ഐക്യത്തിൻെറ സംരക്ഷക, കാവൽക്കാരി'' എന്നെല്ലാം. പരാമർശിക്കുന്നു.

പ. പിതാവ് ലെയോ തിരുമനസ്സുകൊണ്ടുതന്നെ Fidentem Piumque (ഫിദെന്തം പിയുംകെ) എന്ന വേറൊരു വിശ്വലേഖനത്തിലും സഭയുടെ ഐക്യത്തിനു് പ. കന്യകയോട് പ്രാർത്ഥിക്കണമെന്നൽബോധിപ്പിക്കുകയുണ്ടായി. ശിശ്രൂസഭയുടെ മാതൃകയനുസരിച്ചു് വി. പത്താംപീയൂസ് മാപ്പാപ്പാ "Ad diem illum" (ആദ് ദീ

യം ഇല്ലം) എന്ന തിരുവെഴുത്തിൽ ഇപ്രകാരം ചോദിക്കു ന്നു: ''മാനവസമുദായത്തിൻെറ ക്രിസ്തുവിലുള്ള ഐക്യത്തിനു് ഏററവും സുഗമവും സുരക്ഷിതവുമായ മാർഗ്ഗം കന്യകാമറിയമല്ലാതെ വേറൊന്നുമല്ല എന്നു കാണാതിരിക്കുവാൻ ആർക്കുസാധിക്കും.''

1908–ൽ സഭൈക്യത്തിനുവേണ്ടിയുള്ള അഷ്ടദിനപ്രാത്ഥന ആരംഭിച്ചതു് ഫാ. പോാം ഗ്രെമൂർ എന്ന വന്ദ്യ വൈദികനാണല്ലൊ. അദ്ദേഹം ഒരു അകത്തോലിക്കനായിരുന്നപ്പോാംത്തന്നെ പ. കന്യകയുടെ ബഹുമാനാർത്ഥം ഒരു ജപമാലസഖ്യം (Rosary League) സ്ഥാപിച്ചു. അദ്ദേഹം പ്രസ്താവിച്ചതു് പുനരൈക്യപ്രസ്ഥാനം പ. കന്യകയുടെ സംരക്ഷണത്തിലാണെന്നാണു്. അദ്ദേഹം മാതാവിനെ (Our Lady of attouement and unity) രമ്യതയുടെയും ഐക്യത്തിൻെറയും മാതാവ് എന്നാണു വിളിച്ചിരുന്നതു്. പ. പിതാവു് പന്ത്രണ്ടാംപീയൂസ് പ. കന്യകയെ കത്തോലിക്കരുടെയും അകത്തോലിക്കരുടെയും രാജ്ഞിയായി പ്രഖ്യാപിച്ചു.

ശാശ്വതസ്മരണാർഹനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പാ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി: "പ്രോട്ടസ്റ്റൻറ്നവീകരണപ്രസ്ഥാനത്തിനുശേഷം കന്യകമാതാവിനോടുള്ള ഭക്തി മന്ദീഭവിച്ചു. അതുകൊണ്ടു് ആ അമ്മയ്ക്കു് ഇന്നു് സന്തോഷമില്ല. 1962–ൽ പ. പിതാവു് മറിയത്തിൻെറ നാമത്തിലുള്ള ഒരു ദേവാലയം (Our Lady of Child-birth) സന്ദശിച്ചപ്പോാം അരുളിച്ചെയ്തു: ''പ. കന്യകയോടുള്ള യഥാത്ഥമായഭക്തി ലോകംമുഴുവൻ വ്യാപിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്.'' (1)

6–ാം പൗലോസ്മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് കൗൺസിലിൻെറ പ്രവത്തനം മുഴുവൻ പ. കന്യകയ്ക്കാണു് അപ്പിച്ചിരിക്കുന്നതു്. വത്തിക്കാൻസൂനഹദോസിൻെറ മൂന്നാമത്തെ സമ്മേളനത്തിൽ മാതാവിൻെറ മാതൃത്വം ചർച്ചചെയ്തപ്പോാം പിതാക്കന്മാർ ക്രിസ്തുവിലേയ്ക്കുള്ള കേന്ദ്രീകരണം മരിയവിരുദ്ധമാകരുതു് എന്നു മുന്നറിവു് നൽകി. ഒരു പോളീഷ്മെത്രാൻ പറഞ്ഞു, പൗരസ്ത്യ അക

(1) Tablot, Dec: 1962.

ത്തോലിക്കാ സഭകളിലും മറിയത്തോടുള്ള ഭക്തി വളരെ സുദൃഢമാണെന്നു്. മറിയം ഐക്യത്തിൻെറ പാലമാണു്. ഒരു ലൂതറൻപാസ്റ്റർ ''ഞങ്ങളെയും നിങ്ങളെയും മറിയം പഠിപ്പിക്കട്ടെ''മെന്നു് പ്രസംഗിച്ചതായി സഭാപിതാക്കന്മാരിൽ ഒരാൾ പറഞ്ഞു. ലൂതർതന്നെ ''നാം മറിയംവഴിയായി ദൈവത്തെ പ്രാപിക്കണമെന്നു് ദൈവമാഗ്രഹിക്കുന്നതായി'' രേഖപ്പെടുത്തിയിട്ടുണ്ടു് എന്നു് വേറൊരു സഭാപിതാവും കൗൺസിലിൽ പ്രസ്താവിച്ചു. കർദ്ദിനാൾ സൂനൻസും പ. കന്യകയ്ക്കു യഥാർത്ഥമായി പരിത്രാണകർമ്മത്തിലുള്ള സ്ഥാനം നാം അംഗീകരിക്കുകയും അതിനനുസരണമായ ഭക്തി പ്രദർശിപ്പിക്കുകയും ചെയ്യുന്നതു് പുനരൈക്യത്തിനു വിഘാതമാവുകയില്ല എന്നു പ്രസ്താവിക്കുകയുണ്ടായി.

വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കർദ്ദിനാൾഹീനൻ പറയുകയാണു്: "Mary is not a cause for division but bond of unity" (പ. കന്യക വിഭജനത്തിനു കാരണമല്ല; പ്രത്യുത ഐക്യത്തിൻെറ ശൃംഖലയാണു്). രണ്ടാം വത്തിക്കാൻ സൂനഹദോസ് അവളുടെ ആദ്ധ്യാത്മികമായ മാതൃത്വം പ്രഖ്യാപിച്ചതോടുകൂടി പ. കന്യക ഒരു വിധത്തിലും ഐക്യത്തിനു പ്രതിബന്ധമല്ല. നേരേമറിച്ചു് അവളുടെ മാതൃത്വം ഐക്യത്തെ ത്വരിതപ്പെടുത്തും എന്ന വസ്തുത വ്യക്തമാക്കി. ഒരു കുടുംബത്തിലെ മാതാവു് എപ്രകാരം സ്വസന്താനങ്ങളെത്തമ്മിൽ യോജിപ്പിച്ചു സ്നേഹത്തോടുകൂടി കൊണ്ടുപോകുന്നുവോ അതുപോലെ, നമ്മുടെ അമ്മയും എല്ലാ ക്രൈസ്തവരേയും ഐക്യപ്പെടുത്തും. കത്തോലിക്കർ ഐക്യത്തിനുവേണ്ടി പ. കന്യകയോടുള്ള യഥാർത്ഥമായ ഭക്തി കുറയ്ക്കുകയല്ല പ്രത്യുത അവൾ അർഹിക്കുന്ന സ്ഥാനമെന്താണെന്നു് വേദശാസ്ത്രപരമായ തെളിവുകളോടുകൂടി മററുള്ളവരെ മനസിലാക്കുന്നതിനു് പരിശ്രമിക്കുകയാണു് വേണ്ടതു്. പല അകത്തോലിക്കർക്കും വളരെ തെററായ ഒരു ധാരണയാണു് കത്തോലിക്കർക്കു പ. കന്യകയുടെനേരെയുള്ള ഭക്തിയെ സംബന്ധിച്ചിടത്തോളം. Mariolatry (മരിയാരാധന) എന്ന ആക്ഷേപം അതത്രെ സൂചിപ്പിക്കുന്നതു്.

പ. കന്യക നമ്മുടെ എക്കുമേനിസപ്രസ്ഥാനത്തിൻെറ മദ്ധ്യത്തിലുണ്ട്, എല്ലാവരുടെയും ക്രിസ്തുവിലുള്ള ഐക്യം യഥാർത്ഥീകരിക്കുവാൻ. മാതാവില്ലാത്ത കുടുംബങ്ങളിലെ കുട്ടികളുടെ ദയനീയത ആക്കാണ് മനസിലാകാത്തതു്. (2)

ആംഗ്ലിക്കനായ റവ. ററി. എം. പാർക്കർ ''Ways of worship.''(വേയ്സ് ഓഫ് വേർഷിപ്പ്) എന്ന മാസികയിൽ പ. കന്യകയെ പരാമർശിച്ച് പ്രോട്ടസ്റ്റൻറുകാർക്കുള്ള പ്രശ്നത്തിനുത്തരമായി ഇപ്രകാരം എഴുതിയിരിക്കുന്നു: ''പ. കന്യകയെക്കൂടാതെ ദൈവത്തെപ്പററി ചിന്തിക്കരുതു്, അതുപോലെ ദൈവത്തെപ്പററി ചിന്തിക്കാതെ പ. കന്യകയെപ്പററിയും ചിന്തിക്കരുതു്'' (3). ഇതു് സുരക്ഷിതനിയമമാണ്.

ബാപ്ററിസ്റ്റ് സഭാനേതാവായ ബില്ലിഗ്രഹാം (Billy Graham) അദ്ദേഹത്തിൻെറ ചിക്കാഗോ കൺവൻഷൻ ഉൽഘാടനംചെയ്തുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു: ''നാം പ. കന്യകയെ തീരെ തരംതാഴ്ത്തി. അവരം സ്വർഗ്ഗീയപിതാവ് ലോകത്തിലേക്കയച്ച് നമ്മുടെ പാപപരിഹാരത്തിനുവേണ്ടി കുരിശിൽ സ്വയം ബലിയപ്പിച്ച തൻെറ തിരുക്കുമാരനെ സ്വീകരിക്കുന്നതിനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്''. (4)

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളും സമ്മതിക്കും അവർക്ക് പ. കന്യകയുടെ മാതൃപരിലാളനവഴിയാണ് സത്യസഭയെ സമാശ്ലേഷിക്കുന്നതിനു് സാധിച്ചതു് എന്നു്. വിശ്വവിശ്രുത ആംഗ്ലേയസാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടൻെറ മാനസാന്തരം ഇതിനുത്തമോദാഹരണമാണ്. അദ്ദേഹം ഒന്നാം ലോകമഹായുദ്ധാനന്തരം വിശുദ്ധ സ്ഥലങ്ങളം സന്ദർശിക്കുന്നതിനായി യാത്രയായി. ആ സ്ഥലങ്ങളെല്ലാം സന്ദർശിച്ചതിനുശേഷം ബ്രഡ്ഫിസിയിലുള്ള പ. കന്യക

(2). Cardinal Suenens. Mary Mother of God. P. 131
(3) The Priest. Nov. 1961.
(4) Miraculam medal. Sept 1963

യുടെ ഒരു തിരുസ്വരൂപത്തിൻെറമുമ്പിൽ മുട്ടുകുത്തിപ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോഴാണ് കത്തോലിക്കാസഭയിൽ ചേരുവാൻ തീരുമാനമെടുക്കുന്നത്. കർദ്ദിനാൾ ന്യൂമാൻ മുതലായവരും പ. കന്യകയുടെനേരെ വിശേഷമായ ഭക്തി പ്രദർശിപ്പിച്ചിരുന്നു.

പുനരൈക്യത്തിനു മാനുഷികമായ തലത്തിലുള്ള പ്രതിബന്ധങ്ങൾ പലതും നാം തരണംചെയ്തുകഴിഞ്ഞു. പുനരൈക്യപ്രസ്ഥാനത്തിൻെറ പാതയിൽ ദുർഗ്ഗമങ്ങളെന്നു കരുതിയിരുന്ന പ്രാകാരനിരകൾ പലതും നിലംപരിശായി. വികാരപരമായ ഐക്യം സാധിതപ്രായമായി. സാമൂഹ്യവും രാഷ്ട്രീയവുമായ പലേ പ്രതിലോമശക്തികളേയും കീഴടക്കി. ദൈവശാസ്ത്രപരമായ പ്രശ്നങ്ങളാണ് ഇനി അവശേഷിക്കുന്നത്. അതിനെയും പിന്നിട്ടുകൊണ്ട് ഐക്യത്തിൻെറ, സുപ്രഭാതം, എക്കുമേനിസത്തിൻെറ യുഗം ഉദയംചെയ്യുന്നതിനു് ഇനി അത്യാവശ്യമായിരിക്കുന്നത് പരിശുദ്ധാത്മാവിൻെറ പ്രകാശവും പ്രസാദവരവുമാണ്. ദൈവമാണ് ഐക്യത്തിൻെറ കത്താവ്. ദൈവം ആ ഐക്യം സ്ഥാപിച്ചത് പ. കന്യക വഴിയാണ്. സഭയിൽനിന്നും വേർപെട്ടവർ ആ ഐക്യത്തിനു് ഹാനിവരുത്തി അതിൻെറ പുനഃസ്ഥാപനത്തിലും പ. കന്യകയ്ക്കു് സുപ്രധാനമായ പങ്കു വഹിക്കുവാനുണ്ടു് എന്നതു് നാം വിസ്മരിക്കരുതു്. അതിനാൽ നമുക്കു് പുനരൈക്യത്തിൻെറ നാഥയോടു് പ്രാർത്ഥിക്കാം.

ഫാ. ഫേബറിനോടുകൂടി നമുക്കും ഇപ്രകാരം പറയാം: ‘‘ഓ! മറിയം യഥാർത്ഥത്തിൽ അറിയപ്പെട്ടിരുന്നുവെങ്കിൽ, കത്താവിനോടു് ഇത്രമാത്രം കൃതഘ്നതനാം പ്രകടിപ്പിക്കുകയില്ലായിരുന്നു. ഓ! മറിയം അറിയപ്പെട്ടിരുന്നുവെങ്കിൽ നമ്മുടെ വിശ്വാസം എത്രക്കൂടുതൽ അത്ഭുതാവഹമാകുമായിരുന്നു. നമ്മുടെ വി. കുർബാനസ്വീകരണം എത്ര വിഭിന്നമാകുമായിരുന്നു. ഓ! മറിയത്തെ നാം യഥാർത്ഥത്തിൽ അറിഞ്ഞിരുന്നുവെങ്കിൽ നാം എത്ര പുളകിതഗാത്രരാകുമായിരുന്നു. നാം എത്ര കൂടുതൽ വിശുദ്ധിയിൽ പുരോഗമിക്കുമായിരുന്നു. നാം എത്ര കുറച്ചുമാത്രം ഭൗമികരാകുമായിരുന്നു. നാം എത്രമാത്രം അവളുടെ ദിവ്യ

സുതൻെറ, നമ്മുടെ കത്താവും രക്ഷകനുമായ മിശിഹായുടെ, സജീവ പ്രതിരൂപങ്ങളാകുമായിരുന്നു.''

എക്കുമേനിസയുഗം ഫലമണിഞ്ഞു് മാനവരാശിയുടെ ക്രിസ്തുവിലുള്ള യഥാത്ഥവും സാർവ്വത്രികവുമായ ഐക്യം ആത്മാത്ഥമായി അഭിലഷിക്കുന്നവർ പ. കന്യകയ്ക്കു പരിത്രാണകമ്മത്തിലും അതുപോലെതന്നെ ക്രൈസ്തവൈക്യത്തിലും വഹിക്കുവാനുള്ള പങ്ക് എന്തെന്നു മനസ്സിലാക്കി പ്രവത്തിക്കണം. സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയായ മറിയംവഴി മാത്രമെ ഐക്യത്തിനുള്ള അനുഗ്രഹം ലഭിക്കുകയുള്ളു. ക്രിസ്തുവിൻെറ ഭരണം മറിയംവഴിയായി സമാരംഭിക്കട്ടെ ഓരോ വ്യക്തിയിലും, കുടുംബത്തിലും, സമൂഹത്തിലും, വിശ്വമഖിലവും.

ഗ്രീക്കു് ഓത്തഡോക്സ് സഭയാണല്ലൊ ഇപ്പോഠം പുനരൈക്യത്തിൽ ഏററവും ഔത്സുക്യം പ്രദശിപ്പിക്കുന്നതു്. അതിൻെറ കാരണമെന്താണ്? ഗ്രീക്കുകാർ കത്തോലിക്കാസഭയെപ്പോലെതന്നെയാണ് പ. കന്യകയെ പരിഗണിക്കുന്നതു്. മാതാവിനെ കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന സഭകളായിരിക്കും ആദ്യമായി സത്യസഭയുമായി ഐക്യപ്പെടുക. ആംഗ്ലിക്കൻസഭയിലും ഐക്യത്തിനുള്ള അഭിനിവേശമാരംഭിച്ചിട്ടുണ്ടു്. അവരും വലിയ മരിയഭക്തരാണല്ലൊ.

## അദ്ധ്യായം എട്ട്

# അണുബോംബ്

ഇപ്പോഠം ഏററവും ഭയാനകവും ശക്തവുമായ മാരകായുധങ്ങഠം സംഭരിക്കുന്നതിലാണു് ലോകശക്തികഠം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഈ മത്സരത്തിൽ ആർ വിജയിക്കുമോ അവക്ക് ലോകാധിപത്യം ലഭിക്കുമെന്നാണു് ഓരോരുത്തരുടെയും വിചാരം. ഇപ്രകാരമുള്ള ഒരു ലോകത്തിൽ ഭൗമികമായ എല്ലാ ശക്തികഠംക്കും അതീതമായി ദൈവികമായ ശക്തി പ്രവർത്തിക്കുന്നുണ്ടെന്നുള്ള വസ്തുത നാം അംഗീകരിക്കുന്നപക്ഷം ഭയത്തിനവകാശമില്ല. ലോകത്തെ മുഴുവൻ വിറപ്പിച്ച നെപ്പോളിയൻ ബോണപ്പാർട്ടു് വാട്ടർലൂ യുദ്ധത്തിൽ പരാജിതനാക്കപ്പെട്ടു. അദ്ദേഹം സെൻറ് ഹെലനാദ്വീപിൽ പ്രവാസജീവിതമനുഭവിക്കുമ്പോഠം ഇപ്രകാരം പറഞ്ഞു: "ലോകത്തിൽ രണ്ടു ശക്തികഠം മാത്രം, ഒന്നു് ആദ്ധ്യാത്മികം; മറെറാന്നു് ഭൗതികം. ഇവതമ്മിൽ സന്ധിയില്ലാത്ത സമരമാണു്. പക്ഷേ നെടുനീണ്ട ഈ സമരത്തിൽ ആദ്ധ്യാത്മികശക്തി എപ്പോഴും ഭൗതികശക്തികളെ പരാജയപ്പെടുത്തിയിട്ടുള്ളതായി

ലോകചരിത്രം സാക്ഷ്യംവഹിക്കുന്നു.'' ഭൗമികശക്തികളുടെമേൽ ആദ്ധ്യാത്മികശക്തിക്കു വിജയം സിദ്ധിക്കുന്നതിനു് ദൈവത്തിൻെറ ബലഹീന ഉപകരണമായി വൎത്തിക്കുന്ന നല്ലയാളുകൾ, എപ്പോഴുമുണ്ടായിരുന്നു. ദൈവം ഇഹലോകത്തിലെ ജ്ഞാനികളെ പരാജയപ്പെടുത്തുന്നതു് വെറും നിരക്ഷരകുക്ഷികൾവഴിയായിരിക്കും. ''ഈ ലോകത്തിൻെറ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്തമാണു്. ബലഹീനതയിൽ ശക്തി പൂൎത്തീകരിക്കപ്പെടുന്നു.'' എന്നെല്ലാം വി. പൗലോസ് അപ്പസ്തോലൻ പ്രസ്താവിക്കുന്നതു് തികച്ചും അൎത്ഥപൂൎണ്ണമാണു്. ഭൗമികശക്തികളുടെമേൽ ആദ്ധ്യാത്മികമായ ശക്തി വിജയം വരിച്ചപ്പോഴെല്ലാം പ. കന്യക ആദ്ധ്യാത്മികശക്തികളുടെ നേതൃത്വം വരിച്ചിരുന്നു.

സ്വൎഗ്ഗറാണി സഭാവൈരികൾക്കെതിരായി സമരം ചെയ്യുവാൻ ഒരു ദിവ്യായുധം വി. ഡോമിനിക്കിനു നൽകി—ജപമാല. അന്നുമുതൽ ഇന്നുവരെയുള്ള എല്ലാ സമരത്തിലും സഭാംബിക ആ ദിവ്യായുധം പ്രയോഗിച്ച് വിജയംവരിച്ചു എന്നു നമുക്കു കാണുവാൻ സാധിക്കും. ജപമാല തികച്ചും സ്വൎഗ്ഗീയമായ ഒരു പ്രാൎത്ഥനയാണെന്നു പറയാം. പ. കന്യകതന്നെയാണല്ലൊ വി. ഡോമിനിക്കിനു് അതു് വെളിപ്പെടുത്തിയതു്. അതിനുംപുറമെ അതു് മനുഷ്യനു് ദൈവികജീവൻ സംവഹിച്ച പരിത്രാണകൃത്യത്തിൻെറ വിവിധരംഗങ്ങളെ സജീവമായി നമ്മുടെ മുമ്പിൽ അവതരിപ്പിച്ച് ആ ജീവിതം നയിക്കുന്നതിനു് ആഹ്വാനം നല്കുന്നു. മാനസികപ്രാർത്ഥനയും വാചികപ്രാർത്ഥനയും സംയോജിപ്പിച്ചുള്ള ഈ പ്രാർത്ഥനാരീതി ആൎക്കും സ്വീകാര്യമായതാണു്. ക്രിസ്തുനാഥൻതന്നെ പഠിപ്പിച്ച സ്വൎഗ്ഗസ്ഥനായപിതാവേ എന്ന പ്രാർത്ഥനയും, സ്വൎഗ്ഗീയ ദൗത്യവാഹകനായ ഗബ്രിയേൽദൈവദൂതൻെറ അഭിവാദ്യവും, പരിശുദ്ധാത്മാവിനാൽ പൂരിതയായ എലിശബായുടെ ആശംസയും, എല്ലാംകൂടി സുമനോഹരമായി ചേൎത്തിണക്കിയ ഒരു സുകൃതപുഷ്പമാല്യമാണു് ജപമാല. നന്മനിറഞ്ഞമറിയം സമരസഭയുടെ മുദ്രാവാക്യവും പോർവിളിയുമാണു്.'' നന്മനിറഞ്ഞമറിയം നരകത്തെ ഞെട്ടി

ക്കുകയും പിശാചുക്കളെ ഭയപ്പെടുത്തുകയും ചെയ്യുന്നുവെന്നത്രെ വി. ബർണാർദ് പ്രസ്താവിച്ചിട്ടുള്ളത്.

ജപമാല രക്ഷണീയകർമ്മത്തിൻെറ മൗലികസത്യങ്ങളിലുള്ള അനുചിന്തനത്തിലേക്കു നയിക്കുന്നു (Contemplation). പ. കുർബാനകഴിഞ്ഞാൽ ഏററവും മനോഹരമായ പ്രാർത്ഥനയാണ് ജപമാല എന്നുള്ളതു് നിസ്തർക്കമാണ്. അതു് ഒരു പ്രായോഗിക പ്രാത്ഥനയുമാണ്. ക്രിസ്തീയമായ ധാർമ്മികവും പ്രകൃത്യതീതവുമായ സത്യങ്ങൾ മിശിഹായിലും പ. കന്യകയിലും എത്ര സമുന്നതമായ രീതിയിൽ പരിലസിച്ചു എന്നു നമ്മെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ ആദ്ധ്യാത്മികജീവൻെറ അന്ത്യം, അതിനുള്ള മാർഗ്ഗം, അതു പ്രാപിക്കുന്നവിധം ഇവയെല്ലാം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. മർത്ത്യാവതാരംചെയ്ത ദൈവത്തെ അനുസ്മരിച്ചുകൊണ്ട് ആരാധനയും, പീഡാനുഭവത്തെ ധ്യാനിച്ചുകൊണ്ട് പരിഹാരവും കൃതജ്ഞതയുമർപ്പിക്കുന്നുണ്ട്. അതു് ഈശോയോടും പ. കന്യകയോടുമുള്ള ഒരു ഹൃദയംഗമമായ സല്ലാപമാണ്.

ജപമാല നമ്മുടെ സന്തോഷസന്താപങ്ങളെയും പ്രതീക്ഷകളെയും പ്രകൃത്യതീതമാക്കി അതിനെ പവിത്രീകരിക്കുന്നു. ജപമാല ജപിക്കുമ്പോൾ പലവിചാരം ഉണ്ടാകുന്നു; അതുപോലെതന്നെ ഒരേരീതിയിലുള്ള പ്രാത്ഥനകൾ വീണ്ടും വീണ്ടും ആവർത്തിക്കുന്നതുകൊണ്ട് വിരസതയുണ്ടാകുന്നു എന്നെല്ലാമുള്ള വിഷമതകൾ പലർക്കും അനുഭവപ്പെടുന്നുണ്ട്. പക്ഷേ മനഃപൂർവ്വമല്ലാത്ത പലവിചാരങ്ങൾ ഒരിക്കലും പ്രാർത്ഥനയുടെ യോഗ്യതയെ ഹനിക്കുന്നില്ല, എന്നുമാത്രമല്ല നാം അന്യവിചാരങ്ങളോടു സമരം ചെയ്തുകൊണ്ട് പ്രാത്ഥിക്കുമ്പോൾ അതു് കൂടുതൽ യോഗ്യതാപൂർണ്ണവും ദൈവത്തിനു പ്രീതിജനകവുമായിരിക്കും.

പ. കന്യക ജപമാല വി. ഡോമിനിക്കിന് നൽകിക്കൊണ്ട് പതിനഞ്ചു പ്രത്യേക വാഗ്ദാനങ്ങൾ ചെയ്തിട്ടുള്ളതായി ഡോമിനിക്കൻസഭയുടെ പാരമ്പര്യമുൽഘോഷിക്കുന്നു. ആദ്ധ്യാത്മികവും ഭൗമികവുമായ എല്ലാവിധ അനുഗ്രഹങ്ങളും ജപമാലഭക്തർക്കു നൽകുന്നതാണ് എന്നു കന്യകമറിയം പ്രസ്താവിച്ചിട്ടുണ്ട്. ആ വാഗ്ദാനങ്ങളിൽ

മൂന്നാമത്തേതു് താഴെ രേഖപ്പെടുത്തുന്നു.

''ജപമാല നാരകീയശക്തികൾക്കെതിരായുള്ള അജയ്യമായ ആയുധമാണ്. അതു് തിന്മകളെ നിഹനിക്കുകയും പാപത്തെ ശക്തിഹീനമാക്കുകയും അവിശ്വാസത്തെ കീഴടക്കുകയും ചെയ്യുന്നു.'' (1). വി. അഞ്ചാം പീയൂസ് മാർപ്പാപ്പാ ജപമാലയെ മറിയത്തിൻെറ സങ്കീർത്തനം എന്നത്രെ വിളിച്ചിട്ടുള്ളതു്. അദ്ദേഹമാണല്ലൊ മഹമ്മദീയരോടുള്ള യുദ്ധത്തിൽ ജപമാല ആയുധമായി ഉപയോഗിക്കുവാൻ നിർദ്ദേശിച്ചതു്. അതുവഴിയായി കോറിന്തു്കടലിലുള്ള യുദ്ധത്തിൽ മഹമ്മദീയരെ നിശ്ശേഷം പരാജിതരാക്കി. വി. ചാറൽസ് ബറോമ്മ പറയുന്നതു് ദിവ്യബലി കഴിഞ്ഞാൽ ഏററവും ദൈവീകമായ പ്രാർത്ഥനയാണ് ജപമാല എന്നത്രെ. ജപമാലയോടും നന്മനിറഞ്ഞ മറിയത്തോടുമുള്ള വിദ്വേഷം നിത്യനാശത്തിൻെറ ലക്ഷണമാണെന്നു വി. ഗ്രിഞ്ഞോൺ ദെ മോൺപോർട്ട് പറയുന്നു. [redacted]

പാരീസിൻെറ പ്രാന്തങ്ങളിലുള്ള കമ്യൂണിസ്റ്റ്കേന്ദ്രങ്ങളിൽ പ്രേഷിതവൃത്തിയിലേർപ്പെട്ടിരുന്ന ഫാദർ ലാമി പ്രസ്താവിക്കുന്നതു് സ്മരണീയമാണ്. ജപമാലഭക്തിയാണ് ലൂസിഫറിനെ നിരാശനാക്കുന്നതു്. അതുകൊണ്ടു് അവൻ ജപമാലയുടെ വലിയ ശത്രുവാണ്. എനിക്കു ദൈവസ്നേഹമില്ലെങ്കിലും ലൂസിഫറിനെ ശല്യപ്പെടുത്തുവാനായി ഞാൻ ജപമാല ജപിക്കും. (2)

പ. കന്യക ജപമാലഭക്തി വി. ഡൊമിനിക്കിന് വെളിപ്പെടുത്തിയതിനുശേഷം ഏകദേശം അമ്പതു മാർപ്പാപ്പാമാരോളം ജപമാലയുടെ ഉത്ഭവം മാനുഷികമല്ല, പ്രത്യുത ദൈവീകമാണ് എന്നു് ലോകത്തെ അനുസ്യൂതം അനുസ്മരിപ്പിച്ചിരുന്നു. എല്ലാ അപകടങ്ങളിലും അതു് മാർപ്പാപ്പാമാർക്കു ശക്തി പ്രദാനം ചെയ്തിട്ടുണ്ടു്. ഭാഗ്യസ്മരണാർഹനായ ഒമ്പതാംപീയൂസ്മാർപ്പാപ്പാ പ്രഖ്യാപിച്ചു:

(1) Stephen Brew, Recent Apparitions of B.V. Mary. Into each life the Rosary.

(2) More about Fatima by Fr. V. Montes De Oca Cssp

''ജപമാല കരങ്ങളിൽ വഹിച്ചിരിക്കുന്ന ഒരു സൈന്യം ഖഡ്ഗധാരികളായ ഒരു സേനാവ്യൂഹത്തേക്കാരം ശക്തമാണ്.'' (3) ലൂർദ്ദിൽ പ. കന്യക പ്രത്യക്ഷപ്പെട്ടപ്പോഴും ഫാത്തിമായിലും ജപമാലഭക്തിയാണാവശ്യപ്പെട്ടത്.

ജപമാലയുടെ പാപ്പാ എന്ന പേരിനർഹനായ പതിമൂന്നാം ലെയോൻ മാപ്പാപ്പായാണ് ജപമാലഭക്തിയുടെ പ്രാധാന്യം കത്തോലിക്കാലോകത്തെ നിരന്തരം അനുസ്മരിപ്പിച്ചുകൊണ്ടിരുന്നത്. ഒരു മാപ്പാപ്പാ ഒരേ വിഷയത്തെ പരാമർശിച്ച് പന്ത്രണ്ടു വിശ്വലേഖനങ്ങരം പ്രസിദ്ധപ്പെടുത്തുക എന്നുള്ളതു് സഭയുടെ ചരിത്രത്തിൽ ഇതാദ്യമാണ്. പതിമൂന്നാം ലെയോൻ മാപ്പാപ്പാ ജപമാല ഭക്തിയെ പുരസ്കരിച്ച് പന്ത്രണ്ടു ചാക്രിക ലേഖനങ്ങളും അത്രയും തന്നെ ശ്ലൈഹിക നിർദ്ദേശങ്ങളും (decrees and apostolic constitutions) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കുടുംബങ്ങളിൽ സമാധാനമാഗ്രിക്കുന്നുവെങ്കിൽ ജപമാല ഭക്തിപൂർവ്വം ജപിക്കുക എന്ന് പത്താംപീയൂസ് മാർപ്പാപ്പാ ഉൽബോധിപ്പിക്കുന്നു.

ഒന്നാം ലോക മഹായുദ്ധക്കാലത്തു് പ. പിതാവ് ബനഡിക്ട് പതിനഞ്ചാമൻ 1917—മേയ് അഞ്ചാം തീയതി ''സമാധാനരാജ്ഞി'' എന്ന തിരുവെഴുത്തുവഴിയായി ലോകസമാധാനത്തിനുവേണ്ടി സാർവ്വലൗകികമായ ഒരു പ്രാർത്ഥനാ ക്രൂശുയുദ്ധം പ. കന്യകയിൽ അഭയം ഗമിച്ച് നടത്തുവാനാഹ്വാനം ചെയ്തു. മേയ് 13—ാം തീയതി ജപമാല രാജ്ഞിതന്നെ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു് ജപമാലഭക്തിപൂർവ്വം ജപിക്കുവാനാവശ്യപ്പെട്ടു. ഫാത്തിമായിൽ ഉണ്ടായ എല്ലാ ദർശനങ്ങളിലും പരിശുദ്ധ കന്യക ലോക സമാധാനത്തിനും പാപികളുടെ മാനസാന്തരത്തിനുമായി ജപമാല ഭക്തിപൂർവ്വം ജപിക്കുവാനാവശ്യപ്പെട്ടു. ''ലോകം കിടന്നു നട്ടം തിരിയുന്ന ഈ അസ്വസ്ഥതയിൽ നിന്നും മോചനം പ്രാപിക്കു

(2) More about Fatima by Fr- V. Montes De Oca C.S.Sp.

ന്നതിനു ദൈവം നല്കിയിരിക്കുന്ന വ്യവസ്ഥയാണ് ജപമാലരാജ്ഞിയുടെ നിർദ്ദേശം.''

പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഒരു തീർത്ഥക സംഘത്തെ അഭിസംബോധന ചെയ്തുകൊണ്ട് അവിടുത്തെ ജപമാല കൈയിലേന്തി ഇപ്രകാരം അരുളിച്ചെയ്തു: ''ഇതാ കണ്ടാലും! വത്തിക്കാനിലെ ഏററവും വലിയ സമ്പത്ത്.'' Ingreviscentibus malis(ഇൻഗ്രെവിഷേന്തിബൂസ് മാളിസ്) എന്ന വിശ്വലേഖനത്തിൽ ജപമാല കമ്മ്യൂണിസം എന്ന തിന്മയ്ക്കും മറെറല്ലാ തിന്മകൾക്കും പ്രതിവിധിയായി നിർദ്ദേശിച്ചിട്ടുണ്ട്.

1961 ഒക്ടോബർ മാസത്തിൽ പരേതനായ പ്രസിഡൻറ് കെന്നഡി ക്യൂബൻ ഉപരോധം ഏർപ്പെടുത്തിയപ്പോൾ, ഇരുപത്തിമൂന്നാം ജോൺ മാർപ്പാപ്പാ വീണ്ടും ലോകത്തെ ഉൽബോധിപ്പിച്ചു ഭൂതകാലചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട്, ലോകസമാധാന സംസ്ഥാപനാർത്ഥം ജപമാല ജപിക്കുക, പ.കന്യക സമാധാനവും സാമൂഹ്യവുമായ സുസ്ഥിതിയും ക്രമവും പു:നസ്ഥാപിക്കുമെന്നു തിരുമേനി അരുളിച്ചെയ്തു.

1966 സെപ്ററംബറിൽ പൗലോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ലോകസമാധാനത്തിനായി ജപമാല ജപിക്കുവാൻ Christi matris Rosarii(ക്രീസ്തി മാത്രിസ് റൊസാരിയി) എന്ന വിശ്വലേഖനദ്വാരാ കത്തോലിക്കാ ലോകത്തെ ആഹ്വാനം ചെയ്തു.

ഐറീഷ് സ്വാതന്ത്ര്യ സമ്പാദകനായ ദാനിയേൽ ഒക്കോണൽ പ്രസ്താവിച്ചു: ''ബ്രിട്ടീഷ് സാമ്രാജ്യശക്തിക്കെതിരായി അയർലണ്ടിൻെറ സ്വാതന്ത്ര്യസമ്പാദനത്തിനുപയോഗിച്ച ഏററവും വലിയ ആയുധം ജപമാലയാണ്.'' അദ്ദേഹം ബ്രിട്ടീഷ് പാർലമെൻറിൽ പ്രസംഗിക്കുന്നതിനു മുമ്പായി ഓരോപ്രാവശ്യവും മൂന്നു ജപമാല ഭക്തിപൂർവ്വം ജപിച്ചിരുന്നു.

1919–ൽ അമേരിക്കൻ പ്രസിഡൻറ് സ്ഥാനത്തേയ്ക്കു മത്സരിച്ച ആദ്യത്തെ കത്തോലിക്കനാണ് ആഡം സ്മിത്ത്. അദ്ദേഹത്തോട് സ്നേഹിതന്മാർ പറഞ്ഞു താങ്കൾ ഒരു കത്തോലിക്കനാണെന്നുള്ള വസ്തുതയ്ക്കു വലിയ പ്രാ

ധാന്യം നൽകാതെ തെരഞ്ഞെടുപ്പിൽ മത്സരിക്കണം; എങ്കിൽ മാത്രമെ വിജയസാദ്ധ്യതയുള്ളു എന്നു്. അദ്ദേഹം തെരഞ്ഞെടുപ്പു പ്രചരണ യോഗത്തെ അഭിസംബോധന ചെയ്തു കൊണ്ടു് ഇപ്രകാരം പറഞ്ഞു: "ഇതാ കണ്ടാലും നിങ്ങൾ എന്റെ ജപമാല. അമേരിക്കൻ പ്രസിഡൻറു് സ്ഥാനവും ജപമാലയും ഇതിൽ ഏതെങ്കിലും ഒന്നു് തെരഞ്ഞെടുക്കാമെന്നു് എന്നോടു പറഞ്ഞാൽ ഞാൻ അമേരിക്കൻ പ്രസിഡൻറു് സ്ഥാനം ഉപേക്ഷിച്ചിട്ടു് ജപമാല തെരഞ്ഞെടുക്കും."

ഇന്നു് ലോകത്തിലുള്ള എല്ലാ മനുഷ്യരും ഉപയോഗിക്കുന്നതും വാർത്താവിനിമയത്തിൽ സർവ്വപ്രധാനമായ സ്ഥാനം വഹിക്കുന്നതുമായ റേഡിയോ കണ്ടുപിടിച്ചതു് "മാക്കോണി" എന്ന ഇററാലിയൻ ശാസ്ത്രജ്ഞനാണല്ലൊ. ഭക്തിപൂർവ്വം ഒരിക്കൽ ജപമാല ജപിച്ചുകൊണ്ടിരുന്നപ്പോഴാണു് റേഡിയോയുടെ രഹസ്യം അദ്ദേഹത്തിനു ലഭിച്ചതു്. മാക്കോണിയുടെ മരണസമയത്തു് അദ്ദേഹത്തിന്റെ ഭാര്യ സമീപത്തുണ്ടായിരുന്നില്ല. ഭാര്യക്കു് എന്തെങ്കിലും സന്ദേശം നൽകുവാനുണ്ടോ എന്നു സ്നേഹിതന്മാർ ചോദിച്ചു. അപ്പോൾ മാക്കോണി പ്രസ്താവിച്ചതു് ഇപ്രകാരമാണു്: "ഞാൻ മരണസമയത്തും ജപമാല ജപിച്ചിരുന്നുവെന്നു് എന്റെ ഭാര്യയോടു പറയുക."

ലൂർദ്ദിലും ഫാത്തിമായിലും ജപമാലഭക്തിയോടനുബന്ധിച്ചു് ധാരാളം അത്ഭുതങ്ങളും പാപികളുടെയും നാസ്തികരുടെയും മാനസാന്തരവും നടക്കുന്നതായി നാം പത്രങ്ങളിലും മററും വായിക്കുന്നുണ്ടല്ലൊ. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ അനുദിന ജപമാലഭക്തി വഴിയായി സിദ്ധിച്ചിട്ടുള്ള അനുഗ്രങ്ങൾ നിരവധിയായിരിക്കും. അതുപോലെതന്നെ സാമൂഹ്യതലത്തിലും, ദേശീയമായ രംഗങ്ങളിലും, ലോകവ്യാപകമായ രീതിയിലും ജപമാലവഴി സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങൾ അസംഖ്യങ്ങളാണു്. "മനുഷ്യനിർമ്മിതമായ മനോഹരവും പ്രധാനവും ആശ്വാസം പകരുന്നതുമായ പ്രാർത്ഥന ജപമാലയാണു്."

മനുഷ്യന്റെ ശാരീരികവും ആദ്ധ്യാത്മികവുമായ ജീവനെ രക്ഷിക്കുന്നതിനു് ജപമാല പര്യാപ്തമാണെന്നു

നാം കണ്ടു. അൽബിജെൻസിയൻ പാഷണ്ഡത സത്യദൈവത്തെയും ധാൎമ്മികമൂല്യങ്ങളേയും നിഷേധിച്ചതുപോലെ ഇന്നു് കമ്മ്യൂണിസവും. അതിനെതിരായുള്ള വെല്ലുവിളിയാണു് ജപമാല.

''കൊന്തകെഴുന്ന മഹിതഗ്ഗുണങ്ങളേതും
ചിന്തിച്ചിടാത്ത നരനൊന്നു ധരിച്ചിടേണം,
സന്താപസിന്ധുവിലണഞ്ഞ മർത്ത്യനെന്നും
മന്ദാരമാല ജപമാല ദൃഢാവലംബം.''

(ചിന്താമണി.)

രഹസ്യങ്ങളിൽ ധ്യാനിച്ചുകൊണ്ടുള്ള ജപമാല നമ്മുടെ ശരീരത്തേയും, മനസ്സിനേയും, ബുദ്ധിയേയും ഒരേ അവസരത്തിൽ പ്രവൎത്തനനിരതമാക്കി ദൈവത്തിനു് ഏററവും പ്രീതിജനകമായ ഒരു സ്വൎഗ്ഗീയ സംഗീതസാന്ദ്രരാക്കിത്തീക്കുന്നു. അടുത്ത കാലത്തു് എക്കുമേനിസത്തിന്റെ പേരിൽ അല്ലെങ്കിൽ ആരാധന ക്രമപരിഷ്ക്കരണമെന്ന ന്യായേന, ചിലരെല്ലാം ജപമാല ഭക്തിയെ നിരുത്സാഹപ്പെടുത്തുന്നതായികേട്ടിട്ടുണ്ടു്. എന്നാൽ അവർ ഒന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു; പ. കന്യക സർവ്വപ്രസാദ വരങ്ങളുടെയും മദ്ധ്യസ്ഥയാണു്, അവരം തന്നെ ആധുനികലോകത്തിന്റെ പുനരുദ്ധാരണത്തിനായി ആവശ്യപ്പെട്ടതു് ജപമാല ഭക്തിയാണെന്നു്.

ജപമാല ക്രൂശുയുദ്ധത്തിന്റെ പ്രണേതാവായ റവ. ഫാ. പാട്രിക്ക പെയ്ററന്റെ മുദ്രാവാക്യം ഇതാണു്: 'ഒരുമിച്ചു പ്രാൎത്ഥിക്കുന്ന കുടുംബം ഒരുമിച്ചു നിലനില്ക്കും.' അതിനാൽ നമ്മുടെ കുടുംബങ്ങളിൽ ക്രിസ്തീയമായ ചൈതന്യപ്രകർഷത്തിനും, ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങരം ലഭിക്കുന്നതിനും ജപമാല അനുപേക്ഷണീയമാണു്.

ആധുനിക ലോകത്തെ ഭീഷണിപ്പെടുത്തുന്ന എല്ലാ പ്രശ്നങ്ങരംക്കും, പ്രത്യേകിച്ചു് കമ്മ്യൂണിസ്റ്റു് കരാളസൎപ്പത്തെ കീഴടക്കുന്നതിനും, നാഗമർദ്ദിനിയായ കന്യകമറിയത്തിന്റെ കീഴിൽ നാം അണിനിരന്നു് ജപമാലയുടെ ഒരു ക്രൂശുയുദ്ധം നടത്തണം. ലൂർദ്ദു്, ഫാത്തിമാ, തോക്കു്'

DHARMARAM COLLEGE LIBRARY, BANGALORE. 22804

ഹീഡ് മുതലായ എല്ലാ സ്ഥലങ്ങളിലും അത്രത്തെ അവരം ആവശ്യപ്പെട്ടിരിക്കുന്നതു്.

കേരളീയർ പൗരാണിക കാലം മുതൽ ജപമാല ഭക്തിയിൽ അദ്വിതീയരാണു്. പക്ഷേ ഈ അടുത്ത കാലത്തു് അതിൽ കുറച്ചു മാന്ദ്യം നേരിട്ടിട്ടുണ്ടു്. അതു പരിഹരിച്ചുകൊണ്ടു് നമുക്കു് എല്ലാദിവസവും കുടുംബജപമാല രഹസ്യങ്ങളിൽ ധ്യാനിച്ചുകൊണ്ടു് ഭക്തിപൂർവ്വം ജപിക്കുന്നതിനുപുറമെ ചിലപ്പോഴെല്ലാം ജപമാല റാലികളും ജപമാലയജ്ഞവും (Continual Rosary) നടത്തണം. അതുപോലെ തന്നെ സജീവ ജപമാ (Living Rosary) ലോച്ചാരണവും നടത്തുന്നതു് അഭിലഷണീയമാണു്. നമ്മുടെ ദേവാലയങ്ങളിൽ തിരുനാളുകളോടനുബന്ധിച്ചു നടത്തുന്ന പ്രദിക്ഷണങ്ങളിൽ ചിലപ്പോഴെങ്കിലും ജപമാല ജപിക്കുന്നതു് അതു് കൂടുതൽ ഭക്തി സംവദ്ധകമാക്കുന്നതിനു് പര്യാപ്തമാണു്. നാം ബാഹ്യാഡംബരങ്ങളിൽ മാത്രം ശ്രദ്ധ പതിച്ചു് ആത്മീക ചൈതന്യം നഷ്ടപ്പെടുത്താതിരിക്കുന്നതിനും അതു സഹായകമാണു്. വാദ്യമേളങ്ങളുടെ ഇടയ്ക്കും ചിലപ്പോഴാകാം. വ്യാപകമായ വിധത്തിൽ ഒരു ജപമാല കൃശുയുദ്ധം തന്നെ നടത്താം. അതുവഴിയായി ഭാരതത്തെയും ലോകത്തെയും കമ്മ്യൂണിസ്റ്റാധിപത്യത്തിലുംപ്പെടാതെ സംരക്ഷിക്കുവാൻ നമുക്കു സാധിക്കും. ഇപ്പോഴുംതന്നെ കേരളത്തിൽ ഒരു ജപമാല കൃശുയുദ്ധം (Rosary Crusade) നടക്കുന്നുണ്ടു്. റവ. ഫാ. മെല്ലോ സി. എം. ഐ. ആയിരുന്നു അതിൻെറ സ്ഥാപകൻ. അതു് കേരളവ്യാപകമായതോതിൽ വളത്തിയെടുത്താൽ വൻകാര്യങ്ങൾ ലോകത്തിൽ ചെയ്യുവാൻ സാധിക്കും. വിമോചനസമരകാലത്തു് നാം നടത്തിയ ജപമാല കൃശുയുദ്ധം വിമോചനസമരത്തെ വിജയിപ്പിച്ചു എന്നു നമുക്കറിയാം.

''നന്മനിറഞ്ഞ മറിയം'' ഭക്തിപൂർവ്വം ചൊല്ലിയാൽ പിശാചു് ഭയവിഹ്വലനായി പലായനം ചെയ്യും. ഒരു ചുററികപോലെ അതു് അവൻെറ തലയെ തകക്കും. അതു് ആത്മാക്കളെ പവിത്രീകരിക്കും, മാലാഖാമാരെ സന്തോഷിപ്പിക്കും, അതു് നിത്യരക്ഷ പ്രാപിക്കുന്ന

വരുടെ ഗീതമാണ്, പുതിയനിയമത്തിലെ ഗാനമാണ്, മേരിയുടെ സന്തോഷമാണ്, ത്രീത്വത്തിന്റെ മഹത്വമാണ്, അത് മരിയാംബികയ്ക്കു നാം നൽകുന്ന ഒരു സ്നേഹ ചുംബനമാണ്, അതൊരു റോസാപ്പുഷ്പമാണ്, അനർഘമായ രത്നമാണ്, സുഗന്ധതൈലമാണ്, ദൈവികമായ മധുരപാനീയമാണ്. (Divine nectar)(5)

''ജപമാല പ.കന്യകമറിയംവഴി ഈശോ നമ്മിൽ വീണ്ടും ജീവിക്കുകയാണ്. അത് പ. കന്യകയിൽനിന്നും പ. ത്രീത്വത്തിലേക്കുള്ള ഒരു സ്നേഹശൃംഖലയാണ്.'' (6)

---

(5) St. Grignon De Montfort. True Devotion to the Bl: Virgin Mary.

(6) Fr. M. J. Nicholas O. P. quoted in the Mother of God and our interior life, by Garrigue Lagrange. O. P.

## അദ്ധ്യായം ഒൻപതു്

# പാപികളുടെ ആലംബം

മനുഷ്യവർഗ്ഗത്തിൻെറ പാപത്താലുള്ള അധ:പതനവും അതിൽനിന്നുള്ള മോചനവും പ. കന്യകയോടു് എത്രമാത്രം ബന്ധിതമാണെന്നു നാം മുൻ അദ്ധ്യായങ്ങളിൽ കാണുകയുണ്ടായി. പരിത്രാണകർമ്മത്തിൻെറ പൂർത്തീകരണത്തിനു ശേഷവും ലോകത്തിൽ പാപികളായ വ്യക്തികളുണ്ടു്! പാപികളെ സ്വസുതൻെറ സവിധത്തിലേക്കാനയിക്കുന്നതിൽ പ. കന്യക പ്രത്യേകം മാതൃസഹജമായ വാത്സല്യത്തോടെ വർത്തിക്കുന്നതായി തിരുസഭാ ചരിത്രം വ്യക്തമാക്കുന്നു.

സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്ന മാനസാന്തരപ്പെട്ട പാപികൾ അവരുടെ പാരത്രികമായ സൗഭാഗ്യലബ്ധിക്കു കന്യകമറിയത്തോടു കൂടുതലായും കടപ്പെട്ടിരിക്കുന്നു. അസംഖ്യം പാപികളെ മാതാവു തൻെറ തീർത്ഥസ്ഥലങ്ങളിലേക്കാകർഷിച്ചു് മാനസാന്തരപ്പെടുത്തിയിട്ടുണ്ടു്. ഇന്നും അതു തുടർന്നു കൊണ്ടിരിക്കുന്നു. ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പാപികൾക്കുവേണ്ടി പ്രാർത്ഥിക്കുക, പരി

ഹാരമപ്പിക്കുക എന്നാണല്ലൊ അവരം പ്രസ്താവിച്ചതു്. ഫാത്തിമായിലും അതാവത്തിക്കപ്പെട്ടു. സഭയുടെ പ്രാരംഭ ദശയിൽ തന്നെ സന്യാസസഭാസ്ഥാപകന്മാരെ പാപിക ളുടെ മാനസാന്തരത്തിനായി പരിശ്രമിക്കുവാൻ പ്രേരി പ്പിക്കുന്നു. വി. ഫ്രാൻസീസു് അസ്സീസി, വി. ഡോമി നിക്കു്, വി. ഇഗ്നേഷ്യസു്, വി. അമ്മത്രേസ്യാ, വി. കുരിശിൻെറ യോഹന്നാൻ, വി. ഗ്രിഞ്ഞോൺ ദെ മോൺ ഫോർട്ടു്, വി. അല്ഫോൻസു് ലിഗോരി, വി. ജോൺ ബോസ്കോ, ദൈവ ദാസനായ ചാവറ കുര്യാക്കോസു് ഏ ലിയാസച്ചൻ എന്നിവരുടെ പേരുകരം പ്രത്യേകം സ്മര ണീയമാണു്.

ഒരിക്കൽ വി. ഫ്രാൻസീസു് അസ്സീസിയ്ക്കു് ഒരു ദശ് നമുണ്ടായി. നമ്മുടെ കത്താവു് ഒരു വലിയ സോപാന ത്തിൻെറ അഗ്രത്തിൽ ആസനസ്ഥനായിരിക്കുന്നു. വി. ഫ്രാൻസീസിൻെറ ആദ്ധ്യാത്മിക സുതർ ആ ഗോവണി വഴി കയറി കത്താവിനെ സമീപിക്കുവാൻ വിഫലശ്ര മം നടത്തുകയാണു്. എന്നാൽ ഈ അവസരത്തിൽ വി. ഫ്രാൻസീസു് വേറൊരു എളുപ്പമുള്ള ഗോവണിയുടെ അ ഗ്രത്തിൽ മാതാവു് ആസനസ്ഥയായിരിക്കുന്നതായിക്ക ണ്ടു. അതേത്തുടന്നു് ഒരശരീരിവാക്യവും ശ്രവിച്ചു: ''എ ൻെറ അമ്മയുടെ സോപാനം ഉപയോഗിക്കുവാൻ എൻെറ പുത്രന്മാരോടു പറയുക''എന്നു് (1). അതെ, അതാണു് ഏററവും സുഗമമായ മാഗ്ഗം.

പ. കന്യകയ്ക്കു പാപികളോടുള്ള സ്നേഹം കാൽവരി യിൽ വ്യക്തമാക്കി, സ്വസുതനെത്തന്നെ പാപികരംക്കുവേ ണ്ടി അർപ്പിച്ചുകൊണ്ടു്. സഭാപിതാക്കന്മാർ എല്ലാവരും അതു് സ്മരിച്ചിരുന്നു. വി. ആഗുസ്തീനോസു് പ്രസ്താവി ക്കുന്നു: ''പ.കന്യക പാപികളുടെ ഏകാവലംബമാണു്.'' പ. കന്യക എല്ലാ വ്യക്തികളിലും ഈശോയെയാണു് സ്നേഹിക്കുന്നതു്. അതുകൊണ്ടു് പാപികളിലും ഈശോ യെ സ്നേഹിക്കുന്നതിനു് മാതാവാഗ്രഹിക്കുന്നുണ്ടു്.

മേരി പാപികരംക്കു സ്വഗ്ഗത്തിലേയ്ക്കു പ്രവേശിക്കു

(1) Fr. Garrigue Lagrange. The Mother of God and our interior life.

ന്നതിനുള്ള സോപാനമാണെന്നത്രെ വി. ബർണാദിൻെറ അഭിമതം. പ. കന്യകയുടെ നേരെയുള്ള ഭക്തി ഉപേക്ഷിക്കുന്നവർ പാപത്തിൽ മരിക്കുമെന്നു് വേദപാരംഗതനായ വി. ബൊനവന്തുരാ പറയുന്നു.

പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിനുള്ള പല ഭക്തസംഘടനകളും, സന്യാസസഭകളും, പ. കന്യകയുടെ നാമത്തിലുണ്ടു്. പ്രത്യേകിച്ചും പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുന്ന വിമലഹൃദയ സഖ്യത. (The League of the Imm. Heart for the conversion of sinners.) ആധുനികകാലത്തിൻെറ ഒരു പ്രത്യേകത പ. കന്യകയുടെ കൂടെക്കൂടെയുള്ള ദർശനങ്ങളാണു്. 1830—ൽ മറിയം പാരീസിൽ കാതറൈൻ ബോറാസ്സു നൽകിയ ദർശനം മുതൽ ഫാത്തിമാ, ഹീഡു് മുതലായ ദർശനങ്ങളിലെല്ലാം അവരം ആവശ്യപ്പെട്ടതു് മനുഷ്യൻ പാപം ചെയ്തു് ദൈവത്തെ ദ്രോഹിക്കരുതു്, പാപത്തിനു പരിഹാരം അർപ്പിക്കണം, പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കേണ്ടതു് ആവശ്യമത്രെ എന്നെല്ലാമാണു്.

മറിയത്തെ പാപികളുടെ സങ്കേതം എന്നു നാം അഭിസംബോധനചെയ്യുന്നുണ്ടു്. ലോക പരിത്രാതാവിൻെറ ആഗമനത്തിനു മുമ്പുതന്നെ അവരം മിശിഹായുടെ വരവിനായി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവസുതൻെറ മർത്ത്യവതാരം മുതൽ കാൽവരി വരെയുള്ള ദിവ്യജനനിയുടെ ജീവിതം പാപപങ്കിലമായ ലോകത്തെ രക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു. ശോകസാഗരത്തിലാണ്ട ദിവ്യാംബിക സഹരക്ഷക എന്ന അഭിധാനത്തിനർഹയായി. ഇതുകൊണ്ടു പാപികളുടെ സംരക്ഷണ ഭാരം മറിയം അവസാനിപ്പിച്ചില്ല. മനുഷ്യാത്മാക്കളുടെ രക്ഷ അപകടത്തിലായിട്ടുള്ള എല്ലാ വിപൽസന്ധിയിലും ഓരോ പ്രത്യേക ദൗത്യവുമായി വിണ്ണിൽ നിന്നും മന്നിലേയ്ക്കെഴുന്നള്ളിവരുവാൻ ആ മാതൃഹൃദയംവെമ്പൽകൊണ്ടു.

ആധുനികലോകത്തിനു വന്നുഭവിക്കാനിരിക്കുന്ന ദുരന്തദുരിതങ്ങളെയും ആത്മീയമായ പാപ്പരത്തത്തെയും മുൻകൂട്ടികണ്ടുകൊണ്ടു് അവരം ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടു് പരി

ഹാരവും ജപമാല ഭക്തിയും ആവശ്യപ്പെട്ടു. അഗാധഗ ത്തത്തിൽ നിന്നും മനുഷ്യനെ സമുദ്ധരിക്കുവാൻ 1917–ൽ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു് പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുവാനാവശ്യപ്പെട്ടു. അതിൻെറ പ്രാധാന്യം വേണ്ടവിധം ലോകത്തെ ഗ്രഹിപ്പിക്കുവാൻ പ. കന്യക ദത്തശ്രദ്ധയായിരുന്നു. പ്രഥമ സന്ദർശനത്തിൽ പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുവാനും ത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കുവാനും അവരെത്തന്നെ ഹോമബലിയായി സമർപ്പിക്കുവാനും ഫാത്തിമാ ബാലകരോടു് അവൾ ആവശ്യപ്പെട്ടു.

റഷ്യയുടെ മാനസാന്തരത്തിനു വേണ്ടിയുള്ള ദൗത്യവും ഈ ദർശനത്തിൽ തന്നെയാണു് വിമലാംബിക നൽകിയതു് എന്നതും പ്രസ്താവ്യമാണു്. പരിശുദ്ധിയുടെ പരിവേഷമണിഞ്ഞ അമല മനോഹരിയും അമലോത്ഭവയുമായ കന്യക പാപത്തെ അത്യധികമായി ദ്വേഷിക്കുന്നുണ്ടു്. എങ്കിലും അങ്ങിൽ അഭയംഗമിക്കുന്ന പാപികളുടെ നേരെ മാതൃവാത്സല്യത്തോടെ വീക്ഷിക്കുകയും അവരെ പൈശാചികാടിമത്വത്തിൽനിന്നും മോചിപ്പിക്കുന്നതിനായി സർവ്വഥാ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്നതാണു്. ദൈവജനനി അതിനു ശക്തയുമാണല്ലൊ.

അടുത്ത ദർശനത്തിൽ ഇപ്രകാരമാവശ്യപ്പെട്ടു: ''പ്രാർത്ഥിക്കുക, പ്രാർത്ഥിക്കുക. വളരെയധികം പ്രാർത്ഥിക്കുക. പാപികൾക്കുവേണ്ടി ത്യാഗമനുഷ്ഠിക്കുക. അവരുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുവാനും ത്യാഗമനുഷ്ഠിക്കുവാനും ആളുകൾ ഇല്ലാത്തതുകൊണ്ടു് അനേകാത്മാക്കൾ നശിക്കുന്നു.'' അവസാന ദർശനവേളയിൽ 1917 ഒക്ടോബർ പതിമൂന്നാം തീയതി "ഞാൻ ജപമാല രാജ്ഞിയാകുന്നു'' എന്നരുളിച്ചെയ്തശേഷം ദൈവജനനി ഇപ്രകാരം തുടർന്നു: ''മനുഷ്യർ ജീവിതപരിവർത്തനമാവശ്യമാണു്. അവരുടെ പാപങ്ങൾക്കു് ക്ഷമ യാചിക്കണം. മേലിൽ പാപംചെയ്തു ദൈവത്തെ ദ്രോഹിക്കരുതു്.''

ആധുനികകാലത്തു് മനുഷ്യനു് പാപബോധംതന്നെ നഷ്ടപ്പെട്ടിരിക്കുകയാണു്. അതുതന്നെയാണു് ഇന്നത്തെ ഏററവും വലിയ വിന എന്നത്രെ പന്ത്രണ്ടാംപീയൂസ്

മാപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളത്. രോഗത്തിൻെറ മൂലകാരണം മനസ്സിലാക്കി പ്രതിവിധി നിർദ്ദേശിക്കുന്ന ഭിഷഗ്വരനാണ് സമത്ഥൻ. ആധുനികലോകത്തിൻെറ രോഗം എന്താണെന്നു മനസ്സിലാക്കിയ പ. കന്യക അതിൻെറ കാരണത്തെ നശിപ്പിക്കുന്നതിനാണ് പ്രത്യൗഷധം നൽകിയിട്ടുള്ളത്. വിമലഹൃദയത്തിൻെറ വിലപനങ്ങൾ ശ്രവിക്കുന്നതിൽ ലോകം വിമുഖത പ്രദശിപ്പിച്ചു. അതിൻെറ തിക്തഫലമാണ് നാം ഇന്നുകാണുന്ന യുദ്ധങ്ങളും, യാതനകളും, സാമൂഹ്യമായ അസ്വാസ്ഥതകളും. എങ്കിലും ദൈവജനനി ലോകത്തെ അനുസ്യൂതം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഫാത്തിമാ സന്ദശിച്ചിട്ടുള്ള എത്ര നിരീശ്വരന്മാരും പാപികളുമാണ് മാനസാന്തരപ്പെട്ടുകൊണ്ടിരിക്കുന്നത്.

ബെവ്റെങ്ങ് ബൽജിയത്തിലുള്ള ഒരു ഗ്രാമമാണ്. 1932–ൽ പ. കന്യക അവിടെ പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: ''ഞാൻ പാപികളെ മാനസാന്തരപ്പെടുത്തും'' എന്നു്. അനേകം പാപികൾ ആ തീർത്ഥസ്ഥലത്തു് സന്ദശ്നംനടത്തി മാനസാന്തരപ്പെട്ടിട്ടുണ്ടു്. അതിൽ ഏററവുംപ്രാധാന്യമർഹിക്കുന്നതു് ''Le Drapeau Ronge–Red Flag'' എന്ന കമ്യൂണിസ്റ്റ് പത്രത്തിൻെറ പത്രാധിപരുടേതാണ്. രണ്ടാം ലോകമഹായുദ്ധക്കാലത്തു് അയാളെ നാസികൾ തടവിലാക്കി. ജീവൻ അപകടത്തിലായി. അയാൾ ഉടനെതന്നെ പ. കന്യകയെ സ്മരിച്ചു. തന്നെ മോചിപ്പിക്കുന്നപക്ഷം സത്യവിശ്വാസത്തിലേക്കു പ്രത്യാഗമിക്കുന്നതാണെന്നു് വാഗ്ദാനംചെയ്തു. അയാൾ മോചിക്കപ്പെട്ടു. പക്ഷേ വിശ്വാസം സ്വീകരിക്കുന്നതിനു വിസമ്മതിച്ചു. അയാൾ വീണ്ടും ബന്ധനസ്ഥനാക്കപ്പെട്ടു. പക്ഷേ താമസിയാതെ മോചിതനായി. 1945–ൽ അയാൾ പെട്ടെന്നു് വിശ്വാസമൊന്നുമില്ലാതെ ബെവ്റെങ്ങിലേക്കു ഒരു തീത്ഥയാത്രപോയി. അവിടെ ചെന്നപ്പോൾ പെട്ടെന്നു് അസ്തപ്രജ്ഞനായി നിലംപതിച്ചു. പ. കന്യകയുടെ ദശ്നവും ലഭിച്ചു. പരിപൂണ്ണമായ ഒരു പരിവത്തനവും മാനസാന്തരവും സംഭവിക്കുന്നു. അദ്ദേഹമാണ് ബൽജിയത്തിൽ ലീജിയൻ ഓഫ് മേരിയു

ടെ സ്ഥാപകൻ. ഇതിനുംപുറമെ അനേകം മാനസാന്തരങ്ങളും അവിടെ നടക്കുന്നുണ്ട്. ബെവ്റെങ്ങും ഹീഡും ഫാത്തിമാസന്ദേശങ്ങളുടെ ഒരാവത്തനമാണ്.

ഇന്നു് വിശ്വവ്യാപകമായവിധം പ്രചരിച്ചിരിക്കുന്ന നിത്യസഹായമാതാവിനോടുള്ള ഭക്തി ചിലപ്പോഠം അതിരുകവിയുന്നില്ലേ എന്നു് സംശയിക്കണം. പ്രത്യേകമായി ഭൗമികമായ അനുഗ്രഹലബ്ധിക്കുള്ള അതിരുകടന്ന ആഗ്രഹം. അതുപോലെതന്നെ ചില സ്ഥലങ്ങളിൽ അതു് ഒരു ധനാഗമമാൎഗ്ഗമായി അധഃപതിക്കുന്നതിനുള്ള വ്യഗ്രതയും. പക്ഷേ അവിടെയും പ. കന്യക ധാരാളമായി പാപികളുടെ മാനസാന്തരത്തിനുള്ള പ്രസാദവരം നൽകുന്നുണ്ട്. ദേവാലയത്തിൽ പ്രവേശിച്ചിട്ടു് അനേകവഷ്മായ ചില പാപികളുടെ മാനസാന്തരകഥകഠം കേഠക്കുന്നതിനു് ഈ ഗ്രന്ഥകാരനുതന്നെ അവസരം ലഭിച്ചു.

അതിനാൽ ആധുനികലോകത്തിന്റെ എല്ലാ തിന്മകളുടെയും നാശങ്ങളുടെയും മൂലകാരണമായ ധാൎമ്മികാധഃപതനത്തിൽനിന്നും ലോകത്തെ സമുദ്ധരിക്കുന്നതിനു് പ. കന്യക നൽകിയിരിക്കുന്ന സ്വൎഗ്ഗീയമായ ദൗത്യം നാം സ്വീകരിച്ചു് അതിനനുസരണമായി പാപരഹിതമായ സുകൃതജീവിതം നയിക്കുന്നതിനു് നമുക്കു പരിശ്രമിക്കാം.

## അദ്ധ്യായം പത്ത്

# സ്വർഗ്ഗീയ കവചം

യുദ്ധത്തിലേർപ്പെട്ടിരിക്കുന്നവർക്ക് എല്ലാപ്പോഴും ഒരു രക്ഷാകവചം അത്യാവശ്യമാണ്. രണാങ്കണത്തിൽ ധീരസമരം ചെയ്യുന്ന ഒരു യോദ്ധാവിനെ മാരകായുധങ്ങളിൽനിന്ന് പരിരക്ഷിക്കുന്നതാണ് കവചം. ഇതുപോലെതന്നെ മനുഷ്യൻെറ ആദ്ധ്യാത്മികമായ സമരത്തിൽ പൈശാചികമായ ആഗ്നേയാസ്ത്രങ്ങളിൽനിന്നും നമ്മെ സംരക്ഷിക്കുന്ന മറിയത്തിൻെറ മാതൃപരിലാളനാവൈഭവത്തിൻെറ ശാശ്വതസ്മാരകമാണ് ഉത്തരീയം. ക്രൈസ്തവസഭയിലെ ഏററവും പൂജനീയരായ രണ്ടു വ്യക്തികളാണ് ക്രിസ്തുവും അവിടത്തെ ദിവ്യജനനിയും. പക്ഷേ അവർ അവരുടെ സമുന്നതമായ വ്യക്തിപ്രഭാവത്തിലും നമുക്ക് അപ്രാപ്യരായി വിദൂരത്തിൽ സ്ഥിതിചെയ്യുന്നവരല്ല. ഏതുജീവിതസ്ഥിതിയിലുള്ളവർക്കും അവരുമായി അവഗാഢമായ ഒരു ബന്ധമുണ്ട്. നമ്മുടെ അനുദിനജീവിതത്തിൽ ലോകപരിത്രാതാവും ദൈവജനനിയും അതുല്യമായ ഒരു പങ്കു വഹിക്കുന്നു. മിശിഹാ ജീവദാതാ

വാണ്. മറിയം ജീവരക്തമാകുന്ന വരപ്രസാദത്തെ നമ്മിലേക്കു പ്രവഹിപ്പിക്കുന്ന മൗതികശരീരത്തിൻെറ ഹൃദയമാണ്.

ദൈവജനനി അവിടത്തെ സ്വർഗ്ഗീയ സൗഭാഗ്യപ്രതാപത്തിലും സമരസഭയെ വിസ്മരിച്ചിട്ടില്ല. 13–ാം നൂററാണ്ടിലെ സഭാന്തരീക്ഷം ശോചനീയമായവിധം പാടേ അധഃപതിച്ചിരുന്നു. വിശ്വാസികൾ ആദ്ധ്യാത്മികകാര്യങ്ങളിൽ വിമുഖത പ്രദർശിപ്പിച്ചു. സന്യാസഭവനങ്ങളിൽ പോലും അതിൻെറ പ്രത്യാഘാതമുണ്ടാകാതിരുന്നില്ല. കർമ്മലീത്താസഭയ്ക്കു പാശ്ചാത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിക്കുന്നതിനു് ഒരഗ്നിപരീക്ഷണംതന്നെ തരണം ചെയ്യേണ്ടതായിവന്നു.

കർമ്മലസഭാംബികയുടെ ഭാവിഭാഗധേയങ്ങൾ ത്രാസിൽ തൂങ്ങുന്ന അവസരത്തിൽ ഭുവനപ്രസിദ്ധമായ കേംബ്രിഡ്ജിലെ എയിൽസ്ഫോർഡ് കർമ്മലാശ്രമത്തിൽ, 1251–ജൂലൈമാസം 16–ാം തീയതി ഒരു യതിവര്യൻ മുട്ടുകുത്തിനിന്നു് മനമുരുകി പ്രാർത്ഥിച്ചു.

ത്രിലോകരാജ്ഞിയും ആശ്രിതവത്സയുമായ ദിവ്യാംബിക വിണ്ണിൽനിന്നും മണ്ണിലേയ്ക്കെഴുന്നള്ളുകയായി. നമ്രശിരസ്കനായി, പ്രാർത്ഥനാനിർലീനനായി, മുകുളീകൃതപാണികളോടെ നിലകൊണ്ട ആ തപോധനൻെറമുമ്പിൽ സമാഗതയായി മരിയാംബിക അരുളിച്ചെയ്തു:

''പ്രിയ മകനെ, ഇതാ നിനക്കും കർമ്മലസഭാംഗങ്ങൾക്കേവർക്കും എൻെറ പുത്രർ എന്നതിനു് നിത്യസ്മാരകമായി നല്കുന്ന എൻെറ വസ്ത്രം. ഇതു ഭക്തിപൂർവ്വം ധരിക്കുന്നവരെ ഞാൻ പ്രത്യേകവിധം സംരക്ഷിക്കുന്നതാണ്. അവർ നിത്യമായി നശിക്കുവാൻ ഒരിക്കലും ഇടയാവുകയില്ല.'' ഇതു് പ. കന്യക നല്കിയിട്ടുള്ള ഏററവും സുപ്രധാനമായ വാഗ്ദാനമാണ്. വി. സൈമൺ സ്റ്റോക്കിനുണ്ടായ ഈ ദർശനം അദ്ദേഹം പ. സിംഹാസനത്തെ അറിയിക്കുകയുണ്ടായി.

1322–ൽ പ. കന്യകതന്നെ യോഹന്നാൻ 22–ാമൻ മാർപ്പാപ്പായ്ക്കു പ്രത്യക്ഷപ്പെട്ടു് ശനിയാഴ്ചവരവും ഉത്തരീയത്തിനു നല്കുകയുണ്ടായി. യോഹന്നാൻമാർപ്പാപ്പാ പ്ര

സിദ്ധപ്പെടുത്തിയ ബു ള്ളായുടെ പകർപ്പിൽനിന്നുമാണ് ഈ സംഗതി നമുക്കു മനസ്സിലാകുന്നതു്.

ഉത്തരീയഭക്തിയുടെ ചരിത്രവസ്തുതയെ പലപ്പോഴും ചോദ്യംചെയ്തിട്ടുണ്ടു്. ഇംഗ്ലണ്ടിലുള്ള ബർഡോവിൽ സൂക്ഷിച്ചിരുന്ന ദർശനങ്ങളുടെ രേഖകറം ബ്ലാക്ക്പ്ലേഗിൻെറ (Black Plague) കാലത്തു് അഗ്നിക്കിരയാക്കിയതുകൊണ്ടു് നമുക്കു് ഇപ്പോറം ആദ്യത്തെ രേഖകളൊന്നുമില്ലാതെയാണിരിക്കുന്നതു്. ബാക്കിയുള്ളവ ഹെൻട്രി എട്ടാമൻെറ കാലത്തെ ശീശ്മയുടെ അവസരത്തിൽ നശിപ്പിക്കുകയുണ്ടായി. എങ്കിലും നമുക്കു് ചില പ്രാമാണികങ്ങളായ രേഖകളില്ലാതില്ല. ചരിത്രകാരനായിരുന്ന ജോൺ ഗ്രോസിയുടെ വിരിദാരിയും (Viridarium of John Grossi) ഇവയിൽ സുപ്രധാനമാണു്.

ഉത്തരീയത്തെ സഭ കൗദാശികമായി (Sacramental) അംഗീകരിച്ചിട്ടുണ്ടു്. ഒരു കൗദാശികം സ്ഥാപിക്കുവാൻ സഭയ്ക്കധികാരമുണ്ടല്ലോ. പ. കന്യകയുടെ പ്രത്യേക മാതൃപരിലാളനയുടെ ഒരു പ്രതീകമായി (Symbol) സഭ അതിനെ സ്ഥാപിച്ചു. സ്വർഗ്ഗരാജ്ഞിതന്നെ അതു് അംഗീകരിക്കുകയും ചെയ്തു.

''ഉത്തരീയം ഒരു കൗദാശികമാണു്. അതു് പ. കന്യകയുടെ സ്നേഹത്തിൻെറ ഒരു പ്രതീകമാണു്. മാതൃപരിലാളനയുടെ ചിഹ്നമാണു്.'' (1)

നാം ദേശീയപതാകയെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നുണ്ടു്. ഒരു ജനപദത്തിൻെറ ആശയാദർശങ്ങളുടെ പ്രതീകമായി അതിനെ നാം കണക്കാക്കുന്നു. ഇതുപോലെതന്നെ പ. കന്യകയുടെ മക്കറം എന്നു നാം പ്രഖ്യാപിക്കുകയാണു് ഉത്തരീയം ധരിക്കുന്നതുവഴി. ഉത്തരീയത്തെ പ. കന്യകയുടെ കുദാശ എന്നുപോലും ആലങ്കാരികമായി പറയാറുണ്ടു്. ഗവണ്മെൻറുദ്യോഗസ്ഥന്മാർ, സൈനികർ, രാജാക്കന്മാരുടെ സേവകർ എന്നിങ്ങനെയുള്ളവർക്കും, ചില സംഘടനയിൽപ്പെട്ടവർക്കും, ചില മതക്കാർക്കും പ്രത്യേക വേഷസംവിധാനങ്ങളുള്ളതാ

(1) Rev. Moris P. Well. Sunday Visitor. July 15 - 1961.

യി നാം കാണുന്നു. അവരെ തിരിച്ചറിയുന്നതിനുള്ള ഒരു അടയാളമാണല്ലൊ അതു്. അതവർ അഭിമാനത്തോടുകൂടി ധരിക്കുന്നു. എന്തുകൊണ്ടു് മരിയസുതക്കു് ഉത്തരീയം ഭക്ത്യാദരപൂർവ്വം ധരിച്ചുകൂടാ? മററു വസ്ത്രധാരണരീതികാം കൊണ്ടു് നമുക്കു് പ്രത്യേകമായ ആദ്ധ്യാത്മികനന്മ ലഭിക്കുകയില്ല. എന്നാൽ മരിയഹാരം ധരിച്ചാൽ ഭൗമികജീവിതത്തിൽ പല ആപത്തുകളിൽനിന്നും നാം സുരക്ഷിതരാവും. അനേകം പ്രകൃത്യതീതദാനങ്ങളാൽ സമ്പന്നരാകും. പാരത്രികജീവിതത്തിലും നമുക്കു സംരക്ഷണം ലഭിക്കും.

ചിലർ വ്യർത്ഥാഭിമാനത്തിൻെറപേരിൽ ഉത്തരീയം ധരിക്കാൻ വിമുഖത പ്രദശിപ്പിക്കുന്നുണ്ടു്. മററുചിലർ പരിഷ്ക്കാരത്തിൻെറ പേരിലും. ഉത്തരീയം ധരിക്കുന്നതുവഴിയായി കർമ്മലീത്തക്കു ലഭിക്കുന്ന പരിരക്ഷണം എല്ലാ വിശ്വാസികാംക്കും ലഭിക്കുന്നതിനായി 1653–ൽ അഞ്ചാം നിക്കളോസ് മാർപ്പാപ്പാ ചെറിയ ഉത്തരീയം നടപ്പിലാക്കി. അക്കാലംമുതൽ കേരളകത്തോലിക്കർ ഭക്ത്യാദരപൂർവ്വം ഉത്തരീയം ധരിച്ചിരുന്നു. ഇന്നു് പരിഷ്ക്കാരത്തിൻെറയും പുരോഗമനത്തിൻെറയും പേരിൽ അതു് ധരിക്കുവാൻ പലരും വൈമുഖ്യം പ്രകടിപ്പിക്കുന്നു. സിക്കുകാർ അവരുടെ ഉഷ്ണീഷവും ദീക്ഷയും, ഹിന്ദുക്കാം ഭസ്മവും പൂണൂലും ഇപ്പോഴും തുടരുന്നുണ്ടു്. അവർ മാററിയാലും നമുക്കിതു മാറേറണ്ട ആവശ്യമില്ല. ഇതു സ്വർഗ്ഗരാജ്ഞിതന്നെ നമ്മോടാവശ്യപ്പെട്ടിട്ടാണു് നാം ധരിക്കുന്നതു് എന്നു സ്മരിക്കണം.

ഉത്തരീയം ധരിക്കുവാൻ വിഷമമുള്ളവർ സ്വർണ്ണമാലയിൽ കാശുരൂപമോ, മെഡലോ വെഞ്ചരിച്ചു് ധരിക്കുന്നുണ്ടു്. അങ്ങനെ കത്തോലിക്കരായ നാം ദൈവജനനിയുടെ അരുമസുതരാണെന്നു ഉച്ചൈസ്തരം പ്രഖ്യാപിക്കാം. ലെയൊ പതിനൊന്നാമൻ മാപ്പാപ്പാ പറയുകയാണു്: ''എനിക്കു മറിയത്തെ തരിക; മറിയം എന്നെ പരിത്യജിക്കാതിരിക്കുവാൻ.'' പതിമൂന്നാം ലെയോൻ മാപ്പാപ്പാ മരണശയ്യയിൽ കിടന്നുകൊണ്ടു പറഞ്ഞു: ''നമുക്കു് ഉത്തരീയനാഥയ്ക്കു് ഒരു നവനാാം കഴിക്കാം. അതി

നശേഷം ഞാൻ സമാധാനപൂർണ്ണനായി മരിച്ചുകൊള്ളാം.'' (2) ഉത്തരീയഭക്തി നിത്യരക്ഷയുടെ ഉറപ്പേറിയ ലക്ഷണമാണ് എന്നത്രെ വിശുദ്ധന്മാരും മാർപ്പാപ്പാമാരും മററും അഭിപ്രായപ്പെട്ടിട്ടുള്ളതു്. ബനഡിക്ട് പതിനഞ്ചാമൻ മാപ്പാപ്പാ ശനിയാഴ്ചവരത്തെ സൂചിപ്പിച്ചുകൊണ്ടു് പ്രസ്താവിച്ചു, മരണശേഷവും ഉത്തരീയം രക്ഷയുടെ മാർഗ്ഗമാണെന്നു്. (3)

ബനഡിക്ട് പതിനഞ്ചാമൻ റോമിലെ സെമിനാരിവിദ്യാർത്ഥികളെ അഭിസംബോധനചെയ്തുകൊണ്ടു് ഇപ്രകാരം പറഞ്ഞു: ''നിങ്ങൾക്കെല്ലാവർക്കും ഒരു പൊതുഭാഷ (സുവിശേഷം) ഉണ്ടായിരിക്കട്ടെ. നിങ്ങൾക്കെല്ലാവക്കും ഒരു പൊതു പടച്ചട്ടയും (ഉത്തരീയം) ഉണ്ടായിരിക്കട്ടെ. (4)

ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാംപീയൂസ് മാപ്പാപ്പാ 1946 ആഗസ്റ്റ് മൂന്നാംതീയതി അമേരിക്കയിലെ ഉത്തരീയ പ്രേഷിത പ്രവത്തനങ്ങളുടെ നിയന്താക്കളോട് (Directors of American Scapular Apostolate) ഇപ്രകാരം അരുളിച്ചെയ്തു: ''എല്ലാ കത്തോലിക്കരും ഉത്തരീയം ധരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.'' (5) നമുക്കു ഏതെങ്കിലും ഒരു വിശുദ്ധനോട്ട് അഥവാ വിശുദ്ധയോട്ട് ഭക്തി പ്രദശിപ്പിക്കുന്നതിനുള്ള ഏററവും വലിയ മാർഗ്ഗം ആ വിശുദ്ധനെ അനുകരിക്കുക അഥവാ അദ്ദേഹത്തിൻെറ സേവനത്തിനായി നമ്മെ പ്രതിഷ്ഠിക്കുക എന്നതാണു്. സ്വർഗ്ഗരാജ്ഞിയോടു നമുക്കുള്ള സ്നേഹാദരങ്ങൾ പ്രകടിപ്പിക്കേണ്ടതും ഇപ്രകാരമാണു്. ഉത്തരീയം നമ്മുടെ സ്വർഗ്ഗീയമാതാവിനുള്ള പ്രതിഷ്ഠയുടെ ഒരു ലക്ഷണമാണു്. പാവനചരിതനായ പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ 1950–ൽ കർമ്മലീത്താസഭയുടെ പ്രീയോർ ജനറലിനും മാസ്റ്റർ ജനറലിനും കർമ്മലോത്തരീയത്തിൻെറ ഏഴാം ശ

(2) Lynch. Wither Goest Thou.
(3) Ibid.
(4) Fr. Cyril Bernard. Madonna.
(5) Ibid.

താബ്ബാഘോഷങ്ങളോടനുബന്ധിച്ചയച്ച കത്തിൽ പറയു ന്നു: ''അവസാനമായി കമ്മലോത്തരീയം മതാവിൻെറ വിമലഹൃദയത്തിനുള്ള പ്രതിഷ്ഠയുടെ ഒരു ചിഹ്നമായിരി ക്കട്ടെ. ആ പ്രതിഷ്ഠയുടെ പ്രാധാന്യത്തെപ്പററി അധുനാ ധുനകാലത്തു് നാം ശക്തിപൂർവ്വം ഉൽബോധിപ്പിച്ചിട്ടു ള്ളതുമാണു്.''

ആദ്ധ്യാത്മികവും ശാരീരികവുമായ ശത്രുക്കളിൽനി ന്നും നമ്മെ രക്ഷിക്കുമെന്നു വാഗ്ദാനംചെയ്തുകൊണ്ടു് ന മ്മുടെ അമ്മ നല്കിയിരിക്കുന്ന മാതൃവാത്സല്യത്തിൻെറ ലക്ഷണമായ ഉത്തരീയം കത്തോലിക്കരായ നാം വളരെ ഉ ത്സാഹത്തോടും ഭക്തിയോടുംകൂടി ധരിക്കേണ്ടിയിരിക്കുന്നു.

അത്ഭുതകാശ്രുരൂപം ധരിച്ചതുവഴി അനേകം അക്രൈ സ്തവരും, അകത്തോലിക്കരും, പാപികളും, നാസ്തികരും മാനസാന്തരപ്പെട്ടിട്ടുണ്ടു്. റവ. ഫാ. അല്ഫോൻസ് റാററി സ്ബൺ. എസ്. ജെ. യുടെ മാനസാന്തരം വളരെ വി സ്മയജനകമാണു്. റാററിസ്ബൻ ഒരു യഹൂദനായ ബാ ങ്കുടമസ്ഥൻെറ പുത്രനായി ഫ്രാൻസിൽ ജനിച്ചു. അദ്ദേ ഹം വിദ്യാഭ്യാസകാലത്തുതന്നെ യാതൊരു ഈശ്വരവി ശ്വാസവുമില്ലാത്ത ഒരു വ്യക്തിയായി, ഒരു നാസ്തികനാ യി ജീവിക്കുമ്പോഠം ഒരു വിവാഹാലോചനയിലേ പ്പെട്ടു. പക്ഷേ കാമുകിക്കു വയസ്സു് കുറവായിരുന്ന തുകൊണ്ടു് വിവാഹം മാററിവച്ചു. യാദൃച്ഛികമായി അദ്ദേഹം റോം സന്ദർശിക്കുകയുണ്ടായി. അവിടെവച്ചു് ക ത്തോലിക്കാസഭയെ സമാശ്ലേഷിച്ചു. തീക്ഷ്ണമതിയായ ബാറൻ തെയഡോർ ദെബുസിയറുമായി പരിചയപ്പെട്ടു. അദ്ദേഹം റാററിസ്ബണിനോടു് ഒരു അത്ഭുതകാശ്രുരൂപം ധരിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. റാററിസ്ബൺ ആദ്യം വിസമ്മതിച്ചു: ''എനിക്കു് അതിൽ വിശ്വാസമി ല്ല.'' അപ്പോഠം അദ്ദേഹത്തിൻെറ സ്നേഹിതൻ പറഞ്ഞു: ''വിശ്വാസമില്ലെങ്കിൽ ധരിക്കുന്നതുകൊണ്ടു് യാതൊരു പദ്രവവും വരികയില്ലല്ലൊ. താങ്കഠംക്കു് വിശ്വാസമില്ലാ ത്തതുകൊണ്ടുതന്നെയാണു് ധരിക്കുവാൻ ഞാൻ ആവശ്യ പ്പെടുന്നതു്. കുറഞ്ഞപക്ഷം എന്നോടുള്ള സ്നേഹത്തെപ്രതി മാത്രം ധരിക്കുക.'' തൻെറ വിസമ്മതം ഒരു ഭീരുത്വമാ

യി പരിഗണിക്കപ്പെട്ടേക്കാമെന്നുകരുതി ആ രൂപം ധരിക്കുവാൻ അദ്ദേഹം സമ്മതിച്ചു. ബാറൻ വീണ്ടും ആവശ്യപ്പെട്ടു, വി. ബർണാർദിൻെറ പ്രാർത്ഥനകൂടി ചൊല്ലണമെന്നു്.

അടുത്തൊരുദിവസം ബാറൻ തെയഡോറിൻെറ ആത്മസുഹൃത്തായ കൗണ്ടു് ദെ ലഫെറോണേസ് ചരമമടഞ്ഞു. ബാറൻ തെയഡോർ റാററിസ്ബണിൻെറ സഹായമഭ്യർത്ഥിച്ചു, ശവസംസ്കാരപരിപാടികളെല്ലാം ക്രമീകരിക്കുവാൻ. റാററിസ്ബൺ സഹായത്തിനണഞ്ഞു. അദ്ദേഹം ഈശോസഭക്കാരുടെ ദേവാലയത്തിൽ ബാറൻ തെയഡോരുമൊരുമിച്ചുപോയി. ബാറൻ ഒരു വൈദികനുമായി ചർച്ചചെയ്യുമ്പോരം റാററിസ്ബൺ ദേവാലയത്തിൽ പ്രവേശിച്ചു. ഉടനെതന്നെ അദ്ദേഹത്തിനു് പാരത്രികമായ ഒരു ലോകത്തിൻെറ പ്രതീതിയാണു് അനുഭവപ്പെട്ടതു്. ധരിച്ചിരുന്ന രൂപത്തിൻെറ ഛായയിൽ പ. കന്യക അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കത്തോലിക്കാസഭയിൽ ചേരുന്നതിനു് അക്ഷമനായി കാത്തിരിക്കുകയാണു്. തനിക്കു് അതിനുപുറമെ ജീവിക്കുവാൻ സാദ്ധ്യമല്ല. അദ്ദേഹം മാനസാന്തരപ്പെട്ടു് ഒരു ഈശോസഭാംഗമായിത്തീർന്നു. അദ്ദേഹത്തിൻെറ മരണാനന്തരം കല്ലറയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''ഓ! മറിയമെ, അങ്ങയുടെ മാധുര്യപൂർണ്ണവും മഹത്തരവുമായ സ്നേഹത്തിൻെറ വിജയത്തെ അനുസ്മരിക്കണമെ.'' സ്നേഹപൂർണ്ണയായ മാതാവു് ശിശുവിനേതെങ്കിലും അപകടസൂചന കണ്ടാൽ ഉടനെ ഓടിച്ചെന്നു് ഗാഢസമാശ്ലേഷത്തിൽ ആലിംഗനംചെയ്തു ഒരായിരം സ്നേഹചുംബനങ്ങരം ആ കോമളകളേബരത്തിൽ അപ്പിക്കും. നമ്മുടെ അമ്മ കന്യകമറിയവും ഉത്തരീയം ധരിക്കുന്നവരെ ഏതാദൃശമായ രീതിയിൽ ആദ്ധ്യാത്മികവും ശാരീരികവുമായ ആപത്തുകളിൽനിന്നു് രക്ഷിക്കും.

കർമ്മലീത്താസഭയുടെ പാരമ്പര്യവും പ്രബോധനവുമനുസരിച്ചു് ഉത്തരീയം ഭക്തിപൂർവ്വം ധരിച്ചുകൊണ്ടു മരിക്കുന്നവരെ അവരുടെ മരണത്തിനുശേഷം ആദ്യത്തെ ശനിയാഴ്ച ശുദ്ധീകരണസ്ഥലത്തിൽനിന്നു ദൈവമാതാവു്

മോചിക്കുന്നതാണ്. ഉത്തരീയം ധരിച്ചാൽ പോരാ ചില വ്യവസ്ഥകളും പാലിച്ചിരിക്കണം. ഉത്തരീയസഖ്യതയിൽ അംഗത്വമുണ്ടായിരിക്കണം. ജീവിതാന്തസിനനുസരണമായ ശുദ്ധതയുടെ അഭ്യസനം, കാനോനാനമസ്കാരം അഥവാ അത്മേയരെ സംബന്ധിച്ച് മാതാവിന്റെ ചെറിയ ഒപ്പീസ്, അതിനു സൗകര്യമില്ലെങ്കിൽ കുമ്പസാരക്കാരൻ നിർദ്ദേശിക്കുന്ന ഏതെങ്കിലും പ്രാർത്ഥന–സാധാരണയായി ജപമാലയാണ് നിർദ്ദേശിക്കുക – ബുധൻ ശനി ഈ ദിവസങ്ങളിൽ മാംസവർജ്ജനം. (ന്യായമായ കാരണമുള്ളപ്പോൾ അതിൽനിന്നു ഒഴിവെടുക്കാവുന്നതാണ്. പക്ഷേ അതിനു പരിഹാരമായി എന്തെങ്കിലും ചെറിയ പ്രായശ്ചിത്തം അനുഷ്ഠിക്കേണ്ടിരിക്കുന്നു.)

ഫാത്തിമാ ദർശനങ്ങളുടെ, അവസാനത്തിൽ പ. കന്യക കർമ്മലവസ്ത്രവിഭൂഷിതയായി പ്രത്യക്ഷപ്പെട്ടു എന്നുള്ളതും സ്മർത്തവ്യമാണ്. ഫാത്തിമാബാലകരിൽ ഇന്നു് ജീവിച്ചിരിക്കുന്ന സിസ്റ്റർ ലൂസി, ദൊരേത്തി സിസ്റ്റേഴ്സിന്റെ സഭയിലെ ഒരംഗമായി ചേർന്നുവെങ്കിലും പ. കന്യകയുടെ പ്രത്യേക നിർദ്ദേശപ്രകാരം പിന്നീട് കർമ്മലീത്താസഭയിൽ ചേന്നു. ഇന്നു് കോയിംബ്ര്യായിൽ കർമ്മലീത്താ സന്യാസിനിയായി ജീവിച്ചുവരികയാണ്. ഫാത്തിമാസന്ദേശത്തിൽ ഉത്തരീയഭക്തിയും ഉൾപ്പെട്ടിട്ടുള്ളതായി സിസ്റ്റർ ലൂസി അറിയിച്ചിട്ടുണ്ടെന്നുള്ളതു് പ്രസ്താവയോഗ്യമാണ്. (7)

കത്തോലിക്കരായ നമുക്കു് ഉത്തരീയം ഭക്തിപൂർവ്വം ധരിച്ചുകൊണ്ടു് നമ്മുടെ സ്വർഗ്ഗീയമാതാവിന്റെ മക്കളാണെന്നു ലോകത്തോടു പ്രഖ്യാപിക്കാം. തദ്വാര ആത്മീകവും ലൗകീകവുമായ ധാരാളം അനുഗ്രഹങ്ങളാൽ ദൈവജനനി നമ്മെ ധന്യരാക്കിത്തീർക്കുമെന്നുള്ളതു് നിസ്തർക്കമാണ്. ഉത്തരീയം ധരിച്ച് ദൈവമാതാവിനുള്ള പ്രതിഷ്ഠാചൈതന്യത്തിൽ ജീവിച്ചാൽ നാം വഴിയായി പ. കന്യക മഹൽക്കാര്യങ്ങൾ ലോകത്തിൽ ചെയ്യും.

---

(7) Joseph A. Palletier. A. A. Sun Danced at Fatima.

അദ്ധ്യായം പതിനൊന്ന്

# നമുക്ക് ഒരു ലോകം മുഴുവൻ കീഴടക്കുവാനുണ്ട്

വിപ്ലവാത്മകമായ പരിവർത്തനങ്ങളുടെ ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്. സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക, ശാസ്ത്രീയ മണ്ഡലങ്ങളിൽ നാം വിപ്ലവത്തിന്റെ അലയടി ശ്രവിച്ചുകഴിഞ്ഞു. എന്നാൽ ഇന്നും മാനവരാശിക്കു ശാശ്വതമായ സൗഭാഗ്യവും സമാധാനവും കരഗതമായിട്ടില്ല. അടിസ്ഥാനപരമായ ഏതോ ഒരു ന്യൂനത അവിടെയെല്ലാം സ്വാധീനശക്തി ചെലുത്തുന്നതായി നമുക്കു കാണുവാൻ സാധിക്കും. അനിവാര്യമായ ഒരു വിപ്ലവത്തിന്റെ അഭാവം, സ്നേഹത്തിന്റേതായ അത്രുപിയുടേതായ ഒരു വിപ്ലവം.

1964 ഏപ്രിൽമാസത്തെ അവർ ലേഡീസ് ഡൈജസ്റ്റ് (Our Lady's Digest) എന്ന മാസികയിൽ ഒരു സംഭവകഥ വായിക്കുകയുണ്ടായി: ചിക്കാഗോയിലെ ഹൈക്കോടതികെട്ടിടത്തിന്റെ മുകളിൽനിന്നും

ഇരുപത്തിയേഴ വയസ്സു പ്രായമുള്ള ഒരു യുവാവ് എടുത്തുചാടി ആത്മഹത്യചെയ്യുവാൻ മുതിരുകയാണ്. ഉടനെ അവിടെയുണ്ടായിരുന്നവർ എല്ലാവരും ആ യുവാവിനെ ആ ദുഷ്കൃത്യത്തിൽനിന്നും തടഞ്ഞു. അവൻ അതൊന്നും കൂട്ടാക്കിയില്ല. അവസാനം Our Lady's Digest എന്ന മാസികയുടെ പത്രാധിപരായ റവ. ഫാദർ സ്റ്റാൻലിതന്നെ അവിടെ ആഗതനായി, ആ യുവാവിനെ അവൻെറ ദുഷ്കൃത്യത്തിൽനിന്നും പ്രതിനിവത്തിപ്പിക്കുവാൻ. അദ്ദേഹത്തിൻെറ പൈതൃകമായ ഉപദേശവും സാന്ത്വനവാക്കുകളുമെല്ലാം തൃണവൽഗണിച്ചുകൊണ്ടു് അവൻ വീണ്ടും ആത്മഹത്യക്കു് ഒരുമ്പെട്ടു. ആ യുവാവിൻെറ സ്വാതന്ത്ര്യം നിഹനിക്കാതെ അവനെ രക്ഷിക്കുവാൻ അഗ്നിശമനപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്നവർ ആ യുവാവു് ചാടി ആത്മഹത്യചെയ്യുവാൻ പരിശ്രമിക്കുന്ന സ്ഥലത്തു് താഴെ ഒരു കാൻവാസ്‌വല വിരിച്ചുപിടിച്ചുകൊണ്ടു് നില്ക്കുകയാണ്. അവരുടെതന്നെ ജീവനെ അപകടത്തിലാക്കിക്കൊണ്ടു് യുവാവു് എടുത്തുചാടി. ദൈവപരിപാലനയാൽ അവൻ വന്നുവീണതു് വലയിലായിരുന്നു.

ആധുനികലോകത്തിൻെറ ഒരു ചിത്രമാണ് ആ യുവാവിൽ നാം ദർശിക്കുന്നതു്. മാരകായുധങ്ങൾ നിർമ്മിച്ചു് ദൈവത്തെയും സനാതനമൂല്യങ്ങളെയും വിസ്മരിച്ചു് പരസ്പരവിരുദ്ധമായ രണ്ടു ചേരികളിലായി അണിനിരന്നിരിക്കുന്ന ആധുനികലോകം ആത്മഹത്യാപരമായ ഒരു അന്തരീക്ഷത്തിലേക്കാണ് നീങ്ങുന്നതു്. ഇപ്രകാരമുള്ള ലോകത്തിൻെറ മനസ്സാക്ഷിയെ തട്ടിയുണർത്തി സ്നേഹത്തിൻേറതായ, അരൂപിയുടേതായ ഒരു വിപ്ലവം വിശ്വവ്യാപകമായ രീതിയിൽ ആളിക്കത്തിക്കുന്നതിനാണ്, ലൗകായതികമായ ലോകം ആദ്ധ്യാത്മികപ്രബുദ്ധമാകുന്നതിനാണ് പ. കന്യക ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു് ലോകത്തിനാഹ്വാനം നല്കിയതു്. മറെറല്ലാ വിപ്ലവപ്രസ്ഥാനങ്ങളും മനുഷ്യനിൽനിന്നും വിഭിന്നമായ ഒരു മണ്ഡലത്തിൽ ഉടലെടുക്കുകയും പുരോഗമിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിപ്ലവം മനുഷ്യ

നിൽത്തന്നെ ഉണ്ടാകണം. അവൻെറ വീക്ഷണഗതിയിൽ സമൂലമായ ഒരു പരിവർത്തനം ഉണ്ടാകണം. മനുഷ്യൻെറ ഭൗമിക ജീവിതോദ്ദേശ്യം വെറും സാമ്പത്തികമായ സമീകരണംവഴിയുള്ള ഒരു ഭൗമികപറുദീസാ കെട്ടിപ്പടുക്കുകയാണെന്നുള്ള കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ റഷ്യയിൽ പരീക്ഷിച്ചുതുടങ്ങിയ ആ ദിനത്തിൽത്തന്നെയാണ്, പ. കന്യക ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് അവളുടെ ആദ്ധ്യാത്മികവിപ്ലവത്തിൻെറ മാനിഫെസ്റ്റോ പ്രസിദ്ധപ്പെടുത്തിയതു്. മനുഷ്യനു് പാരത്രികമായ ഒരു ജീവിതമുണ്ട്, അതാണ് അവൻെറ ഭൗമിക ജീവിതോദ്ദേശ്യം എന്ന വസ്തുത ലോകത്തെ അസന്ദിഗ്ദ്ധമായി അനുസ്മരിപ്പിച്ചു. പ. കന്യകയുടെ അമലോത്ഭവവും സ്വർഗ്ഗാരോപണവും ലോകത്തോടു് പ്രഖ്യാപിക്കുന്നു, മനുഷ്യൻെറ സ്ഥാനമാഹാത്മ്യം പദാർത്ഥത്തിൻെറ മഹത്വത്തിലല്ല പ്രത്യുത അരൂപിയുടെയും പദാർത്ഥത്തിൻെറയും സംയോജിച്ചുള്ള മഹത്വമാണു്. അതു് സനാതനമായ ജീവിതത്തിലേ സാർത്ഥകമാവുകയുള്ളു.

ഭൗതികവാദത്തിലേക്കു നിപതിച്ച ലോകത്തെ കൈകൊടുത്തു് ഉയർത്തുവാൻ മറിയത്തിൻെറ മാനിഫെസ്റ്റോ പ്രതിപാദിക്കുന്ന സംഗതികൾ എന്താണ്?

ഒന്നാമതായി പ. കന്യക ആവശ്യപ്പെടുന്നതു് വിമലഹൃദയഭക്തിയാണ്. വിമലഹൃദയം പ. കന്യകയുടെ മാതൃസ്നേഹത്തിൻെറ പ്രതീകമാണ്. ആ മാതൃസ്നേഹം നാം അംഗീകരിക്കുകയും ആ സ്നേഹത്തിനു പ്രതിസ്നേഹം പ്രകടിപ്പിക്കുകയും ചെയ്യണം.

പ. കന്യകയുടെ വിമലഹൃദയത്തോടു് നാം ഭക്തിപ്രകടിപ്പിക്കുന്നതിനുള്ള വേദശാസ്ത്രപരമായ അടിസ്ഥാനം എന്താണ്? ഒന്നാമതായി പ. കന്യക പരിത്രാണകർമ്മത്തിൽ വഹിക്കുന്നപങ്കിൽ അധികവും തൻെറ ഹൃദയംവഴിയാണ് നിർവ്വഹിച്ചിട്ടുള്ളതു്. മനുഷ്യാവതാരരഹസ്യത്തിനു സമ്മതം നൽകുന്നതും കാൽവരിയിൽ കുരിശിൻ ചുവട്ടിൽനിന്നു് ലോകത്തെ പ്രതിനിധാനംചെയ്തുകൊണ്ടു് സ്വസുതൻെറ ആത്മാഹുതിയെ സ്വർഗ്ഗപിതാവി

ന് സമർപ്പിച്ച് സഹരക്ഷകയായതും മാതൃസ്നേഹത്തിന്റെ പ്രവൃത്തിയായിട്ടാണല്ലൊ പരിഗണിക്കുന്നതു്. ആ സ്നേഹത്തിന്റെ ആസ്ഥാനമാണ് വിമലഹൃദയം. സർവ്വ പ്രസാദവരങ്ങളുടെ മദ്ധ്യസ്ഥയായിരിക്കുന്നതും അവിടുത്തെ ഹൃദയത്തിന്റെ പ്രവൃത്തിയായിട്ടാണ് വേദശാസ്ത്രജ്ഞന്മാർ പരിഗണിക്കുന്നതു്. ഇപ്രകാരം പ. കന്യക പരിത്രാണകർമ്മത്തിൽ വഹിക്കുന്ന സ്ഥാനം നാം അംഗീകരിക്കുകയും അതിനു പ്രതിസ്നേഹം പ്രദർശിപ്പിക്കുകയും ചെയ്യണമെന്നാണ് ദൈവജനനി നമ്മിൽനിന്നും ഒന്നാമതായി ആവശ്യപ്പെടുന്നതു്.

ഭക്തിയുടെ കാതൽ അനുകരണത്തിലും പ്രതിഷ്ഠയിലുമടങ്ങിയിരിക്കുന്നു എന്നാണ് വി. തോമസ് അക്വിനാസിന്റെ അഭിമതം. പ. കന്യകയെ നാം അനുകരിക്കുക അവളുടെ വിമലഹൃദയത്തിനു നമ്മെത്തന്നെയും ലോകത്തെയും വിശിഷ്യ റഷ്യയേയും പ്രതിഷ്ഠിക്കുക എന്നതാണ് ദിവ്യകന്യകയുടെ അഭിലാഷം.

പ. കന്യക ഫാത്തിമായിൽ ആവശ്യപ്പെട്ട പരിഹാരമെന്താണ് എന്ന് സിസ്റ്റർ ലൂസിയോടു ചോദിച്ചപ്പോൾ നാം ഓരോരുത്തരും നമ്മുടെ ജീവിതാന്തസിന്റെ കടമകളെ പരിഹാരത്തിന്റെ മനോഭാവത്തിൽ യഥാവിധി നിർവ്വഹിക്കുകയെന്നുള്ളതാണെന്നാണ് അവർ പ്രസ്താവിച്ചതു്: പാപരഹിതമായ ഒരു ജീവിതം നയിക്കുന്നതിന് അത്യാവശ്യമാണ്. വലിയ പാപികളല്ലെങ്കിലും നാം പാപപങ്കിലമായ ഒരു മാനവകുലത്തോടു് അവഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ പാപത്തിനു പരിഹാരമർപ്പിക്കുന്നതിന് നമുക്ക് ചുമതലയുണ്ടു്.

ഫ്രാൻസിൽനിന്നും ''സമാധാനവും സ്വാതന്ത്ര്യവും'' എന്ന പേരിൽ പുറപ്പെടുന്ന ഒരു കമ്യൂണിസ്റ്റ് പത്രം 1957-ൽ ഇപ്രകാരം ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. "ആധുനികലോകത്തെ നവീകരിക്കുന്നതിന് കമ്യൂണിസ്റ്റു ലോകവീക്ഷണത്തേക്കാൾ ഏററവും ശക്തമായ ആയുധമാണ് സുവിശേഷം. പക്ഷേ അവസാനം ഞങ്ങൾ നിങ്ങളെ കീഴടക്കും. എന്തുകൊണ്ടെന്നാൽ നിങ്ങൾ ആ

സ്വവിശേഷം പ്രാവർത്തികമാക്കുന്നില്ല. അതു പ്രചരിപ്പിക്കുന്നുമില്ല.'' (1) ഈ ആരോപണത്തിനു് ലോകത്തിലുള്ള എല്ലാ കത്തോലിക്കരും ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഉത്തരവാദികളാണു്.

കമ്യൂണിസത്തിൻെറ പ്രണേതാക്കളായ മാർക്സും ഏംഗൽസും കൂടി പ്രസിദ്ധപ്പെടുത്തിയ കമ്യൂണിസ്റ്റു മാനിഫെസ്റ്റോയിൽ ഇപ്രകാരം ആഹ്വാനംചെയ്തിരിക്കുന്നു: ''ലോകതൊഴിലാളികളേ നിങ്ങൾ സംഘടിക്കുവിൻ. നിങ്ങൾക്കു് ഒരു ലോകത്തെ മുഴുവൻ നേടുവാനുണ്ടു്. നിങ്ങൾക്കു നഷ്ടപ്പെടുവാനോ നിങ്ങളുടെ ചങ്ങലകൾ മാത്രം.'' (2)

മാർക്സിനും അനുഗാമികൾക്കും ലോകത്തെ മുഴുവൻ കീഴടക്കുവാൻ ഇനിയും സാധിച്ചിട്ടില്ല. തൊഴിലാളിപ്രേമികൾ തൊഴിലാളികളുടെ കരങ്ങളിൽ കനത്ത ചങ്ങലകളിട്ടു ബന്ധിച്ചു. സാഹോദര്യം പ്രസംഗിച്ചവർ സഹോദരൻെറ ചുടുനിണം ഒഴുക്കി. ചൂഷണത്തെ പഴിച്ചവർ മികച്ച രാഷ്ട്രചൂഷകനെ സ്ഥാപിച്ചു. വർഗ്ഗസ്വേച്ഛാധിപതികളായി. സ്വാതന്ത്ര്യം പ്രസംഗിച്ചവർ മനുഷ്യത്വത്തെ ചവുട്ടിമെതിച്ചു. പാലും തേനും ഒഴുകുന്ന സമത്വസുന്ദരമായ ഒരു ഭൗമ്യപറുദീസ വാഗ്ദാനംചെയ്തവർ ഇന്നു് പിച്ചപ്പാത്രവുമായി പ്രജാധിപത്യരാഷ്ട്രങ്ങളുടെ പടിക്കൽ കാവൽനില്ക്കുകയാണു്. മതം ചൂഷണോപകരണമാണെന്നു പ്രസംഗിച്ചവർ ഇന്നു് കമ്യൂണിസ്റ്റു മിഥ്യാമതത്തിൻെറ തണലിൽ സുഖസുഷുപ്തിയാണു നടിക്കുക. പക്ഷേ അന്ധമായ, അബദ്ധജടിലമായ ഈ തത്വസംഹിതയുടെ പ്രചാരണത്തിൽ അവർ പ്രദർശിപ്പിക്കുന്ന തീക്ഷ്ണതയുടെ മുമ്പിൽ നാം ലജ്ജിതരായി തലകുനിക്കേണ്ടിയിരിക്കുന്നു.

ഓരോ കമ്യൂണിസ്റ്റുകാരനും നാളത്തെ ലോകത്തെ കാണുന്നതു് വർഗ്ഗവൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തി

---

(1) Lift up your eyes. "Christopher Publi–cations''

(2) Communist Manifesto: Marx and Engels.

ൻെറ (കമ്യൂണിസം) വെളിച്ചത്തിലാണ്. കത്തോലിക്കർക്കും വൈദികർക്കുപോലും അപ്രകാരമുള്ള ഒരു വീക്ഷണവും തീക്ഷ്ണതയും സാമാന്യേന കാണുന്നില്ല. ലെനിൻ പ്രവചിച്ചു പാരീസിലേയ്ക്കുള്ളവഴി പെക്കിംഗും കൽക്കട്ടായും വഴിയാണെന്നു്. അന്നുമുതൽ ഓരോ കമ്യൂണിസ്റ്റുകാരനും വേണ്ടിവന്നാൽ രക്തംചിന്തിയും ആയുധമെടുത്തും വിദ്ധ്വംസകപ്രവർത്തനങ്ങളിലേപ്പെട്ടും കമ്യൂണിസത്തെ ലോകം മുഴുവൻ വ്യാപിപ്പിക്കുവാൻ പണിയെടുക്കുകയാണു്. ലെനിൻ പറഞ്ഞതിൻെറ സാരം പാശ്ചാത്യപ്രജാധിപത്യരാജ്യങ്ങളെ കൈയടക്കണമെങ്കിൽ അവരുടെ കോളണികൾ മുഴുവൻ നാം കീഴടക്കണമെന്നാണു്. അവർ കൊളോണിയലിസത്തിനും ഇമ്പീരിയലിസത്തിനുമെതിരായി ഉഗ്രസമരം ചെയ്യുന്നതിൻെറ അടിയിലുള്ള രഹസ്യം ഇതത്രെ. കമ്യൂണിസ്റ്റു ലോകസാമ്രാജ്യം സ്ഥാപിച്ച് ലോകത്തെ മുഴുവൻ കമ്യൂണിസ്റ്റുമോഡൽ പാരതന്ത്ര്യത്തിലാഴ്ത്തുക. അല്ലാതെ ഓരോ രാജ്യത്തിൻെറയും യഥാർത്ഥസ്വാതന്ത്ര്യം അവർ അഭിലഷിക്കുന്നില്ല. ലക്ഷ്യം പ്രാപിക്കുന്നതിന് ഏതുമാർഗ്ഗവും സ്വീകരിക്കാമെന്നുള്ളതാണല്ലൊ അവരുടെ ധാർമ്മികതത്വസംഹിത. റഷ്യയിൽമാത്രം കമ്യൂണിസ്റ്റാധിപത്യശ്രമം നടന്നുകൊണ്ടിരുന്നപ്പോൾ റഷ്യ അവളുടെ അബദ്ധസിദ്ധാന്തം ലോകം മുഴുവൻ പ്രചരിപ്പിക്കും, ഫാത്തിമായിൽ പ. കന്യക ആവശ്യപ്പെട്ടതനുസരിച്ച് ചെയ്യുന്നില്ലെങ്കിൽ എന്നു് മുന്നറിവു നൽകിയിരുന്നതാണു്.

സ്വേച്ഛാധിപതികളിൽ അഗ്രഗണ്യനായ സ്റ്റാലിൻെറ ഭരണശേഷം മലങ്കോവ് കയറിപ്പററി. മലങ്കോവിനുണ്ടായിരുന്ന ഒരു ലോകാക്രമണപദ്ധതി. അതു മനസ്സിലാക്കി അമേരിക്കൻ സ്റ്റേററുസെക്രട്ടറി ജോൺ ഫോസ്റ്റർ ഡള്ളസ് പ്രവർത്തിച്ചതുകൊണ്ടു് ആ പദ്ധതി പ്രാവർത്തികമായില്ല. മലങ്കോവിനെ സ്ഥാനഭ്രഷ്ടനാക്കിയ ശേഷം ക്രൂഷേവ് റഷ്യയുടെ മുടിചൂടാമന്നനായി വാണു. ക്രൂഷേവ് സമാധാനപരമായ സഹവർത്തിത്വം പ്രസംഗിച്ചെങ്കിലും ചിലപ്പോഴെല്ലാം കമ്യൂണിസ്റ്റു ലോകാധിപത്യത്തിനുള്ള വ്യാമോഹം പ്രകടമാക്കിയിരുന്നു. 1956-ലെ

ഹങ്കേറിയൻ സ്വാതന്ത്ര്യസമരം ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്തിയതു് ക്രൂഷേവാണ്. പൂർവ്വജർമ്മനിയിലെ പോസ്നാം തൊഴിലാളിസമരം നിർദ്ദാക്ഷണ്യം അമർച്ചചെയ്തു. ലാവോസ്സ്, വിയററ്നാം, ബർലിൻ, ക്യൂബാ, കോംഗോ മുതലായ പ്രശ്നങ്ങളിലെല്ലാം ക്രൂഷേവിൻെറ പിന്തുണയുണ്ടായിരുന്നു.

1962–ൽ ക്യൂബായിലേയ്ക്ക് റഷ്യൻമിസ്സൈൽ കൊണ്ടുപോയതു് അമേരിക്കയെ കീഴടക്കാമെന്നുള്ള വ്യാമോഹത്തിലായിരുന്നു. പക്ഷേ പരേതനായ പ്രസിഡൻറ് കെന്നഡിയുടെ വീരപരാക്രമത്തിനുമുമ്പിൽ നയവഞ്ചകനായ ക്രൂഷേവ് മുട്ടുമടക്കേണ്ടതായിട്ടാണ് വന്നതു്. അന്നുമുതൽ ക്രൂഷേവിന്ന് റഷ്യൻ രാഷ്ട്രീയമണ്ഡലത്തിൻ സ്വാധീനശക്തി നഷ്ടപ്പെട്ടു. 1964– ഒക്ടോബറിൽ ക്രൂഷേവിനെ ബഹിഷ്കരിച്ചശേഷം കോസിജിൻ അധികാരം കൈയ്യടക്കി. അദ്ദേഹവും ക്രൂഷേവിൻെറ നയം തുടരുന്നുണ്ട്, നയപരമായമാർഗ്ഗത്തിൽ ലോകമേധാവിത്വത്തിനുവേണ്ടി.

ഇന്നു് ലോകത്തിൽ എവിടെയെല്ലാം സാമൂഹ്യസാമ്പത്തികരാഷ്ട്രീയമായ അസ്വാസ്ഥ്യതകളുണ്ടോ അവിടെയെല്ലാം അതിനെ ചൂഷണംചെയ്തു അവരുടെ സ്വാധീനശക്തി വർദ്ധിപ്പിക്കുന്നതിനു പരിശ്രമിക്കുകയാണ് റഷ്യയും ചൈനയും. ഇതിനെല്ലാം പുറമെ എല്ലാ കമ്യൂണിസ്റ്റ്രാഷ്ട്രങ്ങളുടെയും നയതന്ത്രവലയത്തിൽ ലോകവ്യാപകമായവിധം ഒരു അട്ടിമറി പ്രവർത്തനശ്രമവും നടക്കുന്നുണ്ട്. ഇൻഡോനേഷ്യയിലും സിലോണിലും മററും നാം കണ്ടതു് അതാണ്. വിദഗ്ദ്ധോപദേശകന്മാർ, സാംസ്കാരികസംഘടന, സൗഹൃദസംഘടന ഇവയെല്ലാംവഴി അതു സമർത്ഥമായരീതിയൽ തുടർന്നുകൊണ്ടുപോകുന്നു.

റഷ്യയും ചൈനയും മററു കമ്യൂണിസ്റ്റധീനരാജ്യങ്ങളും അവരുടെ ദേശീയവരുമാനത്തിൽ ഗണ്യമായ ഒരു പങ്ക് കമ്യൂണിസ്റ്റ് പ്രചരണങ്ങൾക്കായി വിനിയോഗിക്കുന്നു. റഷ്യതന്നെ പ്രതിവർഷം 70 കോടി പവൻ അതിനായി ചെലവഴിക്കുന്നുണ്ട്.

കമ്യൂണിസ്റ്റുകളുടെ ഏററവും വലിയ പ്രചരണമെന്താണെന്നുചോദിച്ചാൽ കമ്യൂണിസത്തെ എതിർക്കുന്നവർ മൂരാച്ചികൾ, പിന്തിരിപ്പന്മാർ, ചൂഷകർ, പ്രതിലോമശക്തികൾ, സാമ്രാജ്യശക്തികളുടെ ചാരന്മാർ. കമ്യൂണിസ്റ്റുകൾ പുരോഗമനവാദികൾ, അവശന്മാരുടെയും ആർത്തന്മാരുടെയും സംരക്ഷകർ, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ വക്താക്കൾ. പക്ഷേ അവരുടെ ഈ പല്ലവികൾ അധികാരം പിടിയിലമന്നാൽ അവസാനിക്കും.

ക്രിസ്തുമതമല്ല പ്രത്യുത കമ്യൂണിസമാണ് ഇന്നത്തെ ഏററവുംവലിയ മിഷ്യനറിപ്രസ്ഥാനം എന്ന് ഫാ. ബർണാർഡ് എഫ് മെയർ അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഇന്ന് ലോകത്തിൽ മൂന്നുകോടി അംഗങ്ങളോളം കമ്യൂണിസ്റ്റുപാർട്ടിയിലുള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആ മൂന്നുകോടി കമ്യൂണിസ്റ്റുകാരും കമ്യൂണിസത്തിൻെറ പ്രേഷിതരാണ്. ''ലോകത്തിലെ ഏററവും അബദ്ധജടിലമായ ഒരു സിദ്ധാന്തം പ്രചരിപ്പിക്കുവാൻ സന്നദ്ധതയുള്ളവർ ധാരാളം. എന്നാൽ വിശേഷാത്തരമായ ക്രിസ്തീയ ജീവിതവീക്ഷണം പ്രചരിപ്പിക്കുവാൻ പ്രേഷിതർ വളരെ വിരളം''(3)എന്ന് കമ്യൂണിസം ഉപേക്ഷിച്ച് കത്തോലിക്കാസഭയെ സമാശ്ലേഷിച്ച ഡഗ്ലസ് ഹൈഡ് വിലപിക്കുന്നു. അതിനാൽ ഓരോ ക്രൈസ്തവനും ഒരു പ്രേഷിതനായി കർമ്മനിരതനായി രംഗപ്രവേശംചെയ്യേണ്ടതു് ഇന്നത്തെ അനിവാര്യമായ ഒരു ചുമതലയാണ്.

ലോകം ദർശിച്ചിട്ടുള്ളതിലേയ്ക്കുംവച്ച് ഏററവും വലിയ വിപ്ലവകാരിയാണ് ക്രിസ്തു. മറെറല്ലാ വിപ്ലവപ്രസ്ഥാനങ്ങളുടെയും പ്രണേതാക്കൾ കാലയവനികയ്ക്കുള്ളിൽ തിരോധാനംചെയ്യുമ്പോൾ അവരുടെ വിപ്ലവപ്രസ്ഥാനങ്ങളും ശിഥിലമാകും, നാമാവശേഷമാകും. പക്ഷേ ക്രിസ്തുവിൻെറ സ്നേഹവിപ്ലവം ആചന്ദ്രതാരം നിലനില്ക്കുകതന്നെ ചെയ്യും. ആ സ്നേഹവിപ്ലവത്തിൽ ലോകത്തെ മു

(3) Douglas Hyde. Communism; Its Theory and Remedy.

ഴവൻ ആഹ്വാനമാണ് ക്രിസ്തു തൻെറ അനുഗാമികൾക്കു നൽകിയ ദൗത്യം. ഒരു നൂററാണ്ടിലെ ഏററവും വലിയ തിന്മ ആ നൂററാണ്ടിലെ ഏററവും പ്രധാനമായ സത്യത്തിൻെറ വ്യഭിചരണമായിരിക്കും എന്ന് ഒരു ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. കമ്യൂണിസം ഈ നൂററാണ്ടിലെ ഏററവും ഹീനമായ തിന്മയാണെങ്കിൽ അത് ഒരു വലിയ സത്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. യഥാർത്ഥമായ ക്രൈസ്തവസാഹോദര്യത്തിൻെറ അഭാവം. ''ഓരോ കത്തോലിക്കനും വേറെ അഞ്ചുപേരോടുകൂടി ക്രിസ്തുവിൻെറ സ്നേഹചൈതന്യത്തിൽ ഭാഗഭാക്കാകുന്നപക്ഷം ലോകം ക്രിസ്തുവിൻേറതായിരിക്കും. മാർക്സിനു (കമ്യൂണിസത്തിനു്) അതിനെ കീഴടക്കുവാൻ സാധിക്കുകയില്ല'' (4). ക്രിസ്ത്യാനികളായ നിങ്ങൾക്കു് പരസ്പരം സ്നേഹിക്കുക എന്ന നിങ്ങളുടെ ഏററവും വലിയ ആയുധം ഉപയോഗിക്കുവാൻ അറിയാമെങ്കിൽ മാനവസമുദായം നിങ്ങളുടേതായിരിക്കും, യാതൊരു സാമൂഹ്യപ്രശ്നങ്ങളുമുണ്ടായിരിക്കുകയില്ല എന്ന് ക്ലെമൻസോ എന്ന ഫ്രഞ്ചു സ്വതന്ത്രചിന്തകൻ ഡോം ഷാ റേകാവ്യ് എന്ന ഡോമിനിക്കൻ ആബട്ടിനോട് ഒരിക്കൽ പറയുകയുണ്ടായി.

ഇന്ന് ഓരോ കമ്യൂണിസ്റ്റുകാരനും നമ്മോടു പറയുന്നുണ്ട്, നിങ്ങളുടെ പരാജയത്തിൻെറ തോതനുസരിച്ചാണ് ഞങ്ങളുടെ വിജയം എന്ന്. ഓരോ കമ്യൂണിസ്റ്റുകാരനും നാളത്തെ ലോകത്തെ വർഗ്ഗവൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തിൻെറ വെളിച്ചത്തിൽ സമത്വസുന്ദരമായ ഒരു ഭൗമ്യപറുദീസായായി കാണുകയും അതിനായി പണിയെടുക്കുകയുംചെയ്യുന്നു. നാം ഓരോരുത്തരും ദൈവത്തിൻെറ പിതൃത്വത്തിലും മനുഷ്യൻെറ ക്രിസ്തുവിലുള്ള സാഹോദര്യത്തിലുമധിഷ്ഠിതമായ ഒരു നവ്യ വ്യവസ്ഥിതിയെ വിഭാവനംചെയ്യുന്നുണ്ടോ? അതിനായി പരിശ്രമിക്കുന്നുണ്ടോ? അതിനുള്ള ഒരാഹ്വാനമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ്‌വഴിയായി തിരുസഭാമാതാവ് ഓരോ

(4) Fr. Bernard F. Meyer. Lend me your hands.

ക്രൈസ്തവനും നൽകിയിട്ടുള്ളതു്.

''ആരുടെ ജനനംകൊണ്ടു് സ്വന്തജാതിക്കും വംശത്തിനും അഭ്യുന്നതിയും ലോകത്തിൽ പരിവർത്തനവുമുണ്ടായിട്ടുണ്ടോ അവൻമാത്രമേ യഥാർത്ഥത്തിൽ ജനിച്ചിട്ടുള്ളു'' എന്നു് ഒരു സംസ്കൃതകവി പാടിയിട്ടുണ്ടു്. ''ഓരോരുത്തരും ഒരു പ്രേഷിതനാകണം; വേറൊരു ക്രിസ്തുവാകണം. ക്രിസ്തു മററുള്ളവരെ ആരെ ഭരമേല്പിച്ചിരിക്കുന്നുവോ അവനാണു് യഥാർത്ഥ ക്രിസ്ത്യാനി'' എന്നു് ലക്കോസയർ എന്ന പണ്ഡിതൻ പറയുന്നു. ''ക്രിസ്ത്യാനി എന്നുള്ള ന്യായത്താൽ ഒരു പ്രേഷിതനായിരിക്കുന്നതിനുള്ള ചുമതലയുണ്ടു് നമുക്കു്'' എന്നത്രെ വി. തോമസ് അക്വിനാസ് അഭിപ്രായപ്പെടുന്നതു്. നീഷേ എന്ന സഭാവൈരി പറയുകയാണു് ''ക്രിസ്ത്യാനികളായ നിങ്ങൾ ലോകപരിത്രാതാവിനാൽ രക്ഷിക്കപ്പെട്ടവരാണെന്നു് ഞങ്ങൾ അറിഞ്ഞു് നിങ്ങളുടെ പരിത്രാതാവിൽ വിശ്വസിക്കണമെങ്കിൽ നിങ്ങൾ ഞങ്ങളുടെ അടുത്തു് ഒരു നല്ല പാട്ടുപാടണം: നിങ്ങളുടെ ജീവിതമാതൃകയാകുന്ന പാട്ടു്. ക്രിസ്തുസഭ സത്യസഭയാണെങ്കിൽ നാം അതിൽ അതൃപ്തിയുടെ ഒരു പരാജയം കാണുന്നു; ഓരോ ക്രിസ്ത്യാനിയും ഒരു പ്രേഷിതനായില്ലെങ്കിൽ'' (5)

മാർക്സിനും അദ്ദേഹത്തിൻെറ അനുഗാമികൾക്കും ഒരു ലോകം മുഴുവൻ നേടുവാനുണ്ടു് എന്നു പറയുവാൻ സാധിച്ചെങ്കിൽ അവരെക്കാൾ എത്രകൂടുതൽ ന്യായത്തോടും തീക്ഷ്ണതയോടുംകൂടി ഓരോ കത്തോലിക്കനും ഒരു ലോകം മുഴുവൻ കീഴടക്കുവാനുണ്ടെന്നു പറയാം. ഉദരംഭരികളായ കമ്യൂണിസ്റ്റുകാർ വ്യാമോഹിക്കുന്നതു് നശ്വരമായ ഒരു ലോകത്തെ നേടുവാനാണെങ്കിൽ, ക്രിസ്തുവിൻെറ അനുയായികൾക്കു് അനശ്വരവും അനവദ്യസുന്ദരവുമായ ഒരു ലോകത്തിലേയ്ക്കു് അമർത്ത്യവും അനർഘവുമായ ആത്മാക്കളെ നേടുവാനാണുള്ളതു്. അതേ, ഒരാത്മാവു് ലോകത്തെക്കാൾ മുഴുവൻ വിലയുള്ളതാണെന്നാണല്ലൊ ക്രിസ്തുനാഥൻ

(5) Henry De Lubac. Drama of Atheistic Humanism.

അരുളിച്ചെയ്തിട്ടുള്ളത്.

കമ്യൂണിസ്റ്റ് പാരതന്ത്ര്യത്തിൽപെട്ട് നാരകീയയാതന അനുഭവിക്കുന്നുണ്ട് ഇന്നു അനേകകോടികൾ. യാതൊരു ശക്തിക്കും കീഴടക്കുവാൻ സാധിക്കാത്ത അവരുടെ ഹൃദയം ഇന്നും സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിക്കുന്നുണ്ട്. ക്രിസ്തുനാഥൻെറ നാമത്തെക്കുറിച്ച് നിഷ്ഠുരമായ പീഡനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സഹോദരന്മാരെ, അവിടുത്തെ മൗതികശരീരത്തിൻെറ അംഗങ്ങളെ മോചിപ്പിച്ച് ആശ്വാസമകരന്ദമരുളുവാനുള്ള ചുമതല സ്വതന്ത്രലോകത്തിലുള്ള ഓരോ കത്തോലിക്കനുമുണ്ട്. ആ കത്തവ്യം നാം വേണ്ടവിധം നിർവ്വഹിക്കുന്നില്ലെങ്കിൽ അതു് അക്ഷന്തവ്യമായ ഒരപരാധമായി ഭാവിതലമുറകൾ നമ്മെ പഴിക്കും. കമ്യൂണിസ്റ്റടിമത്തത്തിൽ വീർപ്പുമുട്ടുന്ന അനേകകോടി ജനങ്ങളെ സ്വാതന്ത്ര്യത്തിൻെറ പൊന്നുഷസ്സിലേക്കാനയിക്കുവാൻ നാം എന്തുചെയ്യണം: ക്രിസ്തുവിൻെറ സ്നേഹത്താൽ പ്രചോദിതരായി സഭയുടെ സാമൂഹികതത്വം പ്രചരിപ്പിക്കുകയും പ്രാവത്തികമാക്കുകയും ചെയ്യണം.

പ. കന്യക ഫാത്തിമായിൽ നൽകിയ ദൗത്യമാണ് ലോകത്തെ കമ്യൂണിസ്റ്റാധിപത്യത്തിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ഏകമാൎഗ്ഗം. വിമലഹൃദയഭക്തി, ജപമാല, പാപികളുടെ മാനസാന്തരത്തിനായി പ്രാത്ഥന, പാപത്തിനുപരിഹാരം, യഥാർത്ഥമായ പാപരഹിതമായ ക്രൈസ്തവജീവിതം നയിക്കുക ഇതിനു നമ്മെ ശക്തരാക്കുന്നവയാണ് പ. കന്യക നൽകിയ മാൎഗ്ഗം.

ഒന്നുകൂടി വ്യക്തമാക്കിയാൽ പ. കന്യകയ്ക്കു നമ്മുടെ അനുദിനജീവിതത്തിലെ ഓരോനിമിഷവും സമുന്നതമായ ഒരു സ്ഥാനം നാം നൽകണം. നാം മറിയവുമായി ഒരത്ഥത്തിൽ താദാത്മ്യം പ്രാപിക്കുക; മരിയാത്മകമായ ഒരു ജീവിതം നയിക്കുക. സകല സുകൃതങ്ങളുടെയും വിളനിലവും അമലമനോഹരിയും, പരിശുദ്ധിയുടെ പരിവേഷമണിഞ്ഞ ലോകോത്തരകന്യകയുമായ നമ്മുടെ അമ്മയുടെ അപദാനങ്ങളെ പ്രകീത്തിക്കുവാൻ, ഒരു കവികോകില

ത്തിനോ, അലൗകികമായ സൗന്ദര്യം ചിത്രീകരിക്കുവാൻ ഒരു കലാകാരനോ, പരിശുദ്ധിയുടെ പരിമാണം നിർണ്ണയിക്കുവാൻ ഒരാദ്ധ്യാത്മികശാസ്ത്രപടുവിനോ കെല്പില്ല. എങ്കിലും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ആ അമ്മ നമ്മുടെ മാതൃകയാവണം. നമ്മെത്തന്നെ ദൈവജനനിയുടെ സേവനത്തിനായി വിമലഹൃദയത്തിന്ന് പ്രതിഷ്ഠിച്ചുകൊണ്ട് അവിടുത്തെ മാതൃകയനുസരിച്ച് നമ്മുടെ അനുദിനജീവിതത്തിലെ എല്ലാപ്രവൃത്തികളുംചെയ്യുക. നമ്മുടെ പ്രവൃത്തികൾക്കുള്ള ചൈതന്യം നാം മാതാവിൽനിന്നും സ്വീകരിക്കണം. കന്യകമറിയത്തോടുള്ള സ്നേഹം അഥവാ ദിവ്യജനനിയുടെ മഹത്വം അവയിലെല്ലാം നമുക്കു പ്രചോദനമരുളട്ടെ. നാം ദൈവത്തെ പ്രാപിക്കേണ്ടതു് മറിയംവഴിയാണു്. അതുപോലെതന്നെ നമ്മുടെ സകല സുകൃതങ്ങളും പ്രവൃത്തികളും മറിയംവഴി അവിടുത്തേയ്ക്കു സമർപ്പിക്കണം. ശിരസ്സായ മിശിഹായേയും അവയവങ്ങളായ നമ്മേയും തമ്മിൽ ബന്ധിക്കുന്നതു് പ. കന്യകയാണു്. ഇതാണു് വി. ഗ്രിഞ്ഞോൺ ദെ. മോൺഫോർട്ട് നിർദ്ദേശിച്ചിട്ടുള്ള യഥാർത്ഥമായ മരിയഭക്തി(6). പ്രേഷിതപ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട ആത്മാക്കൾക്കായി അദ്ദേഹം ഉപദേശിക്കുന്ന മരിയരഹസ്യമത്രെ ഇതു്. നമ്മുടെ സകലപ്രവർത്തികളും മറിയത്തിന്റെ ചൈതന്യത്താൽ, മറിയത്തോടുകൂടി, മറിയത്തിനുവേണ്ടി, മറിയംവഴിയായി ദൈവത്തിനു സമർപ്പിക്കുക.

അദ്ദേഹംതന്നെ ഈ ഭക്തിയുടെ മാഹാത്മ്യത്തെ പ്രകീർത്തിച്ചശേഷം ഇപ്രകാരം രേഖപ്പെടുത്തുന്നു:

''ഒരു മരിയൻയുഗം ഉദയംചെയ്യുമ്പോൾ ദൈവം പരിശുദ്ധാത്മാവിനാലും പ. കന്യകമറിയത്തിന്റെ ചൈതന്യത്താലും പരിപൂരിതരായ ആത്മാക്കളെ തെരഞ്ഞെടുക്കുകയും അവർ ഈ ഭക്തി അഭ്യസിക്കുന്നതിനാൽ അവർവഴി ഈ സ്വർഗ്ഗരാജ്ഞി വലിയ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും. ലോകത്തിൽനിന്നും പാപത്തെ നിർമ്മാ

(6) St. Grignon De Monfort. True Devotion to the Blessed Virgin Mary.

ജ്ജനംചെയ്ത് പാപപങ്കിലമായ ഒരു ലൗകികസാമ്രാജ്യത്തിൻെറ സ്ഥാനത്ത് തൻെറ ദിവ്യജാതനായ മിശിഹായുടെ സ്നേഹരാജ്യം സ്ഥാപിക്കും.'' (7). ഫാത്തിമായിലെ വിമലഹൃദയദൗത്യം പാപവിഷലിപ്തമായ ഒരു ലോകത്തെ രക്ഷിക്കുവാനാണല്ലോ. ലോകായതികമായ കമ്യൂണിസവും, അനിയന്ത്രിതമായ സുഖഭോഗാസക്തിയും, സാർവ്വത്രികമായ ഭൗതികമാത്രചിന്തയും, മററു പല തിന്മകളും നിമിത്തം ആധുനികലോകം അത്യധികം മലീമസമായിരിക്കുന്നുവെന്നുള്ളത് നിസ്തർക്കമാണ്.

റഷ്യാക്കാരുടെ വേദശാസ്ത്രത്തിൽ ഇപ്രകാരം പഠിപ്പിക്കുന്നതായി മോൺ. ഷീൻ രേഖപ്പെടുത്തുന്നു:

''ലോകം സ്വർഗ്ഗീയപിതാവിനെ പരിത്യജിച്ചപ്പോൾ അവിടുന്ന് സ്വസുതനെ ലോകത്തിലേക്കയച്ചു. ഇന്നത്തെ ലോകംചെയ്തതുപോലെ നമ്മുടെ കർത്താവിനെ പരിത്യജിക്കുന്ന ആ അന്ധകാരപൂർണ്ണമായ നിശയിൽ അവിടുത്തെ ദിവ്യമാതാവിൻെറ ദീപ്തി ഉയരുകയും അന്ധകാരത്തെ പ്രകാശിപ്പിക്കുകയും ലോകത്തെ സമാധാനത്തിലേക്കാനയിക്കുകയും ചെയ്യും.''(8). ഇപ്രകാരം പ്രസ്താവിക്കുന്നതുകൊണ്ട് ദൈവമഹത്വത്തിനോ നമ്മുടെ കർത്താവിൻെറ മഹത്വത്തിനോ യാതൊരു കുറവുമില്ല. വി. തോമസ് അക്വിനാസ് പറയുകയാണ്: ''ദൈവം ഒരു സംഗതി നേരിട്ടുചെയ്യുന്നതിലും കൂടുതൽ അവിടത്തെ മഹത്വത്തെ പ്രസ്പഷ്ടമാക്കുന്നത് മററു സൃഷ്ടികൾവഴിയായി ചെയ്യുമ്പോഴാണ്. ലോകത്തിലെ ഏററവും വിനീതരായ വ്യക്തികൾവഴിയാണ് ദൈവം പലപ്പോഴും വൻകാര്യങ്ങൾ പ്രവർത്തിക്കുന്നത്.''

ഫ്യൂയർ ബാക്കിൻെറ ഭൗതികവാദവും ഹേഗലിൻെറ വൈരുദ്ധ്യാധിഷ്ഠിതാശയവാദവും സംയോജിപ്പിച്ച്

(7) St. Grignon De Monfort. The Secret of Mary and also cfr. The True Devotion to the Blessed Virgin Mary.
(8) Mgr. F. J. Sheen. The woman. The atom and the woman.

രൂപംകൊടുത്തിട്ടുള്ള വസ്ഗ്ഗവൈരുദ്ധ്യാധിഷ്ഠിതഭൗതികവാദത്തിന് അഥവാ കമ്യൂണിസത്തിന് ഏററവും പററിയ പ്രതിവിധി വിശുദ്ധ ഗ്രിഞ്ഞോൺ ദെ മോൺ ഫോർട്ടിന്റെ യഥാർത്ഥമായ മരിയഭക്തിയും ഫാത്തിമാസന്ദേശവും സമഞ്ജസമായി സമ്മേളിപ്പിച്ചുകൊണ്ടുള്ള മരിയൻ (മരിയാത്മക) ജീവിതമാണ്. വി. ഗ്രിഞ്ഞോൺ ദെ മോൺ ഫോർട്ട് പ്രേഷിതന്മാർക്കുവേണ്ടിമാത്രമാണ് മരിയ രഹസ്യം ഉപദേശിച്ചത്. എന്നാൽ എല്ലാ കത്തോലിക്കരെയും പ്രേഷിതരാക്കുവാൻ ഉപകരിക്കുന്ന ഒരു മാർഗ്ഗമായി നമുക്കതിനെ രൂപാന്തരപ്പെടുത്താവുന്നതാണ്. ലീജിയൻ ഓഫ് മേരി എന്ന വിശ്വവ്യാപകമായ സംഘടനയിലെ അംഗങ്ങൾ ഈ ഭക്തി പ്രാവർത്തികമാക്കുന്നതിന് കടപ്പെട്ടിട്ടുണ്ടല്ലോ. അതുപോലെ സൊഡാലിററി, കർമ്മലീത്താ മൂന്നാം സഭ മുതലായ മരിയൻസംഘടനകളും, വിൻസെൻറ് ഡി പോൾ, കത്തോലിക്കാപ്രവർത്തനം മിഷ്യൻലീഗ് മുതലായ അത്മായപ്രേഷിതസംഘടനകളും ഈ ഭക്തി പ്രാവർത്തികമാക്കുമെങ്കിൽ അവരുടെ പ്രേഷിതപ്രവർത്തനങ്ങൾ കൂടുതൽ ഫലമണിയുമെന്ന് നിസ്സംശയം പറയുവാൻ സാധിക്കും.

അപ്പസ്തോലികവൃത്തിയും മരിയഭക്തിയും പരസ്പരബന്ധിതമത്രെ എന്നാണ് റവ. ഫാദർ ഫ്രാൻസിസ് ജെ. റിപ്ലേ പറയുന്നത്. ഇൻഡ്യയുടെ രണ്ടാമത്തെ അപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യർ പ്രസ്താവിക്കുന്നു: ''രക്ഷകന്റെ കുരിശിനു പിന്നിൽ മറിയത്തെ കാണിച്ചുകൊടുക്കുന്നതിനു വിസ്മരിച്ചപ്പോഴെല്ലാം ജനങ്ങൾ സുവിശേഷത്തോട് വിപ്രതിപത്തി പ്രദർശിപ്പിക്കുന്നതായി ഞാൻ കണ്ടു.'' പ്രധാനപുരോഹിതനും പ്രേഷിതനുമായ ക്രിസ്തുവിനെ വളർത്തിയ കരങ്ങൾതന്നെവേണം ഓരോ പ്രേഷിതനെയും രൂപവത്കരിക്കുവാൻ. ക്രിസ്തു പുരോഹിതനായത് മറിയത്തിന്റെ സമ്മതത്തോടുകൂടിയാണ്. ഭീരുക്കളായ അപ്പസ്തോലന്മാർ പരിശുദ്ധാത്മാവിനെ പ്രാപിച്ച് വലിയ ധീരകൃത്യങ്ങൾക്കും മരണത്തിനും സന്നദ്ധരായത് പരിശുദ്ധ കന്യകയുടെ സാന്നിദ്ധ്യത്തിൽ വച്ച് പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൊണ്ടാണ്.

DHARMARAM COLLEGE LIBRARY, BANGALORE 22804

നാം പ്രേഷിതരായിരിക്കുന്നതു് നമ്മൾ എത്രമാത്രം മരിയസുതരായിരിക്കുന്നുവോ അതനുസരിച്ചായിരിക്കും. അതിനാൽ പ്രേഷിതവൃത്തിക്കായി ആഹ്വാനം ലഭിച്ചിട്ടുള്ള സന്യാസിനീസന്യാസികളും വൈദികരും ഈ ഭക്തി അഭ്യസിക്കുന്നതു് അവരുടെ പ്രേഷിതപ്രവത്തനം കൂടുതൽ ഫലസംദായകമാകുന്നതിനും വിശുദ്ധിയിൽ പുരോഗമിക്കുന്നതിനും സഹായിക്കും. ചിന്താബഹുലതയിലും കാര്യവ്യഗ്രതയിലും അതുപോലെതന്നെ ജീവിതക്ലേശങ്ങളിലുമെല്ലാം ഈ ഭക്തിയുടെ ചൈതന്യവും സ്മരണയും നമ്മിൽ നിലനിറുത്തുന്നതിനു് താഴെക്കൊടുത്തിട്ടുള്ള പ്രാർത്ഥന ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

''എൻെറ ദൈവമേ, ഈശോമിശിഹായോടും പ. കന്യകമറിയത്തോടും യോജിച്ചുകൊണ്ടു് ഈ ദിവ്യജനനിയുടെ ചൈതന്യത്താൽ ഉത്തേജിതനായി ഈശോയുടെ തിരുഹൃദയത്തിൻെറ മഹത്വത്തിനും, ദിവ്യകന്യകയുടെ വിമലഹൃദയത്തിൻെറ സ്തുതിക്കും, ലോകത്തിൻെറ പാപപരിഹാരത്തിനും, സമാധാനത്തിനും, പാപികളുടെ മനസ്സുതിരിവിനും, റഷ്യാ ചൈനാ ഇൻഡ്യാ എന്നീ രാജ്യങ്ങളുടെ മാനസാന്തരത്തിനും, അക്രൈസ്തവരുടെയും അകത്തോലിക്കരുടെയും മാനസാന്തരത്തിനും........ (ഓരോരുത്തരുടെ പ്രത്യേകനിയോഗം) ഈ ദിവസത്തിലെ എൻെറ സകല സൽകൃത്യങ്ങളും, പീഡകളും, ത്യാഗങ്ങളും, നിത്യപ്രണ വചനം പ്രവൃത്തികളും....(വിശിഷ്യാ ഈ ദിവ്യബലി, ജോലി, പ്രാത്ഥന....) ഇന്നു് ലോകം മുഴുവനിലും അപ്പിക്കപ്പെടുന്ന ദിവ്യബലികളോടു് അരൂപിയിൽ യോജിച്ചുകൊണ്ടു് സ്വർഗ്ഗരാജ്ഞിയുടെ വിമലഹൃദയംവഴിയായി അങ്ങേക്കു ഞാൻ സമപ്പിക്കുന്നു.

ആമ്മേൻ.''

''ക്രിസ്തീയസഭയാണു് ചരിത്രത്തിൻെറ വിധാതാവു് എന്നുള്ള സംഗതിയാണു് കമ്യൂണിസത്തെ പരാജയപ്പെടുത്താമെന്നുള്ള നമ്മുടെ പ്രത്യാശയ്ക്കു നിദാനം.''(9). മാർക്സും ഏംഗൽസും വ്യവഹരിക്കുന്നതുപോലെ ലോകചരിത്രസംഗ്രഹം വർഗ്ഗസമരമല്ല; പ്രത്യുത ക്രിസ്തുവിൻെറ ച

(9) Rev. Fr. Danielon. The Lord of History.

രിത്രമാണ്. ലോകചരിത്രത്തിന്റെ കേന്ദ്രബിന്ദു മിശിഹായാണ്. ഭാവിഭാഗധേയങ്ങളുടെ വിധാതാവും അവിടന്നുതന്നെ. ചരിത്രത്തിൽ കാലപരിഗണനതന്നെ നടത്തിയിരിക്കുന്നതു് ക്രിസ്തുവിന്റെ ആഗമനത്തെ ആശ്രയിച്ചാണല്ലൊ. പക്ഷേ മിശിഹാ ചരിത്രത്തിനു രൂപം നൽകുന്നതു് ഇന്നു നാം ഓരോരുത്തരുംവഴിയാണ്.

ഇന്നു് വിശ്വവ്യാപകമായരീതിയിൽ സത്യവും അസത്യവും, ധർമ്മവും അധർമ്മവും, നീതിയും അനീതിയും തമ്മിൽ ഒരു വലിയ സമരംനടന്നുകൊണ്ടിരിക്കുകയാണ്. ആ സമരത്തിൽ ഏതെങ്കിലും ഒരുപക്ഷത്തുചേരാതെ നിഷ്പക്ഷമായി നിൽക്കുക ആർക്കും സാദ്ധ്യമല്ല. അതാണ് ഇന്നത്തെ സമരത്തിന്റെ പ്രത്യേകത. ആ സമരത്തിൽ നാം ഏതുഭാഗത്താണു ചേരേണ്ടതു് എന്നുള്ളതു് നാം ഓരോരുത്തരും തീരുമാനിക്കേണ്ട കാര്യമാണ്. നാം സത്യത്തിനുവേണ്ടി, ധർമ്മത്തിനുവേണ്ടി, നീതിക്കുവേണ്ടി ധർമ്മസമരംചെയ്യണം. ക്രിസ്തുവിന്റെ വിജയവൈജയന്തിയായ കുരിശിന്റെ പിന്നിൽ അണിനിരന്നു്, ഉദയസൂര്യനെപ്പോലെ പ്രശോഭിക്കുന്നവളും, അണിനിരന്ന സൈന്യവ്യൂഹത്തെപ്പോലെ ഭയങ്കരിയായവളും, ചന്ദ്രനെ പാദപീഠമാക്കിയിരിക്കുന്നവളും, ഉഡുരാശിയെ കിരീടമായി അണിഞ്ഞിട്ടുള്ള അമലമനോഹരിയുമായ വിമലാംബികയുടെ നേതൃത്വത്തിൽ സമരംചെയ്യണം. ആ സമരത്തിൽ നമ്മുടെ അജയ്യമായ ദിവ്യായുധം ജപമാലയും കവചം ഉത്തരീയവുമാണ്. വിജയം സുനിശ്ചിതമാണ്. ലോകം മുഴുവൻ പ. കന്യകമറിയംവഴി ക്രിസ്തുവിനായി നമുക്കു കീഴടക്കാം. രണ്ടാംവത്തിക്കാൻ സൂനഹദോസ് വിഭാവനംചെയ്യുന്ന ക്രിസ്തുവിലുള്ള മാനവരാശിയുടെ ഐക്യം യാഥാർത്ഥ്യമായി ഒരു നവയുഗം ഉദയംചെയ്യട്ടെ. അപ്പോഴ് കമ്യൂണിസ്റ്റുകളുടെ വ്യാമോഹം ഒരു ദിവാസ്വപ്നമായിത്തീരും. ''അവസാനം എന്റെ വിമലഹൃദയം വിജയിക്കും'' എന്നു് പ. കന്യക ഫാത്തിമായിൽ അരുളിച്ചെയ്തിട്ടുള്ള വാക്കുകൾ അന്വർത്ഥമാകട്ടെ.

DHARMARAM LIBRARY
BANGALORE - 560 029

| Due Date | Due Date | Due Date |
|---|---|---|
| 15 OCT 2010 | | |